# ചാവറ
# ചരമശതാബ്ദി
# 1871-1971



ചാവറ

# ചരമശതാബ്ദി

1871—1971.



FR. CYRIAC ELIAS CHAVARA, C.M.I. — 1871 - 1971

# താളുകൾ മറിക്കുമ്പോൾ

പേജ്

1. കേരളത്തിലെ ഏതദ്ദേശീയ സന്യാസസഭ
—മോൺ. എൻ. ജെ. ചിറററ്റ 1
2. ചാവറകുര്യാക്കോസച്ചനും അമലോത്ഭവമാതാവിൻ സന്യാസസഭയും
—എം. ഒ. ജോസഫ് നെടുങ്കുന്നം 3
3. ചാവറ—ഒരു പുണ്യവാൻ
—പ്രൊ. പി. ററി. തോമസ് 17
4. ദേവദാസൻ ചാവറകുര്യാക്കോസ് ഏലിയാസച്ചൻ അതുല്യനായ ശിശ്മവിനാശകൻ
—വി. സി. ജോർജ്ജ് 25
5. സി. എം. ഐയുടെ ശ്രദ്ധയ്ക്കു്
—വർഗീസ് ജെ. വള്ളവന്തറ B. A. 35
6. പ്രഥമ കേരളീയ മുദ്രാലയ പ്രേഷിതൻ
—മാത്യൂ ഉലകംതറ M. A. 44
7. ചാവറയച്ചൻ സാമുദായിക പരിഷ്ക്കർത്താവു്
—റവ. ജെ. എം. തൊണ്ടിപ്പുര 54
8. ഫാദർ ചാവറയും ആധുനിക ആശയവിനിമയ മാദ്ധ്യമങ്ങളും
—ഡോ. ജോർജ്ജ് കളപ്പുരയ്ക്കൽ 63
9. ആത്മൗന്നത്യം ചുരത്തിയ കവിതാഗംഗ
—സി. പി. ശ്രീധരൻ 75
10. ഭാരതവും സന്യാസധർമ്മവും
—ശുദ്ധാനന്ദസ്വാമി 84
11. ഭാരതീയ സന്യാസപാരമ്പര്യം
—റവ. തോമസ് കൊച്ചുമുട്ടം 92
12. ചാവറയും സി. എം. ഐ. സഭയും
—ഫാ: ആൻസ്സം പെരുമാലി 109
13. ചാവറകുര്യാക്കോസച്ചനും അച്ചടി പ്രസ്ഥാനവും
—ജോൺ പെല്ലിശേരി (മനോരമ) 120
14. ചാവറ നാമകരണ നടപടികൾ
—പ്രസാധകർ 125
15. The evolution of the congregation of the Carmelites of Mary Immaculate —C. M. I. 133
16. Carmelites of Mary Immaculate —C. M. I. 135
17. Significant dates in Church history 139

18. Landmarks in the history of religious orders 147
19. Managerial manpower for the development of Kerala.
—Dr. M.V. Pylee 151
20. ക്രൈസ്തവവിദ്യാലയങ്ങൾ ആവശ്യമോ
കിളിച്ചിമല, M. A. 159
21. ചാവറയുടെ കൃതികൾ 163
22. പത്തൊൻപതാം നൂററാണ്ടിൽ മാന്നാനം പ്രസിൽ നിന്നും പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ 163
23. ചാവറ സൂക്തങ്ങൾ 165
24. Chavara, the social worker
—Fr. J. Chirayil M. A. 169
25. Father Kuriakose Elias Chavara and the C. M. I. Congregation
—Adrananda Gurukal 173

# പ്രാരംഭമായിട്ട്

ധന്യാത്മാവായ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ദിവംഗതനായിട്ട് ഒരു നൂററാണ്ടു തികയുകയാണ്, 1971 ജനവരി 3–ാംതീയതി. കേരള കത്തോലിക്കാസഭയുടെയും സമുദായത്തിൻെറയും ആധുനികാഭിവൃദ്ധിക്കെല്ലാം അടിത്തറ പാകിയ മഹാനാണദ്ദേഹം. ആ പാവനചരിതൻെറ അപദാനങ്ങളെ അനുസ്മരിക്കാനും വിലയിരുത്താനും കൃതജ്ഞത രേഖപ്പെടുത്താനുമുള്ള ഒരസുലഭാവസരമാണിത്. ഈ കൃത്യം എളിയതോതിലെങ്കിലും ഈ ഗ്രന്ഥോപഹാരംവഴി നിർവഹിക്കുകയാണ് ഞങ്ങളുടെ ലക്ഷ്യം.

അതീതകാല സാഹചര്യങ്ങളുടെയും സംഭവങ്ങളുടെയും വെളിച്ചത്തിലല്ലാതെ ചാവറയുടെ സേവനങ്ങളെ വിലയിരുത്തുക സാദ്ധ്യമല്ല. യേശു ശിഷ്യനായ മാർത്തോമ്മയാണല്ലൊ, കേരളത്തിലെ വളക്കൂറുള്ള മണ്ണിൽ ക്രിസ്തുമതബീജം നിക്ഷേപിച്ചത്. കേരളത്തിലങ്ങോളമിങ്ങോളമായിട്ട് ഏഴ 'പള്ളി'കളുമദ്ദേഹം സ്ഥാപിച്ചു. 'പള്ളി' ചേർന്നു നടക്കുന്നവരെ നയ്ക്കാനും മേയ്ക്കാനുമായിട്ടു മെത്രാന്മാർ, വൈദികർ ആദിയായ ഇടയന്മാരെയും അദ്ദേഹം അഭിഷേകം ചെയ്തു നിയമിച്ചു. ഒരു ആരാധനക്രമവും അവക്ക് കല്പിച്ചു നൽകി. പതിനാറാംനൂററാണ്ടിൻെറ അന്ത്യപാദംവരെ, ഈ ക്രൈസ്തവസമൂഹം ആലശീലകളൊന്നുംകൂടാതെ ഐശ്വര്യാനുഗ്രഹീതമായി മുന്നേറിക്കൊണ്ടിരുന്നു. എന്നാൽ പെട്ടെന്നു മട്ടൊക്കെ മാറി; കാറും കോളുംകൊണ്ട് അന്തരീക്ഷം കലുഷിതമായി. ആപത്കാലം അഭിമുഖമായിവന്നു.

പുതിയ പുതിയ രാജ്യങ്ങൾ കണ്ടുപിടിക്കാനും പിടിച്ചടക്കാനുമായിട്ട് പാശ്ചാത്യശക്തികൾ ദേശാന്തരസഞ്ചാരം നടത്തിക്കൊണ്ടിരുന്ന കാലഘട്ടമായിരുന്നത്. അന്ന്, അങ്ങ്, അക്കരെനിന്ന്, ആഴിതാണ്ടി നമ്മുടെ പടിഞ്ഞാറെ തീരത്തു വന്നിറങ്ങിയ 'പറങ്കി'കൾ, കേരനിരകൾ തിലകം ചാർത്തിയ ഓരത്തു പട്ടാംബരങ്ങളണിഞ്ഞു സമ്മോഹിനിയായി നിന്നിരുന്ന മലങ്കര സുറിയാനിമങ്കയെക്കണ്ടു അവളിൽ അനുരക്തരായി.

എങ്ങനെയും അവളെ വേരുക്കണമെന്ന അവരുറച്ചു. മതപരവും രാഷ്ട്രീയവുമായ അവരുടെ ലക്ഷ്യപ്രാപ്തിക്ക അങ്ങനെയൊരു വേഴ്ച അനിവാര്യമാണെന്നായിരുന്ന അവരുടെ ബോദ്ധ്യം. തദർത്ഥം ചതുരുപായങ്ങളും അവർ പ്രയോഗിച്ചു. അവരും അശ്ശേഷം വഴങ്ങിയില്ല. നിശ്ചലനിശ്ചേഷ്ടമായ അവളുടെ നിലകണ്ടു് കുപിതരായ പറങ്കികരും അവളുടെ പാദതടക്കീഴിൽ മാളം മാന്തി, ജീവനീരു് ഊററിക്കുടിച്ചു; മജ്ജ കരണ്ടു തിന്നു. അവരും വാടിവരണ്ടു, ആടിയുലഞ്ഞു; അവളുടെ ഇലകരും കരിഞ്ഞുകൊഴിഞ്ഞു; ശിഖരങ്ങരും പലതററുവീണു. അങ്കാവസാനം ഉദയംപേരൂരിൽവച്ചു അവർ അവളുടെ ഉടയാടകരും ഉരിഞ്ഞെടുത്തു് വികൃതയും വികലാംഗയുമാക്കി കാരാഗാരത്തിലടച്ചു. 'പറങ്കി' വംശജരൊ, സഹജരൊ ആയവരെ കാരാപാലകരായും നിയമിച്ചു. അവളുടെ രക്ഷകരായി നിന്നവരും വന്നവരുമായ 'ബാബേൽ' കാരാദിയായവരെ ആട്ടിയോടിക്കയൊ മർദ്ദിച്ചവശരാക്കയൊ ചെയ്തു. ഇങ്ങനെ, അന്നു്, ശതാബ്ദങ്ങരും നീണ്ടുനിന്ന അവളുടെ പാരതന്ത്ര്യവും ആരംഭിച്ചു.

അഭിമാനവിജൃംഭിതരായ കേരള സുറിയാനി ക്രിസ്ത്യാനികരും, ഈ അടിമത്തച്ചങ്ങല പൊട്ടിച്ചെറിയാനും അപഹൃതമായ വൈദികനേതൃത്വവും വികിലീകൃതമായ ആരാധനക്രമവും വിച്ഛിന്നമായ ശാഖാശിഖരങ്ങളും നിഷേധിക്കപ്പെട്ട വിദ്യാഭ്യാസാദി ഇതര സ്വാതന്ത്ര്യങ്ങളും വീണ്ടെടുക്കുന്നതിനു ദത്തവ്രതരായിക്കൊണ്ടു് അന്നേ രണാങ്കണത്തിലേക്ക പ്രവേശിച്ചു. 17–ം, 18–ം, നൂററാണ്ടുകളിൽ, ഐതിഹാസികമായ ഈ വിമോചന സമരത്തിനു നേതൃത്വം നൽകിയവരിൽ അഗ്രിമസ്ഥാനാർഹരാണു ആർച്ചു് ഡീക്കൻ ഗീവറുഗീസ്, പറമ്പിൽ ചാണ്ടിമെത്രാൻ, കരിയാററി യൌസേപ്പു് മല്പാൻ, പാറേമ്മാക്കൽ തോമ്മാക്കത്തനാർ തുടങ്ങിയവർ. പത്തൊമ്പതാംനൂററാണ്ടിലെ സമരനായകന്മാരിൽ പ്രധാനികരും പാലയ്ക്കൽ–പോരൂക്കര–ചാവറ പ്രഭൃതികളായിരുന്നു.

'പറങ്കി'കളുമായി രണ്ടു രണ്ടര നൂററാണ്ടുകാലം നടത്തിയ അവിരാമസമരത്തിൻെറ ഫലമായി സുറിയാനിക്കാരിൽ ചിലക്കെല്ലാം ജീവാപായവും പലക്കും മതപരമായ കാര്യങ്ങളിൽ മാരകമായ പരിക്കുകളും പൊതുവെ, എല്ലാവക്കും തദ്വിഷയകമായി ആരോഗ്യക്ഷയവും ഏല്ക്കേണ്ടിവന്നു. തന്നിമിത്തം സമരമുറകരുക്ക ആകെയൊരു മാററംവരുത്തിക്കൊണ്ടാണു് പത്തൊമ്പതിലെ സേനാനായകന്മാർ രണാങ്കണത്തിലേക്കിറങ്ങിയതു്. ആദർശനിഷ്ഠയും ലക്ഷ്യസ്ഥിരതയുമുള്ള ഒരു 'ധമ്മ'സംഘം സ്ഥാപിച്ചുകൊണ്ടു് അടരാടുക എന്നായിരുന്നു അവരുടെ തീരുമാനം. അങ്ങനെ, 'അമലോത്ഭവകന്യകാമറിയത്തിൻെറ ദാസന്മാർ' എന്നയഭിദാനത്തിൽ ഒരു 'ധമ്മസംഘം' കരുപ്പിടിപ്പിച്ചുകൊണ്ടു് അതുല്യപ്രഭാവാനായ ചാവറ രണാങ്കണത്തിലേക്കിറങ്ങി. ''ധമ്മമെങ്ങവിടെജ്ജയം'' എന്നായിരുന്നു ചാവറയുടെയും കൂട്ടരുടെയും ഉറച്ച വിശ്വാസം. ശത്രുപക്ഷാധിപത്യത്തിലമൻകഴിയുന്നവക്കു് ഏകാവലംബം നയചാതുരിയോടുകൂടിയ 'ധമ്മസമര'

മാർഗ്ഗമാണെന്നായിരുന്നു തിതിക്ഷുവായ ചാവറയുടെ പക്ഷം. ശത്രുവിന്റെ മന:പരിവർത്തനം വരുത്തിക്കൊണ്ടു നേടാവുന്ന വിജയമേ ശാശ്വതമായി നിലനില്ക്കുകയുള്ളുവെന്നായിരുന്നു ആ ദീർഘദൃഷ്ടിയുടെ സുചിന്തിതമായ അഭിപ്രായം.

സമരമണ്ഡലം മതബന്ധമാണ്; എതിർ പക്ഷീയർ ഭരണാധിപതികളും. അവർക്ക് ഈ 'ധർമ്മ'സംഘത്തെ നിരോധിക്കയോ, നിയമവിരുദ്ധമായി പ്രഖ്യാപിക്കയോ ചെയ്യാം. ഈ ആപത്ശങ്കയും ചാവറയ്ക്ക് അഭിമുഖമായിരുന്നു. പക്ഷേ, എതിർപക്ഷീയർ ഇതിനൊന്നും മിനക്കെട്ടില്ല. 'ധർമ്മസംഘ'സ്ഥാപനത്തിനു അനുമതി നൽകിയവർ, അതു വികസിച്ചു ശക്തിയാർജ്ജിച്ചുവന്നാൽ, അതുമൂലമുണ്ടാകാവുന്ന ഭവിഷ്യത്തു ശരിക്കും മനസ്സിലാക്കിക്കൊണ്ട്, അവരിൽ നിക്ഷിപ്തമായിരുന്ന അധികാരം ഉപയോഗിച്ച്, ചാവറയെ തന്ത്രപൂർവ്വം നേതൃസ്ഥാനത്തുനിന്നു നിഷ്കാസനം ചെയ്തുകൊണ്ട് 'ധർമ്മസംഘ'ത്തിന്റെ മേലുള്ള സർവ്വാധികാരവും കയ്യടക്കി. സേനാനായകനാണല്ലൊ സമരം നയിക്കേണ്ടതു്,

പക്ഷേ, അവരുടെ തന്ത്രം കുറിക്കു കൊണ്ടില്ല. 'റോക്കോസി'ന്റെ കേരളാഗമം അവരെ പരിഭ്രാന്തരാക്കി. ഒരു 'ശിഖരം'കൂടി ഒടിഞ്ഞു വീണാലൊ എന്നു അവർ ശങ്കിച്ചു. വിനാവിളംബം ചാവറയെ, വരാപ്പുഴാധികാരത്തിൽപെട്ട സുറിയാനിവിഭാഗത്തിന്റെ 'മെത്രാനാ'യി ശുപാർശ ചെയ്തുകൊണ്ട് വികാരിജനറാളായി ഉയർത്തി. 'പറങ്കി'പ്പിണിയാളുകളുടെ പരാജയത്തിന്റെ നാന്ദി കുറിക്കലാണിവിടെ നടന്നതു്.

ചാവറയുടെയും അനുയായികളുടെയും തീവ്രവും അശ്രാന്തവുമായ പരിശ്രമംവഴി 'റോക്കോസ്' തുരത്തപ്പെട്ടതോടെ, വരാപ്പുഴാധികൃതർ പഴയ പല്ലവിതന്നെ ആലപിക്കുവാനാണ് തീരുമാനിച്ചതു്. ആപത്തു് അഭിമുഖമായി വരുമ്പോൾ, അഥവാ കാര്യം നേടേണ്ടിവരുമ്പോൾ ഒരു നയം; അതങ്ങു കഴിയുമ്പോൾ മറെറാന്നു്! വിരോധാഭാസം!!

'ധർമ്മസംഘ'ത്തിലെ കർമ്മധീരന്മാരായ ഏതാനും മുന്നണിപ്പടയാളികളെ 'സംഘ' (സഭ) ഭ്രഷ്ടരാക്കിക്കൊണ്ട് വരാപ്പുഴക്കാർ കല്പനയിറക്കി (1887). ഇതു അവരുടെ പരാജയത്തിന്റെ രണ്ടാംഘട്ടത്തിന്റെ പ്രോൽഘാടനമായാണു പരിണമിച്ചതു്. സഭാഭ്രഷ്ടരാക്കപ്പെട്ട 'ഏഴ വ്യാകുലങ്ങളിൽ' ആദ്യനായ 'പഴേപറമ്പിൽ', കാലാതിപാതം, ശത്രുസിംഹാസനം തന്നെ പിടിച്ചടക്കി, 1896—ൽ. തുടർന്നു 'പറങ്കി'പക്ഷക്കാരുടെ പരാജയങ്ങളുടെ ഒരു നീണ്ട ഘോഷയാത്രതന്നെയാണു നടന്നതു്. 1923, 1930, 1932, 1937, 1955, 1962, 1968—എന്നീ വർഷങ്ങളോരോന്നും ചാവറയാൽ സമാരബ്ധമായ സഹനസമരം വരിച്ച വിജയത്തിന്റെ ഓരോ നാഴികക്കല്ലുകളാണ്. ചാവറയും അനുയായികളും അവരുടെ ഭാഗം യഥാർഹം അഭിനയിച്ചു തിരോധാനം ചെയ്തെങ്കിലും 'ധർമ്മസംഘം'—അപരാഭിധാനത്തിലായാലും—ഇന്നും നിലനില്ക്കുകയാണ്; സമരം തുടരുകയാ

ണ്. ചാവറയുടെ 'മാഗ്ഗ'ത്തിലൂടെ 'സഭയും' സമുദായവും ഇനിയും ബഹുദൂരം ചരിക്കേണ്ടിയിരിക്കുന്നു, ഉദ്ദിഷ്ടസിദ്ധിക്ക്......???

ചാവറയുടെ ജീവിത—പ്രവത്തനങ്ങളെപ്പററി പ്രതിപാദിക്കുന്ന ലേഖനങ്ങളാണ് ഈ ഗ്രന്ഥത്തിൻെറ ഉള്ളടക്കം. ലേഖനകത്താക്കൾ, അവരവർ കൈകാര്യംചെയ്യുന്ന വിഷയത്തിൽ പ്രഗത്ഭരുമാണ്. എങ്കിലും പൂവ്വവും ഇദംതനവുമായ വസ്തുതകളേയും സ്ഥാപനങ്ങളേയും സ്ഥിതിഗതികളേയും പററി വിചാരണചെയ്ത് നിഗമനങ്ങളിലോ അഭിപ്രായങ്ങളിലോ എത്തിച്ചേരുവാൻ ശ്രമിക്കുമ്പോൾ, താരതമ്യ വിവേചനം അനിർവാര്യമായി വരാം. മാത്രമല്ല ലേഖകരുടെ വ്യക്തിപരമായ വീക്ഷണഗതിയോ ധാരണകളോ അവയെയൊക്കെ സ്വാധീനിച്ചെന്നു വരാം. അതൊക്കെ ആധുനിക 'സംഭാഷണ' മാഗ്ഗത്തിൻെറ വെളിച്ചത്തിൽ സഹിഷ്ണതയോടെ തള്ളുകയോ കൊള്ളുകയോ ചെയ്യുന്നതാണ് 'ധമ്മ'മെന്നു കരുതുന്നു.

ലേഖനങ്ങളിൽ കയ്യേററം നടത്തണമെന്നു അശ്ലേഷമാഗ്രഹമുണ്ടായിട്ടില്ലെങ്കിലും ചില മാററങ്ങളെല്ലാം ഞങ്ങൾ വരുത്തിയിട്ടുണ്ട്. അതു് തൽകത്താക്കൾ സദയം ക്ഷമിച്ചാലും.

ലേഖനകത്താക്കൾക്കും ചിത്രരചയിതാക്കൾക്കും മുദ്രണാലയക്കാക്കും ഞങ്ങളുടെ വിനീതമായ നമസ്കാരം.

ധന്യനായ ചാവറയുടെ ജീവിതപ്രവത്തനങ്ങൾ നമുക്കു മാതൃകയായിരിക്കട്ടെ.

ദൈവദാസൻ, വിശുദ്ധനെന്നു പ്രഖ്യാപിക്കപ്പെടുന്ന ദിനത്തിൻെറ ഉദയത്തിനായി നമുക്കു പ്രാത്ഥിക്കാം.

നമസ്തേ—



POPE PAUL VI



CARDINAL PREFECT
OF ORIENTAL CONGREGATION



CARDINAL PARECATTIL



ARCHBISHOP PADIYARA

**The Most Rev. Mar Antony Padiyara**
ARCHBISHOP OF CHANGANACHERRY

ARCHBISHOP'S HOUSE.
CHANGANACHERRY.
KERALA.

September 18, 1970

Dear Reverend Father,

I am happy to learn that the "Prakasam Publications" is publishing a 'Special' in honour of the Servant of God Kuriakose Elias, Chavara.

This is an occasion to reflect on the various works done by the saintly founder of the Carmelites of Mary Immaculate of Malabar in various fields of action, for the Church and for humanity and to express our gratitude and thanks to Almighty God for the grace He has bestowed on us through the Servant of God.

I wish the publication all success and send my cordial blessings to all those who collaborate for this special.

(Sd.)

*Archbishop of Changanacherry.*



Fr. CANISIUS, C. M. I.
PRIOR GENERAL



Rev. G. Kaniarakath C.M.I.
*(Asst. Editor)*



Hormice C. Perumaly C.M.I.
*(Editor)*

**PRAKASAM PUBLICATIONS**



Rev. J. Elamkunnapuzha C.M.I.
*(Artist)*

# കേരളത്തിലെ ഏതദ്ദേശീയ സന്യാസസഭ

റൈററ് റവ. മോൺ എൽ. ജെ. ചിററൂർ

കേരളത്തിൽ ഒരു നൂററാണ്ടു മുമ്പ് സഭാ സേവനത്തിനു വേണ്ടി സ്ഥാപിക്കുകയും വളർത്തിയെടുക്കുകയും ചെയ്ത ഒരു സന്യാസ സഭയാണ് കുറേ മുമ്പുവരെ കർമ്മിലീത്താ നിഷ്പാദുകമൂന്നാംസഭ എന്ന പേരിലും ഇപ്പോൾ അമലോത്ഭവ മറിയത്തിൻെറ കർമ്മലീത്തർ എന്ന പേരിലും അറിയപ്പെടുന്ന സന്യാസസമൂഹം. അതിൻെറ ആദ്യകാലത്തെ വിശുദ്ധനായ അധികാരി ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനായിരുന്നു. അമലോത്ഭവ മറിയത്തിൻെറ ദാസന്മാർ എന്ന പേരിലാണ് ഈ സഭ ആരംഭിച്ചത്. എന്നാൽ സന്യാസജീവിതത്തിൻെറ ആദ്യപാഠങ്ങൾ പഠിക്കുവാൻ ആരംഭിച്ച തോടുകൂടി കർമ്മലീത്താസഭയുടെ നിയമങ്ങൾ ഇവക്ക് നൽകപ്പെടുകയും ക്രമേണ അവരുടെ വസ്ത്രം ഇവക്ക് ലഭിക്കുകയും ഉണ്ടായി. കർമ്മലീത്താസഭ, ധ്യാനജീവിതത്തിനു പ്രാധാന്യം നൽകുന്ന ഒന്നാണ്. കേരളത്തിൽ അക്കാലത്തു് ആവശ്യമുണ്ടായിരുന്നതും സ്ഥാപക പിതാക്കന്മാർ ആഗ്രഹിച്ചതും ക്രൈസ്തവ ജീവിതത്തെ പുലർത്തുന്ന വിദ്യാപ്രചരണവും സാമൂഹ്യപ്രവർത്തനവും ഗ്രന്ഥനിർമ്മാണവും ധ്യാനപ്രസംഗങ്ങളും മററുമായിരുന്നു. നിയമത്തിൻെറ കാർക്കശ്യം, സന്ദർശകരെ സ്വീകരിക്കുന്നതിനുള്ള വൈമനസ്യം, കൂട്ടുകൂടാതെ സന്ദർശകരെ കാണാൻ പാടില്ല എന്ന വ്യവസ്ഥ, മാതാപിതാക്കന്മാർ പോലും രോഗികളായിരുന്നാൽ വീട്ടിൽ പോയി സന്ദർശിക്കുന്നതിന് അനുവാദമില്ല എന്ന സ്ഥിതി, സമ്മാനങ്ങൾ കൊടുക്കുകയോ, വാങ്ങുകയോ ചെയ്യുന്നതിലുള്ള നിരോധനങ്ങൾ ആദിയായവ കർമ്മലീത്താ സഭക്കു് പററിയതു് എങ്കിലും സാമൂഹ്യസേവനത്തിന് അത്ര ഉതകു

ന്നതു് അല്ല. അതുകൊണ്ടു് അവരുടെ സഭ മൂന്നാംസഭയായി. എങ്കിലും ചൈതന്യം നിറഞ്ഞ ജീവിതത്തിനു് സഹായിക്കാത്തതു മാണു്. ഇങ്ങനെ നിയമവും അരൂപിയും തമ്മിൽ വൈരുദ്ധ്യത്തിലുള്ള ഒരു ശതാബ്ദം കടന്നു കഴിഞ്ഞു. നവീകരണത്തിനുള്ള സമയമാണു് ഇപ്പോഠ. എല്ലാ സന്യാസസഭകളും കാര്യമായി പരിഗണിക്കുന്ന വ്രതത്രയങ്ങഠ സ്വീകാര്യമാണു് . ജനമദ്ധ്യേ സേവനം അനുഷ്ഠിക്കണമെങ്കിൽ അതിനു് ഉതകുന്ന നിയമങ്ങളും സാഹചര്യങ്ങളും ഉണ്ടാകണം. നവീകരണത്തിനു് ആഗ്രഹിക്കുന്നവർ, സ്ഥാപകൻെറ ഉദ്ദേശ്യവും ആദർശങ്ങളും പഠിച്ചുകൊണ്ടു്, കാലാനുസൃതമായ വ്യതിയാനങ്ങഠ വരുത്തുവാൻ തിരുസഭ ആവശ്യപ്പെട്ടിരിക്കുകയാണു്.

കഴിഞ്ഞ ഒരു ശതാബ്ദമായി കേരളത്തിൽ അവശരുടെയും അക്രൈസ്തവരുടെയും ഇടയിൽ ക്രിസ്തുമതം പ്രചരിപ്പിക്കുകയും ധ്യാനപ്രസംഗങ്ങഠ വഴി ക്രൈസ്തവ ജീവിതം പുന:രുദ്ധരിക്കുകയും വിദ്യാലയങ്ങഠ, കലാലയങ്ങഠ, മുദ്രാലയങ്ങഠ, എന്നിവ ഉപയോഗിച്ചു് ക്രൈസ്തവ തത്വങ്ങഠ വിതരണം ചെയ്യുകയും അനാഥശാലകഠ, അഗതിമന്ദിരങ്ങഠ, തൊഴിൽശാലകഠ ആദിയായവ നടത്തുകയും ചെയ്തുകൊണ്ടിരിക്കുന്ന സന്യാസ സമൂഹത്തിനു് ധ്യാനപരം മാത്രമായ ജീവിതത്തിലേക്കു് ഒതുങ്ങിനില്ക്കുക സാദ്ധ്യമല്ല. ഛിദ്മങ്ങളിൽ നിന്നു് കേരളസഭയെ രക്ഷിക്കുവാനും പുതിയ സരണി തുറക്കുവാനും ഈ സമൂഹത്തിനു് സാധിച്ചിട്ടുണ്ടു്. ഭാരതത്തിൽ വൻകാര്യങ്ങഠ നിർവ്വഹിക്കുവാനുള്ള ഈ സന്യാസസമൂഹം ഈ കാലഘട്ടത്തിൽ വേണ്ട വിധത്തിൽ നവീകരിക്കപ്പെടുവാൻ ഇടയാകട്ടെ എന്നു് ആശംസിക്കുകയാണു്. അതിൽ ഏപ്പെട്ടിരിക്കുന്നവർ വിശാല മനസ്സും ചിന്താശീലവും ധീരമായ കാൽവയ്പും ഉള്ളവരാകുവാൻ ദൈവത്തോടു് പ്രാർത്ഥിക്കുകയും ചെയ്യുന്നു. വിശുദ്ധരായ സ്ഥാപകർ അവരുടെ ആദർശശുദ്ധിയും ചൈതന്യവും ഈ തലമുറയ്ക്കും നല്കട്ടെ.

---

''ധനികനെന്നുള്ള നാട്യവും നടത്തവും ക്ഷണേന ദാരിദ്ര്യത്തിലേക്കു് നയിക്കും.''

—ചാവറ



ഉന്നത ബിരുദധാരിയും, പ്രഗത്ഭ വാഗ്മിയും ഭരണനിപുണതയും തികഞ്ഞ മോൺ. എൽ. ജെ. ചിററൂർ ഒരു നല്ല എഴുത്തുകാരനുംകൂടിയാണ്. ചങ്ങനാശ്ശേരി അതിരൂപതയുടെ വികാരിജനറാളായി സേവനം അനുഷ്ഠിച്ചുവരുന്നു.

Mgr. L. J. Chittoor



ശക്തമായ ഒരുതൂലികയുടെ ഉടമയാണ് ശ്രീ. എം. ഒ. ജോസഫ് നെടുങ്കുന്നം. ഒരു കലോപാസകനെന്നതിലധികം ഒരു കലായുധനാണദ്ദേഹം. വാൾപോലെ മൂർച്ചയേറിയതാണദ്ദേഹത്തിന്റെ തൂലിക. വസ്തുതകൾ തേടിപ്പിടിച്ചു ഓജസ്സും തേജസ്സുമുററ ഭാഷയിൽ വാദമുഖങ്ങളവതരിപ്പിക്കുമ്പോൾ അദ്ദേഹത്തിനശ്ശേഷം മുഖംനോട്ടമില്ല.

സാഹിത്യകാരൻ, പത്രാധിപർ, സമുദായ പരിഷ്ക്കർത്താവ് ചരിത്രഗവേഷകൻ, അഖിലകേരള കത്തോലിക്കാകോൺഗ്രസ്സിന്റെ ജ.സെക്രട്ടറി, സഭയ്ക്കും സമുദായത്തിനും സാധുക്കൾക്കുംവേണ്ടി അവിരാമം ധർമ്മസമരം നടത്തുന്ന ഒരു ധീരസേനാനി—എന്നീ നിലകളിൽ അദ്ദേഹം വഹിക്കുന്ന പങ്ക് കൃതജ്ഞതാപൂർവ്വം സ്മരിക്കേണ്ടതാണ്. അമ്പതിൽപരം ഗ്രന്ഥങ്ങളുടേയും, നിരവധി ലേഖനങ്ങളുടേയും കർത്താവായ അദ്ദേഹത്തിന്റെ തൂലിക ഇന്നും ചലിച്ചുകൊണ്ടിരിക്കുകയാണ്.

M. O. Joseph B. A. B. L.

# ചാവറ കുര്യാക്കോസച്ചനും അമലോത്ഭവമാതാവിൻ സന്യാസസഭയും

എം. ഒ. ജോസഫ്, നെടുങ്കുന്നം

പരമപരിപാലകനായ ദൈവം തൻെറ ജനങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കി യഥാകാലം അവരുടെ രക്ഷയ്ക്കും സമാശ്വാസത്തിനുമായി തെരഞ്ഞെടുക്കപ്പെട്ട ചിലരെ നിയോഗിച്ചയച്ചിട്ടുണ്ടെന്നുള്ളതു് ചരിത്രം വ്യക്തമാക്കുന്ന ഒരു പരമാർത്ഥമാണു്. ജനത നാശത്തിൻെറ വക്കിലെത്തിയിരിക്കുന്നുവെന്നു് സന്ദേഹിച്ചിരുന്ന പല ഘട്ടങ്ങളിലും അത്ഭുത ചരിതരായ ചില മഹാപുരുഷന്മാർ ഓടിയെത്തി അവരെ കൈകൊടുത്തു രക്ഷിക്കുന്ന അനുഭവങ്ങൾ ലോകചരിത്രത്തിൽ വിരളമല്ല. കേരള ക്രൈസ്തവസഭയെ സംബന്ധിച്ചിടത്തോളം അങ്ങനെ ദൈവത്താൽ അയക്കപ്പെട്ട ഒരു പുണ്യപുരുഷനായിരുന്നു ഒരു നൂറുകൊല്ലം മുമ്പ് നമ്മുടെ ഇടയിൽ നിന്നു് മൺമറഞ്ഞ ദൈവ ദാസൻ, ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. അദ്ദേഹത്തിൻെറ ജീവിതകഥയും, ഒരു പുരുഷായുസ്സിൽ അദ്ദേഹം കേരളത്തിൽ സാധിച്ച കാര്യങ്ങളും അദ്ദേഹം ദൈവത്താൽ പ്രത്യേകം നിയുക്തനായിരുന്ന ഒരു പുണ്യ ചരിതനായിരുന്നെന്ന വസ്തുത തെളിയിക്കുകയാണു ചെയ്യുന്നതു്.

പത്തൊൻപതാം നൂററാണ്ടിൻെറ ആരംഭത്തിൽ, 1805 ഫെ: 8-ാംതീയതിയാണു് ചാവറയച്ചൻ ഭൂജാതനായതു്. 1871 ജനു: 3-ാംതീയതി കർത്താവിൽ നിദ്രപ്രാപിക്കുകയും ചെയ്തു. കേരള ക്രൈസ്തവ സഭയുടെ ഭാവി ത്രാസ്സിൽ ആടിക്കൊണ്ടിരുന്ന ഒരു ഘട്ട

മാണ് അദ്ദേഹത്തിൻെറ ജീവിത കാലം. പോർത്തുഗീസ് മിഷ്യനറിമാരുടെ ആഗമനത്തിനുശേഷം, അവരുടെ അവിഹിതമായ ഇടപെടൽ മൂലം, കേരളസഭ രണ്ടായി ഭിന്നിച്ചു കഴിഞ്ഞിരുന്നു. പഴയകൂറിൽ നിന്നവർ തന്നെ, മിഷ്യനറിമാരുടെ ഭരണനുകത്തിൻെറ ഭാരം ദുർവ്വഹമെന്നു തോന്നുകയാൽ അതിൽ നിന്നു മോചനത്തിനായി സർവ്വാത്മനാ യത്നിച്ചുകൊണ്ടിരുന്നു. സമുദായത്തിൻെറ ശ്രദ്ധ മുഴുവൻ മിഷ്യനറിഭരണത്തെ വലിച്ചെറിഞ്ഞു് ഒരു സ്വജാതി മെത്രാനെ സമ്പാദിക്കുന്നതിൽ കേന്ദ്രീകൃതമായിരുന്നു. നൂററാണ്ടുകളായി നീണ്ടുനിന്ന ഈ സമരത്തിൻെറ അനിവാര്യഫലമായി ഇവിടത്തെ ക്രൈസ്തവ ജീവിതം തീർത്തും മന്ദീഭവിച്ചു കഴിഞ്ഞിരുന്നു. ക്രിസ്തുവിൻെറ അനുശാസനങ്ങൾ പലതും കടലാസ് പ്രമാണങ്ങളായി അവശേഷിച്ചു. എന്തും സംഭവിക്കാവുന്ന ഒരു അനിശ്ചിതാവസ്ഥ കേരള സുറിയാനി സഭയിൽ ഉടനീളം ദൃശ്യമായി. റോമിൽ നിന്നു തങ്ങൾക്കു നീതി ലഭിക്കുമെന്ന ഒരു നേരിയ പ്രതീക്ഷയിൽ കഴിയുകയായിരുന്നു സമുദായം. ഏതെങ്കിലും ഭാഗത്തുനിന്നുള്ള ഒരു ചെറിയ നീക്കം മതിയായിരുന്നു, സമുദായത്തിൻെറ ഭാവിയെ അപകടത്തിലാക്കുവാൻ.

---

പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ മരണത്തോടു കൂടി സമുദായത്തെ ഒന്നടങ്കം നയിക്കുവാൻ കെല്പുള്ള ഒരു നേതാവ് സുറിയാനി സമുദായത്തിനില്ലാതായി. സമുദായം പ്രക്ഷോഭണങ്ങളുടെ നടുക്കടലിൽ അമരക്കാരനില്ലാതെ ഉഴയുകയായിരുന്നുവെന്നു പറഞ്ഞാൽ അതു് ശരിയായിരിക്കും. തൻെറ പ്രിയപ്പെട്ട ജനത്തെ അപകടം കൂടാതെ ലക്ഷ്യത്തിലെത്തിക്കുന്നതിനു പ്രാപ്തനായ ഒരു മാലുമി അത്യന്താപേക്ഷിതമായിരിക്കുന്നുവെന്നു് ദൈവത്തിനു ബോദ്ധ്യപ്പെട്ടതിൻെറ ഫലമായിരുന്നു പുണ്യചരിതനായ ചാവറയച്ചൻെറ ആഗമനമെന്നു കരുതേണ്ടിയിരിക്കുന്നു. പല അപകടങ്ങളിൽ നിന്നു കേരളസഭയെ രക്ഷിക്കുക മാത്രമല്ല, അതിനു അദൃഷ്ടപൂർവ്വമായ ഒരു ഓജസ്സും തേജസ്സും അദ്ദേഹം പ്രദാനം ചെയ്യുകയും ചെയ്തു.

## ജനനന്മയ്ക്കുവേണ്ടി

ചാവറ കുര്യാക്കോസ് പുണ്യശ്ലോകന്മാരായിരുന്ന പോരുക്കര തോമ്മാ മല്പാൻ, പാലയ്ക്കൽ തോമ്മാ മല്പാൻ എന്നിവരുമായി സമ്പർക്കപ്പെടുകയും അവർക്കു ശിഷ്യപ്പെടുകയും ചെയ്തു. പുരോഹിതനായ കാലത്തുതന്നെ, കേരളസഭയുടെ നവോത്ഥാനത്തിനു അത്യന്താപേക്ഷിതമായിട്ടുള്ളതു് ഒരു ഏതദ്ദേശീയ സന്യാസ സഭയാണെന്നുള്ള ബോദ്ധ്യത്തിലെത്തി. അദ്ദേഹത്തിൻെറ പ്രഥമ ദിവ്യപൂജാർപ്പണ വേളയിലെ നിയോഗം തന്നെ ഇത്തരമൊരു സന്യാസ സഭാസ്ഥാപനമായിരുന്നെന്നു് അദ്ദേഹം എഴുതി വച്ചിട്ടുള്ള നാളാഗമത്തിൽ നിന്നു് വ്യക്ത

മാകുന്നുണ്ട്. കേരള സഭയുടെ ''ഏററിയ നന്മകാംക്ഷ'' വേണ്ടി ഒരു സന്ന്യാസ ജീവിതക്രമം ഉണ്ടാകുകയെന്നതായിരുന്നു ലക്ഷ്യം. സ്വകീയ മനനത്തിൻെറയും അനുഭവജ്ഞാനത്തിൻെറയും ഫലമായി രൂപംകൊണ്ട ഒരു ആശയമായിരുന്നു ഇതു്. 1831 മെയ് 11-ാം തീയതി മാന്നാനംകുന്നിൽ അടിത്തറ ഇടപ്പെട്ട ''അമലോത്ഭവ മാതാവിൻ ദശ്നസഭ'' (അമലോത്ഭവ മാതാവിൻെറ ശുശ്രൂഷികം) ഈ ആശയത്തിൻെറ പരിണതഫലമാണു്.

ഈ സ്ഥാപനത്തിനു് അംഗീകാരം നല്കിയ അന്നത്തെ വാരാപ്പുഴ മെത്രാൻ മോൺ: മൗറേലിയൂസിൻെറ വാക്കുകളിൽ നിന്നു തന്നെ ഈ സന്ന്യാസസഭയുടെ ലക്ഷ്യം വ്യക്തമാകുന്നുണ്ട്. സന്ന്യാസ സഭാ സ്ഥാപനത്തിനു ധനസഹായം ചെയ്യണമെന്നു് ഉപദേശിച്ചു കൊണ്ടു് പ്രസ്തുത മെത്രാൻ 1829 ഡിസംബർ 1-ാംതീയതി പുറപ്പെടുവിച്ച അനുവാദ പത്രികയിൽ (ധമ്മക്കടലാസിൽ) പ്രസ്താവിച്ചിരിക്കുന്നതിങ്ങനെയാണു്,

''തംപുരാൻെറ ഏററിക്കപ്പെട്ട സ്തുതിക്കും പള്ളി ഒക്കെയുടെയും നിലയ്ക്കും, നമസ്കാരത്തിലും അരുപിക്കടുത്ത വേലയിലും എടവിടാതെ അവരായി എന്നവരെപ്പോലെയുള്ള മുട്ടിപ്പിനും, ഇതിൽ പിന്നെ ശുദ്ധമാകപ്പെട്ട വേദം കൈക്കൊള്ളപ്പെട്ട എടങ്ങളിൽ ചുരുങ്ങപ്പെട്ട സ്ഥലങ്ങളിലും പല ആശ്രമങ്ങൾ പുരുഷന്മാക്കും സ്ത്രീകൾക്കും ഉണ്ടായിരിക്കും വണ്ണം പൂവ്വമായി വിശ്വസിക്കപ്പെട്ട നിങ്ങൾക്കും ഇതു വേണമെന്നു ശുദ്ധമാനപള്ളിയോടു അപേക്ഷിച്ചതെന്ന്യേ ഇതുവരെയും നടന്നു വരായ്കയാൽ ഇക്കണ്ട പഠിത്തവും വേലയും കൊണ്ടുള്ള ഫലം........ഇങ്ങനെയുള്ള കൊടുപ്പ് (ധനസഹായം) ഇത്ര ഏററിക്കപ്പെട്ട നന്മകൾ ഇതിൽ അടങ്ങപ്പെട്ടിരിക്കുകകൊണ്ടും ... ... ഈ ഭാഗ്യത്തിൻെറ വഴി തെളിക്കണമെന്നും അതിനു വേണ്ടത്ര സഹായം ചെയ്യുന്നവക്ക് അവരാൽ അനുഭവിപ്പാനുള്ള ഭാഗ്യങ്ങൾ പ്രത്യേകം ഈ മുതൽ കൊടുക്കുന്നവക്കും ആകമാനമായിട്ട് എല്ലാവക്കും അറിവില്ലാത്തവക്കും കണ്ടുപഠിത്തം കൊടുപ്പാനും മനസ്സാകപ്പെട്ടവരെ ചേപ്പാനും ചെതറപ്പെട്ടവരെ കൂട്ടുവാനും പള്ളിയുടെ തെളിവിനും രാജിതങ്ങളുടെയും ലോകമൊക്കെയുടെയും നിരപ്പിനും എന്നന്നേക്കും അടുത്ത ആകാശ രാജിതത്തിനു വിളിക്കപ്പെട്ട ഇക്കൂട്ടത്താൽ ഒക്കെയുടെ ഉടയവൻ തംപുരാനിൽ നിന്നു മുഴവനാകപ്പെട്ടവരായി, അതായതു് ലോകകാര്യം ഒക്കെയിൽ നിന്നു അടങ്ങപ്പെട്ട ആത്മകാര്യത്തിൽ തന്നെ ഉത്സാഹിക്കപ്പെട്ടവരായി തെരഞ്ഞെടുക്കപ്പെട്ട ഇവരുടെ വേലയാൽ കണ്ണു കാട്ടപ്പെട്ട നന്മകളൊക്കെ വരുന്നതിനെക്കൊണ്ടു .......'' (ചാവറ കുര്യാക്കോസ് പുറം 50-51).

അറിവില്ലാത്തവക്കു സന്മാതൃക കാണിച്ചുകൊടുക്കുക, സന്മനസ്സുള്ളവരെ മാനസാന്തരപ്പെടുത്തുക, ഭിന്നിച്ചുനില്ക്കുന്ന സഹോദരങ്ങളെ

പുന:രൈക്യപ്പെടുത്തുക, സഭയുടെ തന്നെ നവോത്ഥാനത്തിനുവേണ്ടി യത്നിക്കുക, രാജ്യങ്ങളുടെയും ലോകം മുഴുവൻെറയും സമാധാനത്തിനും അഭിവൃദ്ധിക്കുംവേണ്ടി പ്രയത്നിക്കുക, സ്വഗ്ഗരാജ്യത്തിനായി പ്രത്യേകം ക്ഷണിക്കപ്പെട്ടവരുടെ സമപ്പ്ണജീവിതത്തിനും പരിപൂണ്ണതയ്ക്കുംവേണ്ടി പരിശ്രമിക്കുക, ലോകത്തിൽ നിന്നും ആദ്ധ്യാത്മികതയിലേക്കു തെരഞ്ഞെടുക്കപ്പെട്ടവരുടെ വേലവഴി കണ്ണിനു കാണാവുന്ന നന്മകൾ നേടിയെടുക്കുക, മൊത്തത്തിൽ ജനങ്ങളുടെ ഏററവും വലിയ നന്മയ്ക്കുവേണ്ടി പരിശ്രമിക്കുക-ഇവയൊക്കെയായിരുന്നു ഒരു സന്യാസസഭ സ്ഥാപിക്കുന്നതിൽ സ്ഥാപകപിതാക്കന്മാക്കുണ്ടായിരുന്ന ലക്ഷ്യം: ദൈവരാജ്യത്തിനായി ലോകകാര്യങ്ങളിൽ നിന്നു പിൻവാങ്ങി, ആത്മീയ കാര്യങ്ങളിൽ മുഴുകിക്കൊണ്ടു് പ്രവത്തിക്കുവാൻ തെരഞ്ഞെടുക്കപ്പെട്ടവരുടെ (സന്യാസികളുടെ) വേലകൊണ്ടു് മേല്പറഞ്ഞ നന്മകളെല്ലാം സാധിക്കണമെന്നായിരുന്നു സ്ഥാപക പിതാക്കന്മാരുടെ ലക്ഷ്യമെന്നു് മുൻ പറഞ്ഞ ''ധമ്മക്കടലാസു്'' വ്യക്തമാക്കുന്നു. ചാവറ കുര്യാക്കോസച്ചൻെറ നേതൃത്വത്തിൽ, ഇവയെല്ലാം സാധിച്ചെടുക്കുന്നതിനു നടത്തിയ യത്നങ്ങളാണു് പ്രസ്തുത സന്യാസ സഭയുടെ ആരംഭകാല ചരിത്രം തന്നെ.

## ആദ്ധ്യാത്മിക നവീകരണം

അമലോത്ഭവ മാതാവിൻ ദശ്ന സഭ രൂപം പൂണ്ടു് അധികം കഴിയുന്നതിനു മുമ്പു് തന്നെ ഈ ലക്ഷ്യ പ്രാപ്തിക്കായുള്ള ശ്രമങ്ങളാരംഭിച്ചു. കേരളസഭയുടെ ശോഭനമായ ഭാവി സുശിക്ഷിതരായ വൈദികരിലാണു് നിലകൊള്ളുന്നതെന്നു് മനസ്സിലാക്കിയ സ്ഥാപക പിതാക്കന്മാർ മാന്നാനത്തു് ഒരു വൈദിക സെമ്മിനാരി ആരംഭിക്കുകയാണു് ആദ്യമായി ചെയ്തതു്. അക്കാലത്തു് പണ്ഡിതന്മാരായ ചില വൈദികർ വൈദികാത്ഥികളെ തങ്ങളോടു കൂടി താമസിപ്പിച്ചു ശിക്ഷണം നൽകുന്ന രീതിയാണു കേരളത്തിൽ നിലവിലിരുന്നതു്. ഏതദ്ദേശീയ ക്രിസ്ത്യാനികൾ തങ്ങൾക്കായി ഒരു പൊതു സെമ്മനാരി സ്ഥാപിക്കുന്നതു് ഇപ്പോൾ ആദ്യമായിട്ടാണെന്നു തോന്നുന്നു. 1833-ൽ ആരംഭിച്ച ഈ സെമ്മിനാരിയിൽ, അതിൻെറ അഭിവൃദ്ധ്യുമുഖമായിരുന്ന കാലഘട്ടത്തിൽ 100-ം 150-ം വൈദിക വിദ്യാത്ഥികൾ താമസിച്ചു് അദ്ധ്യയനം നടത്തിയിരുന്നു. ചാവറ കുര്യാക്കോസു് ഏലിയാസച്ചൻ സുറിയാനി റീത്തുകാരായ സകല വൈദികരുടെയും പരീക്ഷകനായും സവ്വ വൈദിക ശാസ്ത്രങ്ങളുടെയും മല്പാനായും നിയമിക്കപ്പെട്ടിരുന്നു. വൈദിക വിദ്യാത്ഥികളെ സ്വീകരിക്കുന്നതിനു് മാത്രമല്ല, കുമ്പസാരവും പ്രസംഗവും നടത്തുവാൻ വൈദികക്കു് അനുമതി നൽകുന്നതിനുമുള്ള അധികാരവും വൈദിക മേലദ്ധ്യക്ഷൻ അദ്ദേഹത്തിനു നൽകിയിരുന്നു. കേരളീയ സഭയുടെ ആവശ്യങ്ങൾ ഈ ഒരു സെമ്മിനാരികൊണ്ടു

മാത്രം സാധിക്കുകയില്ലെന്നു കണ്ടപ്പോൾ 1866—ൽ വാഴക്കുളത്തും, 1868—ൽ എൽത്തുരുത്തിലും, 1872-ൽ പുളിങ്കുന്നിലും ഓരോ സെമിനാരി ആരംഭിക്കുകയുണ്ടായി.

സെമിനാരി സ്ഥാപിക്കുക മാത്രമല്ല, അതിലെ ശിക്ഷണ പദ്ധതി കാലോചിതമായി അദ്ദേഹം പരിഷ്കരിക്കുകയും ചെയ്തു. വൈദികർക്ക് പ്രതിവർഷമുള്ള ജ്ഞാനധ്യാനം നടപ്പാക്കി. റോമിൽ നിന്നുള്ള പ്രത്യേക അനുമതിയോടു കൂടി വൈദികർക്കായുള്ള കാനോൻ ജപം ക്രമപ്പെടുത്തുകയും, അതു് നിർബന്ധമാക്കുകയും ചെയ്തു. പ്രസിദ്ധമായ അദ്ദേഹത്തിന്റെ തുക്കാസാ ഗ്രന്ഥം വഴിയായി ദിവ്യപൂജാനുഷ്ഠാന ക്രമങ്ങളെ ഐകരൂപ്യത്തിൽ വരുത്തി നടപ്പാക്കി. പൊതുജനങ്ങളുടെ ആത്മീയ കാര്യങ്ങളിലും അദ്ദേഹത്തിന്റെ ശ്രദ്ധ പതിഞ്ഞു ഇടവകകൾതോറുമുള്ള ജ്ഞാനധ്യാനമായിരുന്നു സർവ്വ പ്രധാനമായ ഒരു പദ്ധതി. ഒരു ധ്യാനയോഗത്തിൽ നാലും അഞ്ചും സന്യാസ വൈദികർ വീതം സംബന്ധിച്ചിരുന്നു. കൊല്ലത്തിൽ ഇരുപതും മുപ്പതും പള്ളികളിൽ ഇത്തരം വിപുലമായ തോതിലുള്ള ധ്യാന പ്രസംഗങ്ങൾ നടത്തിയിരുന്നു ധ്യാനാവസരങ്ങളിൽ വിശ്വാസികൾ തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ പറഞ്ഞു തീർക്കുന്നതിനും, അവരുടെ ആദ്ധ്യാത്മിക പുരോഗതിക്കുള്ള മാർഗ്ഗങ്ങൾ ഉപദേശിച്ചു കൊടുക്കുന്നതിനും സന്യാസിമാർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

ഇന്നു കേരളത്തിൽ പ്രചാരത്തിലിരിക്കുന്ന നാല്പതുമണി ആരാധനാസമ്പ്രദായം ഇവിടെ നടപ്പാക്കിയതു് ചാവറയച്ചനാണു്. ആദ്യകാലങ്ങളിൽ അതു കൊവേന്തകളിലാണു് നടത്തിയിരുന്നതു്. വിശുദ്ധ കുർബ്ബാനയോടുള്ള ഭക്തി വർദ്ധിപ്പിക്കുന്നതിനു 1866—ൽ കൂനമ്മാവിൽ തുടങ്ങിയ ഈ ഭക്താഭ്യാസം ഇന്നു് കേരളത്തിലെ പ്രധാനപ്പെട്ട ഫൊറോനാ പള്ളികളിലെല്ലാം നടന്നു വരുന്നു. പള്ളികളിൽ ഞായറാഴ്ച പ്രസംഗം ഒരു പതിവായിതീർന്നതു് ചാവറയച്ചന്റെ കാലം മുതലാണു്.

## വിജ്ഞാനപോഷണം

കേരളസഭയുടെ പുരോഗതിക്കും ആദ്ധ്യാത്മിക നവീകരണത്തിനും പ്രസിദ്ധീകരണങ്ങൾ അവശ്യാവശ്യമാണെന്നു ചാവറയച്ചൻ മനസ്സിലാക്കി. പ്രസിദ്ധീകരണങ്ങൾ പോയിട്ട് അവ അച്ചടിക്കുന്നതിനുള്ള ഒരു അച്ചടിശാലപോലും അന്നു് കേരളീയ കത്തോലിക്കർക്കുണ്ടായിരുന്നില്ല. അതിനാൽ ആദ്യമായി ഒരു പ്രസ്സ് സ്ഥാപിക്കുന്നതിനു അദ്ദേഹം തീരുമാനിച്ചു. തിരുവനന്തപുരം ഗവണ്മെൻറു് മുദ്രണാലയത്തിൽ കണ്ട ഒരു അച്ചടിയന്ത്രത്തിന്റെ മാതൃക വാഴപ്പിണ്ടികൊണ്ടുണ്ടാക്കി അതിന്റെ രീതിയിൽ മരം

കൊണ്ടു് നിർമ്മിച്ച ഒരു അച്ചടിയന്ത്രവുമായി അദ്ദേഹം 1844—ൽ മാന്നാനത്തു് ഒരു അച്ചടിശാല തുടങ്ങി. ഇന്നത്തെ പ്രസിദ്ധമായ മാന്നാനം സെൻറു് ജോസഫ്സ് പ്രസ്സ് ഇങ്ങനെയാണു് ആരംഭിച്ചതു്. ഈ പ്രസ്സിൽ നിന്നു് അനേകം പ്രാർത്ഥന പുസ്തകങ്ങളും വിശുദ്ധന്മാരുടെ ജീവചരിത്രങ്ങളും സഭാസംബന്ധമായ കൃതികളും നസ്രാണി ദീപിക, കർമ്മലകുസുമം മുതലായ പത്രമാസികകളും പ്രസിദ്ധീകൃതമായി. ക്രൈസ്തവ സമുദായത്തിൻെറ വിജ്ഞാന പരിപോഷണത്തിൽ ഈ ഗ്രന്ഥങ്ങളും പ്രസിദ്ധീകരണങ്ങളും വഹിച്ചിട്ടുള്ള പങ്കു് കുറച്ചൊന്നുമല്ല. ''ഈ സന്യാസസഭവഴിയായി നാട്ടിനു പല നന്മകൾ സിദ്ധിച്ചിട്ടുള്ളതു് ഏവരും കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നതാണു്. പ്രസ്തുത സഭാവല്ലിയിൽ നിന്നു് കേരളത്തിൽ പൊഴിഞ്ഞിട്ടുള്ള പല സുഗന്ധ പുഷ്പങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാകുന്നു കർമ്മലകുസുമം. ഭക്തിപ്രവർദ്ധകങ്ങളായ പല നല്ല ഫലങ്ങൾ ഈ കുസുമത്തിൽനിന്നു പുറപ്പെട്ടിട്ടുണ്ടു്'' എന്നു് പരേതനായ കര്യാളശ്ശേരി തോമ്മാ മെത്രാൻ പ്രസ്താവിച്ചിട്ടുള്ളതു് ഇവിടെ അനുസ്മർത്തവ്യമാകുന്നു.

ചാവറ കുര്യാക്കോസച്ചൻ തന്നെ അനേകം സൽഗ്രന്ഥങ്ങളുടെ കർത്താവാണു്. 1829 മുതൽ 1870 വരെ രണ്ടു ഭാഗങ്ങളായി അദ്ദേഹം എഴുതിയിട്ടുള്ള നാളാഗമങ്ങളും, റോക്കോസ്ശീശ്മയുടെ ചരിത്രവും, സ്ഥാപകപിതാക്കന്മാരായ പാലയ്ക്കൽ മല്പാനച്ചൻെറയും പോരൂക്കര മല്പാനച്ചൻെറയും ജീവചരിത്ര സംഗ്രഹവും മലയാളത്തിലെ ചരിത്ര ശാഖയ്ക്കു് വലിയ ഒരു മുതൽക്കൂട്ടായിരിക്കുന്നു. ''നല്ല അപ്പൻെറ ചാവരുൾ'' എന്ന സാരോപദേശ സഞ്ചികയും, ആത്മാനുതാപമെന്ന ആത്മകഥാകഥനപരമായ കാവ്യവും എക്ലോഗകൾ എന്ന പേരിൽ രചിച്ചിട്ടുള്ള പ്രഹസനങ്ങൾ മുതലായവയും ഭക്തിപരമായ ജീവിതത്തിനു പ്രചോദനം നൽകുന്ന ഉൽകൃഷ്ട കൃതികളാണു്. ഒൻപതു അദ്ധ്യായങ്ങളായി അദ്ദേഹം എഴുതിയിട്ടുള്ള തുക്കാസാ എന്ന സുറിയാനി-കർബ്ബാന ക്രമപുസ്തകം വൈദികർക്കു വളരെയേറെ പ്രയോജനകരമായ ഒരു ഗ്രന്ഥമാണു്. ഒരു സുറിയാനിക്രമ പഞ്ചാംഗവും അദ്ദേഹം തന്നെ ഉണ്ടാക്കി നടപ്പാക്കി. തപസ്സു കർബ്ബാനയുടെയും വേസ്പരയുടെയും മരിച്ചവരെക്കുറിച്ചുള്ള അന്നീദായുടെയും മററും ക്രമങ്ങളും അദ്ദേഹമാണു് എഴുതി ഉണ്ടാക്കിയതു്. സുറിയാനിയിലുള്ള ''ദു:ഖശനിയാഴ്ച ക്രമം'' അദ്ദേഹം ലത്തീനിൽ നിന്നു ഭാഷാന്തരം ചെയ്തിട്ടുള്ളതാണു്.

## വിദ്യാഭ്യാസപ്രവർത്തനം

വിദ്യാഭ്യാസ പരമായി ചാവറയച്ചൻ ചെയ്തിട്ടുള്ള മഹനീയ സേവനങ്ങൾ സമുദായത്തിനു് ഒരു കാലത്തും വിസ്മരിക്കാവുന്നതല്ല.

അക്കത്തോലിക്കാമിഷ്യനറിവിദ്യാലയങ്ങളും ഇംഗ്ലീഷ് വിദ്യാഭ്യാസവും കത്തോലിക്കർക്ക് നിരോധിക്കപ്പെട്ടിരുന്ന ഒരു കാലമായിരുന്നു അത്. ഈ ചുററുപാടിൽ കത്തോലിക്കരുടെ വിദ്യാഭ്യാസത്തിനു വേണ്ടി സംഘടിതമായി എന്തെങ്കിലും ചെയ്യേണ്ടതു് അനുപേക്ഷണീയമാണെന്നു് ബോദ്ധ്യമായതിൻെറ ഫലമാണു് 1846—ൽ അദ്ദേഹം മാന്നാനത്തു് ആരംഭിച്ച സംസ്കൃതവിദ്യാലയം. പിന്നീടു് 1865—ൽ അദ്ദേഹം വികാരി ജനറാളായിരുന്ന കാലത്തു് ഇടവകകൾ തോറും വിദ്യാലയങ്ങൾ ആരംഭിക്കണമെന്നും അല്ലാത്ത പക്ഷം പള്ളിമുടക്കു കല്പിക്കുമെന്നും അദ്ദേഹം ഒരു സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി. അദ്ദേഹത്തിൻെറ സന്യാസസഭയിലെ അംഗങ്ങൾ ഈ കല്പന പ്രാവൎത്തികമാക്കുവാൻ നിസ്തന്ദ്രം യത്നിക്കുന്നുണ്ടു്. ''ഓരോ കൊവേന്തക്കാരും അവരുടെ അതിൎത്തിയിലുള്ള പള്ളിക്കാരുടെ ആത്മകാര്യങ്ങൾ വിചാരിപ്പാനും ഇസ്കോളുകൾ അന്വേഷിപ്പാനും, പഠാൎത്ഥയാലും കുമ്പസാരത്താലും രക്ഷയുടെ വഴികാട്ടി നടത്തുവാനുമായി ഓരോ പള്ളികളിൽ പോകണ''മെന്നു് നിർദ്ദേശിക്കപ്പെട്ടിരുന്നതനുസരിച്ചു പ്രവൎത്തിച്ചിരുന്നു. ഒരു കേന്ദ്ര കോളെജ് സ്ഥാപിക്കണമെന്നുള്ള ആലോചന അദ്ദേഹത്തിൻെറ കാലത്തു് ഫലവത്തായില്ല. പക്ഷെ ഇന്നു് ഈ സന്യാസസഭ വകയായി ആറു് കോളെജുകളും അനവധി ഹൈസ്കൂളുകളും നടത്തിപ്പോരുന്നുണ്ടു്. സുറിയാനിക്കാരുടെ ആദ്യത്തെ ഇംഗ്ലീഷ് സ്കൂൾ 1881-ൽ മാന്നാനത്തു് സ്ഥാപിച്ചിട്ടുള്ളതാണു്.

## അധഃകൃതോദ്ധാരണം

ഇതുപോലെ അദ്ദേഹത്തിൻെറ സവിശേഷ ശ്രദ്ധ പതിഞ്ഞ രണ്ടു വിഷയങ്ങളാണു് അധഃകൃതോദ്ധാരണവും വേദപ്രചാരവും. മാന്നാനം കുന്നിലും ആപ്പൂക്കര കുന്നിലും പുതുക്രിസ്ത്യാനികൾക്കായി അദ്ദേഹം ഓരോ വിദ്യാലയം ആരംഭിക്കുകയുണ്ടായി. അധഃകൃതരെ സഭയിലേക്കു് മാനസാന്തരപ്പെടുത്തുന്നതിനു അതേവരെ സുറിയാനി സമുദായം ഇഷ്ടപ്പെട്ടിരുന്നില്ല. ചാവറയച്ചൻെറ കാലത്താണു് അതിലേക്കു സംഘടിതമായ ഒരു ശ്രമം ആരംഭിച്ചതുതന്നെ. അന്നു തുടങ്ങിയ ആ വേദപ്രചാര പ്രസ്ഥാനം നിമിത്തം ഉണ്ടായിട്ടുള്ള മതപരിവൎത്തന പുരോഗതി അത്ഭുതാവഹമാണു്. കൈനകരിയിൽ അദ്ദേഹം ആരംഭിച്ച സാധുമന്ദിരം ആൎത്തത്രാണ പരിത്രാണത്തിലുള്ള അദ്ദേഹത്തിൻെറ അഭിവാഞ്ഛയ്ക്കു് നല്ലൊരു തെളിവാണു്. ഇതിൻെറ മേൽനോട്ടത്തിനും അഗതിശുശ്രൂഷയ്ക്കുമായി നൽമരണസഹായ സഖ്യം എന്ന പേരിൽ ഒരു സംഘടനയും അദ്ദേഹം ഏൎപ്പെടുത്തിയിരുന്നു.

## സഭാഭിവൃദ്ധിക്കു്

കേരള സുറിയാനി സഭയുടെ ഭരണ സൗകര്യത്തിനു വേണ്ടി സുറിയാനി സഭയെ നാലു ഡിസ്ട്രിക്ടുകളായി തിരിക്കുകയും ഓരോ

ന്നിൻെറയും മേൽനോട്ടം വഹിക്കുന്നതിനു സന്യാസസഭയിലെ ഒരു വൈദികനെ വികാരി അപ്പസ്തോലിക്കയുടെ പ്രതിനിധിയായി നിയമിക്കുകയും ചെയ്തിരുന്നു. രൂപതാ സംബന്ധമായ കാര്യങ്ങൾക്ക് ആവശ്യമായ പണമില്ലാതെ വരുന്നുവെന്ന സ്ഥിതി വിശേഷത്തെ തരണം ചെയ്യുവാനായി, ചാവറയച്ചൻെറ ഉപദേശാനുസരണം നടപ്പാക്കപ്പെട്ടതാണ് നൂററിക്കഞ്ചു പദ്ധതി. ഓരോ പള്ളിയുടെയും വരവിൻെറ അഞ്ചു ശതമാനം ആണ്ടുതോറും രൂപതാദ്ധ്യക്ഷനെ ഏല്പിക്കുകയെന്ന ആ സമ്പ്രദായം ഇന്നും നടന്നു പോരുകയാണ്. ചാവറയച്ചൻെറ സമകാലീനനും അത്രതന്നെ അനുകൂലിയല്ലാതിരുന്നവനുമായ പാലാക്കുന്നേൽ വല്യച്ചൻെറ സാക്ഷ്യം ഇവിടെ സ്മർത്തവ്യമാണ്: ''തിരുവിതാംകൂർ സംസ്ഥാനത്തു് മന്ത്രിയായിട്ടു ദിവാൻ മാധവരായരും ക്രിസ്ത്യാനികളുടെ മേൽപട്ടക്കാരനായിട്ടു വരാപ്പുഴ മെ്പ്രാ. ബർണ്ണാർദീനും മലയാളത്തിൻെറ മല്പാനും വികാരി ജനറാളും കൊവേന്തകളുടെ പ്രിയോരുമായിട്ട് പാവറ കുര്യാക്കോസ് മല്പാനും ഇങ്ങനെ ഈ മൂന്നുപേരുടെ കാലം ഒന്നിച്ചു മലയാളത്തിനുണ്ടായ നാളുകളിൽ എത്രയോഭാഗ്യം മലയാളം അനുഭവിച്ചു എന്നു് എൻെറ തുവലിനു് എഴുതി കാണിപ്പാൻ വശമില്ല.''

## കന്യകാമഠം

കേരളസഭയുടെ ഉൽക്കർഷത്തിനും ഉദ്ധാരണത്തിനുംവേണ്ടി ചാവറയച്ചൻ മുൻനിന്നു് ആരംഭിച്ച മറെറാരു പ്രസ്ഥാനമാണ് കന്യകാമഠം. ഇന്നു ശാഖോപശാഖകളായി പടർന്നുപന്തലിച്ചു കേരളത്തിനകത്തും പുറത്തും വ്യാപിച്ചു സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന കന്യകാലയപ്രസ്ഥാനത്തിൻെറ ആരംഭം 1866–ൽ ചാവറയച്ചൻ കൂനമ്മാവിൽ കുറിച്ചതാണ്. പരേതനായ റാവുസാഹിബ് ഒ. എം. ചെറിയാൻെറ വാക്കുകളിൽ പറഞ്ഞാൽ ''അച്ചൻ ആരംഭിച്ച കന്യകാമഠപ്രസ്ഥാനം എത്ര ആവശ്യമുള്ള ഒരു പ്രസ്ഥാനമാണെന്നു വെളിവാകുന്നുണ്ടല്ലോ. കന്യകാമഠപ്രസ്ഥാനം മാത്രമല്ല, വിശാലവീക്ഷകനായ കുര്യാക്കോസച്ചൻ ദൈവാശ്രയത്തോടെ ആരംഭിച്ച സകല പ്രസ്ഥാനങ്ങളും ഇപ്പോഠം കേരള കത്തോലിക്കാ സമുദായത്തിൻെറ അഭിവൃദ്ധിക്ക് ആധാരമായി നിൽക്കുന്നുവെന്നു പറയാം.''

## ലക്ഷ്യം തെററുന്നു

സമുദായത്തെ സേവിക്കുകയെന്ന ലക്ഷ്യത്തിനുവേണ്ടി 1831 ൽ ആരംഭിച്ച ഈ സന്യാസസമൂഹം, അതിനുവേണ്ടി പ്രാരംഭഘട്ടത്തിൽ തങ്ങളുടെ കഴിവുകൾക്കും അതീതമെന്നു തോന്നത്തക്ക നിലയിൽ പ്രവർത്തിച്ചുവെന്നു കൃതജ്ഞതാപൂർവ്വം സ്മരിക്കേണ്ടിയി

രിക്കുന്നു. ഇന്നത്തെപ്പോലെ യാത്രാസൗകര്യങ്ങളോ, സാമ്പത്തിക ശേഷിയോ, വിദ്യാഭ്യാസപുരോഗതിയോ ഇല്ലാതിരുന്ന അക്കാലത്തു് ഇത്രയൊക്കെ ചെയ്യുവാൻ സാധിച്ചതിലാണു് നാം അത്ഭുതപ്പെടേണ്ടതു്. പക്ഷേ ഈ സന്യാസസമൂഹം ക്രമേണ അതിൻെറ ലക്ഷ്യത്തിൽനിന്നു പിൻവാങ്ങുന്നതായിട്ടാണു് പിന്നീടു നാം കാണുന്നതു്. ഒരു കാൽനൂററാണ്ടു ചെന്നപ്പോഴേക്കും കേരളസഭാ സേവനത്തിനായി ആരംഭിച്ച ഈ പ്രസ്ഥാനം തന്നിലേക്കുതന്നെ ചുരുങ്ങുകയാണു് ചെയ്തതു്. മററുവിധത്തിൽ പറഞ്ഞാൽ വേദപ്രസംഗികളുടെ സമൂഹമായി രൂപംകൊണ്ട ഈ ഏതദ്ദേശീയസഭയെ കർമ്മലീത്താ ഒന്നാംസഭയുടെ രീതിയിൽ, സമൂഹത്തിനു കാര്യമായ നന്മ ചെയ്യുവാൻ സാധിക്കാത്ത നിലയിൽ, ധ്യാനപ്രാധാന്യമുള്ള ഒരുതരം സ്വയരക്ഷാസങ്കേതമാക്കി രൂപാന്തരപ്പെടുത്തിക്കളഞ്ഞു. അതോടെ സ്ഥാപകപിതാക്കന്മാരുടെ ആദ്യനിവേശനങ്ങളുടെ പൂർത്തീകരണത്തിൽനിന്നും ലക്ഷ്യങ്ങളുടെ പ്രാപ്തിയിൽനിന്നും വ്യതിചലിക്കുവാൻ തുടങ്ങി.

1855 ഡിസംബർ 8–ാംതീയതി പതിനൊന്നുപിതാക്കന്മാർ വ്രതവാഗ്ദാനം ചെയ്തതു 1831-ലേതിൽനിന്നു ലക്ഷ്യത്തിൽ ഭിന്നമായ ഒരു സന്യാസസഭയിലാണു്. യൂറോപ്പിൽ സാധാരണമായിരിക്കുന്ന ധ്യാനാധിഷ്ഠിത സ്വഭാവമുള്ള ഒരു സന്യാസസഭയായിത്തീർന്നു അതു്. പ്രവർത്തനോന്മുഖമായിരുന്ന സഭയെ നിഷ്കർമ്മനിരതമായ ധ്യാനപരജീവിതത്തിനുള്ള ഒരു മാർഗ്ഗമാക്കിത്തീർത്തു. കർമ്മലീത്താസഭാംഗങ്ങളായിരുന്ന വരാപ്പുഴ ഭരണാധികാരികളുടെ അവിഹിതമായ കൈകടത്തലുകളുടെ ഫലമായിരുന്നു ഈ ഭാവമാററം. അവർ നടപ്പാക്കിയ നിയമങ്ങളും അവർ ചെലുത്തിക്കൊണ്ടിരുന്ന നിയന്ത്രണങ്ങളും അതിനു പററിയതരത്തിലായിരുന്നു. സ്വന്തം പ്രതാപം കാണിക്കുകയും സ്വന്തം സന്യാസസഭയ്ക്കു് ഇവിടെ ഒരു സ്ഥാനം നൽകുകയും ചെയ്യുകയെന്നതിൽ കവിഞ്ഞ ആത്മാർത്ഥതയൊന്നും അവർക്കു് ഇക്കാര്യത്തിലുണ്ടായിരുന്നുവെന്നു തോന്നുന്നില്ല. എന്തെന്നാൽ സ്വന്തം സ്ഥാനത്തിനു കോട്ടംതട്ടുമെന്നു കണ്ട ഘട്ടത്തിൽ ധ്യാനനിരതരായ ഈ സന്യാസികളെ കർമ്മരംഗത്തേക്കു പറഞ്ഞുവിടാൻ അവർ അല്പവും മടികാണിച്ചില്ല.

## ശീശ്മയ്ക്കെതിരേ

1861 ജൂൺ 9–ാംതീയതി ബാബേലിൽനിന്നു തോമ്മാ റോക്കോസു് എന്ന ഒരു മെത്രാൻ കൊച്ചിയിൽ വന്നിറങ്ങിയപ്പോൾ കൊവേന്തക്കാരെ ധ്യാനജീവിതത്തിൽനിന്നു പുറത്തിറക്കുവാൻതന്നെ വരാപ്പുഴക്കാർ തീരുമാനിച്ചു. ഒരു സുറിയാനിമെത്രാനായ റോക്കോസിനെ കേരളീയ സുറിയാനിക്കാർ തങ്ങളുടെ ഭരണകർത്താ

വായി സ്വീകരിച്ചുപോയാലുള്ള ഭവിഷ്യത്ത് എന്തായിരിക്കുമെന്നും അവക്കു നല്ലപോലെ അറിയാമായിരുന്നു. അതിനാൽ ധ്യാന സമൂഹത്തിൻെറ നേതാവായിരുന്ന ചാവറയച്ചനെ ഉടൻതന്നെ വരാപ്പുഴമെത്രാൻ തൻെറ വികാരിജനറാളാക്കി ശീശ്മക്കെതിരായ സമരത്തിൻെറ സേനാനിയായി അവരോധിച്ചു. ചാവറയച്ചൻെറ വിദഗ്ധനേതൃത്വത്തിൽ അതൊരു ഉഗ്രമായ ധാമ്മികസമരംതന്നെയായിരുന്നു. കേരളസഭയെ പെട്ടെന്നു കൈക്കലാക്കാമെന്നു കരുതിയെത്തിയ റോക്കോസിനു തൻെറനില അവതാളത്തിലാണെന്നു മനസ്സിലാകുകയാൽ വന്നിടത്തേക്കുതന്നെ തിരിച്ചുപോയി. ചാവറയച്ചൻെറയും സഹസന്ന്യാസികളുടെയും നിസ്തന്ദ്രപരിശ്രമമില്ലായിരുന്നുവെങ്കിൽ കേരളസഭ ഒന്നടങ്കം റോക്കോസ് ശീശ്മയിൽ പതിക്കുമായിരുന്നുവെന്ന വസ്തുത ആലോചിക്കുമ്പോഠം ഇക്കാര്യത്തിൽ അദ്ദേഹത്തിൻെറ സേവനം എത്ര മഹത്തരമെന്നു ബോദ്ധ്യമാകുന്നതാണ്.

റോക്കോസു് മെത്രാൻെറകൂടെ ബാബേലിലേക്കു പോയ തോണ്ടനാട്ടു് അന്തോനിക്കത്തനാർ നെസ്റ്റോറിയൻ പാത്രിയക്കീസിൽനിന്നു മെത്രാൻപട്ടമേററു മാർ അബ്ദിദീശോ എന്ന പേരിൽ 1863–ൽ കൊച്ചിയിൽ തിരിച്ചെത്തിയപ്പോഠം ''രണ്ടാമത്തെ ദുരിത''മാരംഭിച്ചു. ഇപ്പോഴിതാ ഒരു നാട്ടുകാരൻതന്നെ മെത്രാനായി വന്നിരിക്കുന്നു. ജനങ്ങളെ ആകർഷിക്കുവാൻ ഇതിൽപരമെന്തുവേണം? അപ്പോഴും ചാവറയച്ചൻെറ സേവനം വരാപ്പുഴക്കാക്ക് ആവശ്യമായിരുന്നു. അദ്ദേഹത്തിൻെറ ശ്രമഫലമായി അന്തോനി അച്ചൻ ശീശ്മ ഉപേക്ഷിച്ചു കത്തോലിക്കൈക്യത്തിൽ നിൽക്കുകയും മേലൂസുമെത്രാൻ വരുന്നതുവരെ ആ നില തുടരുകയും ചെയ്തു.

ഇങ്ങനെ സ്വന്ത അസ്തിത്വത്തിനു് അപകടം നേരിട്ടുമെന്നു തോന്നിയ ഘട്ടത്തിൽ സന്ന്യാസികളെ സമുദായസേവനത്തിനു വരാപ്പുഴ അധികാരികഠം പറഞ്ഞുവിട്ടുവെങ്കിലും, ശീശ്മയുടെ കോളിളക്കം കഴിഞ്ഞപ്പോഠം വീണ്ടും ആ ധ്യാനപരജീവിതത്തിലേക്കു മടങ്ങുവാൻ അവർ നിർബന്ധിതരായി. ധ്യാനപരജീവിതം അവനവനെ സംബന്ധിച്ചിടത്തോളം നല്ലതാണു്. പക്ഷെ അതു് അവരെ സമുദായത്തിൻെറ സ്പന്ദനങ്ങളിൽനിന്നും അകററിനിത്തുകയാണു ചെയ്യുന്നതു്. അങ്ങനെ ആ സന്ന്യാസികഠം ക്രമേണ തങ്ങളിലേക്കുതന്നെ ഒതുങ്ങി ഒരുതരം നിശ്ചലജീവിതരീതി അവലംബിച്ചുപോന്നു. ആദ്യകാലങ്ങളിൽ തുടങ്ങിയ ചില സംരംഭങ്ങഠം അവർ തുടന്നുപോന്നു എന്നതല്ലാതെ സമുദായത്തിൻെറ അതതുകാലങ്ങളിലെ ആവശ്യങ്ങഠം മനസ്സിലാക്കി സമുദായത്തെ സേവിക്കുവാൻ അവക്കു കഴിയാതെ വന്നിരിക്കുന്നു. മാത്രമല്ല, ഒരു നിശ്ചലസമൂഹത്തിനു സഹജമായ നിഷ്ക്രിയത്വവും നിക്ഷിപ്തതാല്പര്യബോധവും അവരിൽ ദൃഢമൂലമായി തീന്നിരിക്കുന്നു. കേരളത്തിലെ ഒരു

സാധാരണവ്യക്തിയുടെ സുഖാസക്തിയിലേക്കും ധനസമ്പാദനതൃഷ്ണയിലേക്കും ആ സമൂഹം ഇന്നു അധഃപതിച്ചിരിക്കുന്നുവെന്നു പറയുകയായിരിക്കും ശരി. തന്മൂലം ഒഴുക്കിനൊത്തു നീന്താനല്ലാതെ സമുദായത്തിനു ശരിയായ നേതൃത്വം കൊടുക്കുവാൻ ഇന്നു ആ സമൂഹം തികച്ചും അപ്രാപ്തമായിരിക്കുന്നു.

1966 മാർച്ചുമാസത്തിൽ ''കേരളത്തിലെ സി. എം. ഐ. സഭ''യെപ്പററി ഞാൻ ''തൊഴിലാളി''യിൽ എഴുതിയിരുന്ന ഒരു ലേഖനത്തിൽനിന്നു ഒന്നുരണ്ടു ഖണ്ഡികകൾ ഇവിടെ ഉദ്ധരിക്കുന്നതു സന്ദർഭോചിതമായിരിക്കുമെന്നു കരുതുന്നു.

''സ്വതവെ മതബോധവാ''ന്മാരല്ലാത്തവരും, സമുദായാചാരങ്ങൾക്കു പ്രാമുഖ്യം നൽകിയിരുന്നവരും, മിഷ്യനറിമാരുടെ ധിക്കാരങ്ങൾകണ്ടു മനംമടുത്തിരുന്നവരുമായ ഒരു ജനസമൂഹത്തെ സ്വന്തജീവിതമാതൃകയാലും അവസരോചിതങ്ങളായ ജ്ഞാനോപദേശങ്ങളാലും ആദ്ധ്യാത്മികജീവിതത്തിൽ കെട്ടുറപ്പുള്ളതാക്കിത്തീക്കുന്നതിന് അവർ പരിശ്രമിച്ചു. ഈശോസഭക്കാർ യൂറോപ്പിൽ സാധിച്ച ആദ്ധ്യാത്മിക പരിവത്തനം, മറെറാരു രീതിയിലാണെങ്കിലും, കേരളത്തിൽ ഈ സന്യാസസമൂഹം സാധിച്ചു എന്നു് ഒരു വിധത്തിൽ പറയാം. വൈജ്ഞാനികശാഖകളിൽ പറയത്തക്ക പുരോഗതിയൊന്നും ഇല്ലാതിരുന്ന ജനങ്ങളുടെ ഇടയിൽ അവർ വിജ്ഞാനികളും പണ്ഡിതന്മാരുമായിരുന്നു. സ്വാൎത്ഥികളും തൻകാര്യപ്രസക്തരുമായിരുന്ന ജനങ്ങളുടെ ഇടയിൽ അവർ നിസ്വാൎത്ഥികളും പരകാര്യവ്യഗ്രരുമായിരുന്നു. ധനമോഹികളും സുഖാസക്തരുമായ ജനങ്ങളുടെ ഇടയിൽ അവർ ദരിദ്രരും ഭിക്ഷാംദേഹികളുമായിരുന്നു. സർവ്വോപരി, പ്രസംഗിച്ചവ പ്രവൎത്തിച്ചുകാണിച്ചവരുമായിരുന്നു. തന്മൂലം, അവരിൽ ക്രിസ്തുവിനെ കാണുന്നതിനും അവരുടെ ഉപദേശമനുസരിച്ചു് ജീവിതത്തിൽ ക്രമീകരണം വരുത്തുന്നതിനും ജനങ്ങൾക്കു സാധിച്ചു.

''ഒരു പക്ഷേ ഇന്നു് ആ സന്യാസിസമൂഹം അതിൻെറ പ്രാഥമികലക്ഷ്യത്തിൽനിന്നു വളരെയധികം അകന്നിരിക്കുന്നുവെന്നു പറയാതെ തരമില്ല. ഒരു നൂററാണ്ടിനുമുൻപു് ആ സന്യാസിസമൂഹം ചുററുപാടുകൾക്കു വലിയ പരിവത്തനം വരുത്തിയെങ്കിൽ, ഇന്നു ചുററുപാടുകൾ ആ സമൂഹത്തിൽ ആശാസ്യമല്ലാത്ത പരിവത്തനങ്ങൾ വരുത്തിയിരിക്കുന്നു. കെട്ടിക്കിടക്കുന്ന വെള്ളം ദുഷിക്കുന്നതുപോലെ നൂററാണ്ടുകാലത്തെ കെട്ടിക്കിടപ്പു അതിനെയും ദുഷിപ്പിച്ചുവെന്നുവരാം. ആദ്യകാലങ്ങളിൽ ആദർശത്തോടുള്ള അദമ്യമായ അഭിനിവേശംകൊണ്ടു് അനേകർ അതിലെ അംഗങ്ങളായെങ്കിൽ, ആധുനികകാലത്തു സമ്പന്നമായ ആ സമൂഹത്തോടുള്ള അഭിനിവേ

ശംകൊണ്ടു് ആളുകഠം അതിലേക്കു ഓടിക്കൂടുന്നതാകാം ഈ വ്യത്യാസത്തിനു കാരണം. അന്നു് ഈ സമൂഹം സമുദായത്തിനു് ഒരു ആവശ്യമായിരുന്നെങ്കിൽ, ഇന്നു് അതു് അനാവശ്യമായ ഒരു ഭാരമായിത്തീൎന്നിട്ടുണ്ടെന്നു പറയാതെ തരമില്ല.

## അധഃപതനകാരണം

''എന്താണു് ഈ അധഃപതനത്തിനു കാരണം? ആദ്യകാലാംഗങ്ങഠം സൎവ്വസ്വവും പരിത്യജിച്ചു്, ദരിദ്രരിൽ ദരിദ്രനായിരുന്ന ക്രിസ്തുവിനെ പിൻചെന്നവരായിരുന്നു, തല ചായിക്കുവാൻ ഇടമില്ലാത്തവരായിരുന്നു, പക്ഷേ ഇന്നുള്ളവർ മണിമേടകളിൽ സുഖശയനം ചെയ്യുന്നവരാണു്. ആത്മാവുകളെ അന്വേഷിക്കുന്നതിനേക്കാഠം പുഞ്ചപ്പാടങ്ങളെയും എസ്റ്റേററുകളെയും അന്വേഷിക്കുന്നതിൽ തല്പരരാണവർ. ആദ്യകാലത്തുള്ളവർ കൊടുക്കുന്നതിൽ ആനന്ദം കണ്ടെത്തിയിരുന്നവരാണെങ്കിൽ, ഇന്നുള്ളവർ വാങ്ങുന്നതിൽ ആനന്ദം തേടുന്നവരാണു്. ഇന്നു് ആ സമൂഹത്തിൽ ഓരോരുത്തരുടെയും പ്രവൃത്തികളുടെ ആക്കത്തൂക്കം നിൎണ്ണയിക്കുന്നതു് രൂപാ പൈസ കണക്കിലാണു്. ഒരുവൻെറ സേവനത്തിൻെറ മാററു നോക്കുന്നതു് അവൻ എത്ര ആത്മാവുകളെ രക്ഷിച്ചു എന്നതിലല്ലാ, എത്ര രൂപാ സമ്പാദിച്ചു എന്നതിലാണു്. അങ്ങനെ തീൎത്തും ലൗകായതികമായ ഒരു വീക്ഷണം കടന്നുകൂടിയതോടുകൂടി ആദ്ധ്യാത്മികത്വത്തിനു പിന്നിലേക്കു മാറാതെ നിവൃത്തിയില്ലെന്നു വന്നു.

''ആരംഭകാലത്തു് ആ സമൂഹത്തിൽ പ്രത്യക്ഷത്തിൽ ദൃശ്യമായിരുന്ന രണ്ടു പ്രത്യേകതകഠം അവരുടെ സേവനസന്നദ്ധതയും അനുസരണശീലവുമായിരുന്നുവെന്നു പറഞ്ഞുവല്ലോ. ഇന്നു തൽസ്ഥാനത്തു് അധികാരമോഹവും സ്ഥാനമാനങ്ങഠംക്കുവേണ്ടിയുള്ള കടംപിടുത്തവുമാണു് നാം കാണുന്നതു്. പണ്ടൊക്കെ അധികാരസ്ഥാനങ്ങളിൽനിന്നു ഓടിഒളിക്കുകയായിരുന്നു സമൂഹാംഗങ്ങളെങ്കിൽ, ഇന്നു് അധികാരസ്ഥാനങ്ങഠം തേടി അലയുകയാണു് അവരിൽ പലരും. ഈ ചെറിയ പ്രദേശത്തുള്ള ഈ ചെറിയ സമൂഹം ഇപ്പോഠം മൂന്നു പ്രോവിൻസുകളാണു്; പുറമേ രണ്ടു ഉപവിഭാഗങ്ങളും. അധികാരവടംവലിയുടെ പരിണതഫലമാണല്ലോ ഈ വിഭജനം. (അങ്ങനെയല്ലെന്നുപറഞ്ഞു വിഭജനത്തെ സാധൂകരിക്കുവാൻ ന്യായങ്ങഠം കാണുമെന്നു ഞാൻ സമ്മതിക്കുന്നു. പക്ഷേ, നെഞ്ചിൽ കൈവച്ചു്, സ്വന്തം മനസ്സാക്ഷിയോടു സത്യസന്ധമായി വൎത്തിക്കുന്നവർ അതിലേക്കു മിന്നക്കെടുകയില്ല.) അതിനുള്ളിൽതന്നെ ഇപ്പോഠം വോട്ടുപിടുത്തവും പരക്കംപാച്ചിലും സാധാരണമായിരിക്കുന്നു. മുൻപു് ആത്മാക്കളെ ത്തേടി കുണ്ടും കുഴിയും താണ്ടിനടന്നു ക്ലേശിച്ചിരുന്നവരുടെ അനന്തരഗാമികഠം ഇന്നു സമുദായപ്രമാണികളെയും ലക്ഷപ്രഭുക്കളെയും തിരക്കി ചലിക്കുന്ന കൊട്ടാരങ്ങളിൽ സവാരി ചെയ്യുകയാണു്.

## എന്തു ചെയ്യണം?

''ലൗകായതികമായ ഇന്നത്തെ ലോകത്തിൽ ഈ സന്യാസ സ്ഭ ആദ്ധ്യാത്മികതചത്തിൻെറ ഒരു മണിവിളക്കായി ശോഭിക്കണം. മലയിലെ പ്രസംഗത്തിൽ ക്രിസ്തു ആവിഷ്കരിച്ചിട്ടുള്ള സനാതനോപദേശങ്ങഠം ജീവിതത്തിൽ അനുഷ്ഠിക്കാവുന്നവയാണെന്നു പ്രവൃത്തിച്ചു കാണിച്ചുതരിക. ജീവിതസാഗരത്തിലെ കാററിലും കോളിലുംപെട്ടു നട്ടംതിരിയുന്ന ജനങ്ങഠംക്കു ഒരിക്കലും പിശകാത്ത ഒരു വടക്കുനോക്കി യന്ത്രമായി അവർ വത്തിക്കണം. വിശുദ്ധ സ്നാപക യോഹന്നാനെപ്പോലെ, തിന്മ തിന്മയാണെന്നു്, മുഖംനോക്കാതെ തറപ്പിച്ചു പറഞ്ഞുകൊണ്ടു് ഒരു കൊടുങ്കാററുപോലെ അവർ വ്യാപരിക്കണം. വേദപുസ്തകത്തിലെ സമരിയാക്കാരനെപ്പോലെ, ഈ രാജ്യത്തിലെ ലക്ഷക്കണക്കിനു് അഗതികഠംക്കും അവശക്കും അവർ നല്ല അയൽക്കാരായിത്തീരണം. തൊഴുത്തിലുള്ള ആടുകളെ വിട്ടുകൊണ്ടു് കാണാതെപോയ ആടുകളെ അന്വേഷിക്കുകയും, കണ്ടുപിടിച്ചു തിരികെ തൊഴുത്തിലേക്കു കൊണ്ടുവരികയും ചെയ്യുന്ന നല്ല ഇടയരായി വത്തിക്കണം. ഇതാണു് അവരിൽനിന്നു് ഇന്നു സമുദായം പ്രതീക്ഷിക്കുന്നതു''.

''കത്തോലിക്ക സഭാസൗധത്തിൻെറ ഉള്ളിലേയ്ക്കു് അല്പം കാററും വെളിച്ചവും കടക്കുന്നതിനു ഭാഗ്യസ്മരണാർഹനായ യോഹന്നാൻ മാപ്പാപ്പ രണ്ടാംവത്തിക്കാൻ സൂനഹദോസാകുന്ന കിളിവാതിൽ തുറന്നിട്ടതുപോലെ, സുറിയാനി കമ്മലീത്താ സന്യാസസഭയാകുന്ന മന്ദിരത്തിനുള്ളിലും കുറച്ചു കാററും വെളിച്ചവും കടത്തുവാനുള്ള ശ്രമങ്ങഠം ആരംഭിക്കേണ്ടിയിരിക്കുന്നു. ആ സന്യാസസഭയുടെ സ്ഥാപകപിതാക്കന്മാരുടെ ലക്ഷ്യങ്ങഠം എന്തൊക്കെയായിരുന്നെന്നും, അതു സാധിക്കുന്നതിനു അവർ സ്വീകരിച്ച പ്രവൃത്തിപഥങ്ങഠം ഏതൊക്കെയായിരുന്നെന്നും ഓരോ സന്യാസാംഗവും അവധാനപൂവ്വം പഠിക്കുക. ഇന്നത്തെ മാറിയ പരിത:സ്ഥിതിയിൽ ലൗകായതികതചത്തെ നിമ്മാജ്ജനം ചെയ്യുന്നതിനും, ആദ്ധ്യാത്മികതചത്തെ പുലത്തുന്നതിനും സ്ഥാപകപിതാക്കന്മാരുടെ പ്രവൃത്തിമാഗ്ഗങ്ങളിൽ എന്തെന്തുമാററങ്ങഠം വരുത്തേണ്ടതുണ്ടെന്നു കണ്ടുപിടിക്കുക; അതനുസരിച്ചുള്ള ഒരു പരിവത്തനം സമൂഹത്തിൽ വരുത്തുന്നതിനു ഒററതിരിഞ്ഞും ഒന്നു ചേന്നും യത്നം ചെയ്യുക. ആഭ്യന്തരമായ ലെവലിൽ അങ്ങനെ മാത്രമേ സമൂഹത്തിൽ ഒരു പരിവത്തനം വരുത്തുവാൻ സാധിക്കുകയുള്ള....ധനാജ്ജനലക്ഷ്യത്തിൽനിന്നു ശ്രദ്ധമാറുന്നതോടുകൂടി, കേരളസഭയുടെ നേതൃതചം സചാഭാവികമായി, പഴയതുപോലെ, ഈ സന്യാസസഭയിൽ വന്നുചേരും. കേരള ക്രൈസ്തവ സമുദായത്തിൻെറ ആദ്ധ്യാത്മിക പുനരുജ്ജീവനത്തിനു മാഗ്ഗദർശനം നൽകുന്നതിനും, അങ്ങനെ പുതിയ ഒരു സാമൂഹ്യക്രമം തന്നെ കെട്ടിപ്പടുക്കുന്ന

തിനും അവക്കു സാധിക്കും. അതിനു് അവർ അവരെത്തന്നെ ആദ്യം നവീകരിക്കേണ്ടിയിരിക്കുന്നു.''

ഈ സന്യാസസഭയുടെ സ്ഥാപകപിതാവും ആദ്യ പ്രിയോരുമായിരുന്ന ചാവറയച്ചൻ ദിവംഗതനായിട്ടു് ഇന്നു നൂറു കൊല്ലം തികയുകയാണല്ലോ. അദ്ദേഹത്തിനു് ഉചിതമായ ഒരു സ്മാരകമായിരിക്കും, ഈ സന്യാസസഭ അതിൻെറ ആദ്യകാല ചൈതന്യത്തിലേക്കു മടങ്ങിപ്പോകുകയെന്നതു്. ദാരിദ്ര്യവ്രതമെടുത്തിട്ടുള്ള ഈ സന്യാസിമാരായിരിക്കുമല്ലോ ഇന്നു കേരളത്തിൽ ആളോഹരി നോക്കിയാൽ ഏററവും വലിയ സമ്പന്നർ. തങ്ങളുടെ ചുററും കിടക്കാനിടമില്ലാതെ, നഗ്നതമറയ്ക്കാൻ തുണിയില്ലാതെ ക്ലേശിക്കുന്ന ജനലക്ഷങ്ങളുടെ ഇടയിലേക്കു അവർ ഇറങ്ങിച്ചെല്ലണം. കൊവേന്തകളുടെ സ്വത്തുക്കൾ ഉപയോഗിച്ചു കേരളത്തിൻെറ നാനാഭാഗങ്ങളിലായി ഭവനമില്ലാത്ത സാധുക്കൾക്കായി ആയിരക്കണക്കിനു വീടുകൾ അവർ വെച്ചുകൊടുക്കട്ടെ. അജ്ഞതയിലും ദാരിദ്ര്യത്തിലും കഴിയുന്ന ദൈവജനത്തിനു അല്പമെങ്കിലും ആയാസം പകർന്നുകൊടുക്കുവാൻ ശ്രമിക്കട്ടെ. അദ്ധ്വാനിക്കുന്നവരുടേയും തൊഴിലാളികളുടേയും ഇടയിൽ ഇറങ്ങി അവക്കുവേണ്ടി വാദിക്കട്ടെ. മതവിപ്രതിപത്തിയിൽ കഴിയുന്ന ജനവിഭാഗങ്ങളുടെ ഇടയിലേക്കു കടന്നു ചെന്നു്, സേവനം വഴി ദൈവരാജ്യം അവർ പ്രസംഗിക്കട്ടെ. യാതൊരു കാരണവശാലും സമ്പന്നന്മാരുടെയും നിക്ഷിപ്ത താല്പര്യക്കാരുടെയും വക്താക്കളായി മാറാതിരിക്കട്ടെ. ചുരുക്കത്തിൽ ദരിദ്രരിൽ ദരിദ്രനായി ജനിച്ചു്, പാവങ്ങളുടേയും പാപികളുടേയും കൂട്ടുകാരനായി ജീവിച്ചു്, ഒന്നുമില്ലാത്തവനായി മരണമടഞ്ഞ ക്രിസ്തുവിനെ ജീവിതത്തിൽ അവർ പ്രതിനിധാനം ചെയ്യട്ടെ. കേരളജനത ഒരിക്കൽക്കൂടെ സമുദായത്തിൻെറ നേതൃത്വം അവരിൽ അർപ്പിക്കുന്ന മനോഹരമായ പ്രതിഭാസം അപ്പോൾ നമുക്കു കാണുവാൻ കഴിയും.

———

''വസ്തുക്കൾ സമ്പാദിച്ചു കൂട്ടുന്നതിനേക്കാൾ നല്ലതു ഉള്ള വസ്തുക്കളെ ആദായകരമാക്കാൻ ശ്രമിക്കയാണു്''
—ചാവരുൾ

''പരസ്പരം സ്നേഹിക്കുവിൻ!''
—ചാവരുൾ



പ്രഗത്ഭനായ വാഗ്മിയും എഴുത്തുകാരനും, ഒരു മാതൃകാദ്ധ്യാപകനുമായ പ്രൊഫ. പി. ടി. തോമ്മസ്, കേരള ക്രൈസ്തവസമുദായത്തിലെ ഒരു പ്രമുഖവ്യക്തിയാണ്. അദ്ധ്യാപകാദ്ധ്യേതാക്കളുടെ നിരവധി മതോന്മുഖസംഘടനകളിൽ ഇന്നും അദ്ദേഹം സജീവമായി പ്രവർത്തിച്ചുവരുന്നു. അദ്ധ്യാപകവൃത്തിയിൽനിന്നു വിരമിച്ചെങ്കിലും കേരളത്തിലെ പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിൽ (P. O. C.) സേവനം അനുഷ്ഠിച്ചു വരുകയാണ്.

Prof. P. T. Thomas

അറിവും നെറിവും, പ്രായവും പക്വതയും ചേർന്ന അനുഗൃഹീതനായ ഒരു ഉന്നതശീർഷനാണ് ശ്രീ. വി. സി. ജോർജ്ജ്. കേരള ക്രിസ്ത്യാനികളുടെയിടയിൽ ഇന്നു ജീവിച്ചിരിക്കുന്ന അംഗുലീപരിമിതരായ ചരിത്രകാരന്മാരിൽ പരിഗണനീയനായ ഒരു വ്യക്തിയാണദ്ദേഹം. ശാന്തസുന്ദരമായ ശൈലിയിൽ, പ്രതിപക്ഷബഹുമാനപുരസ്സരം, വസ്തുതകൾ നിരത്തിവച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ എഴുത്തും പ്രസംഗവും ശത്രുവിനെയും മിത്രമാക്കി പകർത്തുന്നതിനു പര്യാപ്തമാണ്.

മാതൃകായോഗ്യനായ അദ്ധ്യാപകൻ, അഖിലകേരള ക.കോൺഗ്രസ് പ്രസിഡണ്ട്, ചരിത്രഗവേഷകൻ, ഗ്രന്ഥകാരൻ—എന്നീ നിലകളിൽ അദ്ദേഹം വഹിച്ചിട്ടുള്ള സേവനങ്ങൾ നിസ്തുലങ്ങളാണ്.



V. C. George B. A. L. T.

# ചാവറ—ഒരു പുണ്യവാൻ

## ദൈവദാസൻെറ പരസ്നേഹ പ്രവത്തനങ്ങളുടെ പശ്ചാത്ത ലത്തിൽ ഒരു പഠനം

പ്രൊഫ. പി. ററി. തോമ്മസ് എം. എ.

---

പുണ്യചരിതനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ മരണമടഞ്ഞിട്ട് ഇപ്പോഠം ഒരു ശതാബ്ദം പൂത്തിയാവുകയാണ്. ജനങ്ങളുടെ ആദ്ധ്യാത്മികവും, സാമൂഹ്യവും സാംസ്കാരികവുമായ ഉദ്ധാരണത്തെ ഉന്നംവെച്ചുകൊണ്ട് അദ്ദേഹം ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികഠം കാലംചെല്ലുംതോറും വളൻ വികസിക്കുന്നതായും പ്രതീക്ഷാതീതമായ നന്മകഠം പുറപ്പെടുവിക്കുന്നതായും നമുക്കുകാണാം. വിശാലവിശാലമായ മനുഷ്യസ്നേഹത്തിൽനിന്നുടലെടുത്തതാണ് ഈ ബൃഹത്തായ പരിപാടികഠം. സേവനങ്ങളുടെ സ്ഥായീഭാവവും വൈപുല്യവും അവമൂലം സമൂഹത്തിനുണ്ടായിട്ടുള്ള നന്മയും പരിഗണിക്കുമ്പോഠം, കേരളീയരായ മഹാന്മാരിൽ അദ്വിതീയമായ ഒരു സ്ഥാനത്തിനർഹനാണ് ചാവറ കുര്യാക്കോസച്ചൻ എന്നു നിസ്സംശയം പറയാം.

### വിശുദ്ധി

എന്നാൽ ആ മഹത്വം കേവലം ലൗകികമായിരുന്നില്ല. അതിൻെറ പിന്നിൽ അലൗകികമായ ഒരു ചൈതന്യം പ്രവത്തിച്ചിരുന്നു—ഉജ്ജ്വലത്തായ ദൈവസ്നേഹവും തജ്ജന്യമായ ആത്മവിശു

ദ്ധിയും. വിശുദ്ധിയെന്നു പറയുമ്പോൾ നാം സാധാരണ ധരിക്കുക കറപുരളാത്ത ആത്മധൈര്യം എന്നാണ്. എന്നാൽ വിശുദ്ധി നിശ്ചേതനമായ നൈർമ്മല്യത്തിൽ ഒതുങ്ങിനിൽക്കുന്നില്ല. അതു് സർവ്വനന്മസ്വരൂപനായ ദൈവത്തിൻെറ ജീവനിലുള്ള ഒരു പങ്കുപററലാണ്. സ്വർഗ്ഗസ്ഥനായ പിതാവിൻെറ പൂർണ്ണതയെ ലക്ഷ്യം വെച്ചുകൊണ്ടുള്ള ഒരുപ്രയാണം. ഈ പങ്കുപററൽ പലേ ഉപാധികളിലൂടെ സാക്ഷാത്കരിക്കപ്പെടാവുന്നതാണ്-പ്രാർത്ഥനയിലൂടെയും, ഈശ്വരധ്യാനത്തിലൂടെയും, തപശ്ചര്യകളിലൂടെയും, നിസ്വാർത്ഥമായ മനുഷ്യസ്നേഹത്തിലൂടെയും. ദൈവദാസനായ ചാവറ അച്ചൻെറ ജിവിതത്തിൽ വിശുദ്ധിയുടേതായ ഈ ഉപാധികളെല്ലാം ഒത്തിണങ്ങിയിരുന്നതായികാണാം. അദ്ദേഹത്തിൻെറ പരസ്നേഹപരമായ പ്രവൎത്തനങ്ങളുടെയെല്ലാം ശക്തികേന്ദ്രം ദൈവവുമായുള്ള ഉററവേഴ്ചയായിരുന്നു. ചുരുക്കത്തിൽ ചാവറ പ്രഥമത: ഒരുപുണ്യവാൻ അഥവാ വിശുദ്ധൻ ആയിരുന്നു. ആ വിശുദ്ധിയുടെ ബഹിർസ്ഫുരണമായിരുന്നു അദ്ദേഹത്തിൻെറ ബഹുമുഖമായ സേവനങ്ങൾ.

## സേവനം

ദൈവദാസൻ വിവിധമണ്ഡലങ്ങളിൽ നിൎവ്വഹിച്ച സേവനങ്ങളെ ചുരുക്കത്തിൽ ഒന്നു വിലയിരുത്തുന്നതു് അദ്ദേഹത്തിൻെറ വിശുദ്ധിയുടെ ആഴവും മഹത്വത്തിൻെറ ഉയരവും മനസ്സിലാക്കുവാൻ ഉപകരിക്കുമല്ലോ. മനുഷ്യൻെറ സുസ്ഥിതിയുടെയും പുരോഗതിയുടെയുംഅടിസ്ഥാനം ധാൎമ്മികവും ആദ്ധ്യാത്മികവുമായ വളർച്ചയാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. അതിനാൽ തൻെറ സേവനസംരംഭങ്ങളിലെല്ലാം ആദ്ധ്യാത്മികത്വത്തിനാണ് അദ്ദേഹം മുൻഗണന നൽകിയിരുന്നതു്.

നമ്മുടെ കഥാപുരുഷൻെറ ഏററവും മഹത്തായ നേട്ടം കേരളത്തിൽ ഇദംപ്രഥമമായി രണ്ടു സന്യാസസഭകൾ സ്ഥാപിച്ചു എന്നതാണ്: —പുരുഷന്മാൎക്ക് വേണ്ടിയുള്ള അമലോത്ഭവമറിയത്തിൻെറ കൎമ്മലസഭയും സ്ത്രീകൾക്കുവേണ്ടിയുള്ള കൎമ്മലീത്താസഭയും. ഔദ്യോഗികാംഗീകാരവും പ്രതനിഷ്ഠയുമുള്ള ഭാരതത്തിലെ പ്രഥമ ഏകദേശീയ സന്യാസസഭയാണ് ഇവയിൽ ആദ്യത്തേതു്. ഈ ചെടികൾ ഒരു നൂററാണ്ടുകൊണ്ടു വളൎന്ന് പന്തലിച്ച് ഈ കൊച്ചുകേരളത്തിൽ മാത്രമല്ല വിശാലമായ ഭാരതത്തിൽ തന്നെയും തണൽ പരത്തുന്ന രണ്ടു മഹാവൃക്ഷങ്ങളായി നിലകൊള്ളുകയാണ്. കേവലം തപശ്ചര്യകളോടും ഭക്തമുറകളോടും കൂടി സമാരംഭിച്ച ഈ സഭകൾ ഇന്നു് വിദ്യാഭ്യാസം, സംസ്കാരം പ്രസിദ്ധീകരണം ആതുരസംരക്ഷണം, മിഷ്യൻപ്രവൎത്തനം, സാധുജനോദ്ധാരണം തുടങ്ങിയ മണ്ഡലങ്ങളിൽ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന സേവനങ്ങളുടെ വിലനിൎണ്ണയിക്കുക

എളുപ്പമല്ല. വേദപുസ്തകത്തിലെ കടുകുമണിയുടെ വളർച്ചയെ അനുസ്മരിപ്പിക്കുന്നതാണ് ഈ സമൂഹങ്ങൾക്കു കൈവന്നിട്ടുള്ള വികാസവും പുരോഗതിയും.

## ധ്യാനസരണി

17–ാം നൂററാണ്ടിൽ തകർച്ചയുടെ വക്കിലെത്തിയ ഫ്രാൻസിലെ സഭയെ ഉദ്ധരിക്കുന്നതിനായി വി. വിൻസൻറ്ഡി. പോൾ സ്വീകരിച്ച പദ്ധതിയോടു സാധർമ്മ്യം വഹിക്കുന്നതാണ് ചാവറഅച്ചൻ കേരളത്തിൽ നടപ്പിലാക്കിയ പദ്ധതി. ആദ്യമായി വിൻസൻറ് ഡി. പോൾ വൈദികരുടെ, സമൂഹത്തിനു രൂപം കൊടുത്തു. അവരുടെ പരിശീലനത്തിൽ ചിട്ടയും ക്രമവും വരുത്തി. സുശിക്ഷിതരായ ഈ വൈദികരുടെ ചെറുസംഘങ്ങളെ ഇടവകകൾതോറും ധ്യാനപ്രസംഗങ്ങൾ നടത്തുവാനായി നിയോഗിച്ചു. അവരുടെ പരിശ്രമഫലമായി ഫ്രാൻസിലെ ഗ്രാമപ്രദേശങ്ങളിൽ സമാധാനപരമായ സമൂഹ്യജീവിതം പുനഃസ്ഥാപിതമായി; മതപരമായ തീക്ഷ്ണത എവിടെയും ദൃശ്യമായി. ആരംഭകാലത്തു് കേരളത്തിലെ കർമ്മലീത്താവൈദികർ സ്വീകരിച്ച മുഖ്യപരിപാടിയും ഇടവകധ്യാനമായിരുന്നു. 'ധ്യാനഗുരുക്കൾ' എന്നാണ് ജനങ്ങൾ അവരെ വിളിച്ചിരുന്നതു്. അവരുടെ സേവനംമുഖേന വളർന്നുവന്ന ഭക്തിതീക്ഷ്ണതയും കുടുംബസമാധാനവും സാമൂഹ്യ സുസ്ഥിതിയും ഈ ധ്യാനഗുരുക്കളെ സമകാലികരായ എല്ലാവരുടെയും സ്നേഹാദരങ്ങൾക്കുപാത്രീഭൂതരാക്കി കേരളസഭയിൽ ഇന്നു വളരെ പ്രചാരത്തിലിരിക്കുന്ന ആദ്ധ്യാത്മിക ധ്യാന പരിപാടിയുടെ ഉപജ്ഞാതാവ് ചാവറഅച്ചനാണെന്ന വസ്തുത പ്രത്യേകം പ്രസ്താവ്യമത്രെ.

## വിദ്യാഭ്യാസം

കഥാപുരുഷൻെറ ശ്രദ്ധപതിഞ്ഞ മറെറാരുമണ്ഡലമാണ് വിദ്യാഭ്യാസം. ഒരു ജനതയുടെ ഉയർച്ചയ്ക്കു് വിദ്യാഭ്യാസം എത്രഅപരിത്യാജ്യമാണെന്ന വസ്തുത ഒരുനൂററാണ്ടിനു മുൻപ് മനസ്സിലാക്കിയ ഭാവനാസമ്പന്നനായിരുന്നു ചാവറ അച്ചൻ. അദ്ദേഹം ആദ്യമായി ചെയ്തതു് മാന്നാനം ആശ്രമത്തോടു ചേർന്ന് ഒരു സംസ്കൃതവിദ്യാലയം സ്ഥാപിക്കുകയായിരുന്നു. ആശ്രമത്തിലെ വൈദികരും സമീപവാസികളായ കുട്ടികളും അവിടെ പഠിച്ചിരുന്നു. ഭാരതീയസംസ്കാരത്തോടും അതിൻെറ ഉറവിടമായ സംസ്കൃതഭാഷയോടും അദ്ദേഹത്തിനുണ്ടായിരുന്ന മതിപ്പാണു ഇതിൽ പ്രകടമാകുന്നതു്. അദ്ദേഹത്തിൻെറ കാലടികളെ പിന്തുടന്നിരുന്നെങ്കിൽ ഇന്നു് സാഹിത്യസാംസ്കാരിക മണ്ഡലങ്ങളിൽ ക്രിസ്തീയമൂല്യങ്ങൾക്ക് എത്രയോ കൂടുതൽ സ്വാധീനം ചെലുത്തുവാൻ കഴിയുമായിരുന്നു. സുറിയാനി

വിഭാഗത്തിൻെറ വികാരി ജനറാറം എന്ന നിലയിൽ അദ്ദേഹം ഇടവകകറംക്കയച്ചുകൊടുത്ത ഒരു കല്പന വളരെ പ്രസിദ്ധമാണ്. ഓരോ ഇടവകപ്പള്ളിയോടും ചേർത്തു് ഓരോ വിദ്യാലയം സ്ഥാപിച്ചുകൊള്ളണമെന്നും അല്ലാത്തപക്ഷം പള്ളിമുടക്കുകല്പിക്കുമെന്നുമായിരുന്നു അതിൻെറ സാരം, ഇന്നു കേരളത്തിൽ വളൎന്നുവികസിച്ചിരിക്കുന്ന കത്തോലിക്കാവിദ്യാഭ്യാസ പ്രവൎത്തനങ്ങറംക്കു ബീജാവാപം ചെയ്തതു് ഈ കല്പനയാണെന്നു പറയുന്നതിൽ തെററില്ല. കത്തോലിക്കരുടെ വകയായി ഇവിടെ ഒരു കോളജുസ്ഥാപിക്കണമെന്നും അദ്ദേത്തിനുദ്ദേശ്യമുണ്ടായിരുന്നു.

## അച്ചടിശാല

അടുത്തതായി ഒരു അച്ചടിയന്ത്രം നിൎമ്മിക്കുന്നതിനായിരുന്നു അദ്ദേഹത്തിൻെറ ശ്രമം. ചാവറഅച്ചൻെറ വിദൂരവീക്ഷണത്തിനും, സ്ഥിരോത്സാഹത്തിനും നിശ്ചയദാർഢ്യത്തിനും സാക്ഷ്യം വഹിക്കുന്ന ഒരു സാഹസികയത്നമായിരുന്നു അതു്. അന്നു് ഈ നാട്ടിൽ രണ്ടു് പ്രസ്സുകളെ ഉണ്ടായിരുന്നുള്ളു; കോട്ടയത്തെ സി. എം. എസ്സ് പ്രസ്സും തിരുവനന്തപുരത്തെ ഗവമ്മെൻറുപ്രസ്സും. കോട്ടയത്തെ അച്ചടിയന്ത്രം നേരിട്ടുകാണുന്നതിനുള്ള അനുവാദം പലവട്ടം നിഷേധിക്കപ്പെട്ടുകയാൽ ഗവമ്മെൻറുപ്രസ്സിലെ ഒരു ജോലിക്കാരനെ സ്വാധീനിച്ചു് വാഴപ്പിണ്ടികൊണ്ടു് അതിൻെറ ഒരു മാതൃക ഉണ്ടാക്കിച്ചു. പിന്നീടു് ഒരു ആശാരി ആ മാതൃകനോക്കി മരം കൊണ്ടൊന്നുണ്ടാക്കി. അതാണു് മാന്നാനത്തെ ആദ്യത്തെ അച്ചടിയന്ത്രം. തിരുവിതാംകൂറിൽനാട്ടുകാരുടെ വകയായുള്ള ആദ്യത്തെപ്രസ്സും അതുതന്നെ. ഈ പ്രസ്സിൽ അച്ചടിച്ചിറങ്ങിയ പ്രാൎത്ഥനപുസ്തകങ്ങറം ക്രമേണനാട്ടിലെ ക്രൈസ്തവഭവനങ്ങളിൽ സ്ഥാനംപിടിക്കുകയും ജനങ്ങളുടെ മതപരമായ വളൎച്ചയ്ക്കു വഴിതെളിക്കുകയും ചെയ്തു.

ഇന്നു് കൎമ്മലീത്താസഭയുടെ പ്രവൎത്തനങ്ങളിൽ മുഖ്യമായ ഒരുസ്ഥാനമുണ്ടു്, മുദ്രണാലയങ്ങറംക്കു്. സഭയുടേതായി അനേകം പ്രസ്സുകളുണ്ടു് കേരളത്തിൽ. സമുന്നതമായ സാങ്കേതികനിലവാരം പുലൎത്തിക്കൊണ്ടു്, ഇവ രാഷ്ട്രീയവും, മതപരവും, സാംസ്കാരികവുമായ മണ്ഡലങ്ങളിൽ സ്തുത്യൎഹമായ സേവനം അനുഷ്ഠിച്ചുപോരുന്നു. മാന്നാനത്തെ മരപ്രസ്സിൽനിന്നു് ആരംഭിച്ച വളൎച്ച ഇന്നു് 'ദീപിക' യുടെ ഏററവും ആധുനികമായ റോട്ടറി പ്രസ്സിൽ ചെന്നെത്തിയിരിക്കുന്നു. അവിടെയും കടുകുമണിയുടെ കഥ ആവൎത്തിക്കപ്പെടുകയാണു്.

## ആതുരസംരക്ഷണം

ഇന്നു കേരളത്തിൽ എത്രയോ ആതുരാലയങ്ങളും അനാഥമന്ദിരങ്ങളുമുണ്ടു് വിവിധ മതസ്ഥരുടെതായി. എന്നാൽ ഒരു ശതാ

ബ്ബത്തിനുമുൻപ് ഇത്തരം സ്ഥാപനങ്ങളെപ്പററി ഈ നാട്ടിൽ കേട്ട കേഠംവിപോലുമില്ലായിരുന്നു. അങ്ങനെയിരിക്കെ ദീനദയാലുവായ ചാവറഅച്ചൻെറ ഭാവനയിൽ ഒരാശയം പൊട്ടിവിടൎന്നു. ഓരോ ഇട വകയിലും ഓരോ ആതുരശാല സ്ഥാപിക്കുക; സാധുക്കളായ വൃദ്ധ ജനങ്ങളെ അവിടെ പാർപ്പിച്ച് ആത്മീയവും ശാരീരികവുമായ പോഷണം നൽകി സംരക്ഷിക്കുക. ഏതദ്വിഷയകമായി ദൈവ ദാസൻെറ അനന്തരഗാമിയായിരുന്ന പോരുക്കരപ്രിയോരച്ചൻ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു., ''സഹോദരപ്രിയമെന്നുള്ള പുണ്യത്താലെ തൻെറ പ്രവൎത്തിയായിരിക്കുന്ന ധൎമ്മശാലഉണ്ടാക്കി പാവപ്പെട്ടവരെ പാർപ്പിച്ച് അവരുടെ ആത്മശരീരരക്ഷമേൽ ഉത്സാ ഹിച്ചവരേണ്ടുന്ന മനോഗുണപ്രവൃത്തി എല്ലാ ഇടത്തിലും നടന്നുവരേ ണ്ടതിനു് ഏററവും ആഗ്രഹിച്ചുകൊണ്ടു് തൻെറ ജന്മദേശമായിരി ക്കുന്ന കൈനകരികപ്പേളയിൽ ഉഠംപ്പെട്ട ജനങ്ങഠംക്കു് നല്ല മരണ ത്തിൻെറ സഭയെന്ന സഹോദരക്കൂട്ടത്തേയും അതിനുള്ള ക്രമച്ചട്ടങ്ങ ളേയും കൊടുത്തു നടത്തുകയും ചെയ്തു.'' അങ്ങനെ ഈ നാട്ടിലെ പ്ര ഥമ ആതുരശാല ചാവറയച്ചൻെറ ഇടവകയായ കൈനകരിയിൽ സ്ഥാപിതമായി. ആ സ്ഥാപനത്തിൻെറ ഇന്നത്തെ അവസ്ഥ എ ന്താണെന്നു് അറിഞ്ഞുകൂടാ. എന്നാൽ ഇന്നു് കേരളത്തിലുടനീളം വ്യാപിച്ചിട്ടുള്ള 'ധൎമ്മശാലാ'പ്രസ്ഥാനത്തിനു് അടിത്തറ പാകിയ തു് ദൈവദാസനാണെന്ന വസ്തുത എക്കാലവും സ്മരിക്കപ്പെടേണ്ട താണു്.

## അധഃകൃതോദ്ധാരണം

അധഃകൃതസമുദായങ്ങളുടെ ഉദ്ധാരണം ഇന്നു് സൎക്കാരിൻെറ ആഭിമുഖ്യത്തിൽ വിപുലമായ തോതിൽ നടക്കുന്നുണ്ടു്. സൗജന്യ മായ വിദ്യാഭ്യാസം, ഉദ്യോഗനിയമനത്തിൽ മുൻഗണന തുടങ്ങി പലതും അവൎക്കു ലഭിക്കുന്നുണ്ടു്. എന്നാൽ ചാവറയച്ചൻ ജീവിച്ചി രുന്ന കാലത്തു് അവരുടെ അവസ്ഥ തീൎത്തും ദയനീയമായിരുന്നു. മനുഷ്യോചിതമായ ഒരു പരിഗണനയും അവൎക്കു ലഭിച്ചിരുന്നില്ല. വിദ്യാലയങ്ങളും ആരാധനസ്ഥലങ്ങളും പൊതുനിരത്തുകഠംപോലും അവൎക്കു നിരുദ്ധമേഖലകളായിരുന്നു. ചാവറയച്ചൻ സ്നേഹത്തി ൻെറ കൈത്തിരിയുമായി അവരുടെ മദ്ധ്യത്തിലേക്കു് ഇറങ്ങിച്ചെന്നു. ജാതീയമായ അസമത്വങ്ങഠം അംഗീകരിക്കാത്ത ക്രിസ്തീയസന്ദേശം അവരുടെ ഇടയ്ക്കു പ്രചരിപ്പിച്ചു. വിദ്യാലയങ്ങളുടെ കവാടങ്ങഠം അവൎക്കായി തുറന്നുകൊടുത്തു. ദാരിദ്ര്യത്തിൻെറ കെടുതികളിൽനി ന്നു് അവരെ രക്ഷിച്ചു. അങ്ങനെ സാമൂഹ്യനീതിയുടെ ആദ്യപാഠം അദ്ദേഹം കേരളീയരെ പഠിപ്പിച്ചു.

സ്വന്തം സഭയെയും സമുദായത്തേയും മാത്രമല്ല, ജനസമൂഹത്തെ ഒന്നടങ്കം ആശ്ലേഷിക്കുന്നതായിരുന്നു അദ്ദേഹത്തിൻെറ സ്നേഹവായ്പു്.

ജാതിമതഭേദമോ, കുബേരകുചേലഭേദമോ ആ സ്നേഹം അറിഞ്ഞിരുന്നില്ല. സമൂഹത്തിലെ എല്ലാ ഘടകങ്ങളും എല്ലാ അംഗങ്ങളും അദ്ദേഹത്തിൻെറ ശ്രദ്ധയ്ക്കു വിഷയമായിരുന്നു, വൈദികർ, സന്യാസികൾ, കുടുംബസ്ഥർ, അധഃകൃതർ, ദരിദ്രർ, വൃദ്ധജനങ്ങൾ, സഭാവിരോധികൾ എന്നിങ്ങനെയുള്ള ഓരോ വിഭാഗത്തിൻെറയും ഉദ്ധാരണത്തിനും നന്മയ്ക്കുമുതകുന്ന പദ്ധതികൾ ആ ഭാവനയിൽ രൂപംകൊണ്ടിരുന്നു.

സമൂഹത്തിൻെറ ധാർമ്മികവും ആദ്ധ്യാത്മികവുമായ ഉദ്ധാരണത്തിനാണ് അദ്ദേഹം മുഖ്യമായ പരിഗണന നൽകിയിരുന്നത്. മനുഷ്യനിൽ ഈശ്വരവിശ്വാസവും ധാർമ്മികബോധവും ബലിഷ്ഠമായിത്തീർന്നാൽ സാമൂഹ്യപുരോഗതി സുകരമായിത്തീരുമെന്നായിരുന്നു അദ്ദേഹത്തിൻെറ വിശ്വാസം. അദ്ദേഹത്തിൻെറ എല്ലാ സേവനപദ്ധതികളുടേയും പരിണാമത്തിൽ ഈ സത്യം തെളിഞ്ഞു കാണാവുന്നതാണ്. സന്യാസസഭ, ഇടവകധ്യാനം, മുദ്രണാലയം, വിദ്യാലയങ്ങൾ, ആതുരാലയങ്ങൾ, അധഃകൃതോദ്ധാരണം തുടങ്ങിയ എല്ലാ പദ്ധതികളുടേയും മുഖ്യമായ ലക്ഷ്യം ആദ്ധ്യാത്മികമായിരുന്നു എങ്കിലും അവയുടെ പ്രവർത്തനമേഖല ക്രമേണ സാമൂഹ്യവും സാംസ്കാരികവുമായ മണ്ഡലങ്ങളിലേക്കു വ്യാപിക്കുന്നതായും അവ സമൂഹത്തിൻെറ ബഹുമുഖമായ പുരോഗതിക്കു വഴിതെളിക്കുന്നതായും നാം കാണുന്നു, ആദ്യമായി നിങ്ങൾ ദൈവരാജ്യം അന്വേഷിക്കുക; എന്നാൽ മററുള്ളതെല്ലാം നിങ്ങൾക്കു ലഭ്യമാകും എന്ന ദിവ്യനാഥൻെറ ഉദ്ബോധനം ഇവിടെ അന്വർത്ഥമാകുകയാണ്.

## ധ്യാനവും കർമ്മവും ചേർന്ന യോഗി

ചാവറയച്ചൻെറ സ്നേഹാത്മകമായ പ്രവർത്തനങ്ങളുടെ പശ്ചാത്തലത്തിൽനിന്നുകൊണ്ട് അദ്ദേഹത്തിൻെറ വ്യക്തിവൈശിഷ്ട്യത്തെ ഒന്നുകൂടി സൂക്ഷ്മമായി നമുക്കു നിരീക്ഷണം ചെയ്യാം. എല്ലാ കാര്യങ്ങളിലും അദ്ദേഹത്തിൻെറ ആത്യന്തികമായ ലക്ഷ്യം മനുഷ്യൻെറ നന്മയായിരുന്നു. നന്മ ചെയ്യുവാനുള്ള ഈ ആവേശം ദൈവവുമായുള്ള ഹൃദയബന്ധത്തിൽനിന്നും ഉടലെടുത്തതത്രേ. ഈശ്വരസാക്ഷാത്കാരത്തിനുവേണ്ടി ആത്മാർപ്പണംചെയ്ത ഒരു ഭക്തയോഗിയേയും മനുഷ്യനു നന്മ ചെയ്യുവാനുള്ള യജ്ഞത്തിൽ നിത്യം വ്യാപൃതനായിരുന്ന ഒരു കർമ്മയോഗിയേയുമാണ് നാം ദൈവദാസനിൽ കാണുക. വിശുദ്ധ കുർബ്ബാനയുടെ മുൻപിൽ ധ്യാനനിരതനായി, ഭക്തിപരവശനായി, സ്ഥലകാലവിസ്മൃതിയിലാണ്ട് അശ്രുധാരയിൽ മുങ്ങിനിൽക്കുന്ന ഒരു ഈശ്വരോപാസകനെ കാണുന്ന നാം അടുത്ത നിമിഷത്തിൽ കണ്ടുമുട്ടുന്നത് എല്ലാ നിലകളിലുമുള്ളവരും എല്ലാത്തരക്കാരുമായ മനുഷ്യരുടെ മദ്ധ്യേ ബഹുകാര്യവ്യഗ്രനായി നിൽക്കുന്ന

ഒരു ജനസേവകനെയാണ്. ഭക്തിതീഷ്ണത എത്രമാത്രം അദ്ദേഹത്തെ ദൈവത്തോട് അടുപ്പിച്ചുവോ അത്രയ്ക്ക് ഉപവിയുടെ ബലിഷ്ഠമായ ശൃംഖലകൾ അദ്ദേഹത്തെ മനുഷ്യനോടു ബന്ധിച്ചിരുന്നു.

വീരോചിതമായ സുകൃതങ്ങൾ ആ വ്യക്തിത്വത്തിന്മേൽ വിശുദ്ധിയുടെ പരിവേഷം ചാർത്തി. ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണ എന്നീ വ്രതങ്ങൾ അനുഷ്ഠിക്കുന്നതിൽ അദ്ദേഹം കർക്കശമായ നിഷ്ഠ പുലർത്തിയിരുന്നു. സമൂഹത്തിൽ ഏറ്റവും ഉന്നതമായ സ്ഥാനം വഹിച്ചിരുന്ന അദ്ദേഹം വസ്ത്രങ്ങൾ തുന്നുക, സഭാംഗങ്ങളുടെ പാത്രങ്ങൾ കഴുകിക്കൊടുക്കുക മുതലായ ദാസ്യവൃത്തികൾ സസന്തോഷം നിർവ്വഹിച്ചുപോന്നു. എളിമയുടെ എത്രയോ ഉദ്കൃഷ്ടമായ മാതൃക!

സാധുക്കളോടുള്ള അദ്ദേഹത്തിൻെറ അനുകമ്പ അന്യാദൃശമായിരുന്നു. ''ഭിക്ഷക്കാർ വെറും കൈയ്യോടെ നിൻെറ വീട്ടിൽനിന്നു പോകാൻ സമ്മതിക്കേണ്ട; വേലക്കാർക്കു ന്യായമായ കൂലി കൊടുക്കാതിരിക്കുകയോ താമസിപ്പിക്കുകയോ ചെയ്യരുത്; പാവപ്പെട്ടവരേ നിന്ദിക്കേണ്ട; അവരെ ബുദ്ധിമുട്ടിക്കയും വേണ്ട;........അന്യന്മാർക്കു വല്ല ഉപകാരവും ചെയ്യാത്ത ദിവസം നിൻെറ ആയുസ്സിൻെറ ദിവസങ്ങളുടെ കണക്കിൽ കൂട്ടുന്നതല്ല.'' ഈ ചാവറസൂക്തങ്ങൾ ആ മനുഷ്യസ്നേഹിയുടെ ഹൃദയം തുറന്നുകാട്ടുന്നവയാണ്. തൻെറ കീഴിലുള്ള സന്യാസാശ്രമങ്ങൾ ധർമ്മം ചെയ്യുന്നതിൽ സദാ ജാഗരൂകമായിരിക്കണമെന്ന് അദ്ദേഹം അനുശാസിച്ചിരുന്നു. അദ്ദേഹത്തിൽനിന്ന് ഏതെങ്കിലും തരത്തിൽ സഹായം ലഭിക്കാത്ത സാധുക്കൾ ഈ നാട്ടിൽ അന്ന് ഉണ്ടായിരുന്നില്ല.

## സാർവജനീനമായ ഒരു വിശ്വാസം

ചാവറയച്ചനെ ഒരു മഹാവിശുദ്ധനായിട്ടാണ് എല്ലാ ജനങ്ങളും കരുതിപ്പോന്നിരുന്നത്. അദ്ദേഹത്തിൻെറ സാന്നിദ്ധ്യം ജനഹൃദയങ്ങളിൽ അവാച്യമായ ഒരു ആനന്ദാനുഭൂതി ജനിപ്പിച്ചിരുന്നു. അദ്ദേഹത്തിൻെറ പ്രസംഗം ശ്രോതാക്കളിൽ അനുതാപത്തിൻെറ അശ്രുപ്രവാഹം ഇളക്കിവിടുക സാധാരണയായിരുന്നു. വലിയ പ്രിയോരച്ചൻ ഒരിടത്തു വന്നിട്ടുണ്ടെന്നു കേട്ടാൽ അദ്ദേഹത്തെ ഒരു നോക്കു കാണുവാനും അദ്ദേഹത്തിൻെറ പ്രസംഗം കേൾക്കുവാനുമായി ഓടിക്കൂടിയിരുന്ന ജനങ്ങൾക്കു കണക്കില്ലായിരുന്നു.

മേലധികാരികളും സഹപ്രവർത്തകരുമായ യൂറോപ്യൻമിഷ്യനറിമാർക്ക് അദ്ദേഹത്തോട് അതിരററ മതിപ്പും ബഹുമാനവുമുണ്ടായിരുന്നു. ജീവിതനൈർമ്മല്യവും, ഭക്തിതീഷ്ണതയും സുകൃതങ്ങളും

അദ്ദേഹത്തെ ഒരു പുണ്യപുരുഷനാക്കി ഉയർത്തി, അവരുടെ ദൃഷ്ടിയിൽ, അന്നു് വരാപ്പുഴ മെത്രാപ്പോലീത്തായായിരുന്ന ഡോ. ബർണ്ണർദീനോസ് ഒരു കല്പനയിൽ ദൈവദാസനെപ്പററി പറയുന്നതു്, ''വേണ്ടുന്ന മിടുക്കും, സ്ഥൈര്യവും ബോധജ്ഞാനവും പുണ്യവ്യാപാരവും തനിക്കുണ്ടെന്നു ബോധിച്ച'' എന്നാണു്. സുറിയാനിക്കാരുടെ മെത്രാനായിരുന്ന ഡോ. മാർസ്സീനോസ് അദ്ദേഹത്തെ ''മാന്നാനത്തു വിടർന്ന പുഷ്പം'' എന്നാണു വിശേഷിപ്പിക്കുന്നതു്. ദൈവദാസൻെറ കുമ്പസാരക്കാരനും ഉററ മിത്രവുമായിരുന്ന ലെയോപോൾഡ് മിഷ്യനറിക്കു്, അദ്ദേഹം ഒരു പുണ്യവാനായിരുന്നു എന്നതിൽ തെല്ലും സംശയമില്ലായിരുന്നു. ദൈവദാസനോടുള്ള പെരുമാററത്തിലും അദ്ദേഹത്തെപ്പററി പറഞ്ഞിട്ടുള്ള ഓരോ വാക്കിലും ഈ ആഴമായ ബോദ്ധ്യം നിഴലിച്ചിരുന്നു.

## ധീരമായ ഒരു പ്രഖ്യാപനം

മരണാസന്നനായ ദൈവദാസൻ ദുഃഖാത്തരായ തൻെറ ആത്മീയമക്കാംക്കു നൽകിയ അന്തിമോപദേശത്തിനിടയ്ക്കു് സുസ്മരണീയമായ ഒരു പ്രഖ്യാപനം നടത്തുകയുണ്ടായി. ദൈവസന്നിധിയിലേക്കു യാത്രയൊരുങ്ങുന്ന ആ തപോധനൻ പറഞ്ഞു, ''തിരുക്കുടുംബത്തിൻെറ അനുഗ്രഹം എപ്പോഴും എന്നെ സംരക്ഷിക്കുകകൊണ്ടു് മാമ്മോദീസായിൽ എനിക്കു കിട്ടിയ ദൈവ ഇഷ്ടപ്രസാദത്തെ നശിപ്പിക്കുന്നതിനു് ഇടയായിട്ടില്ല എന്നു പറയുന്നതിനു് ദൈവാനുഗ്രഹത്താൽ എനിക്കു ധൈര്യമുണ്ടു്.'' സ്വന്തം ആത്മവിശുദ്ധിയെപ്പററി ഇത്ര ധീരമായ പ്രഖ്യാപനം നടത്തുവാൻ ഏതെങ്കിലും വിശുദ്ധൻ മുതിന്നിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. ഏതായാലും 'ചാവറ—ഒരു പുണ്യവാൻ' എന്ന സാർവ്വജനീനമായ വിശ്വാസത്തേ എന്നേയ്ക്കുമായി സ്ഥിരീകരിക്കുന്നതായിരുന്നു ആ പ്രഖ്യാപനം.

---

''നിൻെറ വീട്ടിൽ പരദൂഷണത്തിൻെറ ഒരു വാക്കുപോലും കേറംക്കുവാൻ ഇടയാക്കരുതു്''
—ചാവരുളു

''സൽക്കർമ്മങ്ങളിൽ ധാരാളിയായിരിക്കുക. ദിവ്യപൂജ, സൽഗ്രന്ഥപാരായണം, പ്രസംഗശ്രവണം, ദീനദയാലുത്വം മുതലായവയിൽ''
—ചാവരുളു

# ദേവദാസൻ ചാവറ കര്യാക്കോസ് ഏലിയാസച്ചൻ, അതുല്യനായ ശീശ്മവിനാശകൻ

വി. സി. ജോർജ്ജ് B. A. L. T.

---

കേരളകമ്മലീത്താനിഷ്പാദുകമൂന്നാംസഭയുടെ സ്ഥാപകാംഗം എന്ന നിലയിൽ അഭിവന്ദ്യചാവറ കുര്യാക്കോസ് ഏലിയാസച്ചൻ കത്തോലിക്കാസഭയ്ക്കും സമുദായത്തിനും, മാനവവംശത്തിനു മൊത്തത്തിലും എത്രമാത്രം നന്മയും മേന്മയും കൈവരുത്തിയിട്ടുണ്ടെന്നു് മനസ്സിലാക്കുവാൻ, പ്രസ്തുതസന്യാസസഭാംഗങ്ങളുടെ ആഭിമുഖ്യത്തിൽ കേരളത്തിലും ഭാരതത്തിലും ഇതരഭൂവിഭാഗങ്ങൾ പലതിലും, സാമൂഹ്യസാംസ്കാരികരംഗങ്ങളിൽ നടക്കുന്ന വിവിധ സേവനങ്ങളെപ്പററി പരിമിതമായജ്ഞാനമെങ്കിലും ആവശ്യമായിരിക്കുന്നു. അമലോത്ഭവമരിയ കമ്മലീത്തർ എന്നാണ് ദൈവദാസന്റെ ഏതൽക്കാലാനുയായികൾ അറിയപ്പെടുന്നതു്. എന്നിരുന്നാലും അവർ ജപതപങ്ങളിലും, ഉപവാസപരിത്യാഗങ്ങളിലും, ദണ്ഡനസഹനങ്ങളിലും മാത്രം ശ്രദ്ധാലുക്കളായിരുന്നുകൊണ്ടല്ല മരിയാംബികയെയും തൽസുതൻ ക്രിസ്തുനാഥനേയും പ്രസാദിപ്പിച്ചു കൊണ്ടിരിക്കുന്നതു്. അവരുടെ വക പ്രസിദ്ധീകരണശാലകളും, മുദ്രാലയങ്ങളും ദിനപ്പത്രം മുതലായപ്രസിദ്ധീകരണങ്ങളും, ഒട്ടധികം കോളജുകൾ, ഹൈസ്കൂളുകൾ ആദിയായ വിദ്യാദാനകേന്ദ്രങ്ങളും ആതുരശാലകളും അനാഥമന്ദിരങ്ങളും, സംസ്കാരത്തിന്റെയും സദാചാരത്തിന്റെയും, ശാന്തിയുടേയും സാഹോദര്യത്തിന്റെയും സുഗമമാർഗ്ഗങ്ങൾ അനുദിനം ആയിരമായിരമായി സജ്ജനങ്ങൾക്കു് തുറന്നു കൊടുക്കുമെന്നു് സഭാസ്ഥാപനകാലത്തു് ദൈവദാസനൊ,സഹപ്രവത്തകരായിരുന്ന

ഫാദർ തോമസ് പാലയ്ക്കൽ, ഫാദർ തോമസ് പോരുക്കര ആദിയായവരൊ ചിന്തിച്ചിരുന്നില്ലെന്നു വരാം. ദൈവത്തിൻെറ വഴികാം പരിശുദ്ധന്മാക്കുപോലും പരിപൂണ്ണം സുഗ്രാഹ്യമല്ലല്ലൊ.

ദൈവദാസൻ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻെറ കമ്മലീത്താസഭാ സ്ഥാപനോദ്യമങ്ങളെ വിസ്മരിയ്ക്കാതെ, അദ്ദേഹത്തിൻെറ ശീശ്മവിനാശന പ്രവത്തനങ്ങളെപ്പററി അല്പം പ്രതിപാദിയ്ക്കുന്നതിനത്രെ ഇവിടെ ഉദ്ദേശിയ്ക്കുന്നതു്. ക്രൈസ്തവസഭയിൽ എല്ലാക്കാലത്തും ശീശ്മകാം ഉണ്ടായിട്ടുണ്ടു്. ഇന്നു് ഉണ്ടായിവരുന്നുമുണ്ടു്. ഈ വക ശീശ്മകാംക്കൊ ഹരിദ്മങ്ങാംക്കൊതാല്പര്യമുണ്ടാകുന്നതു് പലപ്പോഴും രാഷ്ട്രീയാധികാരികളുടെ ദുരധികാരമോഹത്തിൽ നിന്നൊ, സൈനികാദ്ധ്യക്ഷന്മാരുടെ അനാശ്യാസ്യാഭിലാഷങ്ങാം മൂലമൊ ആണെന്നു് അഭിപ്രായമുണ്ടു്. നോവസ്യാനി, ഉർസീനി. ലൌറേൻസി, മെലേത്തി, ദോനാത്തീസതി പ്രഭൃതികളുടെയും ബാർഡിനസ്, ഫോസിയസ് മുതലായവരുടേയും ശീശ്മകാം മുകളിൽ സൂചിപ്പിച്ച അഭിപ്രായത്തെ പ്രബലീകരിക്കുന്ന ഉദാഹരണങ്ങാം മാത്രമാകുന്നു. എന്നാൽ ദൈവദാസൻ കുര്യാക്കോസ് ഏലിയാസച്ചൻെറ പ്രതിരോധ വിഷയായയശീശ്മയുടെ ഉത്ഭവകാരണം വേറെയായിരുന്നു.

കേരളനസ്രാണികാം അഥവാ മാർത്തോമ്മാ ക്രിസ്ത്യാനികാം ആദിമകാലം മുതൽ അവക്കായി മാർത്തോമ്മാ ശ്ലീഹാസ്ഥാപിച്ചതും തങ്ങളുടെ പൂവ്വികന്മാരെ ശ്ലീഹാപരിശീലിപ്പിച്ചതുമായ കൽദായഭാഷയോടും ആ ഭാഷ ഉപയോഗിച്ചുള്ള ആരാധനക്രമത്തോടും സുദൃഢബന്ധം പുലത്തിപ്പോന്നുവെന്നുള്ളതു് അനിഷേദ്ധ്യമായ ഒരു പരമാത്ഥമാണു്. പ്രസ്തുതബന്ധം ശിഥിലീകരിക്കുന്നതിനോ അവസാനിപ്പിക്കുന്നതിനോ മാർത്തോമ്മാ ക്രിസ്ത്യാനികാംക്കു് ഒരു കാലത്തും സമ്മതമൊ ആഗ്രഹമോ ഉണ്ടായിരുന്നില്ല. ഈ മന:സ്ഥിതിയെ അവഗണിച്ചു കൊണ്ടായിരുന്നു പതിനാറാം നൂററാണ്ടിൽ കേരളത്തിൽ പ്രാബല്യം ലഭിച്ച പോർട്ടുഗീസു് വൈദിക–രാഷ്ട്രീയാധികാരികാം, മാർയാക്കോബു് എന്ന കൽദായമെത്രാൻ കേരളസഭാഭരണം നടത്തിയകാലം മുതൽ കൽദായരീതിയിലുള്ള ആരാധനക്രത്തിൽ അനധികൃതമായി കൈകടത്തി പല വ്യതിയാനങ്ങളും വരുത്തിത്തുടങ്ങിയതു്. ഈവക കൈകടത്തലിൻെറ പാരമ്യത്തെ കുറിയ്ക്കുന്നതായിരുന്നു ഗോവയിലെ മെത്രാപ്പോലീത്താ ദോം അലെക്സിസ് മെനസ്സിസിൻെറ ആഭിമുഖ്യത്തിൽ നടന്ന ഉദയംമ്പേരൂർ സൂനഹദോസും, കൽദായാചാരധ്വംസകങ്ങളായ സൂനഹദോസു നിശ്ചയങ്ങളും. പ്രസ്തുതനിശ്ചയങ്ങാം അനധികൃതങ്ങളും അനാശാസ്യങ്ങളും ആയിരുന്നതിനാൽ അവയ്ക്കധീനരാകുവാൻ കേരളനസ്രാണികാം സന്നദ്ധരായില്ല. അവയ്ക്കെതിരായി ഒരു ധമ്മസമരം തന്നെ അവർ ആരംഭിച്ചു.

കേരളസഭാഭരണത്തിന ശതാബ്ദങ്ങളിലൂടെ പേർഷ്യാ, മെസെപ്പൊട്ടേമിയാ, സിറിയാ എന്നീ രാജ്യങ്ങളിൽ നിന്നു് അനുക്രമം ഇവിടെ വന്നുകൊണ്ടിരുന്ന കൽദായമെത്രാന്മാരുടെ പരമ്പരയ്ക്കു് അറുതിവരുത്തി, ലത്തീൻ മെത്രാന്മാരുടെ ആധിപത്യം ഇവിടെ ഉറപ്പിക്കണമെന്നായിരുന്നു മേനസ്സിൻെറയും കൂട്ടരുടേയും ആഗ്രഹം. പക്ഷെ, ധനംപരമായോ മററുവിധത്തിലൊ, എത്രയധികം കഷ്ടനഷ്ടങ്ങൾ സഹിച്ചാലും തങ്ങളുടെ സമുദായത്തിലെ പൂർവ്വാചാരമനുസരിച്ച് കൽദായമെത്രാന്മാരെ തങ്ങളുടെ മേല്പട്ടക്കാരായി ലഭിക്കണമെന്നായിരുന്നു കേരളനസ്രാണികളുടെ അഭിലാഷം. ഈ വിധം പോർട്ടുഗീസ് പദ്രോവാദോ അധികാരികളും കേരളനസ്രാണിസമുദായനേതാക്കളും തമ്മിൽ ദീർഘകാലത്തേയ്ക്കു് ഉഗ്രമായ സംഘട്ടനം നടക്കുകയുണ്ടായി. മാപ്പാപ്പായ്ക്കു് അധീനരായിരുന്ന പൗരസ്ത്യകൽദായ പാത്രിയക്കീസന്മാരായിരുന്നു ദീർഘകാലത്തേയ്ക്കു് സഭാഭരണത്തിനായി മെത്രാന്മാരെ കേരളത്തിലേയ്ക്കയച്ചുകൊണ്ടിരുന്നതു്. ഇപ്രകാരം അയയ്ക്കപ്പെട്ട മെത്രാന്മാരിൽ പലരും പോർട്ടുഗീസധികാരികൾ മൂലം മാർഗ്ഗതടസ്സം അനുഭവിച്ചതും രാജ്യഭ്രഷ്ടരായതും, ജയിൽവാസത്തിൽ കഴിഞ്ഞതും ഒരിക്കലൊ രണ്ടുപ്രാവശ്യമൊ ആയിരുന്നില്ലാ. ബന്ധനത്തിൽ കഴിഞ്ഞ കൽദായമെത്രാന്മാരിൽ അപമൃത്യുക്കിരയായവരും ഉണ്ടു്. ഹൃദയഭേദകങ്ങളായ താദൃശാനുഭവങ്ങൾ കൽദായമെത്രാന്മാരെ സഭാഭരണത്തിനായി ലഭിക്കണമെന്നു് കേരളനസ്രാണികൾക്കുണ്ടായിരുന്ന അഭിവാഞ്ചയ്ക്കു് വിരാമമിട്ടില്ല.

ഭാരതത്തിലെ തങ്ങളുടെ കൽദായസഹോദരരുമായി ഭാഷയിലും കർമ്മാചാരങ്ങളിലും അപ്പസ്തോലകാലംമുതൽ ഉണ്ടായിരുന്നബന്ധവും ഐകരൂപ്യവും പുലർത്തണമെന്നആഗ്രഹം ബാബേലിലെ കൽദായപാത്രിയർക്കീസിനും തദധീനജനങ്ങൾക്കും ഉണ്ടായിരുന്നു. ഗോവയിലെ മെത്രാപ്പോലീത്തായ്ക്കു് ഭാരതം ഉൾപ്പെട്ട ഏതാനും പൌരസ്ത്യദേശങ്ങളിലെ കത്തോലിക്കാസഭാവിഭാഗത്തെ സംബന്ധിച്ചിടത്തോളം പ്രഥമാദ്ധ്യക്ഷാധികാരം റോമയിലെപരിശുദ്ധസിംഹാസനം കല്പിച്ചുനൽകിയെങ്കിലും കൽദായപാത്രിയക്കീസിനു പൌരസ്ത്യദേശങ്ങളിന്മേലുണ്ടായിരുന്ന പൂർവ്വികസിദ്ധമായ അധികാരം നീക്കം ചെയ്തിരുന്നില്ലാ, മെത്രാന്മാരെ കേരളത്തിലേക്കയക്കേണമെന്നുള്ള അപേക്ഷകൾ സ്വീകരിച്ച് പാത്രിയക്കീസന്മാർ യഥാർഹം പ്രവർത്തിച്ചിരുന്നുവെന്നുള്ളതും പ്രസ്താവയോഗ്യമാണു്.

ഈ സാഹചര്യങ്ങളിലായിരുന്നു ദൻഹാ ബർ യോനാ എന്ന കൽദായ വൈദികൻ കേരളം സന്ദർശിച്ചതും, കേരള സുറിയാനിക്കാരുടെ പുരാതനകേന്ദ്രങ്ങളിലൊന്നായ കുറവിലങ്ങാട്ടിൽ കുറെക്കാലം താമസിച്ചതും. അദ്ദേഹം പല സുറിയാനിനേതാക്കന്മാരു

മായി സമ്പക്കം പുലത്തുകയും, ബാബേലിൽനിന്നു് ഒരു കൽദായ മെത്രാനെ കേരളത്തിൽ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങറം സോത്സാഹം ആരംഭിക്കുകയും ചെയ്തു. തുടന്നു്, കേരള സുറിയാനിക്കാരുടെ ഒരു പൊതുസമ്മേളനം കുടക്കച്ചിറ അന്തോനികത്തനാരുടെ അദ്ധ്യക്ഷതയിൽ കുറവിലങ്ങാട്ടു് നടക്കുകയും, മേൽനടപടികറക്കായി പണം ശേഖരിക്കുന്നതിനും, എഴുത്തുകുത്തുകറം നടത്തുന്നതിനും, ആരംഭിക്കുകയും ചെയ്തു. ബാബേലിലേക്കു പോകുന്ന നിവേദകസംഘത്തിൻെറ നേതൃത്വവും കുടക്കച്ചിറ അന്തോനിഅച്ചൻ വഹിച്ചു. അദ്ദേഹത്തിൻെറ സഹയാത്രികരായി തൊണ്ടനാട്ടു് അന്തോനികത്തനാരും വൈദികസ്ഥാനാത്ഥികളായ ഏതാനും യുവാക്കന്മാരുമുണ്ടായിരുന്നു. പാത്രിയക്കീസിൻെറ സന്നിധിയിൽ എത്തി കൽദായ മെത്രാന്മാരെ കേരളത്തിലേക്കയച്ചുകിട്ടുന്നതിനുള്ള പ്രാരംഭനടപടികറം നടത്തിയശേഷം കുടക്കച്ചിറ അന്തോനീസ്കത്തനാർ സ്വദേശത്തു് തിരിച്ചുവരികയും, വീണ്ടും സിറിയായിൽചെന്നു് അവിടെ വച്ചു് ചരമമടയുകയും ചെയ്തു. എങ്കിലും അദ്ദേഹം സമാരംഭിച്ച വേലകറം അചിരേണ ഫലപ്രാപ്തിയിലെത്തി – ബാബേലിലെ ജോസഫ് അവുദൊ പാത്രിയക്കീസ്, അദ്ദേഹത്തിന്നധീനരായിരുന്ന വൈദികാദ്ധ്യക്ഷന്മാരുടെ സഹകരണത്തോടുകൂടി കേരളത്തിലേക്കു് മെത്രാന്മാരെ വാഴിച്ചയക്കുവാൻ സന്നദ്ധനായി.

ഇതിന്നിടയിൽ കേരളത്തിലേക്കു കൽദായമെത്രാന്മാരെ കൊണ്ടുവരാൻശ്രമിച്ചവക്കെതിരായി പ്രൊപ്പഗാന്താതിരുസംഘത്തിൻെറ ആഭിമുഖ്യത്തിൽ സുശക്തപ്രവത്തനങ്ങറം നടന്നിരുന്നു. വരാപ്പുഴ വികാരിഅപ്പസ്തോലിക്ക പ്രൊപ്പഗാന്തായുടെ കീഴിൽ ഒരു കാലത്തു് കേരളസുറിയാനിക്കാരുടെ ധമ്മാദ്ധ്യക്ഷനായിരുന്നല്ലൊ. പൂവ്വകാല സ്ഥിതിഗതികറം എങ്ങിനെയിരുന്നാലും, വരാപ്പുഴ അധികാരികളുടെയും അനുയായികളുടേയും ദൃഷ്ടിയിൽ കേരളസഭാഭരണത്തിനായി വരുന്നകൽദായ മെത്രാന്മാർ വെറും ആഗന്തുകരും ദുരധികാരമോഹികളും മാത്രമായിരുന്നു. കേരളസഭയുടെ സുസ്ഥിതി പരിപാലിക്കുന്നതിനായി കൽദായമെത്രാന്മാരെപ്രതിരോധിക്കുകയൊ പ്രതികൂലിക്കുകയൊ ചെയ്യേണ്ടതാവശ്യമായി വരാപ്പുഴ അധികാരികറം കരുതി. വരാപ്പുഴ-ബാബേൽ അധികാരത്തക്കത്തെപ്പററി ഒരു ചരിത്രഗ്രന്ഥത്തിൽ ഇപ്രകാരം കാണുന്നു: ''പ്രൊപ്പഗാന്തായുടെ വക വരാപ്പുഴ അധികാരത്തിൽ കൂടുതൽ സ്ഥിരതയോടുകൂടി നിൽക്കുവാൻ ചിലർ ഉത്സാഹിച്ചപ്പോറം; മററു ചിലർ ആ അധികാരത്തെ ധിക്കരിക്കുന്നതിനു ത്വരിതപ്പെട്ടു. പ്രൊപ്പഗാന്താകക്ഷിയുടെ നേതൃത്വം വഹിച്ചതു് ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ആയിരുന്നു. മെത്രാൻമുടി വാഗ്ദാനം ചെയ്തു് അദ്ദേഹത്തെ മറേറ കക്ഷിയിലേക്കാകർഷിക്കാമെന്നു് തൊണ്ടനാട്ടച്ചനു പ്രതീക്ഷയുണ്ടായിരുന്നുവെങ്കിൽ അതു് സഫലമായില്ല. ഭക്താഗ്രഗണ്യനായിരുന്ന ചാവറ അച്ചൻ; പ്രൊപ്പ

ഗാന്താക്കും വരാപ്പുഴക്കും എതിരായി തലപൊക്കിയതു് ഒരു നിഷ്ഠൂര രാക്ഷസൻ ആയിരുന്നു എന്ന ബോധത്തോടുകൂടി നിസ്തന്ദ്രം പ്രയത്നിച്ചു. പാത്രിയർക്കീസ് മലയാളത്തിലേക്കു മെത്രാനെ വാഴിച്ചയക്കുന്നതു് അധനികൃതവും ധിക്കാരപരവുമാണെന്നു് സ്ഥാപിക്കുന്ന എഴുത്തുകൾ പ്രൊപ്പഗാന്താ സംഘത്തിൽനിന്നും മെസൊപ്പൊത്തോമിയായിലെ ദലഗാദ്അപ്പസ്തോലിക്കായിൽ നിന്നും വാരാപ്പുഴ മെത്രാപ്പോലീത്താക്കു് വരികയുണ്ടായി. ഇതനുസരിച്ചുള്ളകല്പനകൾ വാരാപ്പുഴ അരമനയിൽ നിന്നു് പ്രസിദ്ധം ചെയ്തുവെങ്കിലും സുറിയാനിമെത്രാൻ മാപ്പാപ്പാതിരുമനസ്സിലെ അനുമതിയോടും അധികാരത്തോടും കൂടിയാണു്വന്നതെന്നുള്ള ശ്രുതിക്കാണു് പ്രചാരം സിദ്ധിച്ചതു്. 1861 മെയ് 9-ാം തീയതി കൊച്ചിയിൽ വന്നിറങ്ങിയ കൽദായമെത്രാൻ മാർതോമസ് റോക്കോസിനു് സുറിയാനിസമുദായത്തിൻെറ നാമത്തിൽ ഏററവും ഹൃദ്യമായ ഒരു സ്വീകരണം ലഭിച്ചു വാരാപ്പുഴയിൽ നിന്നുപുറപ്പെടുന്ന കല്പനകൾ ലത്തീൻ അധികാരംനിലനിത്തുവാനുള്ള തന്ത്രത്തിൻെറ ഫലമാണെന്നു് ശുദ്ധമനസ്കരായ പലരുംധരിച്ചുയെന്നവസ്തുത മനസ്സിലാക്കിയ ചാവറഅച്ചൻ സ്വന്തം ചുമതലയിൽ ഒരുവിജ്ഞാപനം പ്രചരിപ്പിച്ചു. മാപ്പാപ്പാതിരുമനസ്സിലെ കല്പനകൂടാതെ വരുന്നയാതൊരു മെത്രാനെയും സ്വീകരിക്കരുതെന്നും വാരാപ്പുഴവികാരി അപ്പസ്തോലിക്കക്കു് എല്ലാവരും കീഴ്വഴങ്ങിക്കൊള്ളണമെന്നുമായിരുന്നു വിജ്ഞാപനത്തിലെസാരം. "ശുദ്ധമാനമാർപ്പാപ്പായുടെ തിരുവെഴുത്തോടുകൂടി വരുന്നവരായിരുന്നാൽ നേരുള്ളവാതിലായ ഈ മലയാളത്തിലുള്ള പെ. ബ: വികാരി അപ്പസ്തോലിക്കന്മാരായ വരാപ്പുഴ മെത്രാപ്പോലീത്താച്ചൻെറ പക്കലെങ്കിലും, കൊല്ലത്തുമെത്രാൻെറ പക്കലെങ്കിലും ഈ തിരുവെഴുത്തു സാക്ഷിയോടുകൂടെ കാണിച്ചനുവാദത്തോടുകൂടെ മാത്രമെ നമ്മുടെ യാതൊരു പള്ളിയിലെങ്കിലും കയറി കൂദാശപ്രവൎത്തിചെയ്‌വാൻ ന്യായമാകയൊള്ളഎന്നുംഅറിഞ്ഞിരിക്കട്ടെ" എന്ന വിജ്ഞാപനത്തിലെ വാചകം കൽദായവിദ്വേഷമല്ലായിരുന്നു. തിരുസിംഹാസനാദരം മാത്രമാണു് പ്രകടിപ്പിച്ചതു്".

പ്രൊപ്പഗാന്താ അധികാരികളും പദ്രൊവാദൊമേധാവികളും തമ്മിൽ ആധിപത്യത്തിനായി വടംപിടുത്തം നടത്തി, കേരളത്തിലും ഭാരതത്തിൻെറ ഉത്തരഭാഗങ്ങളിലും കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം ഭീകരമായഅസ്വാസ്ഥ്യം സൃഷ്ടിച്ചിരുന്നവല്ലൊ. കേരളനസ്രാണികൾക്കാകട്ടെ ഒരുകാലത്തു് സ്വേച്ഛാനുസാരം പ്രൊപ്പഗാന്തക്കൊപദ്രൊവാദക്കൊ അധീനരായി ജീവിക്കുവാൻ സ്വാതന്ത്ര്യമുണ്ടായിരുന്നു. റൊക്കോസു്മെത്രാനെ വാരാപ്പുഴ അധികാരികൾ പ്രതികൂലിച്ചതിൻെറ ഒരു പ്രതികരണമെന്നോണം പദ്രൊവാദൊഅധികാരികൾ അദ്ദേഹത്തെ അനുകൂലിച്ചു. ഈ നീക്കത്തിൻെറകൂടെ ഫലമായി കത്തോലിക്കാസുറിയാനിക്കാരുടെ

വകയായി കേരളത്തിലുണ്ടായിരുന്ന 154 പള്ളികളിൽ 38 പള്ളികളിലെ ജനങ്ങൾ മാത്രമെ റൊക്കോസിന്നധീനരാകുവാൻ വൈമനസ്യം പ്രകടിപ്പിച്ചൊള്ളു. വാരാപ്പുഴ മെത്രാപ്പോലീത്ത ഈ അവസരത്തിൽ സാക്ഷാൽ സഹതാപം അർഹിച്ചു. അപ്പൊഴാണ് ചാവറകുര്യാക്കോസ് ഏലിയാസച്ചൻ അദ്ദേഹത്തെ സഹായിക്കുവാൻ സന്നദ്ധനായതു്. ചാവറയച്ചൻ പ്രചരിപ്പിച്ച വിജ്ഞാപനവും നേരിട്ട് പലരുമായി അദ്ദേഹം നടത്തിയ പ്രഭാഷണങ്ങളും വാരാപ്പുഴ പ്രതികൂലികളെ അടിസ്ഥാനം അനുകൂലികളാക്കി തീർത്തു. സമുദായമദ്ധ്യേ ചാവറഅച്ചൻ സ്വായത്തമാക്കിയിരുന്ന നിലയും വിലയും വാരാപ്പുഴമെത്രാപ്പോലിത്തായ്ക്കു് പൂർവ്വാധികം ബോദ്ധ്യപ്പെട്ടു. തൊണ്ടനാട്ട് അന്തോനികത്തനാർ സിറിയായിൽ നിന്നു് കേരളത്തിലെ കൽദായമെത്രാൻ പ്രേമികളുടെ നേതാവായിരുന്ന കുന്നേലച്ചനയച്ചകത്തിൽ ''എന്നാൽ ഈ വരുന്ന മെത്രാപ്പോലിത്താമാരെ നമ്മുടെ കൂട്ടം കൈക്കൊള്ളുന്നു, എല്ലാവരും ഏകമനസ്സാൽ അവരുടെമുമ്പാകെ ആവലാധിപ്പെടുന്നുവെങ്കിൽ നമ്മുടെ മലയാളക്കാരിൽ കൊള്ളാവുന്നവരെ നമ്മുടെ ചാവറയച്ചനെയൊ മററും കൂട്ടമായി നിശ്ചയിക്കുന്നവരെ ഒക്കയും മലയാളത്തുവെച്ച് വാഴിപ്പാൻ അനുവാദവും മുഷ്ക്കരതവും ഇവക്കുണ്ട്'' എന്നു പ്രസ്താവിക്കുവാൻ കാരണം നൽകിയതു് ചാവറഅച്ചൻെറ വ്യക്തിവിലാസവും നിസ്തുല്യനേതൃത്വവും ബഹുജനാദരവും ആയിരുന്നുവെന്നു് വരാപ്പുഴഅധികാരികൾക്ക് ബോദ്ധ്യമായി. ഇതുനിമിത്തം റൊക്കോസ്മെത്രാൻ കേരളത്തിൽ പ്രവേശിച്ച് ഒരു മാസം തികയുന്നതിനുമുമ്പ് വരാപ്പുഴ രൂപതയിൽപ്പെട്ട സുറിയാനിക്കാരുടെ ആദ്ധ്യാത്മിക പരിപാലനത്തിനു് പ്രത്യേകചുമതലക്കാരനായി ചാവറഅച്ചനെ വികാരിജനറാൾ സ്ഥാനത്തേയ്ക്കു് ഉയർത്തി. റോക്കോസിന്നധീനരായിരുന്ന സുറിയാനിക്കാരെ സ്വന്തം സഹകരണത്തോടുകൂടി പുരോഗമിയ്ക്കുന്ന വാരാപ്പുഴ അധികാരത്തിലേയ്ക്കു നയിക്കുന്നതിൽ വികാരിജനറാൾ ചാവറകുര്യാക്കോസ് ഏലിയാസച്ചൻ പൂർവ്വാധികം ബാദ്ധ്യസ്ഥനായി. വാരാപ്പുഴ രൂപതാധികാരികൾ ലത്തീൻ റീത്തുകാർ മാത്രമല്ലെന്നുള്ള ബോധം ഒട്ടു വളരെ പള്ളിക്കാരെയും ജനങ്ങളെയും റൊക്കോസ് കക്ഷിയിൽ നിന്നു് പിൻതിരിച്ചു. ചാവറവികാരിജനറാളച്ചൻ കേരളത്തിലെ ദുരവസ്ഥയെപ്പററി റോമായിലെ പരിശുദ്ധസിംഹാസനസമക്ഷം പരാതിബോധിപ്പിച്ചു. റോക്കോസിനെ കേരളത്തിൽ നിന്നുതിരിച്ചുവിളിയ്ക്കുവാൻ കൽദായപാത്രിയക്കീസിനോടാവശ്യപ്പെട്ടു കൊണ്ടു് പരിശുദ്ധപിതാവു് ഒമ്പതാം പീയൂസ് മാർപ്പാപ്പാഅയച്ചകൊടുത്ത തിരുവെഴുത്തിൻെറ പകപ്പ് ചാവറഅച്ചനും മററുചിലക്കും റോമായിൽനിന്നും ലഭിക്കുകയും ചെയ്തു.

പക്ഷെ, പ്രസ്തുത തിരുവെഴുത്ത്, മാർറോക്കോസ് നിയമാനുസൃതം അഭിഷിക്തനായ ഒരു മെത്രാനായിരുന്നു എന്ന അഭിപ്രായം ചില റൊക്കൊസ്യന്മാരിൽ പ്രബലപ്പെടുവാൻ സഹായിച്ചു. എങ്കിലും ദൈവദാസൻ സ്വന്തം പരിശ്രമംകൊണ്ടും, തന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന കൊവേന്തവക വൈദിക സെമിനാരികളിൽ നിന്നു് പഠിച്ചിറങ്ങിയ പട്ടക്കാരുടെ സഹകരണം മൂലവും റൊക്കോസ്യൻ ശീശ്മയുടെ പ്രാബല്യത്തിനു തടസ്സം വരുത്തി. കത്തോലിക്ക സുറിയാനി സമുദായാംഗങ്ങളുടെ നിവാസരംഗത്തെ നാലു ഡിസ്ട്രീക്റ്റുകളായി വിഭജിച്ച്, ഓരോ ഡിസ്ട്രീക്റ്റിന്റെയും സംരക്ഷകനും മേധാവിയുമായി ഒരു കമ്മലീത്താ വൈദികനെ നിയമിച്ചതും ശീശ്മയുടെ അധഃപതനത്തിന് അത്യധികം സഹായിച്ചു. ഇതിനിടയിൽ റൊക്കൊസിൽ നിന്നു് പട്ടം സ്വീകരിച്ച വൈദികരും അവരുടെ ബന്ധുമിത്രാദികളും പല സ്ഥലങ്ങളിലും ശീശ്മയുടെ പ്രചാരകരായതു് ദൈവദാസനെ ചിന്താകുലനാക്കി. റോക്കോസിനെ സിറിയായിലേക്കു് തിരിച്ചു വിളിക്കുന്ന പാത്രിയർക്കിസിന്റെ കല്പന അദ്ദേഹത്തിനു കിട്ടിയെങ്കിലും കല്പന അനുസരിച്ച് പ്രവർത്തിക്കുവാൻ റൊക്കൊസ് മനസ്സുവെച്ചില്ല. കേരളം ഉടനെ വിട്ടുപോയില്ലെങ്കിൽ റൊക്കൊസിനെ മഹറോൻ ശിക്ഷയ്ക്കു് വിധേയനാക്കുമെന്നു അറിയിക്കുന്ന കല്പന അദ്ദേഹത്തിനും, കേരളം വിട്ടില്ലെങ്കിൽ റൊക്കൊസിനെ മഹറോൻ ചൊല്ലണമെന്നു നിർദ്ദേശിക്കുന്ന കല്പന വരാപ്പുഴ മെത്രാപ്പൊലീത്തായ്ക്കും പരിശുദ്ധ സിംഹാസനത്തിൽ നിന്നും ലഭിച്ചു. ഇതുയുമായിട്ടും കേരളത്തിൽ നിന്നു് നിർഗ്ഗമിക്കാതെ പല പള്ളികളും സന്ദർശിച്ച് കാലം കഴിച്ചതിനെ തുടന്നു്, വരാപ്പുഴ മെത്രാപ്പൊലീത്താ യഥാവിധി റൊക്കൊസ് മെത്രാനു് മഹറോൻ ശിക്ഷ കല്പിക്കുകയും ചെയ്തു. ഇതിന്റെ ശേഷവും ശീശ്മത്തലവൻ സ്ഥലം വിടാതെ സൂത്രത്തിൽ കഴിഞ്ഞതിനാൽ ദൈവദാസന്റെയും മററും ഉത്സാഹഫലമായി ബോധിപ്പിച്ച പരാതിയെ തുടന്നു് തിരുവിതാംകൂർ, കൊച്ചി സംസ്ഥാനങ്ങളിലെ ദിവാൻജിമാർ നിർദ്ദേശിച്ചതനുസരിച്ച്, റൊക്കൊസിനെതിരായി സക്കാരധികാരികരം ഉത്തരവുകരം പുറപ്പെടുവിക്കുകയുമുണ്ടായി. പിന്നീടു് പാത്തും പതുങ്ങിയും അങ്ങുമിങ്ങുമായി റോക്കൊസ് മെത്രാൻ കുറെ കാലം കഴിച്ചു. മുൻകൂട്ടി നിശ്ചയിച്ച പട്ടംകൊട ചടങ്ങ് റദ്ദാക്കുവാൻ രഹസ്യ ജീവിതം അദ്ദേഹത്തെ നിർബന്ധിച്ചു. ഇങ്ങനെയിരിക്കെ സിറിയായിലേക്കു് റൊക്കൊസിനെ തിരിച്ചു വിളിക്കുന്നതായ പാത്രിയർക്കീസിന്റെ കല്പന അദ്ദേഹത്തിനു കിട്ടി. അനന്തരം, ശീശ്മ പ്രണയികളുടെ നിർബന്ധത്തിനു് വഴങ്ങാതെ അദ്ദേഹം കൊച്ചിക്കോട്ടയിൽ എത്തി. അപ്പോഴേയ്ക്കും അനാരോഗ്യം മുതലായ ചില അനത്ഥങ്ങരം അദ്ദേഹത്തെ അലട്ടുന്നുണ്ടായിരുന്നു. കൊച്ചിക്കോട്ടയിലേക്കുള്ള യാത്രയ്ക്കിടയിൽ

തൊണ്ടനാട്ടു് അന്തോനി കത്തനാർ ആദിയായ ശീശ്മപ്രമാണികൾ പല പ്രബന്ധങ്ങൾ ഉണ്ടാക്കിയെന്നുള്ളതും ചിന്താർഹമാണു്. കൊച്ചീക്കോട്ടയിൽ എത്തിയശേഷം മടക്കയാത്രയ്ക്കുള്ള ചെലവു് കിട്ടിയാൽ കേരളം വിട്ടുപൊയ്ക്കൊള്ളാമെന്നു് റോക്കോസ് മെത്രാൻ വരാപ്പുഴ മെത്രാപ്പോലീത്തായെ അറിയിച്ചു. ചാവറയച്ചൻെറ പ്രേരണ പ്രകാരം ചില വ്യവസ്ഥകളോടു കൂടി യാത്രച്ചെലവു വഹിക്കാമെന്നു് മെത്രാപ്പോലീത്താ സമ്മതിക്കുകയും ചെയ്തു. ശീശ്മ നേതാക്കൾ പരിഭ്രാന്തരായെന്നു് പറയേണ്ടതില്ലല്ലോ. അവരിൽ ചിലർ കൊച്ചിക്കോട്ടയിലെത്തി റോക്കോസിൻെറ മടക്കയാത്രയ്ക്കു പ്രതിബന്ധങ്ങൾ ഉണ്ടാക്കുവാൻ ശ്രമിച്ചു. എങ്കിലും ദൈവ ദാസൻ ചാവറഅച്ചനും സഹപ്രവത്തകരും ആഗ്രഹിച്ച പ്രകാരം റോക്കോസു് മെത്രാൻ വിനാവിളംബം കൊച്ചിയിൽ നിന്നു് ബാഗ്ദാദ് ലക്ഷ്യമാക്കി കപ്പൽയാത്ര തുടങ്ങി.

ഇതുകൊണ്ടും ശീശ്മക്കാക്കു് നൈരാശ്യം ഉണ്ടായില്ല. റോക്കോസ് മെത്രാൻ ബോംബെയ് ലക്ഷ്യമാക്കി യാത്ര ചെയ്തു. അതേ കപ്പലിൽ തന്നെ വേറൊരു കൽദായ മെത്രാനെ കേരളത്തിലേയ്ക്കു് ആനയിക്കുന്നതിനായി തൊണ്ടനാട്ടു് അന്തോനി കത്തനാർ സിറിയായിലേക്കു് പുറപ്പെട്ടു. തന്നിമിത്തം ശീശ്മക്കാരുടെ പുനരൈക്യത്തിനുവേണ്ടി ചാവറ അച്ചൻ സമാരംഭിച്ച പ്രവത്തനം ദ്വിഗുണീഭവിപ്പിക്കുകയൊ ത്രിഗുണീഭവിപ്പിക്കുകയൊ ചെയ്യേണ്ടതായ ആവശ്യം നേരിട്ടു. കൽദായ പാത്രിയക്കീസ്, തന്നെ മെത്രാനായി വാഴിക്കയില്ലെന്നു് സിറിയായിൽ ചെന്നപ്പോൾ മനസ്സിലാക്കിയ അന്തോനി കത്തനാർ നെസ്തോറിയൻ പാത്രിയക്കീസിനെ സമീപിച്ചു്, അദ്ദേഹത്തിൽ നിന്നു് അബദ് ഈശോ എന്ന നാമത്തിൽ മെത്രാൻ പട്ടം സ്വീകരിച്ചു നാട്ടിൽ മടങ്ങിയെത്തി. റൊക്കൊസിനെന്നപൊലെ തൊണ്ടനാട്ടു്മെത്രാനും തൈക്കാട്ടുശ്ശേരി സ്വീകരണരംഗമായി. പക്ഷേ, ശീശ്മ വിനാശനത്തിനു് ചാവറഅച്ചൻെറ നേതൃത്വത്തിൽ നടന്ന പ്രവത്തനങ്ങൾ നിമിത്തം പറയത്തക്ക വിധത്തിൽ യാതൊരു സ്വീകരണവും അദ്ദേത്തിന്നവിടെ ലഭിച്ചില്ല. ചാവറഅച്ചൻെറ പരിശ്രമഫലമായി പല ഇടവകകളിലും പദ്രൊവാദോ–പ്രൊപ്പഗാന്താമത്സരം ഇതിനിടയിൽ അവസാനിക്കുകയും ചെയ്തു. ഈ സംഭവവികാസങ്ങളെ തുടന്നു് മാർ അബദ് ഈശോ മെത്രാനെതിരായി വരാപ്പുഴ മെത്രാപ്പോലീത്താ ഒരു നിരോധന കല്പന പ്രസിദ്ധീകരിച്ചു. സുറിയാനിക്കാർ പദ്രൊവാദോ, പ്രൊപ്പഗാന്താ എന്നീ അധികാര വ്യത്യാസങ്ങൾ അഗണ്യമാക്കി ഐക്യബുദ്ധിയോടു കൂടി വത്തിച്ചതു് ശീശ്മയുടെ അധഃപതനത്തെ ത്വരിതപ്പെടുത്തി. ചില ഇടവകകളിലെ ഏതാനും കുടുംബങ്ങളും വ്യക്തികളും മാത്രമെ പിന്നീടു് ശീശ്മയിൽ അവശേഷിച്ചുള്ളു.

ശീശ്മയ്ക്കു കണ്ണുകോടാലിയായി കഴിഞ്ഞ ചാവറഅച്ചനുമായി മൈത്രീബന്ധം പുലർത്തുവാൻ തൊണ്ടനാട്ടു് മെത്രാൻ ഒരവസാന ശ്രമം നടത്തി. അദ്ദേഹം ആഗവശം ഒരു എഴുത്തു് ദൈവദാസനു നൽകുവാൻ വരാപ്പുഴയ്ക്കുയച്ചു. എഴുത്തിലെ ആദ്യഭാഗം ഇപ്രകാരമായിരുന്നു: ''മലയാളത്തിൻെറ അന്തോനീസ അബദ് ഈശോ മെത്രാപ്പോലീത്താ എഴുത്തു് ബ. റെശദൈറായായിരിക്കുന്ന കുര്യാക്കോസ് മല്പാനു സ്വത്വം. മുമ്പിലത്തെ ഞങ്ങളുടെ വരവിലും എഴുതി കൊടുത്തയച്ചു, മറുപടി വന്നില്ല. എന്നാൽ തങ്ങളുംകൂടി നൽമനസ്സു വയ്ക്കായ്കയാൽ നടപ്പുകേടിനും മററും ഇട വന്ന വിവരമൊക്കയും എഴുതിയിട്ടറിയണമെന്നില്ലല്ലോ. എന്നാൽ ഇപ്പോഴെങ്കിലും നൽമനസ്സു വച്ചാൽ മുമ്പിലത്തേതിൽ ഉണ്ടായ ക്ലേശമൊക്കയും തീരുവാൻ ഇട വരും,'' മുമ്പിലത്തെ എഴുത്തിനു ചാവറഅച്ചൻ മറുപടി കൊടുക്കാതിരുന്നവിവരം ഉദ്ധൃതഭാഗത്തിൽ സൂചിപ്പിച്ചിട്ടുണ്ടല്ലൊ. അതെ അനുഭവംതന്നെ ഇപ്പോഴത്തതിനുമുണ്ടായി.

കേരളസുറിയാനി കമ്മലീത്താസഭയിൽ സകലരാലും ആരാദ്ധ്യനായി പ്രിയോർ ജനറൽസ്ഥാനം വഹിച്ചു് സൽഗ്ഗുണസമ്പന്നനായി വിളങ്ങിയ ചാവറഅച്ചൻ തൻെറ കത്തുകൾക്കു മറുപടി അയയ്ക്കാതിരുന്നതു് വ്യക്തിപരമായ വിദ്വേഷംകൊണ്ടായിരുന്നില്ല, സത്യസഭാഭക്തിയും ശീശ്മവിദ്വേഷവും മൂലമായിരുന്നെന്നു് മനസ്സിലാക്കിയ തൊണ്ടനാട്ടു് മെത്രാൻ, അനാരോഗ്യം, ധനദൗർലഭ്യം, ആദിയായ ശോകകാരണങ്ങളാൽ മർദ്ദിതനായപ്പോൾ വീണ്ടും ദൈവദാസൻെറ സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചു. മാന്നാനത്തുനിന്നും മാറി കൂനമ്മാവുങ്കൽ താമസമുറപ്പിച്ചിരുന്ന ചാവറഅച്ചനു് ആഗവശം വീണ്ടും തൊണ്ടനാട്ടുമെത്രാൻ എഴുത്തയച്ചു. അനന്തരം വരാപ്പുഴ മെത്രാപ്പോലീത്താ അവർകളുടെ അനുവാദത്തോടുകൂടി ചാവറഅച്ചൻ തൊണ്ടനാട്ടുമെത്രാനെ കൊച്ചീക്കോട്ടയിൽവച്ചു കണ്ടു. ശീശ്മവിനാശനം എന്ന ലക്ഷ്യം മുൻനിറുത്തി ഈ സന്ദർശനാവസരത്തിൽ പ്രിയോരച്ചൻ ശീശ്മ ഉപേക്ഷിച്ചു് കത്തോലിക്കാസഭയുമായി ഐക്യപ്പെടുവാൻ മാർ അന്തോനീസിനെ ഉപദേശിച്ചു. മാർ തൊണ്ടനാട്ടു് അനുതപ്തനായി ശീശ്മ ഉപേക്ഷിക്കുവാൻ സമ്മതിച്ചു. സംതൃപ്തനായ പ്രിയോരച്ചൻ വിവരങ്ങളെല്ലാം വരാപ്പുഴ മെത്രാപ്പോലീത്തായെ അറിയിച്ചു. മെത്രാൻസ്ഥാനവും സ്ഥാനചിഹ്നങ്ങളും ഉപേക്ഷിച്ചു് തൊണ്ടനാടൻ മാന്നാനത്തുചെന്നു് ആദ്ധ്യാത്മികധ്യാനം നടത്തി. അവിടെ അധിവസിക്കുവാൻ മെത്രാപ്പോലീത്താ ആജ്ഞാപിച്ചു. അനന്തരം റോമായിൽനിന്നു ലഭിച്ച പ്രത്യേകാനുവാദപ്രകാരം അബദ് ഈശോ മെത്രാൻ വീണ്ടും തൊണ്ടനാട്ടു് അന്തോനികത്തനാരായി പരിണമിക്കുന്നു. മാന്നാനത്തു പോയി താമസിക്കുവാൻ

തീരുമാനിച്ചശേഷം തൊണ്ടനാട്ടച്ചൻ ചാവറഅച്ചനയച്ചഒരെഴുത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരുന്നു; ''ആയതുകൊണ്ടു് എ. പെ. പെ. ബ: അനുഗ്രഹമുള്ള പിതാവ് മെത്രാപ്പോലീത്താച്ചന്റെ കല്പനയ്ക്കും അച്ചന്റെ ഗുണദോഷത്തിനും ഞാൻ കീഴ്‌വഴങ്ങി കല്പനപ്രകാരം മാന്നാനത്തു കൊവേന്തയ്ക്കു് ഇപ്പോഠംതന്നെ ഞാൻ പുറപ്പെടുകയും ചെയ്യും. അച്ചൻ എഴുതിയിരിക്കുന്നതിൽവച്ച് ഒരു വ്യത്യാസവും ഉണ്ടാകുകയില്ലെന്നു ഞാൻ വിശ്വസിച്ചിരിക്കുന്നു. എ. പെ. പെ. ബ: പിതാവു് മെത്രാപ്പോലീത്താച്ചന്റെ ശ്രു. വലത്തേതു ഞാൻ മുത്തി വാഴ അപേക്ഷിച്ച ചൊല്ലുവിളിക്കും ക. ശ്രു. ഞാൻ ആസ്സമായിരിക്കുന്നു'' (ഫാദർ വലേറിൽ, മലങ്കരസഭാമാതാവിന്റെ ഒരു വീരസന്താനം, pp (190–191)

റോക്കൊസ് ശീശ്മ അവസാനിപ്പിക്കുന്നതിനായി ദൈവദാസൻ ചാവറ കര്യാക്കോസ് ഏലിയാസച്ചൻ ചെയ്ത മഹനീയ സേവനങ്ങളെപ്പറ്റി ഇനിയും ധാരാളം പ്രതിപാദിപ്പാനുണ്ടെങ്കിലും അതിനായി തൽക്കാലം തുനിയുന്നില്ല. ഇത്രയും പ്രസ്താവിച്ചതിൽ നിന്നു് നമ്മുടെ ദൈവദാസൻ അതുല്യനായ ശീശ്മവിനാശകനായിരുന്നുവെന്നു് ധാരാളം തെളിയുന്നുണ്ടു്. അദ്ദേഹത്തിന്റെ ഭക്തിസംവർദ്ധകങ്ങളും സദാചാരപ്രബോധകങ്ങളുമായ വിശിഷ്ടസാഹിത്യതല്ലജങ്ങളെപ്പറ്റി പ്രത്യേകിച്ചൊന്നും പ്രസ്താവിക്കുവാൻ ഈ അവസരം ഉപയോഗിക്കാതെ അവയെല്ലാം ദൈവദാസന്റെ വാക്കുകളിൽ ദൈവഭക്തന്മാക്കു്,

''മംഗലേശ്വരൻ ചെയ്ത നന്മയെ നന്ദിപൂർവ്വം,
തന്നുടെ ദൂതന്മാരൊന്നിച്ചു സ്തുതിക്കുമ്പോഠം''

ഉണ്ടാകുന്ന ആനന്ദാനുഭൂതി അനുവാചകരിൽ വർദ്ധിപ്പിക്കുവാൻ ഉതകുന്നവയാണെന്നുള്ള വിശ്വാസം രേഖപ്പെടുത്തിക്കൊണ്ടു്, ദൈവദാസന്റെ നാമം വിനാവിളംബം വിശുദ്ധരുടെ പട്ടികയെ അലങ്കരിച്ചുകാണുവാൻ പ്രാർത്ഥിച്ചുകൊള്ളുന്നു.

# സി. എം. ഐ. യുടെ ശ്രദ്ധയ്ക്കു്

വർഗ്ഗീസ് ജെ. വള്ളവന്ത്ര.

---

ദൈവദാസനായ വലിയ പ്രിയോരച്ചൻ ദിവംഗതനായിട്ടു് ഒരു നൂററാണ്ടു തികയുന്നു. സന്യാസസഭാസ്ഥാപനം, ശീശ്മ പ്രതിരോധനം, ആരാധനക്രമസംവിധാനം, സഭാഭരണം, ആത്മീയോദ്ധാരണം, സാഹിത്യസേവനം, വിദ്യാഭ്യാസ പ്രവത്തനം, മുദ്രണാലയസ്ഥാപനം അധ:കൃതോദ്ധാരണം, സാധുജനസേവനം എന്നിങ്ങനെ വിവിധ മണ്ഡലങ്ങളിൽ ഭഗസ്സ്മരണാർഹനായ അദ്ദേഹം നിരവധി സേവനങ്ങൾ അനുഷ്ഠിച്ചിരുന്നു. ആ പുണ്യശ്ലോകൻ അത്യദ്ധ്വാനം ചെയ്തു നട്ടുവളത്തിയ അമലോത്ഭവ കന്യകമറിയത്തിൻെറ ശുശ്രൂഷികളുടെ സംഘം (S M I) കാലാന്തരത്തിൽ കർമ്മത്തീലാ മൂന്നാംസഭ (T. O. C. D ; C. D.) ആയും പകന്നു് ഇന്നു് അമലോത്ഭവനാഥയുടെ കർമ്മലീത്താ സമൂഹ (C. M. I.) മായി രൂപാന്തരപ്പെട്ടിരിക്കുകയാണു്. ആശ്രമങ്ങൾ, സെമിനാരികൾ, കലാശാലകൾ, വിദ്യാലയങ്ങൾ, മുദ്രണാലയങ്ങൾ, ദേവാലയങ്ങൾ, ദ്രൂപതകൾ, പ്രസിദ്ധീകരണശാലകൾ, ആശുപത്രികൾ, വൃദ്ധമന്ദിരങ്ങൾ, അനാഥബാല ഗൃഹങ്ങൾ എന്നിങ്ങനെ പല സ്ഥാപനങ്ങൾ സി. എം. ഐ. യുടെ ആഭിമുഖ്യത്തിലുണ്ടു്. ശാസ്ത്രജ്ഞന്മാരും, പണ്ഡിതന്മാരും, വിദ്യാഭ്യാസധുരന്ധരന്മാരും, സാഹിത്യകാരന്മാരുമടങ്ങിയ ഒരു വലിയ അംഗസംഖ്യയുള്ള സി. എം. ഐ. ഇന്നു് കേരളത്തിൽ മാത്രമല്ല, ഭാരതത്തിൽ മുഴുവൻ അറിയപ്പെട്ട സമൂഹമാണു്. കേരളീയക്കു് തികച്ചും അഭിമാനകരവും, ആമോദജനകവുമായ വസ്തുതകളാണിതെല്ലാം. വിവിധ മണ്ഡലങ്ങളിൽ ഈ സന്യാസസമൂഹം നിവ്വഹിച്ചുപോരുന്ന പ്രശസ്ത സേവനങ്ങൾക്കു് നിശ്ചയമായും കേരളീയർ കൃതജ്ഞതയുള്ളവരായിരിക്കണം.

ഒരു സുപ്രധാനഘട്ടത്തിലാണ് ഇന്നു സി. എം. ഐ. സമൂഹം വലിയ പ്രിയോരച്ചൻെറ സ്മരണ ആചരിക്കുന്നത്. വലിയ പ്രസ്ഥാനങ്ങളിൽക്കൂടി ബഹുവിധ ജോലിത്തിരക്കുകളിൽ ആമഗ്നരായിരിക്കുന്ന സി. എം. ഐ. സന്യാസസമൂഹാംഗങ്ങളോട്, കേരളമണ്ണിൽ പ്രഥമസ്ഥാപിതമായ സന്യാസസമൂഹത്തിൻെറ ആദ്യത്തെ ഔദ്യോഗികാധിപനായിരുന്ന ചാവറ കുര്യാക്കോസച്ചൻെറ നൂറുകണക്കിനുള്ള അനുയായികളോട് വിനീതമായി ചോദിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു, "എന്തു സന്ദേശമാണ് നിങ്ങൾക്ക് ഈ അവസരത്തിൽ ജനങ്ങൾക്ക് നൽകുവാനുള്ളത്" എന്ന്. സത്യം തുറന്നുപറഞ്ഞാൽ "അനേകം കുര്യാക്കോച്ചന്മാർ" ഇന്നു കേരളസഭയ്ക്കും ഭാരതസഭയ്ക്കും ആവശ്യമായിരിക്കുന്നു. ഒരു വലിയ പരിവർത്തനത്തിൻെറ വേദന സഭയും സമുദായവും അനുഭവിക്കുന്ന ഈ കാലഘട്ടത്തിൽ കേരളമണ്ണിൽ പിറന്ന സി. എം. ഐ. യുടെ നേർക്ക്, നേതൃത്വത്തിനുവേണ്ടി, സഹായത്തിനുവേണ്ടി സഹകരണത്തിനുവേണ്ടി, ഉപദേശനിർദ്ദേശങ്ങൾക്കുവേണ്ടി കേരളമക്കൾ ആകാംക്ഷയോടെ നോക്കുന്നതിൽ അത്ഭുതത്തിനവകാശമില്ല. സി. എം. ഐ. യുടെ അത്ഭുതകരമായ വളർച്ച, ഗംഭീരങ്ങളായ പ്രസ്ഥാനങ്ങൾ, വർദ്ധിച്ചു വരുന്ന പ്രഗത്ഭരായ അംഗങ്ങൾ ഇവയെല്ലാം കണ്ടു വിസ്മയസ്തബ്ധരായി, സന്തോഷചിത്തരായി നില്ക്കുന്നവർ പരിവർത്തനത്തിൻെറ ഈ യുഗത്തിൽ സി. എം. ഐ. യിൽ നിന്നും കാലാനുസൃതമായ പലതും പ്രതീക്ഷിക്കുന്നുണ്ട്.

എല്ലാ മണ്ഡലങ്ങളിലും വളരെയധികം വ്യതിയാനങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണല്ലോ. സമാദരണീയങ്ങളായി അംഗീകരിക്കപ്പെട്ടുപോന്ന പലതും ചോദ്യംചോയ്യപ്പെടുകയോ, പരിഷ്കരിക്കപ്പെടുകയോ ചെയ്യുകയാണിന്ന്. 'മലയിങ്ങോട്ടു വരാൻ കൂട്ടാക്കുന്നില്ലെങ്കിൽ മലയിലേക്കു തന്നെ പൊയ്കളയാം' എന്ന ചിന്താഗതിക്കാർ ഒരിടത്ത്; നവീന പ്രവണതകളെല്ലാം വിനാശകരങ്ങളെന്നു വിചാരിച്ചു നിരാശരായി കഴിയുന്നവർ മറ്റൊരിടത്ത്; തുറന്നിട്ട വാതിൽക്കൂടി അശുദ്ധവായു കുറെയൊക്കെ ബഹിർഗ്ഗമിച്ചെങ്കിലും മന്ദമാരുതനുപകരം കൊടുങ്കാറ്റാണ് പ്രവേശിച്ചതെന്ന് മൂന്നാമതൊരു കൂട്ടർ—ആകെ ഒരരക്ഷിതാവസ്ഥയോ അസ്വസ്ഥതയോ ആണെവിടെയും. ഉപ്പിൻെറ സ്വാദ് കുറഞ്ഞുപോകുന്ന അനുഭവങ്ങളുമുണ്ടായിരിക്കാം. പക്ഷെ, ഇതുകൊണ്ടെന്തിന് നിരാശരാകണം? കാലം പലതിനെയും മാററിമറിക്കുക തന്നെ ചെയ്യും. അതാണ് അനുഭവം പഠിപ്പിക്കുന്നത്. അപ്പോൾ സമചിത്തതയോടും വിശാലവീക്ഷണത്തോടും കൂടി വസ്തുതകളെ നേരിടുകയല്ലേ നല്ലത്? അധികാരം സേവനത്തിനു വേണ്ടിയാണെന്ന് ആരൊക്കെപ്പറഞ്ഞാലും അംഗീകരിക്കാൻ തയ്യാറില്ലാത്തവരും, നവീനാശയ പ്രചരണം വളയമില്ലാത്ത ചാട്ടമായി കൊണ്ടുനടക്കുന്ന



കേരളത്തിലെ സാമൂഹ്യവും സാമുദായികവും സഭാബന്ധവുമായ മണ്ഡലങ്ങളിൽ മായാത്ത വ്യക്തിമുദ്ര പതിച്ചുകൊണ്ടുയർന്നുവരുന്ന ഒരു യുവാവാണ് ശ്രീ. വർഗീസ് ജെ. വള്ളവന്തറ. 'മിസരയോർ'പോലുള്ള സാമൂഹ്യസേവനനിരതമായ പല വിദേശസംഘടനകളുടെയും കേരളത്തിലെ ഫീൽഡ് ഓഫീസറാണദ്ദേഹം.

Varghese J.
Vallavanthara B. A.

ഒരു ഒന്നാംകിട വാഗ്മിയും സാഹിത്യകാരനുമായ ശ്രീ. മാത്യു ഉലകംതറ പല ഗ്രന്ഥങ്ങളുടെ ഉടമയും, അനേക ലേഖനങ്ങളുടെ കർത്താവുമാണ്. തേവര കോളേജിൽ മലയാളം ഡിപ്പാർട്ടുമെൻറു അദ്ധ്യക്ഷനായി സേവനം അനുഷ്ഠിച്ചു വരുന്നു.



Prof. Mathew
Ulakamthara M. A.

ആവേശഭരിതരും, എല്ലാം സർവ്വത്ര ഇരുട്ടായി കാണുന്നവരും, നേരിട്ട് 'വെളിപാട്' കിട്ടിയാലെന്നപോലെ സ്വന്തം നിർദ്ദേശങ്ങളും നിഗമനങ്ങളുമായി മുന്നേറുന്നവരും, യാഥാർത്ഥ ദിവ്യ-ചൈതന്യത്താൽ പ്രേരിതരെങ്കിലും പരിത:സ്ഥിതികളുടെ പ്രാതികൂല്യം നിമിത്തം ദീനരോദനം പുറപ്പെടുവിക്കുന്നവരും, ഇതിനെല്ലാമിടയിൽ ചിന്താക്കുഴപ്പത്തിൽ അകപ്പെട്ട 'ദൈവജനവും' ഈ ദൈവജനം, ആദ്ധ്യാത്മികവും ലൌകികവുമായ ജീവിതത്തിനുവേണ്ടി പണിപ്പെട്ടു വലയുന്ന ജനങ്ങൾ ശരിയായ മാർഗ്ഗനിർദ്ദേശത്തിനുവേണ്ടി ചുറ്റുപാടും നോക്കുകയാണ്. ഈ നോട്ടം മാമൂലുകൾ പറഞ്ഞു കേൾക്കാൻ വേണ്ടിയല്ല, നവീന പന്ഥാവു കണ്ടു പിടിക്കുന്നതിനു വേണ്ടിയാണ്.

കേരള കത്തോലിക്കാസഭയുടെ വിപത്സന്ധിയിൽ നേതൃത്വം നല്കിയ ചാവറയച്ചന്റെ അനുയായികൾ, സഭയാകെ പ്രക്ഷുബ്ധമായിരിക്കുന്ന ഈ ഘട്ടത്തിൽ നേതൃത്വം നൽകുവാൻ തയ്യാറുണ്ടോ? ആദ്ധ്യാത്മികതയുടെ ദിവ്യസന്ദേശമറിയിക്കുവാൻ, സാഹോദര്യത്തിന്റെ കാഹളമൂതുവാൻ, മനുഷ്യസേവനത്തിന്റെ പതാക വഹിക്കുവാൻ, ശാസ്ത്രജ്ഞനും, പണ്ഡിതനും, വിദ്യാഭ്യാസ ധുരന്ധരനും, സാഹിത്യകാരനും, ജനലക്ഷങ്ങളുടെയിടയിലേയ്ക്കിറങ്ങുവാൻ തയ്യാറാകണം. കല്പനകൾ നല്ലാനല്ല-അതിനു ആളുകൾ വളരെയുണ്ട്. കല്പിക്കുന്നതു ജനങ്ങളോടൊത്തു ചെയ്യുവാനാണ് ഈ വിനീത ക്ഷണം. സുവിശേഷത്തിലേക്ക് പോവുക, ഇതു നമ്മുടെ മുദ്രാവാക്യമാണ്. സുവിശേഷത്തിന്റെ സത്തയ്ക്കനുസൃതമായി സന്യാസസഭാനിയമങ്ങൾ ക്രോഡീകരിച്ച ചാവറ കുര്യാക്കോസച്ചന്റെ കാലടികൾ പിന്തുടരുകയെന്നതാണ് ഇന്ന് കരണീയമായിട്ടുള്ളത്. ആ പുണ്യശ്ലോകന്റെ വിവിധ പ്രസ്താവനകളും പ്രസ്ഥാനങ്ങളും പ്രവർത്തനങ്ങളും പഠിക്കുന്നവർക്കറിയാം, ആ കർമ്മയോഗി നാട്ടുകാരിൽ നിന്നും — ദൈവജനത്തിൽ നിന്നും അകന്നുമാറി ഒററപ്പെട്ടു നില്ക്കുവാൻ ശ്രമിച്ചിരുന്നില്ലെന്ന്. 'ചക്രവും', 'പണവും', 'പറമ്പും', സ്വന്ത സമുദായത്തിൽ നിന്നും സ്വീകരിച്ച് ആശ്രമങ്ങൾ സ്ഥാപിക്കുകയും, സന്യാസികളെ അഭ്യസിപ്പിക്കുകയും ചെയ്ത ആ ധന്യൻ, ഈ ആശ്രമങ്ങളും സന്യാസികളും തന്റെ ജനങ്ങൾക്ക് ശാന്തിയും സമാധാനവും നൽകുന്നതിനുപകരിക്കണമെന്ന് അഭിലഷിച്ചിരുന്നു. സന്യസിക്കുവാൻ വേണ്ടിമാത്രമുള്ള സന്യാസസഭയല്ല, സേവിക്കുവാൻ കൂടി വേണ്ടിയുള്ള സന്യാസസഭയായിരുന്നു അദ്ദേഹം വിഭാവനം ചെയ്തതും സ്ഥാപിച്ചു വികസിപ്പിച്ചതും. നിസ്വാർത്ഥമായ സേവനത്തിന്, ദൈവത്തിന്റെ പിതൃത്വത്തെ മാനിച്ചുകൊണ്ടുള്ള സേവനത്തിന്, ശരിയായ ആദ്ധ്യാത്മിക സേവനത്തിന്, അർപ്പണബുദ്ധിയോടുകൂടിയ മനുഷ്യസേവനത്തിന്, 'സന്യാസം' സഹായിക്കുമെന്ന് ആ മഹാ സന്യാസി മനസ്സിലാക്കിയി

രുന്നു. മനുഷ്യസേവനത്തിനു് സന്യാസവും, പൗരോഹിത്യവും തടസ്സമാണെന്നു് കൊട്ടിഘോഷിക്കുന്നവരുടെ തട്ടിപ്പിൽ വീണു പോകത്തക്ക മാടമ്പന്മാരല്ല ഇന്നുള്ളവർ. നോട്ടപ്പുള്ളികളെ പൂണ്ടി കാണിക്കുവാൻ ഇന്നത്തെ ജനത മടിക്കുകയുമില്ല.

ദേവാലയത്തിൽ സഞ്ചരിച്ച പാദങ്ങൾ, ദിവ്യബലി അർപ്പി ച്ച കരങ്ങൾ, ദൈവകീർത്തനം പാടിയ അധരം എന്നിവയാൽ അനു ഗൃഹീതരായവർക്കു് ജനലക്ഷങ്ങളുടെയിടയിൽ നിസ്വാർത്ഥമായി സേവനം ചെയ്യുവാൻ കഴിയുമെന്നു് ദൈവദാസൻ അറിഞ്ഞിരുന്നു. ദൈവദൂതന്മാരെപ്പോലെ T O C D അച്ചന്മാരും C D അച്ചന്മാരും സഞ്ചരിച്ചിരുന്ന ആ നല്ലകാലം ഞാൻ ഓർത്തുപോകുകയാണു്. സ്ഥാപനങ്ങൾ നടത്തണം, പ്രസിദ്ധീകരണങ്ങൾ നിലനിർത്തണം, അതേസമയം ജനങ്ങളിലേയ്ക്കു് ഇറങ്ങിവരണം. രണ്ടു കാര്യങ്ങൾ എടുത്തുപറയുവാനാണു് ഞാൻ ആഗ്രഹിക്കുന്നതു്. കുര്യാക്കോസച്ച ൻെറ കാലത്തും, അതിനുശേഷം പല വർഷത്തേക്കും, കേരളത്തിലെ ഇടവകകളിൽ ധ്യാനപ്രസംഗങ്ങൾ നടത്തുന്നതിനും, കൂദാശകൾ നൽകുന്നതിനും, വീടുകൾ സന്ദർശിക്കുന്നതിനും, അഭിപ്രായവ്യത്യാ സങ്ങൾ രമ്യമാക്കുന്നതിനുംമററും ടി. ഒ. സി. ഡി., സി. ഡി. വൈദീകർ സദാ ജാഗരൂകരായിരുന്നു. ഇടവകവൈദികർ കുറുത ലുള്ള ഇക്കാലത്തു് സന്യാസികളുടെ സഹകരണം ഈ ആവശ്യ ങ്ങൾക്കു വേണ്ടിവരുമോയെന്നു സന്ദേഹിക്കേണ്ടതില്ല. ഇടവകകൾ വർദ്ധിച്ചിട്ടുണ്ടു്, ജനങ്ങൾ വർദ്ധിച്ചിട്ടുണ്ടു്, പ്രശ്നങ്ങളും വർദ്ധിച്ചി ട്ടുണ്ടു്. സി. എം ഐ. സന്യാസസഭാവൈദികരുടെ സേവനങ്ങൾ ആദ്ധ്യാത്മികനവോദ്ധാരണശ്രമങ്ങളിൽ സുഗമമാക്കുന്നതിനു് രൂപ താദ്ധ്യക്ഷന്മാരും ഇടവകവൈദികരും വേണ്ടതു ചെയ്യേണ്ടതുണ്ടു്. സേവനലക്ഷ്യത്തോടുകൂടി ഈ രംഗത്തിറങ്ങിയാൽ എല്ലാ മണ്ഡല ങ്ങളിലുള്ളവരും സഹകരിക്കുമെന്നു് പ്രതീക്ഷിക്കാവുന്നതാണു്.

ആത്മീയോദ്ധാരണശ്രമങ്ങളോടൊപ്പം അധഃകൃതോദ്ധാരണ ത്തിലും അഗതിസംരക്ഷണത്തിലും ദൈവദാസൻ അതീവശ്രദ്ധാലു വായിരുന്നു. "അന്യന്മാർക്കു് ഉപകാരം ചെയ്യാത്തദിവസം നിൻെറ ആയുസ്സിൻെറ ദിവസങ്ങളുടെ കണക്കിൽ കൂട്ടുന്നതല്ല" എന്നു തറപ്പിച്ചുപറയുന്ന വലിയ പ്രിയോരച്ചൻ തൻെറ സഭാംഗങ്ങൾ സാമൂഹ്യപ്രവർത്തനരംഗത്തു് സജീവമായി മുന്നേറുവാൻ അഭില ഷിച്ചിരുന്നുവെന്നു് ന്യായമായി അനുമാനിക്കാവുന്നതാണല്ലോ. മന്ദബുദ്ധിക്കാരനായിരുന്ന ശെമ്മാശനെ പഠിപ്പിച്ചും, മസൂരിരോ ഗിയെ ശുശ്രൂഷിച്ചും, കൈനകരിയിൽ ആതുരശാല സ്ഥാപിച്ചും, "ഭിക്ഷക്കാർ ഒരിക്കലും വെറുംകയ്യോടുകൂടി നിൻെറ വീട്ടിൽനിന്നും പോകുവാൻ നീ സമ്മതിക്കേണ്ട" എന്നും "വേലക്കാർക്കു് ന്യായമുള്ള കൂലി കൊടുക്കാതിരിക്കുകയോ താമസിപ്പിക്കുകയൊ

ചെയ്യരുതു്'' എന്നു കർശനമായി നിർദ്ദേശിച്ചും, വസ്ത്രം വാങ്ങി സാധുക്കൾക്കു വിതരണം ചെയ്തും, ധനവാന്മാരിൽനിന്നും പണം വാങ്ങി യഥാർത്ഥത്തിൽ ബുദ്ധിമുട്ടുന്നവർക്കു നൽകിയും, ശത്രുതയോടെ വർത്തിച്ചിരുന്നവരെ സൗമനസ്യത്തോടെ സ്വീകരിച്ചും, കുര്യാക്കോസച്ചൻ തന്റെ പരസ്നേഹആദർശം പ്രായോഗികമാക്കിയിരുന്നു. ഉപവിപ്രവർത്തനം കാലോചിതമായ രീതിയിൽ നിർവ്വഹിക്കുന്നതിനുതകുന്ന ആളും അർത്ഥവും സി. എം. ഐ. യ്ക്കു് ഉണ്ടാകേണ്ടിയിരിക്കുന്നു. സാമൂഹ്യപ്രവർത്തനത്തെ സംബന്ധിച്ച വളരെയധികം ചിന്തിക്കുകയും സംസാരിക്കുകയും ചെയ്യുന്ന ഒരു കാലഘട്ടമാണിതു്. സാമൂഹ്യസാമ്പത്തിക സമുദ്ധാരണപ്രവർത്തനങ്ങൾ പല കേന്ദ്രങ്ങളിലും സമാരംഭിച്ചിട്ടുള്ളതു് ശുഭോദർക്കമാണു്. സി. എം ഐ. യുടെ ആഭിമുഖ്യത്തിൽ ചെത്തിപ്പുഴയിലും, വഴിത്തലയിലും, ബാംഗ്ലൂരിനടുത്തുള്ള ഗ്രാമത്തിലും ചെയ്തുവരുന്ന പ്രവർത്തനങ്ങളെ അനുസ്മരിച്ചുകൊണ്ടുതന്നെ വിനീതമായി ഞാൻ അഭ്യർത്ഥിക്കുകയാണു്, ഈ രംഗത്തിൽ വളരെയധികം സി. എം. ഐ. മുന്നേറേണ്ടിയിരിക്കുന്നു. സംഘടിതശ്രമത്തിൽക്കൂടി സ്വയംസഹായ പദ്ധതികൾ വിജയിപ്പിക്കുകയാണു് ഇന്നത്തെ ആവശ്യം. സമൂഹ്യസാമ്പത്തികപ്രവർത്തനങ്ങൾക്കു് രണ്ടുതരത്തിലുള്ള സമീപനമാണു് ആവശ്യം. വികസനപ്രവർത്തനപരിപാടികൾ (Extension programmes), പദ്ധതിനിർവ്വഹണം (Implementation of projects). ഇവയാണു് രണ്ടു ഘട്ടങ്ങൾ.

സാമൂഹ്യസാമ്പത്തിക സമുദ്ധാരണപ്രവർത്തനങ്ങൾക്കു് ജനങ്ങളെ സജ്ജമാക്കുന്ന, പരിശീലനം നൽകുന്ന, പരിപാടികൾ നാടിന്റെ നാനാഭാഗത്തും നിർവ്വഹിക്കേണ്ടിയിരിക്കുന്നു. കാലത്തിനൊത്തും അവസരത്തിനൊത്തും സാമൂഹ്യസാമ്പത്തികപ്രശ്നങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്യുകയും, വിലയിരുത്തുകയും ചെയ്യുന്നതിനു കഴിവുള്ളവരുടെ ഒരു കമ്മററി നിരന്തരമായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. നിലവിലുള്ള സാമൂഹ്യസാമ്പത്തികവ്യവസ്ഥിതി, അവയുടെ ഗുണദോഷങ്ങൾ, ദോഷങ്ങൾ പരിഹരിക്കുന്നതിനുള്ളമാർഗ്ഗങ്ങൾ, ഓരോ നിലവാരത്തിലുമുള്ളവരുടെകടമ നിലവിലുള്ള പ്രവർത്തനകേന്ദ്രങ്ങളുടെ പരിപാടികൾ, ഭാരതത്തിലും വിദേശത്തിലും നടന്നുവരുന്ന പ്രായോഗികപ്രവർത്തനങ്ങൾ എന്നിങ്ങനെ പലതും ഈ കമ്മററിയുടെ പരിചിന്തനത്തിനു വിധേയമാകണം. ഈദൃശ്യകാര്യങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ വ്യക്തവും ലളിതവുമായ രീതിയിൽ പ്രസിദ്ധീകരിക്കണം. സി. എം. ഐ. യുടെ ആഭിമുഖ്യത്തിലുള്ള പ്രസിദ്ധീകരണങ്ങൾക്കു് ഈ കാര്യത്തിൽ ഗണനീയമായ സേവനം ചെയ്യുവാൻ കഴിയും. സാമൂഹ്യസാമ്പത്തികമണ്ഡലങ്ങളിൽ വിജ്ഞരും, പരിചയസമ്പന്നരുമായ ആളുകളേയും മേൽസൂചിപ്പിച്ച സി. എം. ഐ. ക്കമ്മെററിയിൽ ഉൾപ്പെ

ടുത്തണം. ഗവേഷണസ്വഭാവത്തോടുകൂടിയ ഈ കമ്മററി ഉത്തംഗ മേഖലയിൽമാത്രം വിരാജിച്ച് പ്രസ്താവനകഠം ഇറക്കുന്നതിനുമാത്ര മുള്ള ഒരു അപൂവ്വക്കൂട്ടുകെട്ടായി മാറാതെ എല്ലാ നിലവാരത്തിലുമുള്ള വക്കും നേരിട്ടു മാഗ്ഗനിർദ്ദേശം നൽകുവാൻ കഴിയുന്നതാവണം.

സി. എം. ഐ.യുടെ ആഭിമുഖ്യത്തിലുള്ള ആശ്രമങ്ങളോടും, സെമിനാരികളോടും, മററു സ്ഥാപനങ്ങളോടും അനുബന്ധിച്ച് സാധാരണക്കാക്ക് ഉപകരിക്കുന്ന സാങ്കേതികപരിശീലനം നൽകാവുന്നതാണ്. ഇതിൻെറപേരിൽ കൂടുതൽ കൂടുതൽ മന്ദിരങ്ങഠം നിമ്മിക്കുവാനുള്ള പ്രവണതയുണ്ടാകാതിരിക്കുവാൻവേണ്ടിയാണ് നില വിലുള്ള സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തെ പ്രത്യേകം സൂചിപ്പിച്ചതു്. കൂനമ്മാവിൽ നടക്കുന്ന ഐ. ററി. ഐ. കേന്ദ്രം ഒരു ആരംഭ മായി ഞാൻ കരുതുകയാണ്. ഉദ്യോഗത്തിനുവേണ്ടിയുള്ള പരക്കം പാച്ചിലിൽനിന്നും നമ്മുടെ യുവജനങ്ങളെ മോചിപ്പിച്ച് ശാസ്ത്രീയമായ കൃഷിയും, വ്യവസായങ്ങളും നടത്തുന്നതിനു കഴിവുള്ളവ രാക്കേണ്ടിയിരിക്കുന്നു. ഇതിനുപകരിക്കുന്ന Production Cum training Centres -കൃഷിക്കും വ്യവസായത്തിനും വേണ്ടിയുള്ളതു്- സമാരംഭിക്കേണ്ടിയിരിക്കുന്നു. ഇവയോടനുബന്ധിച്ച് സാമൂഹ്യ പ്രവത്തനം, സഹകരണപ്രസ്ഥാനം എന്നിവയിലും പരിശീലനം നൽകാവുന്നതാണ്.

ഏററവും പ്രധാനമായ ഒരു പരിപാടിയാണ് ജനങ്ങളെ സംഘടിപ്പിച്ച് നിലവിലുള്ള കൃഷിവ്യവസായപ്രവത്തനങ്ങഠം കൂടുതൽ വരുമാനമുള്ളതാക്കിത്തീക്കുകയെന്നതു്. നല്ലതരം വിത്തുപ യോഗിക്കുന്നതിനും, ആധുനികകൃഷിസമ്പ്രദായങ്ങഠം പ്രയോഗിക്കു ന്നതിനും, സംഘടനാപ്രവത്തനത്തിൽകൂടി പൊതുവായ ജലസേചനസൗകര്യങ്ങഠം ഉണ്ടാക്കുന്നതിനും, ഉല്പാദനങ്ങഠം നഷ്ടപ്പെടാതെ സൂക്ഷിക്കുന്നതിനുതകുന്ന പദ്ധതികഠം ആസൂത്രണം ചെയ്യുന്നതിനും, കൃഷിവിഭവങ്ങഠം പാകപ്പെടുത്തി സ്വദേശത്തും വിദേശത്തുമുള്ള വിപണികളിലെത്തിച്ച് കൂടുതൽ ലാഭം ലഭിക്കുന്നതിനും മററും സഹായകരമായപ്രായോഗികപരിശീലനം നാട്ടമ്പുറത്തുള്ളവക്കുനല്കേണ്ടിയിരിക്കുന്നു. നാട്ടമ്പുറത്തുള്ള ജനങ്ങളുമായിസമ്പക്കം പുലത്തി, അവരുടെ ആവശ്യങ്ങളും അഭിലാഷങ്ങളും സംബന്ധിച്ച് അവരെ ബോധവാന്മാരാക്കി, അതു സാധിച്ചുകിട്ടുന്നതിന് ആവേശമുള്ളവ രാക്കി, സംഘടിപ്പിച്ച് പ്രവത്തിക്കുന്നതിന് സന്നദ്ധരാക്കി പകർത്തുന്നതിന് നിസ്വാത്ഥമായി സേവനം ചെയ്യാനുള്ള ഗ്രാമ സേവകർ സി. എം. ഐ യിൽ ഉണ്ടാകുമൊ? പേരെന്തായാലും തര ക്കേടില്ല, പ്രവത്തനം സാധാരണക്കാരനെ സംഘടിതസ്വയംസ ഹായപദ്ധതികഠംക്ക് അതാതു സ്ഥലത്തുവച്ചുതന്നെ പരിശീലി പ്പിക്കുന്നതായിരിക്കണം. ചമ്പക്കുളത്തു് ഗതാഗതസൗകര്യാത്ഥം

ആശ്രമത്തിൻെറ നേതൃത്വത്തിൽ ചെയ്തുപോരുന്ന പ്രവർത്തനങ്ങൾ ഇതിനൊരു മാതൃകയാണ്. കേരളത്തിൽ കൃഷിഭൂമി കുറവാണ്. ഉള്ളതുതന്നെ വീണ്ടുംവീണ്ടും തുണ്ടുകളായിത്തീരുന്ന അവസ്ഥയും സംജാതമായിരിക്കുകയാണ്. കൃഷിഭൂമി കർഷകനെന്ന അഭികാമ്യമായ മുദ്രാവാക്യത്തിൻെറപേരിൽ തുടങ്ങിയതു് ഏതെല്ലാം രൂപത്തിലും ഭാവത്തിലുമാണ് വന്നു കലാശിക്കുകയെന്നതു് കാലം തെളിയിക്കട്ടെ, 'Uneconomic holdings' ഇതു് നമ്മുടെ ഒരു പ്രത്യേകതയായിരിക്കും. ഒരു കാര്യം വ്യക്തം. Under employment എന്ന വിഷമാവസ്ഥ രൂക്ഷമായി ഇന്നുണ്ട്. അതു കുറയാനും പോകുന്നില്ല. ഇതിനെന്താണു പരിഹാരം. സഹകരണാടിസ്ഥാനത്തിലുള്ള കൃഷിസമ്പ്രദായങ്ങൾ ആവിഷ്ക്കരിക്കുക, ഉപതൊഴിലുകൾ സമാരംഭിക്കുക എന്നിങ്ങനെ പലതുമാകാം. കുടിൽവ്യവസായങ്ങൾ, ക്ഷീരവ്യവസായങ്ങൾ, കോഴിവളർത്തു്, പന്നിവളർത്തു് എന്നിങ്ങനെ പലതും വിദഗ്ദ്ധന്മാർ ചൂണ്ടിക്കാണിക്കുന്നു. ഗവൺമെൻറിൻെറയും, ബ്ളോക്കുകളുടെയും പഞ്ചായത്തുകളുടെയും സഹായസഹകരണത്തോടുകൂടി ഇങ്ങനെയുള്ള പദ്ധതികൾ നടത്തുന്നതിനു ജനങ്ങളെ ഉൽബുദ്ധരാക്കേണ്ടിയിരിക്കുന്നു.

തൊഴിലില്ലായ്മ, സാങ്കേതികപരിജ്ഞാനമുള്ളവരുടെപോലും തൊഴിലില്ലായ്മ ഇന്നു നമ്മെ ഗ്രസിച്ചിരിക്കുന്ന സ്ഫോടകാത്മകമായ ഒരു ഗൗരവപ്രശ്നമാണ്. വ്യവസായങ്ങൾ, പ്രത്യേകിച്ച് ചെറുകിടവ്യവസായങ്ങൾ, ഇതാണ് വിദഗ്ദ്ധന്മാർ ഉപദേശിക്കുന്ന മോചനമാർഗ്ഗം. പരിശീലനത്തിൻെറ ഘട്ടം കഴിഞ്ഞുള്ള, പദ്ധതിനിർവ്വഹണത്തിൻെറ രംഗമാണിതു്. സി. എം. ഐയുടെ ആഭിമുഖ്യത്തിൽ വ്യവസായങ്ങൾ ആരംഭിക്കണമൊ? വേണ്ട വേണ്ടാ എന്നു് ഉറക്കെപ്പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. രൂപതകളുടെ ആഭിമുഖ്യത്തിലും, ആശ്രമങ്ങളുടെ ആഭിമുഖ്യത്തിലും വ്യവസായം നടത്തേണ്ടതില്ല. എന്നാൽ വ്യവസായസാദ്ധ്യതകൾ സംജാതമാക്കാൻ സാധിക്കും. ഒരു മാർഗ്ഗംമാത്രം ഞാൻ നിർദ്ദേശിക്കുകയാണ്. മൂലധനത്തിൻെറ അഭാവമാണ് സാങ്കേതികജ്ഞാനമുള്ളവർക്കു് വ്യവസായമാരംഭിക്കുന്നതിനുള്ള പ്രയാസങ്ങളിലൊന്നു്. അൻപതൊ, നൂറൊ ആളുകൾക്കു്, രണ്ടും മൂന്നും പേരടങ്ങുന്ന ചെറിയ യൂണിററുകളായി പ്രവർത്തനം നടത്തുവാൻ സഹായകമാകുന്ന ഒരു വർക്ക്ഷോപ്പ് ഉണ്ടാക്കുക; ഓരോ യൂണിററിലേക്കും ആവശ്യമുള്ള യന്ത്രങ്ങളും ഉപകരണങ്ങളും സജ്ജമാക്കുക; ഈ ഒരോ യൂണിററും സ്വന്തം ഉത്തരവാദിത്വത്തിൽ അതാതു് ററീം പ്രവർത്തിപ്പിക്കണം. എല്ലാ യൂണിററുകൾക്കും സഹായകരമായ ഒരു പൊതുസർവ്വീസ് സെൻററും, മാർക്കററിംഗ്സംവിധാനവുമുണ്ടാകാം. ഓരോ യൂണിററും അവരവർ ഉപയോഗിക്കുന്ന കെട്ടിടത്തിൻെറയും യന്ത്രങ്ങളുടെയും വിലയ്ക്കനുസരണമായ വാടക നൽകേണ്ടതാണ്. ഇതിനു് ആരംഭമിട്ടാൽ, കുറച്ചു മൂലധനം മുടക്കിയാൽ, ദേശീകരിക്കപ്പെട്ട ബാങ്കുകളിൽനിന്നും,

സഹകരണബാങ്കുകളിൽനിന്നും, ചെറുകിടവ്യവസായപ്രോത്സാഹന കേന്ദ്രങ്ങളിൽനിന്നും പണസഹായം വായ്പയായി കിട്ടുവാൻ സാദ്ധ്യതയുണ്ടാകും, ഈ പദ്ധതിയുടെ വിശദാംശങ്ങൾ വിവരിക്കുക ഇപ്പോൾ സാദ്ധ്യമല്ലല്ലൊ Small scale Industries service കേന്ദ്രങ്ങളുമായി (കേരളത്തിൽ തൃശ്ശൂരുള്ളതു്) ഇങ്ങനെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നതു നന്നായിരിക്കും. വിവിധ കാർഷികവിഭവങ്ങൾ പാകപ്പെടുത്തിക്കൊടുക്കുന്ന ഒരു പൊതുകേന്ദ്രം ഊട്ടിയിലുണ്ടു്. പഴവർഗ്ഗങ്ങളും മററും കൂടുതലുള്ള അവസരത്തിൽ വലിയ നഷ്ടം സംഭവിക്കുന്നുണ്ടല്ലൊ. ഇവ പാകപ്പെടുത്തുന്നതിനുള്ള കേന്ദ്രങ്ങൾ അതാതു സ്ഥലത്തെ ആളുകളുടെ സഹകരണത്തിൽ സമാരംഭിക്കാവുന്നതാണു്.

ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ നടത്തപ്പെടുന്ന ഉല്പാദനപരവും സ്വയം സഹായകരവുമായ സംഘടിതപ്രവത്തനങ്ങളായിരിക്കണം പൊതുവായ ലക്ഷ്യം. ഇതിൻെറ നിവ്വഹണത്തിനു് ആവശ്യമായ ഗവേഷണ, പരിശീലന, വികസനപരിപാടികൾ നിവ്വഹിക്കുകയും, സംഘടിതമായി പ്രവത്തിക്കുന്നതിനുതകുന്ന പദ്ധതികൾ ആവിഷ്ക്കരിക്കുകയുമാണു് ചെയ്യേണ്ടതു്- ഇവിടെ ഒരു വലിയ ചോദ്യം ഉയർന്നുവരുന്നതായി ഞാൻ കാണുന്നുണ്ടു്. പണമെവിടെ? ഈ ഘട്ടത്തിൽ ഞാൻ സി. എം. ഐ യെ ഒരു വലിയ പാലമായിട്ടാണു് കാണുന്നതു്. ബ: സൈമണച്ചൻ, ചാവറ കുര്യാക്കോസ് ഏലിയാസച്ചൻെറ ജീവചരിത്രപുസ്തകത്തിൽ, 288-ാംപുറത്തു് മൂന്നാംഖണ്ഡികയിൽ എഴുതിയിരിക്കുന്നഭാഗം ഇവിടെ പകർത്തുകയാണു്. ''ഈ വന്ദ്യദേഹത്തിൻെറ ദീനാനുകമ്പ സുപ്രസിദ്ധമായിരുന്നതിനാൽ സമ്പന്നന്മാർ ഇദ്ദേഹത്തിൻെറ അഭ്യർത്ഥനകളെഒരിക്കലും നിരസിച്ചിരുന്നില്ല. പാവപ്പെട്ടവരുടെമേലുള്ള അനുഗ്രഹത്താൽ തന്നാൽ സ്നേഹിക്കപ്പെട്ട സമ്പന്നന്മാരിൽനിന്നു് അവക്കു കൊടുക്കേണ്ടതിനായി എഴുത്തുവഴിയായിട്ടു് പണം വരുത്തി ഭിക്ഷക്കാക്കു കൊടുത്തു് സഹായിച്ചിരുന്നു.'' സമ്പന്നരിൽനിന്നും പാവപ്പെട്ടവരിലേക്കു സഹായം നീങ്ങുന്ന പാലമായിത്തീരണം സി. എം. ഐ. ഈ പ്രവത്തനത്തിനു് ഒരു നിബന്ധനയുണ്ടു്: ''ദീനാനുകമ്പ സുപ്രസിദ്ധമായിരിക്കണം''.

''കൈനകരിയിൽ ഇന്നു കാണപ്പെടുന്ന ആതുരശാല ഈ വന്ദ്യദേഹത്തിൻെറദീനദയാലുത്വത്തിൻെറ സ്മാരകസ്തംഭം എന്നോണം പരിലസിക്കുന്നു.'' ''നാലഞ്ചുപേർക്കു താമസിക്കത്തക്ക ഒരു കെട്ടിടവും ഗണ്യമായ മൂലധനവുമുള്ള ഈ സ്ഥാപനം കൈനകരിപ്പള്ളിയുടെ മേൽനോട്ടത്തിൽ ഇപ്പോഴും നടന്നുവരുന്നുണ്ടു്''. കുര്യാക്കോസച്ചൻെറ ജീവചരിത്രഗ്രന്ഥങ്ങളിൽനിന്നാണു് ഈ ഉദ്ധരണികൾ. പ്രൊഫസർ പി. ററി. തോമസ് രേഖപ്പെടുത്തിയിരിക്കുന്നതുപോലെ ഇന്നു് നമ്മുടെ നാട്ടിൽ പലയിടങ്ങളിലും അഗതിമന്ദിരങ്ങൾ സ്ഥാപിച്ചു് സാധുജനസംരക്ഷണം നിവ്വഹിക്കുന്നുണ്ടെ

കില്ലും ഒരു നൂററാണ്ടുമുമ്പ് ഇത്തരം സ്ഥാപനങ്ങളെപ്പററി ഇവിടെ കേട്ടുകേഴ്വിപോലുമില്ലായിരുന്നു''. അങ്ങനെ സ്ഥാപിച്ച ആ അഗതിമന്ദിരത്തിൻെറ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് ആരായുന്നതു നന്നായിരിക്കും. സി. എം. ഐ സ്സ് അതിനുള്ള കടമയുണ്ട്. അവർ അതു ചെയ്യണം, അവരുടെ പിതാവായ 'ചാവറ'യോട് അവക്കു കുറവുണ്ടെങ്കിൽ. വിശദാംശങ്ങളിലേയ്ക്കു ഞാൻ പ്രവേശിക്കുന്നില്ല. ദൈവദാസൻെറ ദീനാനുകമ്പയുടെ സ്മാരകസ്തംഭം എന്നോണം ആ സ്ഥാപനം ''പരിലസിക്കുവാൻ'' ഈ പ്രത്യേകാവസരത്തിൽ വേണ്ടതു ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

സി. എം. ഐ. മാത്രമല്ല, ആധുനികസ്ഥാപനങ്ങളും സമൂഹങ്ങളും സ്വീകരിക്കേണ്ടവസ്തുതകളാണ് സംക്ഷിപ്തമായി രേഖപ്പെടുത്തുവാൻ ഞാൻ ശ്രമിച്ചതു്. ചാവറ കുര്യാക്കോസച്ചൻെറ ചരമശതാബ്ദി ആചരിക്കുന്ന ഈ സുപ്രധാനാവസരത്തിൽ സി. എം. ഐ യെ പ്രത്യേകം അനുസ്മരിപ്പിക്കേണ്ടതു സൗഹൃദത്തിൻെറപേരിൽ എൻെറ ഒരു കടമയായിത്തോന്നി. കേരളമണ്ണിൽ ജനിച്ച സി. എം. ഐ. യുടെ ശ്രദ്ധ അഭിമാനത്തിൻെറയും, പലവിധത്തിലുള്ള ബന്ധത്തിൻെറയുംപേരിൽ, സ്വാതന്ത്ര്യം ഉപയോഗിച്ച്, പ്രാധാന്യമുള്ളതെന്ന്, എൻെറ വിനീതാഭിപ്രായത്തിൽ തോന്നിയ മണ്ഡലങ്ങളിലേക്കു്, ക്ഷണിക്കുവാൻ ശ്രമിക്കുകയായിരുന്നു, ഞാൻ.

ഒരു പ്രത്യേകപ്രശ്നംകൂടി അനുസ്മരിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. രൂപതകളും, ഇടവകകളുമാണ് കത്തോലിക്കാജനങ്ങളോട് നേരിട്ടു ബന്ധപ്പെട്ടുനില്ക്കുന്നതു്. നിരവധി സന്യാസസഭകളും, സ്ഥാപനങ്ങളും രൂപതാതിർത്തികളിൽ പ്രവർത്തനം നടത്തുന്നുണ്ട്. സാമൂഹ്യപ്രവർത്തനം കത്തോലിക്കർക്കുമാത്രം പ്രയോജനം ലഭിക്കത്തക്കവിധത്തിലല്ല സംവിധാനം ചെയ്യേണ്ടതു്. എല്ലാ ക്രൈസ്തവവിഭാഗങ്ങളുമൊത്തു് പ്രവർത്തിക്കുന്നതിനുള്ള സാദ്ധ്യതകൾ തെളിഞ്ഞുവരികയുമാണ്. എല്ലാവർക്കും, ജാതിമതഭേദമെന്യേ, ഉപകാരംലഭിക്കത്തക്ക വിശാലാടിസ്ഥാനമുണ്ടാകേണ്ടിയിരിക്കുന്നുണ്ട്. സാമൂഹ്യപ്രവർത്തനത്തിൻെറ പേരിൽ, അധികാരാവകാശങ്ങളുടെയും ജൂറിസ്ഡിക്ഷൻെറയും പ്രശ്നങ്ങളുണ്ടാകാം. നിസ്വാർത്ഥമായ സേവനത്തിന്, ആരുടെ ആഭിമുഖ്യത്തിലായാലും, തയ്യാറാണെന്ന് സി എം. ഐ. നിശ്ചയിക്കുന്നതോടൊപ്പം, രൂപതയുടെയും ഇടവകകളുടെയും അധികാരികൾ ആ മനോഭാവത്തെ സ്വാഗതം ചെയ്യുമെങ്കിൽ പ്രശ്നം തീന്നു. ഈ കാര്യത്തിലുണ്ടാകാവുന്ന സാങ്കേതിക നയ്യാമികനൂലാമാലകളുടെപേരിൽ മനുഷ്യസേവനം ചെയ്യാൻ മറക്കാതിരിക്കുക. ഈശ്വരചിന്തയോടുകൂടി മനുഷ്യസേവനം ചെയ്യുന്ന നിസ്വാർത്ഥമതികൾക്ക് എവിടെയും സ്ഥാനമുണ്ട്. അവർക്കായി എല്ലാ വഴികളും തുറക്കപ്പെടും.

———

# പ്രഥമ കേരളീയ മുദ്രാലയപ്രേഷിതൻ

മാത്യു ഉലകംതറ, എം. എ.

---

പട്ടണത്തിൽ രണ്ടുദിവസം ജലവിതരണം സ്തംഭിച്ചുപോകാനിടവരുമ്പോൾ മാത്രമാണ് ആളുകൾ പച്ചവെള്ളത്തിന്റെ വിലയറിയുക. നാട്ടിൻപുറത്ത് കൊടിയ വേനൽക്കാലങ്ങളിൽ ആളുകൾക്കതറിയാനിടവരും. ശുദ്ധവായു ഇല്ലാതിരുന്നാലുള്ള ബുദ്ധിമുട്ടെന്തെന്നറിയാൻ അത്രയുംപോലും നമുക്കിടവരുന്നില്ല. ഇതു രണ്ടും ധാരാളം നമുക്കു ലഭിക്കുന്നതുകൊണ്ട് അവയുടെ പ്രാധാന്യത്തെക്കുറിച്ചു നാം ചിന്തിക്കാതിരിക്കുന്നുവെന്നേയുള്ളു. ഇതുപോലെതന്നെയാണ് അച്ചടിയും പ്രസിദ്ധീകരണങ്ങളും. ശാരീരികജീവിതത്തിനു വായുവും വെള്ളവുമെന്നപോലെ മാനസികജീവിതത്തിന് പ്രസിദ്ധീകരണങ്ങൾ ഇന്ന് ഒഴിച്ചുകൂടാൻ വയ്യാത്തതായിട്ടുണ്ട്. അവയില്ലാത്തൊരു ലോകത്ത് നമ്മുടെ ആഭ്യന്തരജീവിതമെങ്ങിനെയിരിക്കുമെന്ന് സങ്കല്പിക്കാൻപോലും നമുക്കിന്നു പ്രയാസമാണ്. എന്നാൽ അവ കണ്ടുപിടിച്ചവരും നടപ്പിലാക്കിയവരും ചെയ്ത ലോകസേവനമെന്തെന്ന് വിലയിരുത്തുവാൻ അങ്ങനെയൊന്ന് സങ്കല്പിച്ചുനോക്കുകതന്നെവേണം. കേരളസഭയ്ക്കും കേരളീയ ജനതയ്ക്കും ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ചെയ്തിട്ടുള്ള ഏററവും വിലപ്പെട്ട സേവനമേതെന്ന് എന്നോടു ചോദിച്ചാൽ ഞാൻ നല്കുന്ന ഉത്തരം, മാന്നാനത്തെ സെൻറ് ജോസഫ്സ് പ്രസ്സിന്റെ സ്ഥാപനമാണെന്നായിരിക്കും. കേരളസഭയുടെ ആത്മീയവും വൈജ്ഞാനികവുമായ അഭിവൃദ്ധിക്കുവേണ്ടി വിദൂരഫലദായകങ്ങളായ അനേകം നല്ലകാര്യങ്ങൾ തുടങ്ങിവച്ച ആ പുണ്യാത്മാവിന്റെ പ്രവൃത്തികളിലൊന്നു

മാത്രമായിട്ടായിരിക്കും മററൊരാൾ ഇതിനെ കാണുക. വാഴപ്പിണ്ടി കൊണ്ടു മാതൃകയുണ്ടാക്കി മരംകൊണ്ടു നിമ്മിച്ചതും ഇന്നു കാഴ്ചബംഗ്ലാവിലല്ലാതെ മററെങ്ങും സ്ഥാനം നൽകാൻ നിവൃത്തിയില്ലാത്തതുമായ ഈ അപരിഷ്കൃതോപകരണം അത്രവലിയൊരു ദൂരക്കാഴ്ചയുടെ ഫലമായെന്നുവരാനും ചിലക്കു പ്രയാസമുണ്ടായേക്കാം. അതിനു നൽകുന്ന അമിതപ്രാധാന്യത്തെക്കുറിച്ച് അവർ സംശയാലുക്കളാകുകയും ചെയ്തേക്കാം. അത്ഭുതകരമായ ഗതിവേഗത്തോടും യന്ത്രസംവിധാനങ്ങളോടുംകൂടി മുദ്രണാലയങ്ങൾ ടൺകണക്കിന് പാരായണവിഭവങ്ങൾ അടിച്ചു പുറത്തിറക്കുകയും ദിനകൃത്യങ്ങളെന്നപോലെ നാം അവയൊക്കെ വായിച്ചുതള്ളുകയും ചെയ്യുമ്പോൾ ആ മഹനീയ വിദ്യ കേരളത്തിൽ ആദ്യം പിച്ചവെച്ചുനടന്നതു് ഈ മരപ്രസ്സിന്മേൽ പിടിച്ചുകൊണ്ടാണെന്നോർക്കുവാനും അതിൻെറ സ്ഥാപകനെ ആദരിക്കുവാനും ആരു മെനക്കെടും? പക്ഷേ അല്പമൊന്നാലോചിക്കുവാൻ മെനക്കെടുന്നവക്കു് ശ്രീ. കെ. സി. ചാക്കോയോടൊപ്പം ഇങ്ങനെ വാചാലമായി സമ്മതിക്കേണ്ടിവരും. "The most far reaching, enduring, all embracing, illuminating edifying and even sanctifying field of activity, initiated by father Kuriakos, through the monasteries in general and primarily from Mannanam was that of printing.

മുദ്രണാലയങ്ങളും പ്രസിദ്ധീകരണങ്ങളും കേരളീയ കത്തോലിക്കരുടെ ജീവിതത്തിൽ എന്തെന്തു സമ്പന്നതകളാണുളവാക്കിയിട്ടുള്ളതെന്നും, അവരിൽനിന്നു കേരളീയജനസാമാന്യത്തിനു സിദ്ധിച്ചിട്ടുള്ള സാംസ്കാരികപ്രേരണയെത്രയെന്നുമുള്ള വസ്തുതകൾ ഏതാനും പേരുടെ ക്ഷമാപൂവ്വകമായ ഗവേഷണത്തിനു വിഷയമാക്കിയാൽ കൊള്ളാം. ആ ഗവേഷണ തീത്ഥയാത്രയുടെ ഇരുണ്ട വഴിത്താരകളിൽവച്ച് ചാവറയച്ചൻ കൊളുത്തിവച്ച മാന്നാനം പ്രസ്സ് ഒരു പ്രഭാതനക്ഷത്രംപോലെ തെളിഞ്ഞുനിന്ന് ഒളിവീശുന്നതുകാണാം.

മാന്നാനം പ്രസ്സിൽനിന്നടിച്ചിറങ്ങിയ നിത്യാരാധന തുടങ്ങിയ പ്രാത്ഥനഗ്രന്ഥങ്ങളും മാസവണക്കങ്ങളും ജീവചരിത്രങ്ങളും കേരളകത്തോലിക്കരുടെ ആത്മീയജീവിതത്തിൻെറ ആരംഭവും ആലംബവുമായിത്തീൻവെന്നുതന്നെ പറയാം. അവ കടന്നുചെല്ലാത്ത ഭവനങ്ങളോ മംഗളകമ്മങ്ങളൊ അവക്കുണ്ടായിരുന്നില്ല. ഇന്നും ഉണ്ടായിരിക്കുകയില്ല. അനേകരെ മോക്ഷമാഗ്ഗം കാണിച്ചതു് ആ ഗ്രന്ഥങ്ങളാണെന്നു് അതിശയോക്തികൂടാതെ പറയാം. അവരുടെ വിശ്വാസത്തിലുംവിജ്ഞാനത്തിലും പ്രതിസന്ധിഘട്ടങ്ങളോ, വെല്ലുവിളികളൊ ഉണ്ടായപ്പോഴെല്ലാം നേർവഴി കാട്ടിക്കൊണ്ടിരുന്നതു് മാന്നാനം പ്രസ്സിൽനിന്നും അതിൻെറ സന്തതികളോ അനന്തിരവരോ ആയ മററു കമ്മലീത്താ കത്തോലിക്കാ പ്രസ്സുകളിൽനിന്നും പ്രസിദ്ധ

പ്പെടുത്തുന്ന പുസ്തകമാസികകളാണ്. ഇന്നിപ്പോഠ ഒന്നിലധികം ആഴ്ചപ്പതിപ്പുകളും അരശ്ശതം മാസികകളും വാർഷികപ്പതിപ്പുകളും കണക്കററ പുസ്തകങ്ങളുമവയിൽനിന്നിറങ്ങുന്നുണ്ട്. രാഷ്ട്രീയവിപത്തുകളെയും ധാർമ്മികപ്രതിസന്ധികളെയും യഥാസമയം ചൂണ്ടിക്കാട്ടി ജനങ്ങളെ സുസജ്ജരാക്കുന്നതിനും നിഷേധിക്കപ്പെടുന്ന നീതിക്കായി മുറവിളി കൂട്ടുന്നതിനും കത്തോലിക്കർതന്നെ പ്രസിദ്ധീകരിക്കുന്ന ദിനപ്പത്രങ്ങളും ഒന്നിലേറെയുണ്ട്. എന്നാൽ മാന്നാനത്തുനിന്നുമിറങ്ങിയ നസ്രാണിദീപികയ്ക്കും, കർമ്മലകുസുമത്തിനുമാണ് ഇവയുടെയെല്ലാം മാതൃത്വവും നേതൃത്വവുമെന്ന വസ്തുത ആർക്കാണു നിഷേധിക്കാൻ കഴിയുക? അച്ചടിയുടെ പ്രചാരത്തോടുകൂടി ഭൂഖണ്ഡങ്ങഠ തമ്മിലടുക്കുകയും അടിമരാഷ്ട്രങ്ങഠ സ്വാതന്ത്ര്യം പ്രാപിക്കുകയും, അസമത്വങ്ങഠ തട്ടി നിരത്തപ്പെടുകയും, നൂതനസംസ്കാരങ്ങളും സിദ്ധാന്തങ്ങളും ആളിപ്പടൎന്നു പിടിക്കുകയും ചെയ്തുകഴിഞ്ഞിരിക്കുന്ന ഈ കാലഘട്ടത്തിൽ കത്തോലിക്കാസഭയും അതിൻെറ പ്രാധാന്യവും ശ്രേഷ്ഠതയും അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിൽ സഭയേക്കുറിച്ചുള്ള പ്രമാണരേഖയിലും വാർത്താവിനിമയോപാധികളെക്കുറിച്ചുള്ള പ്രത്യേക ഡിക്രിയിലും അതെല്ലാം ഊന്നിപ്പറഞ്ഞിരിക്കുന്നു. പുതിയ മാനവസമുദായത്തെ രൂപപ്പെടുത്തുന്നതിലും വ്യക്തിസ്വാതന്ത്ര്യവും ലോകസമാധാനവും, സാർവ്വലൗകിക സാഹോദര്യവും സംരക്ഷിക്കുന്നതിലും പ്രസിദ്ധീകരണങ്ങഠക്കുള്ള പ്രഥമഗണനീയമായ പങ്ക് സഭ എടുത്തുകാട്ടുന്നു. അവയുടെ പ്രയോജനം സമസ്ത മാനവസമൂഹത്തിനും എത്തിച്ചുകൊടുക്കുകയെന്ന സ്വന്തം കർത്തവ്യം ഏററുപറയുകയും ചെയ്യുന്നു. എന്നാൽ ഇതൊന്നുമല്ലല്ലൊ, ചാവറയച്ചൻെറ കാലത്തെ സ്ഥിതി. സാർവ്വത്രികസഭയുടെ ഇന്നത്തെ വിശദദർശനത്തിൻെറ ഒരു സ്ഫുലിംഗം അന്നുതന്നെ ആ വിനീതനായ സന്യാസിയുടെ മസ്തിഷ്കത്തിൽ പാറിവീണിരുന്നുവെന്നുള്ളതു വിസ്മയാവഹംതന്നെ.

ധാരാളം പണവും സമയവുമുള്ളവക്ക് പുത്തനായെന്തെങ്കിലുമൊന്നു തുടങ്ങണമെന്നൊരാഗ്രഹം തോന്നും. സാഹസബുദ്ധികഠ ആദായമാർഗ്ഗമന്വേഷിച്ചും നൂതനസംരംഭങ്ങളിലേപ്പെടാറുണ്ട്. ഇതു രണ്ടുമായിരുന്നില്ല ചാവറയച്ചൻെറ മുദ്രാലയപ്രവർത്തന പശ്ചാത്തലം. അദ്ദേഹത്തിൻെറ കയ്യിൽ മിച്ചധനമോ സമയമോ ഇല്ലായിരുന്നു. തുടങ്ങിവച്ച പ്രവർത്തനങ്ങഠ മുന്നോട്ട കൊണ്ടുപോകുന്നതിനുപോലും അതിരററു ഞെരുങ്ങിയിരുന്ന കാലത്താണ് ഈ വിഷയത്തിലേക്കദ്ദേഹം ശ്രദ്ധതിരിച്ചതെന്നോക്കുമ്പോഠ കാലാതിവർത്തിയായ അദ്ദേഹത്തിൻെറ ആവശ്യബോധം എത്ര തീവ്രമായിരുന്നു എന്നറിഞ്ഞു് നാം വീണ്ടും അത്ഭുതപ്പെടും.

മാന്നാനം ആശ്രമം സ്ഥാപിക്കുന്നകാലത്തു് തിരുവിതാംകൂറിൽ രണ്ടു പ്രസ്സുകളേ ഉണ്ടായിരുന്നുള്ളു. കോട്ടയത്തെ സി. എം.

എസ്സ്. പ്രസ്സം, തിരുവനന്തപുരത്തെ ഗവമ്മെൻറു പ്രസ്സം. കേരള ത്തെ സംബന്ധിച്ചിടത്തോളം കേവലം ശൈശവദശയിൽ മാത്രമെ ത്തിയിരുന്ന ഈ അച്ചടിശാലാ പ്രവത്തനം തൻെറ സന്യാസസഭാ പ്രവത്തനത്തിൻെറ അവിഭാജ്യഘടകമെന്ന നിലയിൽ മാന്നാനം ആശ്രമത്തോടടുത്തുതന്നെ ഒന്നാരംഭിക്കണമെന്നു് ആ ക്രാന്തദർശി നേരത്തെമുതൽ ആഗ്രഹിച്ചിരുന്നതാണ്. എന്നാൽ വിദേശത്തു നിന്നു് ഒരു പ്രസ്സ വരുത്തിക്കുന്നതിനുള്ള ധനശേഷി അദ്ദേഹത്തിനു ണ്ടായിരുന്നില്ല. കോട്ടയത്തു പ്രവത്തനം നടത്തുന്ന പ്രസ്സ് നേരിൽ കണ്ടു മനസ്സിലാക്കി അത്തരമൊന്നു പണിചെയ്യിക്കാമെന്നു കരുതി ''രണ്ടു കുറി കോട്ടയത്തു ചെന്നാറെ അവരു കാട്ടിയതുമില്ല '' ഇതദ്ദേ ഹത്തിൻെറതന്നെ ഡയറിക്കുറിപ്പാണ്. കുറിപ്പു തുടരുന്നു. ''പിന്നെ കോഠവിയാലും കണ്ടവർ പലരോടും ചോദിച്ചവേലകൾ ഓരോന്നു നടത്തി.'' ഒടുവിൽ തിരുവനന്തപുരം ഗവമ്മെൻറുപ്രസ്സിൽചെന്നു് അവിടെ പണിയെടുത്തിരുന്ന ഒന്നുരണ്ടു കത്തോലിക്കരുടെ സഹായ ത്തോടെ അകത്തുകടന്നു് പ്രസ്സിൻെറ പ്രവത്തനം നേരിൽക്കണ്ടു മന സ്സിലാക്കി. തിരിയെ വന്നശേഷം വാഴപ്പിണ്ടികൊണ്ടു് താൻ കണ്ടതുപോലൊരു പ്രസ്സിൻെറ മാതൃകയുണ്ടാക്കി, ഒരാശാരിയെക്കാ ണിച്ചു. അയാൾ അങ്ങനെയൊന്നു മരംകൊണ്ടു നിമ്മിക്കയുംചെയ്തു. ഇതാണു മാന്നാനത്തു സൂക്ഷിക്കപ്പെടുന്ന ആദ്യത്തെ പ്രസ്സിൻെറ ആവിർഭാവചരിത്രം. ചിറകുവച്ചുകെട്ടി പറക്കാനൊരുങ്ങിയവൻെറ കഥയോർത്തു് സൂപ്പർസോണിക്കുവിമാനങ്ങൾ ചിരിക്കുന്നുണ്ടാവാം. ആട്ടോമാററിക്കുകളുടെയും റോട്ടറികളുടെയും മുന്നിൽ ആ മരപ്രസ്സിനും അത്രയെ സ്ഥാനമുള്ളു. പക്ഷെ ചിറകുകെട്ടിപ്പറന്നവൻെറ ദേഹത്തി നേററ മുറിവുകളും ചതവുകളുമാണ് സൂപ്പർസോണിക്കിലെ സുഖസ ഞ്ചാരത്തിനു പ്രാരംഭംകുറിച്ചതെന്നു മറക്കരുതല്ലൊ. പ്രസ്സ സ്ഥാപി ച്ചുകഴിഞ്ഞു് ചാവറയച്ചനനുഭവിച്ച കഷ്ടപ്പാടുകളും നാം വിസ്മരിച്ചു കൂടാ.

മഷിയും കടലാസ്സും ശേഖരിക്കാനുള്ള ശ്രമമായിരുന്നു ആദ്യ ത്തേതു്. അദ്ദേഹംതന്നെ രേഖപ്പെടുത്തുകയാണ് ''പുതിച്ചേരി, മദ്രാസ് ഇങ്ങിനെയുള്ളിടങ്ങളിൽ പ്രസ്സിനും മഷിക്കും എഴതിച്ചാറെ മഷി അവിടെ കിട്ടുകയില്ലെന്നും പ്രസ്സിനു യൂറോപ്പുവില 500 രൂപ യെന്നും പിന്നെയുള്ള കേവു് (Transportation) മുതലായ ചില വും കൊടുക്കണമെന്നും. എന്നാൽ ഒരു പ്രസ്സ വരുത്തിച്ചുതരാമെന്നും മറുപടി വരികയാൽ ദ്രവ്യച്ചുരുക്കത്താൽ മടുത്തു ക്ലേശിച്ചു....കമീശാ എന്നൊരു കൊച്ചീക്കാരനുമായിട്ടു് 100 രൂപയുടെ കടലാസ്സ്, മഷി, ഈയ്യം ഈ വക വരുത്തിത്തരുവാൻ പറഞ്ഞുബോധിച്ചു് 10 രൂപയും കൊടുത്തു. ''പക്ഷെ, വന്നുചേന്നതു പത്തുകെട്ടു കടലാസും ഒരു വീപ്പ മഷിയുമുൾപ്പെടെ നാന്നൂറു രൂപയ്ക്കു സാധനങ്ങളാണ്. ഇതിനു വേറെങ്ങും ചെലവില്ലാത്തതിനാൽ മുഴവൻ വാങ്ങിക്കണമെന്നു കച്ച

വടക്കാരൻ നിർബ്ബന്ധവുമായി. അത്രയും പണമുണ്ടാക്കാൻ നിവൃത്തിയില്ലാതെ അനുഭവിച്ച മനോവ്യഥകളെയും ക്ലേശങ്ങളെയും കുറിച്ച് നാളാഗമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു് കൂടുതൽ സൗകര്യങ്ങളോടുകൂടി ആ ദൗത്യം ഇന്നു് ഏറെറടുത്തിരിക്കുന്ന പിൻഗാമികൾക്കു ധ്യാനിക്കാൻ വകനൽകുന്നുണ്ടു്. ഒടുവിൽ ചില മാന്യന്മാരായ മദ്ധ്യസ്ഥന്മാരെക്കൊണ്ടു ശുപാർശചെയ്യിച്ചു് 200 രൂപയ്ക്കുള്ള വക എടുത്താൽ മതിയെന്നു കച്ചവടക്കാരനെക്കൊണ്ടു സമ്മതിപ്പിച്ചു. അതിനുപോലും വഴികാണാതെ അച്ചൻ കുഴങ്ങി. അതിലേക്കു് ഒരു ചിട്ടി നടത്തി കുറെ പണം ശേഖരിക്കുകയും പോരാതെവന്നതു് ഒരാളോടു് കടംവാങ്ങുകയുംചെയ്തു. അങ്ങനെയാണു് കടലാസും മഷിയും വാങ്ങിയതു്.

ഇപ്രകാരമുള്ള നിസ്തന്ദ്ര പരിശ്രമഫലമായി കുര്യാക്കോസച്ചൻ മാന്നാനത്തു സ്ഥാപിച്ച മുദ്രണാലയത്തിൻെറ സേവനങ്ങളെ കുറിച്ചു് ജീവചരിത്രകാരനായ ഫാ: വലേരിയൻെറ വാക്കുകളിൽ ഇങ്ങനെ ചുരുക്കിപ്പറയാം: ''മാന്നാനം അച്ചടിശാലയിൽനിന്നും പുസ്തകങ്ങൾ അടിച്ചുവിടുന്നതിനു മുമ്പു് മലയാളത്തിൽ പ്രാർത്ഥന പുസ്തകങ്ങളേ ഉണ്ടായിരുന്നില്ല. അന്നുള്ളവർ തമിഴ്പുസ്തകങ്ങളാണു പയോഗിച്ചിരുന്നതു്. ഈ അച്ചടിശാല തിരുവിതാംകൂറിൽ മൂന്നാമത്തേതും നാട്ടുകാരുടെ വക ഒന്നാമത്തേതുമാകുന്നു കുര്യാക്കോസച്ചൻ പണിയിച്ച ആദ്യത്തെ മരപ്രസ്സ് ഇപ്പോൾ ഒരു നിക്ഷേപമെന്നോണം സൂക്ഷിക്കപ്പെട്ടുവരുന്നു.''

അദ്ദേഹം തുടങ്ങിവച്ച ആ മുദ്രണാലയപ്രേഷിതത്വം വർദ്ധമാനമായതോതിൽ പിൻഗാമികൾ തുടർന്നുപോരുന്നുണ്ടു്. സി. എം. ഐ. സഭവകയായി മാന്നാനത്തേതുൾപ്പെടെ ആറു മുദ്രണാലയങ്ങളുണ്ടിപ്പോൾ കോട്ടയത്തും, തേവരയിലും, കോഴിക്കോട്ടും, തൃശ്ശൂരും, എറണാകുളത്തുമുള്ള പ്രസ്സുകൾ ഓരോന്നും അച്ചടിവിദ്യയുടെ സാങ്കേതികവും സാംസ്കാരികവുമായ കഴിവുകളെ യഥാക്രമം വിജയകരമായി വിനിയോഗിക്കുന്നവയാണു്. മുദ്രണാലയപ്രേഷിതരംഗത്തു് കേരളത്തിലൊരു സഭയും ഇത്രത്തോളം പ്രവൎത്തിക്കുന്നില്ലെന്നും എടുത്തുപറയേണ്ടിയിരിക്കുന്നു. പ്രൊഫ: പി. ററി. തോമസ്സിനെ ഉദ്ധരിക്കുന്നപക്ഷം ''ഭാരതത്തിലെ ആദ്യത്തെ നാട്ടുഭാഷാ ദിനപ്പത്രമായ ദീപികയ്ക്കു് എൺപതിലേറെ സംവത്സരത്തെ പഴക്കമുണ്ടു്. സാൎവ്വലൗകികമായ കത്തോലിക്കാസഭയിൽ ഒരു ദിനപ്പത്രം നടത്തുന്ന ഏക സന്യാസസഭ സുറിയാനി കൎമ്മലീത്താസഭയാണെന്നുള്ളതു് കേരളീയക്കാകമാനം അഭിമാനകരമായ ഒരു വസ്തുതയത്രെ. പത്രപ്രവൎത്തനത്തിൻെറ സാങ്കേതികവശത്തു നടപ്പിൽ വന്നിട്ടുള്ള കാലാനുസൃതമായ പരിഷ്ക്കാരങ്ങൾ ഏറിയപങ്കും ദീപിക സ്വായത്തമാക്കിയിട്ടുണ്ടു്. ഒരു ക്രിസ്തീയപത്രമെന്ന നിലയിൽ രാഷ്ട്രത്തോടും സ്വസമുദായത്തോടും അതിനുള്ള സമുന്നതമായ

കത്തവ്യങ്ങരം യഥായോഗ്യം ദീപിക നിവ്വഹിക്കുന്നുണ്ടെന്നുള്ളതിൽ സംശയമില്ല. ഇന്നു കത്തോലിക്കാസമുദായത്തിൽ പ്രകടമായിരിക്കുന്ന രാഷ്ട്രീയപ്രബുദ്ധതയുടെയും നിരീശ്വരപരവും വിപ്ലവാത്മകവുമായ പ്രസ്ഥാനങ്ങളോടുള്ള സംഘാതമായ എതിർപ്പിൻെറയും പിന്നിൽ ദീപികയുടെ വിദഗ്ദ്ധമായ തൂലിക അനുസ്യൂതം പ്രവത്തിച്ചുകൊണ്ടിരിക്കുന്നതായി നിഷ്പക്ഷബുദ്ധികരംക്കു കാണാൻ കഴിയും. കമ്മലീത്താസഭയുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധംചെയ്യപ്പെടുന്ന മാസികകരംക്കുമുണ്ട് അനവദ്യമായ ഒരാകർഷകത്വം. ''കമ്മലകുസുമ''ത്തിൻെറ സൗരഭ്യവും, 'കുടുംബദീപ'ത്തിൻെറ പ്രകാശവും എത്രയോ ഹൃദയങ്ങളെ നന്മയിലേയ്ക്കും സത്യത്തിലേയ്ക്കും ആകർഷിച്ചിട്ടുണ്ട്. മതപരവും മതേതരവുമായ ഉത്തമ സാഹിത്യകൃതികളുടെ പ്രസിദ്ധീകരണത്തിലും കമ്മലീത്താസഭവകയായ പ്രസിദ്ധീകരണങ്ങരം ഗണ്യമായ പങ്കുവഹിക്കുന്നു.''

രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ ഉരംക്കാഴ്ചയ്ക്കു തുല്യമായ ഒന്നാണ് ഒരു നൂററാണ്ടിനപ്പുറത്തു് ചാവറയച്ചൻ പ്രദർശിപ്പിച്ചതെന്നോക്കുമ്പോരം അതിരില്ലാത്ത അത്ഭുതം തോന്നും. കാലത്തിൻെറ ഉപാധികളെ മുൻകൂട്ടി കണ്ടറിഞ്ഞു് പ്രയോജനപ്പെടുത്തുവാനും കാലോചിതമായി മുന്നോട്ടു നീങ്ങുവാനും മാത്രമല്ല, കാലത്തെത്തന്നെ നയിക്കുവാനുള്ള ക്രാന്തദർശിത്വം അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹത്തിൻെറ അനന്തരഗാമികരം സാമാന്യം തൃപ്തികരമായി ആ ദൗത്യം തുടന്നുപോരുന്നുണ്ടെന്നും മുമ്പേ ചൂണ്ടിക്കാണിച്ചുകഴിഞ്ഞു. എന്നാൽ ചാവറ കുര്യാക്കോസച്ചൻ ചെയ്തതുപോലെ കാലത്തെ മുന്നിൽനിന്നു നയിക്കാനൊ കാലത്തിനൊത്തു നീങ്ങുവാനോ നമുക്കു വേണ്ടിടത്തോളം കഴിഞ്ഞിട്ടുണ്ടോ എന്നു് ആത്മശോധന ചെയ്യുന്നതു് ഉത്തമമായിരിക്കും. ഭൂതകാലത്തെക്കുറിച്ചു് അഭിമാനോന്മത്തരായിരിക്കുന്നവർ കാലത്തിൻെറ കുത്തൊഴുക്കിൽ പിന്തള്ളപ്പെട്ടുപോവുകയേ ഉള്ളു. വത്തമാനകാലത്തിൻെറ വെല്ലുവിളികളെ നേരിടുന്നതിലും ഭാവിക്കു വേണ്ട മുൻകരുതലുകരം ചെയ്യുന്നതിലും നാമെത്രകണ്ടു വിജയിക്കുന്നുവെന്നതാണു പ്രശ്നം. കലാസാഹിത്യരംഗത്തും ശാസ്ത്ര സാങ്കേതികവിദ്യകളിലും ആധുനികലോകം കൈവരിച്ചിട്ടുള്ള പുരോഗതി അത്ഭുതാവഹമാണ്. അവയുടെ പിന്നിലല്ല മുന്നിൽത്തന്നെ ചെന്നുനിന്നെങ്കിലേ കുര്യാക്കോസച്ചൻെറ യോഗ്യരായ പിൻഗാമികളെന്നു നമുക്കു സ്വയം വിശേഷിപ്പിക്കുവാൻ സാധിക്കൂ. മതവിശ്വാസത്തെ അതിൻെറ പഴയ ചട്ടക്കൂട്ടിൽത്തന്നെ കേവലപ്രബോധനരൂപത്തിൽ പകന്നുകൊടുത്താൽ കൈകൊണ്ടു തൊടാൻ മടിക്കുന്ന ഒരു തലമുറയാണിന്നത്തേതു്. ജനാധിപത്യ ജീവിതരീതിയുടേയും സോഷ്യലിസ്റ്റ് സിദ്ധാന്തങ്ങളുടേയും, ശാസ്ത്രീയ പുരോഗതിയുടേയും, യുക്തിചിന്തയുടേയും വെളിച്ചത്തിൽ മാത്രമേ മതബോധനംപോലും അവക്കു സ്വീ

കാര്യമായിരിക്കുകയുള്ളു. അതുതന്നെയും നോവൽ ചലച്ചിത്രം മുതലായ ആധുനികമാധ്യമങ്ങളിലായാൽ കൂടുതൽ സന്തോഷമായിരിക്കും. ക്രിസ്തീയ തത്വങ്ങളുടേയോ, പ്രാർത്ഥനാജീവിതത്തിൻെറയോ പ്രാധാന്യം കുറച്ചുകാണിക്കാനുള്ള ശ്രമമായി ഈ വസ്തുതാകഥനത്തെ വ്യാഖ്യാനിക്കരുതെന്നപേക്ഷയുണ്ട്. കാലോചിതമായ മാധ്യമങ്ങളുപയോഗിച്ച് ജനങ്ങളെ അവയിലേക്കാകർഷിക്കുവാനുള്ള കടമയുംകൂടി നമുക്കുണ്ട്. മാടപ്പിറാവിനെപ്പോലെ ശുദ്ധമതിക്കാരായിരുന്നാൽ മാത്രംപോരാ, സർപ്പത്തെപ്പോലെ സൂക്ഷ്മബുദ്ധിയും നാം പ്രദർശിപ്പിക്കേണ്ടതുണ്ട്. മാറിവന്ന കാലത്തിനനുസരിച്ച നൂതനസമ്പ്രദായങ്ങൾ സ്വീകരിച്ചതിലാണ് ചാവറയച്ചൻെറ സൂക്ഷ്മബുദ്ധി പ്രകടമാകുന്നതെങ്കിൽ, മാറിവരുന്ന കാലത്തിനനുസരിച്ച് എന്നും നൂതനസമ്പ്രദായങ്ങൾ സ്വീകരിക്കാൻ അദ്ദേഹത്തിൻെറ അനന്തരഗാമികളും കടപ്പെട്ടവരാണ്. അങ്ങനെ നോക്കുമ്പോൾ ഇക്കാലഘട്ടത്തിലെ ഏററവും ജനസ്വാധീനമുള്ള മാധ്യമങ്ങളിലൊന്നായ ചലച്ചിത്രത്തിൻെറ രംഗത്തേക്ക് കത്തോലിക്കർ തിരിഞ്ഞുനോക്കുകപോലും ചെയ്തിട്ടില്ല. ഞങ്ങളിൽ ചിലരുടെ പ്രേരണയും ഉത്സാഹവും നിമിത്തമാണ് ആദ്യം കുടുംബദീപത്തിലും പിന്നീട ദീപികയിലും സ്ഥിരം ചലച്ചിത്രനിരൂപണപംക്തി ആരംഭിച്ചതു്. അവ ഇന്നു ഭംഗിയായി തുടർന്നുപോരുന്നുണ്ട്. സത്യദീപമുൾപ്പെടെയുള്ള പ്രസിദ്ധീകരണങ്ങൾക്ക് ഇന്ന് ചലച്ചിത്രനിരൂപണം അശുദ്ധവസ്തുവല്ലെന്നായതു് ചാരിതാർത്ഥ്യജനകമാണ്. പക്ഷേ നിരൂപണത്തെക്കാൾ ആയിരം മടങ്ങു പ്രധാനപ്പെട്ട നിർമ്മാണരംഗത്തു നാമെന്തു ചെയ്തിട്ടുണ്ട്? വ്യക്തിപരമായ നിലയിൽ ചില കത്തോലിക്കർ വ്യവസായബുദ്ധിയോടെ ആ രംഗത്തു പ്രവർത്തിക്കുന്നില്ലെന്നില്ല. പക്ഷേ സഭയുടെ ദൗത്യം നിർവ്വഹിക്കുന്നതിനോ, ജനതയുടെ ധാർമ്മികനിലവാരം മെച്ചപ്പെടുത്തുന്നതിനോ ബോധപൂർവ്വകമായ ശ്രമം അവരുടെ ഭാഗത്തുനിന്നുണ്ടാകുന്നില്ല. അതിനുള്ള പ്രേരണയും സഭ അവർക്ക നൽകുന്നില്ല. ഒന്നാംകിട നടന്മാരെയും ഗായകന്മാരെയും മലയാള ചലച്ചിത്രവേദിക്കു സംഭാവനചെയ്ത ക്രൈസ്തവസമുദായത്തിന് സ്വന്തം ദൗത്യനിർവ്വഹണത്തിൽ അവരെ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ലെന്നുവരുന്നതു് അത്യന്തം ലജ്ജാകരമായ ഒരു കൃത്യവിലോപത്തിൻെറ ഫലമായിട്ടേ എനിക്കു കാണാൻ കഴിയുന്നുള്ളു.

നോവൽ കഥാദികളായ സർഗ്ഗാത്മക സാഹിത്യരൂപങ്ങളിലൂടെ ക്രിസ്തുവിൻെറ പ്രതിച്ഛായ ജനഹൃദയങ്ങളിലേയ്ക്കു പ്രസരിപ്പിക്കുകയെന്നതും നമ്മുടെ കാലോചിതമായ കർത്തവ്യമാണ്. എന്നെപ്പോലെ പലരും ദശാബ്ദങ്ങളായി മുറവിളികൂട്ടിയിട്ടും സഭാനേതൃത്വത്തിൽനിന്നു് ഇക്കാര്യത്തിൽ അനുകൂലമായ ഒരു ചലനം പോലും ഉണ്ടായിട്ടില്ല. C. M. I. സഭയുടെ നേതൃത്വത്തിൽ ആലപ്പുഴയിൽ

സമാരംഭിച്ചിട്ടുള്ള പ്രകാശം പ്രസിദ്ധീകരണാലയം ഈ ലക്ഷ്യത്തിലേയ്ക്കുള്ള ഒരു ചെറിയ ചുവടുവയ്പ്പാണെന്നുപറയാം. എന്നാൽ കൃതികളുടെ ഗുണത്തിലും, നിലവാരത്തിലും, പ്രചാരത്തിലും കേരളത്തിലെ പ്രധാനപ്പെട്ട പ്രസിദ്ധീകരണാലയങ്ങളുടെ അടുത്തെത്തുന്നതിനു് പ്രകാശം ഇനിയും വളരെദൂരം സഞ്ചരിക്കേണ്ടതായിട്ടുണ്ടു്. ഗ്രന്ഥശാലാ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടും പ്രധാന നഗരങ്ങളിൽ ശാഖകൾ തുറന്നും കൃതികൾക്കു വേണ്ട പ്രചാരം നേടുക, പ്രഗത്ഭന്മാരെക്കൊണ്ടു് ഉത്തമകൃതികൾ രചിപ്പിച്ചും, അപ്രശസ്തന്മാരുടെ കൃതികൾ വിദഗ്ദ്ധ സമിതികളെക്കൊണ്ടു പരിശോധിപ്പിച്ചു സ്വീകരിക്കുക, ഗ്രന്ഥങ്ങളുടെ രചനാഗുണവും ആശയഗുണവും ഒപ്പം നിലനിർത്തുക. വ്യാപാര മത്സരത്തിൽ പിൻതള്ളപ്പെടാതിരിക്കുന്നതിനുള്ള മാറു പോംവഴികളാരായുക, ഇങ്ങനെ പലതും ഇനിയും ചെയ്യേണ്ടതായിട്ടുണ്ടു്. ഇതര പ്രസിദ്ധീകരണശാലകളിൽനിന്നു പുറത്തിറങ്ങുന്ന കൃതികൾ സസൂക്ഷ്മം പരിശോധിച്ചു് ഉത്തമഗ്രന്ഥങ്ങൾ തെരഞ്ഞെടുത്തു സംഭരിക്കുന്നതിനും വിതരണംചെയ്യുന്നതിനും ജനങ്ങൾക്കു് ആ വിഷയത്തിൽ വിശ്വസിക്കാവുന്ന മാർഗ്ഗദർശനമരുളുന്നതിനുമുള്ള താരതമ്യേന പ്രയാസം കുറഞ്ഞ മറെറാരു സംരംഭത്തിനും സി. എം. ഐ. സഭതന്നെ തുടക്കംകുറിച്ചിട്ടുണ്ടു്. തേവരയിലാരംഭിച്ച ജനതാബുക്കു്സ്റ്റാളിൻെറ പ്രവർത്തനപദ്ധതിയാണു ഞാൻ സൂചിപ്പിക്കുന്നതു്. ജനത—ദീപിക—പ്രകാശം-ബുക്കു്സ്റ്റാളുകൾ ഏകോപിച്ചു് സ്കൂൾ കോളേജ് ലൈബ്രറികൾക്കാവശ്യമായ സൽഗ്രന്ഥങ്ങൾ സംഭരിച്ചു വിതരണംചെയ്യുന്ന ഒരു വലിയ പ്രസ്ഥാനമാക്കി മാററുകയും പ്രധാനപ്പെട്ട കേന്ദ്രങ്ങളിലെല്ലാം ശാഖകൾ ആരംഭിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. അനുദിനം വർദ്ധിച്ചുവരുന്ന ആവശ്യങ്ങളുമായി താരതമ്യംചെയ്യുമ്പോൾ ഈ സംരംഭങ്ങൾ നാമമാത്രമായ പ്രയോജനമേ ചെയ്യുന്നുള്ളു. വിദ്യാഭ്യാസരംഗം സഭയുടെ ദൗത്യനിർവ്വഹണത്തിനു് താരതമ്യേന അപര്യാപ്തമായിത്തീർന്നുകൊണ്ടിരിക്കുന്നതിനാൽ ബോധനമാദ്ധ്യമരംഗത്തേയ്ക്കു് കൂടുതൽ ശ്രദ്ധ തിരിക്കേണ്ടതാവശ്യമാണു്. തല്ക്കാലം വലിയ ആദായമില്ലാത്തതും നഷ്ടമുണ്ടാക്കുന്നതുമായ പ്രസ്ഥാനങ്ങളാണിവയെന്നുതോന്നിയേക്കാം. ഉറുപ്പിക പൈസയായി പെട്ടെന്നുള്ള ലാഭം കണക്കാക്കി ചെയ്യേണ്ട കാര്യങ്ങളല്ല ഇവയൊന്നും. തീക്ഷ്ണമായ ദൗത്യബോധത്തോടെ ലാഭനഷ്ടങ്ങൾ പരിഗണിക്കാതെ. സർവ്വസ്വവുമർപ്പിച്ചുകൊണ്ടു് പ്രവർത്തിക്കേണ്ട രംഗങ്ങളാണിവ അങ്ങനെവരുമ്പോൾ ബോധനമാദ്ധ്യമരംഗത്തു് ശാസ്ത്രീയവും, സാഹിത്യപരവും, സാമൂഹ്യവും, സാംസ്കാരികവുമായ മണ്ഡലങ്ങളിൽ മതചൈതന്യം വിടാതെ മുന്നേറുന്ന അനേകം വാരികകളും മാസികകളും ഗ്രന്ഥങ്ങളും ഇനിയുമുണ്ടാകേണ്ടതുണ്ടെന്നു നാം സമ്മതിക്കും. ഇന്നുള്ള ദിനപ്പത്രങ്ങളെ, ദീപികയെ വിശേഷിച്ചും കാലോചിതമാക്കാനുള്ള സംരംഭങ്ങൾ അഭിനന്ദനീയമാണെങ്കിലും മതിയാകാതെയിരിക്കുന്നു.

നമ്മുടെ പ്രസിദ്ധീകരണസംരംഭങ്ങളെക്കുറിച്ച് തൽപ്രവത്തകർ എന്നും പറയാറുള്ള ഒരാവലാതി അവ സാമ്പത്തികമായി വലിയ നഷ്ടം സഹിക്കുന്നുവെന്നതാണ്. കത്തോലിക്കാസ്ഥാപനങ്ങളുടെ നടത്തിപ്പുകാർ എന്നും പറയാറുള്ള ആവലാതിയാണിതു്. ആളുകൾ ക്കതു കേട്ടാൽ ഒരു പുതുമയോ വിശ്വാസമോ ഇല്ലാതെയുമായിട്ടുണ്ട്. ഈ നഷ്ടപ്രസ്താവം നേരാണെന്നുതന്നെയാണ് എൻെറ വിശ്വാസം. അതു പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ നാം ആരായുന്നില്ലെന്നേയുള്ളു. കേരളത്തിലെ ഇതര പ്രസിദ്ധീകരണാലയങ്ങളും, പത്ര മാസിക കളും എങ്ങനെ നഷ്ടംകൂടാതെ നടത്തിക്കൊണ്ടുപോകുന്നു എന്നു് സസൂക്ഷ്മമായ ഒരന്വേഷണം നടത്തുകയും അവരുടെ മാർഗ്ഗങ്ങളിൽ സ്വീകാര്യമായവ നാം അനുകരിക്കുകയും വേണം. പത്രപ്രസിദ്ധീകരണങ്ങളുടെ ബിസിനസ്സുവശങ്ങളിൽ നമുക്കു വേണ്ടത്ര വിദഗ്ദ്ധന്മാരില്ല. പ്രത്യേക പരിശീലനം നല്കി വിദഗ്ദ്ധന്മാരെയുണ്ടാക്കിയെടുക്കണം. അല്മായക്കു് താദൃശരംഗങ്ങളിൽ പ്രവത്തനസാദ്ധ്യതകൾ വർദ്ധിച്ചുവരണം. എന്നുപറയുമ്പോൾ ബിസിനസ്സ് രംഗത്തു് വൈദഗ്ദ്ധ്യം നേടിയ ഒരു വൈദികനുണ്ടെങ്കിൽ അദ്ദേഹത്തെ അവിടെ പ്രവത്തിക്കാനനുവദിക്കരുതെന്നോ, അല്മായനായതുകൊണ്ടു മാത്രം ഒരു വൈദഗ്ദ്ധ്യവുമില്ലാത്ത ഒരാളെ ആ സ്ഥാനത്തു പ്രതിഷ്ഠിച്ചുകൊള്ളണമെന്നോ അത്ഥമാക്കുന്നില്ല.

അകത്തോലിക്കാ പ്രസിദ്ധീകരണങ്ങൾക്കു് അശ്ലീലതയും നിരീശ്വരത്വവും എഴുതി പ്രസിദ്ധീകരിക്കാം, നമുക്കു് അതിനു നിവൃത്തിയില്ലാത്തതുകൊണ്ടാണ് നമ്മുടെ പ്രസിദ്ധീകരണങ്ങൾക്കു പ്രചാരംകുറയുന്നതെന്നു പൊതുവേ ഒരു മുടന്തൻന്യായം പറയാറുണ്ട്. നല്ല നിലയിൽ ലാഭകരമായി പ്രവത്തിക്കുന്ന പ്രസിദ്ധീകരണശാലകളെല്ലാം നിരീശ്വരത്വവും അശ്ലീലതയും പ്രചരിപ്പിക്കുന്നവരാണെന്നു പറയുന്നതു് അവരുടെ നേർക്കുള്ള ഉപവിയററ ഒരാക്ഷേപം മാത്രമായിരിക്കും. കേരളത്തിലെ വായനക്കാരെല്ലാം നിരീശ്വരത്വവും ദുർമ്മാർഗ്ഗവും തേടിനടക്കുന്നവരാണെന്നു പറയുന്നതും അങ്ങനെ തന്നെ. കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുടെ പ്രചാരക്കുറവിനു് ആദർശനിഷ്ഠ ഒരു ചെറിയ കാരണമേ ആകുന്നുള്ളു. വലിയ കാരണങ്ങൾ വേറെ പലതുണ്ടു്. അവയെക്കുറിച്ചു സമഗ്രമായ ഒരന്വേഷണം തന്നെ നടത്തി പ്രതിവിധി തേടേണ്ടതുണ്ടു്. ഇങ്ങനെ പ്രസിദ്ധീകരണരംഗത്തു് ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ തുടങ്ങിവച്ച സംരംഭങ്ങളെ കാലത്തിൻെറ ആവശ്യങ്ങൾ തികച്ചും നിവ്വഹിക്കത്തക്കവണ്ണം വളത്തിയെടുത്തെങ്കിൽ മാത്രമേ അദ്ദേഹത്തിൻെറ അനുയായികളെന്നഭിമാനിക്കുവാനും അദ്ദേഹത്തോടുള്ള കടപ്പാടു നിറവേററാനും നമുക്കു സാധിക്കുകയുള്ളു.

ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ സമകാലികനായിരുന്ന വിശുദ്ധ ഡോൺബോസ്കോ പ്രസിദ്ധീകരണങ്ങളുടെ പ്രാധാന്യം മുൻക്കുട്ടിക്കണ്ട ഒരു മഹാസിദ്ധനായിരുന്നു. ചാവറയച്ചന്റെ പ്രവർത്തനങ്ങളോട് ചില കാര്യങ്ങളിലെങ്കിലും സാമ്യമുണ്ട് വി. ഡോൺബോസ്കോയുടെ കർമ്മപദ്ധതികൾക്ക്. അദ്ദേഹം വലിയൊരു ഗ്രന്ഥകാരനും വിദ്യാഭ്യാസപ്രവർത്തകനും പ്രസിദ്ധീകരണപ്രേമിയുമായിരുന്നു. വിശുദ്ധ ഡോൺബോസ്കോയുടെ വാക്കുകളിൽ ഈ പ്രബന്ധം ഉപസംഹരിക്കാം.

"To day there is a mania for reading and if there had been no antidote, God alone knows what havoc would have been wrought especially in the villages. However, let us not think that we have done enough; rather let us convince ourselves of the imperative necessity of redoubled efforts, of increased sacrifices, that we may raise a barrier against immorality, which like a giant is hastening to the attack".

ഈ സിദ്ധന്മാരുടെ കാല്പാടിൽ തെററാതെന്നെ നയിക്കണമേ എന്നു നമുക്കു വിനീതമായി പ്രാർത്ഥിക്കാം.

# ചാവറയച്ചൻ സാമുദായിക പരിഷ്ക്കർത്താവ്

ജെ. എം. തൊണ്ടിപ്പുര.

സേവിക്കുവാനാണ് ക്രിസ്തു സഭയെ സ്ഥാപിച്ചത്, സേവിക്കപ്പെടുവാനല്ല. നന്മ ചെയ്തുകൊണ്ടു കടന്നുപോയ അവിടത്തെ ജീവിതത്തിൽനിന്ന് അവരംക്കു കിട്ടിയ ദൗത്യവും മാതൃകയും ഇതു തന്നെയായിരുന്നു. ആദിമദശയിൽ ഏതാണ്ടതേ മാർഗ്ഗത്തിലൂടെയാണവരം ചരിച്ചതും. പക്ഷെ, രാജാക്കന്മാരുമായുള്ള വേഴ്ച ആരംഭിച്ചതോടെ അവളണിഞ്ഞിരുന്ന സേവനത്തിൻെറ കുപ്പായം ലജ്ജാകരമായിത്തോന്നി, അവരംക്കും പലർക്കും. അതുമാററി രാജോചിതങ്ങളായ പട്ടാംബരങ്ങളണിഞ്ഞതോടെ അവരം കൂടുതൽ വികൃതയാവുകയും ചെയ്തു. ഈ സത്യം മനസ്സിലാക്കിയതോ ചുരുക്കം ചില പുണ്യാത്മാക്കരം മാത്രം. സഭാമാതാവിൻെറ നഷ്ടപ്പെട്ട സൗന്ദര്യം അവരംക്കു വീണ്ടെടുത്തുകൊടുക്കുവാൻ യുഗാന്തരങ്ങളിലൂടെ ചുരുക്കം ചിലർ മുന്നോട്ടുവന്നതായി ചരിത്രം രേഖപ്പെടുത്തുന്നുണ്ട്. ആ ചെറുഗണത്തിലേക്കു കേരളസഭ കഴിഞ്ഞ നൂററാണ്ടിൽ സംഭാവന ചെയ്ത ധന്യനാണ് ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ.

പരിമിതനായ മനുഷ്യന് അപരിമേയവും അദൃശ്യവുമായ സാദ്ധ്യത്തെ, സാധനങ്ങരം കൂടാതെ പ്രാപിക്കുക സാദ്ധ്യമല്ല. സ്രഷ്ടാവായ ദൈവത്തെ അറിയാനും പ്രാപിക്കാനും സൃഷ്ടികളിൽ കൂടിയേ കഴിയൂ എന്നർത്ഥം.

മനുഷ്യൻെറ ഹൃദയം ദൈവത്തെ സ്നേഹിക്കുവാനായിമാത്രം സ്രഷ്ടമാണ്. അതിൻെറ ഏകവും പരമവുമായ വിഷയം ദൈവ

മാണ്; ദൈവം മാത്രമാണ്. മററുള്ളവയെല്ലാം ദൈവത്തെ പ്രാപിക്കുവാൻ നമ്മെ സഹായിക്കുന്നതിനുവേണ്ടി നിർദ്ദിഷ്ടമാണ്. ദൈവത്തിൻെറസ്ഥാനം അവയ്ക്കു കൊടുത്തുകൂടാ.

എന്താണീ സാധനങ്ങൾ എന്നു് സുവിശേഷം പ്രസ്പഷ്ടമാക്കിയിട്ടുണ്ടു്. ''ഒരുവൻ സഹോദരനെ ദ്വേഷിക്കുകയും അതേസമയം 'ഞാൻ ദൈവത്തെ സ്നേഹിക്കുന്നു' എന്നു പറയുകയും ചെയ്യുന്നെങ്കിൽ അവൻ വ്യാജം പറയുന്നു. കാണപ്പെടുന്ന തൻെറ സഹോദരനെ സ്നേഹിക്കാതിരിക്കുന്നവനു കാണപ്പെടാത്തവനായ ദൈവത്തെ സ്നേഹിക്കുവാൻ എങ്ങനെ കഴിയും?'' (I St. John iv. 20) ഈ സത്യം ഗ്രഹിച്ചിട്ടുള്ളവരെല്ലാം എല്ലാ മനുഷ്യരെയും സഹോദരങ്ങളായി കരുതുകയും അവരിൽ ദൈവത്തെ കാണുകയും അവരെ സ്നേഹിക്കുകയും അവരുടെ സേവനത്തിനായി ജീവിതം അർപ്പിക്കുകയും ചെയ്യും. ''ദൈവത്തെ പ്രാപിക്കുകയാണ് എൻെറ പരമലക്ഷ്യം. പക്ഷേ, അതു മനുഷ്യകുലത്തെ സേവിച്ചുകൊണ്ടേ സാധിക്കൂ. കാരണം ദൈവം അങ്ങു മുകളിലോ ഇങ്ങു താഴെയോ അല്ല, മനുഷ്യരിലും മനുഷ്യരുടെ ഇടയിലുമാണ്.'' (1) എന്ന ഗാന്ധിജിയുടെ വാക്കുകൾ ഇവിടെ സംഗതമാണ്. സ്വജീവിതംകൊണ്ടു് സ്നേഹത്തിൻെറയും സേവനത്തിൻെറയും ഒരിതിഹാസം രചിക്കുവാൻ ചാവറയച്ചൻ പ്രചോദനമുൾക്കൊണ്ടതും ഈ സനാതനസത്യത്തിൽ നിന്നാണ്. അദ്ദേഹം ദൈവത്തെ സ്നേഹിച്ചു, സഹോദരനെ സ്നേഹിച്ചുകൊണ്ടു്; ദൈവത്തെ സേവിച്ചു, മനുഷ്യസേവനത്തിനു സ്വയം അർപ്പിച്ചുകൊണ്ടു്.

## രോഗം ബാധിച്ച സമുദായഗാത്രം

അന്നത്തെ രാഷ്ട്രീയ–സാമ്പത്തിക–സാമൂഹ്യപരിത:സ്ഥിതികളുടെ പശ്ചാത്തലത്തിൽ ചാവറയച്ചൻെറ ജീവിതം നിരീക്ഷിക്കുന്നവർ നമ്മുടെ നാടിനെ രക്ഷിക്കാനെത്തിയ ഒരു പ്രവാചകനെയാണ് അദ്ദേഹത്തിൽ കാണുക. കേരളചരിത്രത്തിൽ 19–ാം നൂററാണ്ടും 16–നു ശേഷമുള്ള നൂററാണ്ടുകളെപ്പോലെ പൊതുവെ അസ്ഥിരതയുടെയും അസംതൃപ്തിയുടെയും ഒരു കാലഘട്ടമായിരുന്നു സഭാതലത്തിലെ കോളിളക്കങ്ങളോടൊപ്പം സാമൂഹ്യതലവും കലുഷിതമായിക്കഴിഞ്ഞിരുന്നു.

ശരിയായ നേതൃത്വവും പരിശീലനവും യഥാതഥം ലഭിക്കാതിരുന്നതിനാലാകാം സ്നേഹത്തിൻെറ പ്രവാചകന്മാരായിരിക്കേണ്ട ക്രൈസ്തവർപോലും അവരുടെ കത്തവ്യം വിസ്മരിച്ചുപോയതു്. ചില കടമാനുഷ്ഠാനങ്ങളിലും പാരമ്പര്യങ്ങളിലും സഭയെ ഒതുക്കിനിർത്തി, ബാഹ്യാനുഷ്ഠാനങ്ങളിൽമാത്രം ക്രിസ്തീയപൂണ്ണത ദർശിക്കുവാനേ അവക്കു കഴിഞ്ഞുള്ളൂ. ഇങ്ങനെ ക്രിസ്ത്വനുയായികളുടെ

ചിഹ്നവും ലക്ഷണവുമായിരിക്കേണ്ട സ്നേഹചൈതന്യം നിയമങ്ങളിലും മാമൂലുകളിലും കുലമഹിമയിലും മററും തട്ടിത്തകർന്നുകൊണ്ടിരുന്ന കാര്യം ആരുമത്ര ശ്രദ്ധിച്ചില്ല.

ഉപ്പിൻെറ സ്വാദ നശിച്ചുപോയാൽ, സൂര്യൻ ഇരുണ്ടുപോയാൽ ഫലം ഊഹ്യമാണല്ലോ. ഇങ്ങനെതന്നെ യേശുസൂക്തങ്ങളുടെ സ്വാദ് നമ്മിലില്ലാതായാൽ, യേശു കൊളുത്തിയ പ്രകാശം അണഞ്ഞുപോയാൽ ഫലമെന്തായിരിക്കും. സമൂഹത്തിൽ സത്യത്തിനും നീതിക്കും സ്നേഹത്തിനും സ്ഥാനമില്ലാതായാൽ വിപ്ലവം ഉടലെടുക്കും. അതാണ് ചരിത്രാനുഭവം.

## "വഴിതെററിവന്ന മാലാഖാ"

കേരളത്തിനു പൊതുവെയും സഭയ്ക്കു പ്രത്യേകിച്ചും വന്നുഭവിക്കാവുന്ന അത്യാഹിതം കാലേക്കൂട്ടികാണാനും കടയ്ക്കുതന്നെ കോടാലിവയ്ക്കാനും കഴിഞ്ഞ ചുരുക്കം ചില വ്യക്തികളിൽ അഗ്രേസരനാണ് ചാവറയച്ചൻ. ചിലർ സമ്മതിച്ചുതരികയില്ലായിരിക്കാം.

സർവ്വസംഗപരിത്യാഗിയായ ഒരു സന്യാസവര്യന് ഒരു സാമുദായിക പരിഷ്ക്കർത്താവുകൂടി ആയിത്തീരാമോ? ആകാമെന്നു ചാവറയച്ചൻ സ്വജീവിതംകൊണ്ടു തെളിയിച്ചുകഴിഞ്ഞു. കാലത്തിൻെറ ചുവരെഴുത്തു വായിക്കാനുള്ള വൈദഗ്ദ്ധ്യവും സാഹചര്യം ആവശ്യപ്പെട്ട നടപടികൾ നയതന്ത്രജ്ഞതയോടെ സ്വീകരിച്ചു നടപ്പാക്കാനുള്ള തൻേറടവും ചേർന്നിണങ്ങിയ ഒരു നേതാവായിരുന്നു ചാവറ.

'ഊഴിയിലെ അഖിലസാര'മായ സ്നേഹത്തിൻെറ മഹത്വം പറഞ്ഞുധരിപ്പിച്ചും സാമുദായികനീതിയുടെ അടിസ്ഥാനതത്വങ്ങൾ മനസ്സിലാക്കിക്കൊടുത്തും ഉറങ്ങിക്കിടന്ന ക്രൈസ്തവരെ തട്ടിയുണർത്തുന്നതിലുള്ള വ്യഗ്രതയിലാണ് ആദ്യം അദ്ദേഹത്തെ നാം കണ്ടുമുട്ടുക. കേരളത്തിലുടനീളം അദ്ദേഹം പ്രസംഗിച്ചു. പള്ളികളിൽ ഏകാന്തധ്യാനങ്ങൾ സംഘടിപ്പിച്ചു. കിട്ടിയ അവസരങ്ങളിലെല്ലാം അനീതിക്കും അക്രമത്തിനുമെതിരായി അദ്ദേഹം ശബ്ദമുയർത്തി. 'സ്നേഹ'ത്തിൻെറ പ്രമാണം മാററിവച്ചിട്ട് മറെറന്തിലൊക്കെയോ ക്രിസ്തീയപൂർണ്ണത തേടുന്നതിൻെറ മൗഢ്യം ചൂണ്ടിക്കാണിക്കാൻ അദ്ദേഹം ഒട്ടും മടിച്ചില്ല. മ്ശിഹായുടെ സന്ദേശം—''സ്നേഹത്തിൻെറ സുവിശേഷം''— ഓരോ വ്യക്തിയുടെയും ഹൃദയാന്തരാളത്തിലേക്കു തുളച്ചുകയററത്തക്കവയായിരുന്നു അദ്ദേഹത്തിൻെറ ഉപദേശങ്ങളും ലേഖനങ്ങളും.

''ഭിക്ഷക്കാർ വെറുംകൈയോടെ നിൻെറ വീട്ടിൽനിന്നും പോകാൻ നീ സമ്മതിക്കേണ്ടാ''. ''വേലക്കാർക്കു ന്യായമുള്ള കൂലി കൊടുക്കാതിരിക്കുകയോ താമസിപ്പിക്കുകയോ ചെയ്യരുത്'':

എന്തെന്നാൽ ഇതു ദൈവത്തിൻെറ പക്കൽ നിലവിളിക്കുന്ന പാപമാകുന്നു.'' ''പാവപ്പെട്ടവരെ നിന്ദിക്കേണ്ടാ, ബുദ്ധിമുട്ടിക്കുകയും വേണ്ടാ; എന്തെന്നാൽ ദൈവം അവരുടെ കണ്ണുനീർ കണ്ടാൽ നിശ്ചയമായും നിന്നോടു പ്രതികാരം ചോദിക്കും.''(2) ഇങ്ങനെപോകുന്നു ആ ഉപദേശശരങ്ങൾ.

ശക്തമായ ആ ശബ്ദം സമൂഹത്തിൽ പുതിയ ഉണർവും ഉന്മേഷവും സൃഷ്ടിക്കുകതന്നെ ചെയ്തു. സ്വാർത്ഥതയുടെ കൊച്ചുകൊച്ചു മതില്ക്കെട്ടുകൾ തകർത്തുകൊണ്ടു് ഓരോരുത്തർ പുറത്തു വന്നുതുടങ്ങി. ഇടവകക്കാരുടെ ചെലവിൽ ആണ്ടുതോറും ഓരോ കുട്ടിയെവീതം പഠിപ്പിച്ചു തുടങ്ങിയതും (3) ഓരോ വീട്ടിലും 'പിടിയരി' മാററി വയ്ക്കുന്ന ഏർപ്പാടു് (ഇതു് ഇന്നും നിലനിന്നുവരുന്നു) നടപ്പിലായതും, പള്ളികളിലും ഇതര പൊതുസ്ഥാപനങ്ങളിലും പാവപ്പെട്ടവക്കു കഞ്ഞി കൊടുക്കുക, 'സ്ത്രീകൾക്കും പൈതങ്ങൾക്കും തുണി ദാനം ചെയ്യുക' (4) മുതലായി പരോപകാരത്തിനുള്ള പ്രവൃത്തികൾ' ആരംഭിച്ചതും മററും ഈ ഉണർത്തെഴുന്നേല്പിൻെറപ്രത്യക്ഷ ലക്ഷണങ്ങളായിരുന്നു.

ഇങ്ങനെ സാമുദായികബോധവും സേവനതല്പരതയും ഉൾക്കൊണ്ടുണർന്ന സമൂഹത്തിനു് അവസരോചിതമായ നേതൃത്വം നൽകുന്നതിലും ചാവറയച്ചൻ വിജയിക്കുകതന്നെ ചെയ്തു. പുതിയ പുതിയ പദ്ധതികൾ ആവിഷ്കരിച്ചും നൂതനസേവനമാർഗ്ഗങ്ങൾ വെട്ടിത്തുറന്നും ജനങ്ങളെ കർമ്മോത്സുകരാക്കിക്കൊണ്ടാണു് അദ്ദേഹം ഇതു സാധിച്ചതു്. നിസ്വാർത്ഥസേവനത്തിൻെറ പ്രതീകമായി അദ്ദേഹം എപ്പോഴും മുൻപന്തിയിൽത്തന്നെ ഉണ്ടായിരുന്നു. നേതൃത്വത്തോടൊപ്പം മാതൃകയും അനുയായികൾക്കു ലഭിക്കുവാൻ ഇതു സഹായകമായി.

## പുതിയ പാതകൾ

പ്രവർത്തനങ്ങളുടെ നാനാത്വത്തെക്കാൾ അവയുടെ നൂതനത്വവും വിപ്ലവാത്മകതയുമാണു് ചാവറയച്ചനെ സാമുദായികപരിഷ്ക്കർത്താക്കളുടെ മുൻനിരയിലെത്തിക്കുന്നതു്. കൈനകരിയിലെ ഒരനാഥശാലയേ അദ്ദേഹം സ്ഥാപിച്ചുള്ളു. എങ്കിലും കേരളത്തിൻെറ അന്നത്തെ പരിതഃസ്ഥിതിയിൽ അതു വിപ്ലവാത്മകമായ പരിഷ്ക്കാരമായിരുന്നെന്നു് ആരും സമ്മതിക്കും. അഗതികളെ ഒരു ഭവനത്തിൽ താമസിപ്പിച്ചു സംരക്ഷിക്കുന്ന ഏർപ്പാടു് തീർത്തും അജ്ഞാതമായിരുന്ന ഒരു കാലഘട്ടമായിരുന്നു അതെന്നു് ഓർമ്മിക്കണം. വിദേശസഹായമാർഗ്ഗങ്ങളൊന്നും ഇല്ലാതിരുന്ന അക്കാലത്തു് ഇതുപോലൊരു പദ്ധതി ആവിഷ്ക്കരിക്കുക, ഭിക്ഷയാചിച്ചുപോലും അതിനെ മുന്നോട്ടു നടത്തിക്കൊണ്ടുപോകുക ഇതൊക്കെ ധീരാത്മാക്കൾക്കേ സാധിക്കൂ.

അധഃകൃതരുടെയും പിന്നോക്കസമുദായക്കാരുടെയും ഉന്നമനത്തിനായി അദ്ദേഹം സമാരംഭിച്ച പരിപാടികളും അതുപോലെതന്നെ വിപ്ലവാത്മകങ്ങളാണ്. ഇക്കൂട്ടരുടെ അന്നത്തെ സ്ഥിതി വളരെ ശോചനീയമായിരുന്നു. വോട്ടവകാശവും പാർട്ടികളുമൊന്നും ഇല്ലാതിരുന്നതുകൊണ്ട് രാഷ്ട്രീയക്കാരും ഇല്ലായിരുന്നു, അവരെ ഒന്നു തിരിഞ്ഞുനോക്കാൻ. അപ്പോഴാണ് ഈ കർമ്മയോഗി അവരുടെയിടയിലേക്കിറങ്ങിച്ചെല്ലുന്നത്. 'തന്നാൽ സ്നേഹിക്കപ്പെട്ട സമ്പന്നന്മാരിൽനിന്നു പണം വരുത്തിയും' (5). 'പള്ളികളിൽ പരസ്യം എഴുതിക്കൊടുത്തയച്ച് അരി വാങ്ങിയും' പിടിയരി ശേഖരിച്ചും അർഹരായവർക്ക് സാമ്പത്തികസഹായം അദ്ദേഹം എത്തിച്ചുകൊടുത്തു. (6)

വെറും സാമ്പത്തികസഹായംകൊണ്ടുമാത്രം അവരുടെ അധഃകൃതാവസ്ഥ പരിഹൃതമാവുകയില്ലല്ലോ, ചവുട്ടി മെതിക്കപ്പെട്ട അവരുടെ മനുഷ്യത്വത്തെത്തന്നെ സമുദ്ധരിക്കേണ്ടിയിരുന്നു. അതിന്നു സാക്ഷരത്വവും സംസ്കാരവും അവർക്കുണ്ടാകണം. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് ആർപ്പൂക്കരയും മാന്നാനത്തും അദ്ദേഹം സ്കൂളുകൾ ആരംഭിച്ചത്. പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നിഷേധിക്കപ്പെട്ടിരിക്കുന്ന അവരുടെ 'അധസ്തല'ത്ത് പ്രകാശം പരത്തിയ ആദ്യത്തെ വെള്ളിനക്ഷത്രങ്ങളായിരുന്നു ഈ പാഠശാലകൾ. നിത്യരക്ഷയോടൊപ്പം സാമൂഹ്യവിമോചനവും നേടിക്കൊടുക്കുന്നതിനാണ് ''വേദപ്രചാരപ്രസ്ഥാന''ത്തിന് അദ്ദേഹം രൂപം കൊടുത്തതെന്നും പ്രസ്താവ്യമാണ്.

വിദ്യാഭ്യാസപരമായും സാംസ്കാരികമായും വളരെ പിന്നോക്കാവസ്ഥയിലായിരുന്ന സ്വസഹോദരങ്ങളെ പിടിച്ചുയർത്താൻവേണ്ടി അദ്ദേഹം ആവിഷ്ക്കരിച്ച പദ്ധതികൾ അദ്ദേഹത്തിൻെറ വിദൂരവീക്ഷണത്തിൻെറയും ധീരതയുടെയും അവിസ്മരണീയതെളിവുകളാണ്. രണ്ടോ മൂന്നോ സ്കൂളുകളേ അദ്ദേഹം സ്ഥാപിച്ചുള്ളു. എങ്കിലും വിദ്യാഭ്യാസരംഗത്തു പുതിയ ഒരദ്ധ്യായം തുടങ്ങിവച്ചു, അതു്. ഒരു കോളജു സ്ഥാപിക്കാൻപോലും ആ ധീരാത്മാവു മ്പാനിട്ടതാണ്. ചില പ്രതികൂലസാഹചര്യങ്ങൾമൂലം അതു നടപ്പായില്ലെന്നുമാത്രം. ഇടവകതോറും സ്കൂളുകൾ നടത്തിത്തുടങ്ങിയതു് ചാവറയച്ചൻ വികാരിജനറാളായിരുന്ന കാലത്തു ചെയ്ത പരിശ്രമങ്ങളുടെ ഫലമാണെന്നതും ശ്രദ്ധേയമാണ്. നിർദ്ദേശമനുസരിച്ചു പ്രവർത്തിക്കാത്ത പള്ളികൾക്ക് 'അംശമുടക്ക്' കല്പിക്കുമെന്നു താക്കീതു് കൊടുക്കുന്നുണ്ട്, 1865-ൽ അദ്ദേഹം പുറപ്പെടുവിച്ച ഒരു സർക്കുലർവഴി. (7)

അദ്ദേഹത്തിൻെറ സേവനതല്പരതയുടെയും മനോദാർഢ്യത്തിൻെറയും മറെറാരു സാക്ഷ്യമാണ് മാന്നാനത്തു സൂക്ഷിക്കപ്പെട്ടിരിക്കുന്ന മരപ്രസ്സ്. അച്ചടിയെക്കുറിച്ചോ, പ്രസിദ്ധീകരണത്തെക്കുറിച്ചോ സ്വസമുദായം ചിന്തിക്കുകപോലും ചെയ്യാതിരുന്ന കാലത്താ

ണ്ട് ഈ പദ്ധതിയുമായി ചാവറയച്ചൻ മുമ്പോട്ടു വന്നതു് എന്നോർമ്മിക്കണം. തിരുവനന്തപുരത്തുപോയി അച്ചടിവിദ്യ പഠിക്കുന്നതും, വാഴപ്പിണ്ടികൊണ്ടു സ്വയം നിർമ്മിച്ച മാതൃകവച്ചു് തടിപ്രസ്സ് ഉണ്ടാക്കിച്ചെട്ടുകുന്നതും, വിദേശത്തുനിന്ന് അച്ചടിസാമഗ്രികൾ സമ്പാദിക്കുന്നതും നാളാഗമത്തിൽ (8) വിവരിക്കപ്പെട്ടിട്ടുള്ളതു് സാഹസികകഥയായിട്ടേ അനുവാചകർക്കു തോന്നൂ.

## സ്വപ്നം യാഥാർത്ഥ്യമാകുന്നു

അദ്ദേഹത്തിൻെറ ഈ പ്രവർത്തനങ്ങളും പദ്ധതികളും അല്പായുസ്സുകളായിപ്പോകരുതല്ലോ. അതിനുവേണ്ടി വിപ്ലവാത്മകമായ ഒരാശയം ആ അതിധീമാൻ ആവിഷ്ക്കരിച്ചു—സേവനതല്പരമായ ഒരു സന്യാസസമൂഹത്തിൻെറ സ്ഥാപനം.

ഈ രംഗത്തു മുഖ്യപ്രവർത്തകരായിരുന്ന പാലയ്ക്കലച്ചനും, പോരൂക്കരയച്ചനും ''വല്ലേടത്തും ഒതുങ്ങിപ്പാർക്കണം'' (9) എന്ന ആശയക്കാരായിരുന്നു. ''ലോകത്തിൽ പെരുമാറിയാൽ രക്ഷപ്പെടാൻ പ്രയാസം. നമുക്കു രണ്ടുപേർക്കുംകൂടി വല്ല വനവാസത്തിനും പൊയ്ക്കളയാം''(10) എന്നു കണിയാന്തറ യാക്കോബുമായി പോരൂക്കരഅച്ചൻ കരാറുണ്ടാക്കുകകൂടി ചെയ്തിരുന്നു. എന്നാൽ ചാവറയച്ചൻ ദൈവത്തെ തേടിയതു വനാന്തരത്തിലല്ല, മനുഷ്യരുടെ ഇടയിലാണു്. (11) ലോകത്തെ തിന്മയായിമാത്രം കാണുവാൻ സാധിക്കാഞ്ഞതുകൊണ്ടാണു് ഏകനായി ഗിരിഗഹ്വരത്തിൽ വാസം നടത്താൻ ആഗ്രഹിക്കാതെ ലോകത്തിലേക്കിറങ്ങിച്ചെല്ലുവാൻ അദ്ദേഹം തീരുമാനിച്ചതു്. അവിടെയും ''എത്രയും ചിത്തമാം നിൻ (ദൈവം) മുഖപത്മത്തെ ഏകാന്തപ്രേമത്താൽ പാർക്കാ'' (12) മെന്നുറപ്പുണ്ടായിരുന്നു ആ കർമ്മയോഗിക്കു്.

തോമ്മാച്ചന്മാരുടെ അഭിനിവേശത്തെ ചാവറയച്ചൻെറ ആശയം സ്വാധീനിക്കുന്നതായിട്ടാണു് പിന്നീടുള്ള അവരുടെപ്രവർത്തനങ്ങളിൽനിന്നും നമുക്കു മനസ്സിലാവുക. കേരളത്തിലെ അന്നത്തെ സാഹചര്യത്തിനിണങ്ങാത്ത, സമൂഹത്തിൻെറ ആവശ്യങ്ങൾക്കു് ഉപകരിക്കാത്ത നിലപാടു് അവരുപേക്ഷിക്കുന്നതായും ചാവറയച്ചനോടൊന്നിച്ചു് സേവനോന്മുഖമായ ഒരു സന്യാസസമൂഹത്തിനു രൂപം കൊടുക്കാൻ പരിശ്രമിക്കുന്നതായും നാം കാണുന്നുണ്ടല്ലോ. 1831-ൽ മാന്നാനത്തു ''*അമലോത്ഭവദാസന്മാരുടെ സഭ'' സ്ഥാപിതമായതോടുകൂടി ചാവറയച്ചൻെറ ചിരകാലസ്വപ്നം സാക്ഷാല്ക്കരിക്കപ്പെട്ടു. ഇങ്ങനെ ''പരോപകാരത്തിനായിട്ടു് ഒരു ദർശനമാം'' സ്ഥാപിച്ചതാണു് അദ്ദേഹം നടത്തിയ ഏററവും വലിയ സാമുദായികവിപ്ലവം.

## "അപകടം പിടിച്ച വഴി"

അമലോത്ഭവദാസസന്മാരുടെ ചരിത്രം ആ സമൂഹത്തിൻെറ സേവനോന്മുഖസ്വഭാവത്തെ അസന്ദിഗ്ദ്ധമായി തെളിയിക്കുന്നുണ്ട്. ഫ്രാംസിസ്സ്ലോസ്സേവ്യർ, ബർണ്ണദ്ദീനോസ് മുതലായ വൈദികശ്രേഷ്ഠന്മാരെ ഏററവും ആകർഷിച്ചതു് 'സഭ'യുടെ പരസേവന മുഖ്യമായ പ്രകൃതവും തദംഗങ്ങളുടെ പരസേവനതല്പരതയുമാണു്. ജനങ്ങളുടെയിടയിൽ സഭയ്ക്കു ലഭിച്ച അംഗീകാരത്തിനും കാരണമിതുതന്നെ. സന്യാസസമൂഹത്തിനു് ആരംഭമിട്ടു എന്നു കേട്ടപ്പോഠം തുടങ്ങി, നാനാ ഭാഗത്തുനിന്നും ശാഖാഭവനങ്ങഠംക്കായുള്ള മുറവിളിയുണ്ടാകാനും ഇതുതന്നെ കാരണം. അടക്കാനാവാത്ത ആശയോടും ആവേശത്തോടുംകൂടി സഹായവാഗ്ദാനങ്ങളും അപേക്ഷകളുമായി 'വലിയപ്രിയോരച്ച'നെ സമീപിച്ച ജനങ്ങഠംക്കു ബോദ്ധ്യമുണ്ടായിരുന്നു, ആ സമൂഹം അവക്കുവേണ്ടിയുള്ളതാണെന്നു്.

### ലക്ഷ്യം

സഭയുടെ ലക്ഷ്യമെന്തെന്നു് വ്യക്തമാക്കേണ്ടതു് സ്ഥാപകനൊ സ്ഥാപകരൊ ആണല്ലൊ. സ്ഥാപകരിൽ പ്രധാനികളായ പാലയ്ക്കൽ–പോരൂക്കരമാരിൽ സ്വാധീനം ചെലുത്തി സഭയ്ക്കു വിപ്ലവാത്മകമായ രൂപഭാവങ്ങഠം നൽകിയ ചാവറ ആ കൃത്യം നന്നായിത്തന്നെ നിവ്വഹിച്ചിട്ടുണ്ടു്. ''നമ്മുടെ സഹോദരന്മാരുടെ നന്മയ്ക്കായിട്ടാണു് ദൈവം ഈ സഭയുടെ സ്ഥാപനത്തിനു തിരുമനസ്സായ'' തെന്നു് (14) അദ്ദേഹം തൻെറ ശിഷ്യന്മാരെ ഇടയ്ക്കിടെ ഓമ്മപ്പെടുത്തുന്നതു കാണാം. ''ദൈവസ്തുതിക്കായിട്ടും പരോപകാരത്തിനായിട്ടും ആരംഭിച്ച ദർശനമഠം'' (15) –അദ്ദേഹത്തിൻെറ ഈ വാക്കുകളിൽനിന്നു സുവിദിതമാണല്ലൊ, സഭയുടെ ലക്ഷ്യമെന്തെന്നു്. ദൈവമഹത്വവും സഭാംഗങ്ങളുടെ വിശുദ്ധിയും അയൽക്കാക്കു നന്മ ചെയ്തുകൊണ്ടാണു് സാധിക്കേണ്ടതെന്നു് പരോക്ഷമായെങ്കിലും പ്രകടമായി പ്രസ്താവിക്കുകയാണിവിടെ. സഹോദരങ്ങളെ അന്ധകാരത്തിലുഴലുന്നതിനു വിട്ടിട്ടു്, പ്രകാശം സ്വന്തമായി വച്ചനുഭവിക്കുന്ന അപകടരഹിതമായ ഒരു ജീവിതപദ്ധതിയല്ല അദ്ദേഹം അനുയായികഠംക്കായി വിഭാവനം ചെയ്തതെന്നു സ്പഷ്ടം.

### സന്യാസിനിമഠം

കത്തോലിക്കാസഭയുടെ ചരിത്രത്തിൽ കന്യാസ്ത്രീകഠം സേവനത്തിൻെറ പ്രതീകമായിട്ടാണല്ലൊ അറിയപ്പെടുന്നതു്. നിസ്വാത്ഥവും അപ്പിതവുമായ സേവനത്തിൻെറ കാര്യത്തിൽ ഒരുപക്ഷേ പുരുഷന്മാരേക്കാഠം മുന്നിട്ടു നില്ക്കുന്നതു് സ്ത്രീകളായിരിക്കാം. പാചകശാലയിൽ ഒതുങ്ങിപ്പോയ സ്ത്രീകളെ വെളിച്ചത്തു കൊണ്ടുവരുവാനും അവരുടെ കഴിവുകഠം സമുദായത്തിനുപകരിപ്പിക്കാനും അദ്ദേഹം തീരുമാനിച്ചു. ഇവിടെയും കഷ്ടപ്പാടുകളും പ്രതിബന്ധങ്ങളും മാത്രമേ ഉണ്ടായിരുന്നുള്ളു, ലക്ഷ്യത്തിലെത്തുന്നതിനു ''സഹായി''കളാ

യിട്ടു്. അവസാനംവരെയും അദ്ദേഹം ധീരതയോടെ പിടിച്ചു നിന്നില്ലായിരുന്നെങ്കിൽ കേരളത്തിനൊരു കർമ്മലീത്താ സന്യാസിനീസഭ ലഭിക്കുമായിരുന്നോ? സംശയിക്കണം.

## ഇന്നിന്റെ വെല്ലുവിളി

ചാവറയുടെ ധീരമായ ഈ കാൽവയ്പ്പ് ഇവിടത്തെ സാമൂഹ്യാന്തരീക്ഷത്തിൽ വ്യാപകമായ പരിവർത്തനങ്ങൾ വരുത്തി. അന്നത്തെ കുത്തഴിഞ്ഞ സാമൂഹ്യവ്യവസ്ഥിതിയും സഭാസാഹചര്യങ്ങളും കൊണ്ടെത്തിച്ചേക്കാമായിരുന്ന വലിയ വിപ്ലവത്തിൽ നിന്നും, ചാവറയുടെ ഈ കാൽവയ്പ്പ് കേരളത്തെ താല്ക്കാലികമായിട്ടെങ്കിലും രക്ഷിച്ചു എന്നു പറയാം. എന്നാൽ ഇന്നത്തെ സ്ഥിതിയോ? നമ്മുടെ പിതാവ് അഭിമുഖീകരിച്ചതിനേക്കാൾ സങ്കീർണ്ണതരമല്ലേ അതു്, സഭയിലും സമുദായത്തിലും? കൂടുതൽ ഭയാനകമായ ഒരു വിപത്തിലേയ്ക്കല്ലേ അതു നീങ്ങിക്കൊണ്ടിരിക്കുന്നതു്? ജനങ്ങളിൽ ഭയാശങ്കകൾ ഉണർത്തിക്കൊണ്ടു് രാഷ്ട്രീയാസ്ഥിരതയും കക്ഷിവഴക്കുകളും കൊള്ളയും കൊലയുമെല്ലാം നാൾക്കുനാൾ വർദ്ധിച്ചുവരികയാണു്, അനീതിയും അസമത്വവും ഇനിയും പരിഹൃതമായിട്ടില്ല. ഈ തക്കംനോക്കി കലക്കവെള്ളത്തിൽ മീൻ പിടിക്കുകയാണു് കമ്മ്യൂണിസ്റ്റുകാരും നക്സലൈററുകളും.

ക്രൈസ്തവർ അധികമുള്ള കേരളത്തിൽ സാമുദായികാന്തരീക്ഷം ഇത്രമേൽ കലുഷമാകാൻ കാരണമേ? ക്രിസ്തു നൽകിയ സ്നേഹത്തിന്റെ അടിസ്ഥാനപ്രമാണം അനുസരിക്കാതെ, ക്രിസ്തുശിഷ്യരായിരിക്കാമെന്നുള്ള ക്രൈസ്തവരുടെ മിഥ്യാധാരണതന്നെ; സംശയമില്ല. ''കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാതെ കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാ''മെന്നാണു് ഇന്നത്തെ ചിന്താരീതി. ''ദൈവത്തിന്റെ ഇഷ്ടം നിറവേററുന്നതിനു''പകരം ''കർത്താവേ! കർത്താവേ!'' എന്നു വിളിച്ചുകൊണ്ടിരുന്നാൽ ഫലമില്ലെന്ന കാര്യം സൗകര്യപൂർവ്വം വിസ്മരിക്കപ്പെടുന്നു. ദരിദ്രരും. അനാഥരും, രോഗികളും, വേദനയനുഭവിക്കുന്നവരുമായ സാധുസഹസ്രങ്ങളെ മറന്നിട്ടു്, സുകൃതപൂർണ്ണതയ്ക്കായി നിലകൊള്ളുന്നു എന്നു് അവകാശപ്പെടുന്നതു് കടുത്ത ആത്മവഞ്ചനയാണു്. അവരാണു് ''സ്നേഹത്തിന്റെ സാമ്രാജ്യ''ത്തിനു തുരങ്കം വയ്ക്കുന്നവർ.

ഈ തെററു മനസ്സിലാക്കി കാലത്തിനൊപ്പിച്ചു നീങ്ങുമോ? ഇതാണിന്നത്തെ ഏററവും വലിയ വെല്ലുവിളി.

കേരളത്തിലെ ജനങ്ങൾ, പ്രത്യേകിച്ച് യുവാക്കൾ, സാക്ഷരത്വവും സംസ്കാരവും സാമൂഹ്യബോധവും ഉള്ളവരാണു്. നീതിയും സമത്വവും കൈവരുത്തുവാനുള്ള അഭിനിവേശം അവർക്കുണ്ടു്. നേതൃത്വം നൽകാൻ ആളുണ്ടെങ്കിൽ അവരുടെ കഴിവുകൾ അത്ഭുതങ്ങൾ പ്രവർത്തിക്കും. ഈ രംഗത്താണു് C. M. I. സഭ മുന്നിട്ടു നിന്നു പ്രവർത്തിക്കേണ്ടതെന്നു തോന്നുന്നു. ആളും അർത്ഥവുംകൊണ്ടു് അനുഗൃഹീതമായ ഈ സമൂഹം ചാവറയച്ചൻ തുടങ്ങിവച്ച പ്രവർത്ത

നങ്ങളിൽമാത്രം (പലതും സന്യാസസമൂഹത്തിൻെറ പ്രത്യേകസംരക്ഷണം കൂടാതെതന്നെ വളരുവാൻ പ്രായമായിക്കഴിഞ്ഞിട്ടുണ്ട്.) കണ്ണുംനട്ടിരിക്കാതെ ഇന്നിൻെറ ആവശ്യങ്ങറംക്കനുസരിച്ചു പുതിയ പുതിയ പദ്ധതികറം ആവിഷ്ക്കരിക്കട്ടെ! ഈ ഏതദ്ദേശീയസഭയുടെ മാതൃകയും നേതൃത്വവും ആരംഭകാലത്തു് സാമുദായികാന്തരീക്ഷത്തിൽ എങ്ങനെ ഭകാളിളക്കങ്ങറം സൃഷ്ടിച്ചുവോ അങ്ങനെതന്നെ ഇന്നും സൃഷ്ടിക്കണം.

വ്യക്തിപരവും ഒററപ്പെട്ടതുമായ സാമൂഹ്യക്ഷേമപ്രവത്തനങ്ങറം ധാരാളം കേരളത്തിലുണ്ട്. അതുകൊണ്ടായില്ല. സംഘടിതവും ഏകീകൃതവുമായ പ്രവത്തനങ്ങറംക്കേ കാര്യമായ പരിവത്തനം കൈവരുത്തുവാൻ കഴിയൂ. ഈ ജൂബിലിവർഷത്തിൽ, ആഘോഷങ്ങറം നടത്തിയും സ്മാരകങ്ങറം പണിതും പഴയ തെററാവത്തിക്കാതെ ഒരു 'സാമുദായികവിപ്ലവം' നമുക്കു വരുത്തിക്കൂടേ? ക്രിസ്തുശിഷ്യർ സംഘടിതമായി കേരളത്തിലെ പാവപ്പെട്ടവരുടെയും അവശരുടെയും നന്മയ്ക്കുപകരിക്കുന്ന ധീരമായ–വിപ്ലവാത്മകമായ–പരിപാടികറം ആസൂത്രണംചെയ്തു് നടപ്പാക്കിയാൽ അതായിരിക്കും 'സേവനത്തിൻെറ പ്രേഷിതനു്' പ്രതിഷ്ഠിക്കാവുന്ന ഏററവും നല്ല ജൂബിലിസ്മാരകം.

## NOTES

1 All men are brothers—Compiled by K. Kripalani Ahemedbad; 1960, P. 78.
2 കൈനകരി ഇടവകക്കാക്കു് എഴുതിയ ലേഖനം; No. 6
3 പി. ററി തോമസ്– കമ്മയോഗി. എറണാകുളം 1956. P. 147.
4 ആലോചന. P. 44.
5 പോരുക്കരഅച്ചൻെറ ഡയറി
6 പാറപ്പുറത്തച്ചൻെറ ഡയറി.
quoted by Fr. Valariyan. ജീവചരിത്രം. P. 288.
7 ജീവചരിത്രം. P. 137
8 നാളാഗമം. I A P. 137—156
9 നാളാഗമം I. A. P. 6
10 നാളാഗമം. I A. P.1—2
11 K. C. Chacko. "Fr. Kuriakos Chavara" P. 67.
12 ആത്മാനുതാപം.
13 നാളാഗമം. I. A. P. 15, Fr. Bernard's; History. P. 308
14 സഭാംഗങ്ങറംക്കുള്ള ലേഖനം. No. 3.
15 സഭാംഗങ്ങറംക്കുള്ള ലേഖനം. No. 3.

# ഫാദർ ചാവറയും ആധുനിക ആശയവിനിമയ മാദ്ധ്യമങ്ങളും

ഡോ. ജോർജ്ജ്, കളപ്പുരയ്ക്കൽ

---

## പ്രാധാന്യം

‘‘ശരിയായി വിനിയോഗിച്ചാൽ, ഈ മാദ്ധ്യമങ്ങൾ മനുഷ്യരാശിക്ക് അതുല്യ സേവനമായിരിക്കും ചെയ്യുക എന്ന് സഭ മനസ്സിലാക്കുന്നു. എന്തെന്നാൽ, അവ മനുഷ്യന്റെ അറിവിന്റെയും വിനോദത്തിന്റെയും മേഖലകൾക്ക് കനത്ത സംഭാവനകൾ നൽകുന്നു. മാത്രമല്ല, ദൈവരാജ്യം പരക്കുന്നതിനും പടരുന്നതിനും അവ വിലപ്പെട്ടതുമാണ്.’’

‘‘ഈ വക മാദ്ധ്യമങ്ങൾ മനുഷ്യരുടെ തന്നെ നാശത്തിനും, സ്രഷ്ടാവിന്റെ പ്ലാനിനെതിരായും പ്രയോഗിക്കാൻ മനുഷ്യർക്ക് കഴിയുന്നതാണെന്നും സഭ മനസ്സിലാക്കുന്നു സത്യത്തിൽ, സാധാരണയായി ഈ മാദ്ധ്യമങ്ങൾ മനുഷ്യൻ തെററായ വിധത്തിൽ ഉപയോഗിക്കുന്നതു മൂലമുള്ള തിന്മയുടെ ആഴം കാണുകയാൽ, സഭയുടെ മാതൃഹൃദയം വേദനാനിർഭരമാവുകയാണ്.’’

സാമൂഹ്യ സമ്പർക്ക മാദ്ധ്യമങ്ങളെപ്പററിയുള്ള രണ്ടാം വത്തിക്കാൻ കൗൺസിൽ ഡിക്രിയുടെ ഉപേദ്ഘാതത്തിലെ രണ്ടാം ഖണ്ഡികയിൽ നിന്നുമെടുത്ത ഉദ്ധരണികളാണ് മേൽ ചേർത്തതു്. വ്യക്തമായി ചില കാര്യങ്ങളിലേയ്ക്ക് പ്രസ്തുത ഉദ്ധരണികൾ വിരൽ ചൂണ്ടുന്നു:—

1) ആശയവിനിമയ മാദ്ധ്യമങ്ങളുടെ അതുല്യമായ പ്രാധാന്യം, ആധുനിക ലോകത്തിൽ.

2) മനുഷ്യ രാശിയ്ക്കു് അമൂല്യ സേവനം അർപ്പിക്കുന്നതിൽ അവയ്ക്കുള്ള സുപ്രധാന പങ്കു്.

3) ദൈവരാജ്യം സ്ഥാപിക്കുന്നതിൽ അവയ്ക്കു നിർവ്വഹിക്കാവുന്ന മഹത്തായ സേവനം.

4) അതേസമയം തന്നെ, സഭയ്ക്കും, മനുഷ്യർക്കും തിന്മ വരുത്താൻ അവ ദുരുപയോഗിക്കപ്പെട്ടേക്കാമെന്നുള്ള യാഥാർത്ഥ്യം

5) അതു കണ്ടിട്ടു് മാതാവായ സഭയ്ക്കുള്ള ആഴമായ ആകുലത.

ചുരുക്കമായി പറയാനാണെങ്കിൽ, ഈ വിഷയത്തിന്റെ വിവിധ വശങ്ങളിലേയ്ക്കു് ആഴമായിറങ്ങുന്ന സുപ്രധാനങ്ങളായ വാചകങ്ങളാണു് മേലുദ്ധരിച്ചവ. എത്ര സുപ്രധാനമാണു് പ്രസ്സ്, പത്രങ്ങൾ, മാസികകൾ തുടങ്ങിയ മാദ്ധ്യമങ്ങളെന്നുള്ളതിൽ നാം സംശയിച്ചിട്ടു കാര്യമില്ല. ആധുനിക വാർത്താവിനിമയ സൗകര്യങ്ങൾ, ലോകത്തെ മുഴുവൻ ഞൊടിയിടകൊണ്ടു് ബന്ധിയ്ക്കുകയാണു്. ഏതു കോണിലും നടക്കുന്ന സംഭവങ്ങൾ മറേറതു ഭാഗത്തും എത്തിക്കുവാൻ പോരുന്ന സംവിധാനങ്ങൾ ഇന്നു് ലഭ്യമാണു്.

## ഇന്നത്തെ കാലത്തു്

അതുപോലെതന്നെ, ഫലപ്രദമായ വിനിയോഗം കൊണ്ടു്, നമ്മുടെ ആശയങ്ങളും ആദർശങ്ങളും ലോകമെങ്ങും വ്യാപിപ്പിക്കുന്നതിനുള്ള കഴിവും, ഈ ആധുനിക സൗകര്യങ്ങൾ നൽകുന്നുണ്ടു്. ഇക്കഴിഞ്ഞ കാൽ ശതകത്തിനുള്ളിൽ അഭ്രുതപൂർവ്വമായ പുരോഗതിയാണു് ശാസ്ത്രവും മനുഷ്യചേതനയും ഈ രംഗത്തു് കൈവരുത്തിയിട്ടുള്ളതു്. ഇമ്മാതിരി പുരോഗതിയുടെയൊക്കെ മുൻ പന്തിയിൽനിന്നു്, മാററങ്ങളെ സംവഹിച്ചുകൊണ്ടു്, ക്രിസ്തുവിന്റെ സന്ദേശം ഫലപ്രദമായി ലോകമാസകലം എത്തിക്കുകയാണു് നമ്മൾ ചെയ്യേണ്ടതു്. അതേ സമയം തന്നെ, സത്യത്തിന്റെയും സന്മാർഗ്ഗത്തിന്റെയും അടിത്തറതന്നെ തകർക്കുവാൻ കിണഞ്ഞു പരിശ്രമിക്കുന്ന ശക്തികളെയും നാം കണക്കിലെടുക്കേണ്ടതുണ്ടു്. ആശയങ്ങളുടെയും, ജനതകളുടെ ആവേശത്തിന്റെയും അപ്രതിഹതമായ മുന്നേററത്തെ തടഞ്ഞു നിറുത്താൻ ശ്രമിക്കുന്ന പ്രതിലോമശക്തികളായി നമ്മുടെ മാദ്ധ്യമങ്ങളും, നമ്മളും മാറാതിരിക്കാനും കരുതേണ്ടതുണ്ടു്. ശാസ്ത്രപുരോഗതിയുടെ വ്യാപ്തിയും ആധുനിക രാഷ്ട്രീയ യാഥാർത്ഥ്യങ്ങളുടെ സത്തയും, അന്താ:രാഷ്ട്രീയ ചലനങ്ങളുടെ സാരാംശവും, സംഘടിത ജനശക്തിയുടെ അദമ്യതയും, പുത്തൻ ആവേശത്തിൻെ ആവശ്യങ്ങളും, നാം കണക്കിലെടുത്തുകൊണ്ടു്, ചലനാത്മകമായ ഈ യുഗത്തിന്റെ ഹൃദയ ചലനങ്ങൾക്കു്

സന്മാർഗ്ഗാത്മകവും, സർഗ്ഗസുന്ദരവും, സ്നേഹസന്ദേശത്തിൻെറ മധുരമധുരവും ആയ ഒരു ക്രൈസ്തവ ആഭിമുഖ്യം നൽകാനാണ് ശ്രമിക്കേണ്ടത്. മേൽകൊടുത്ത കാഴ്ചപ്പാടിൻെറ വെളിച്ചത്തിൽ ഇന്നത്തെ കേരളത്തിലെ കത്തോലിക്കാ പ്രസിദ്ധീകരണ മാദ്ധ്യമങ്ങളെ പൊതുവെയും, C. M. I. സഭയുടെ സംരംഭങ്ങളെ പ്രത്യേകമായും വിലയിരുത്താൻ ഒരു എളിയ ശ്രമം നടത്തുകയാണ് ഈ ലേഖനത്തിൻെറ ലക്ഷ്യം.

## വേണ്ട കാര്യങ്ങൾ

ഈ രംഗത്ത് ഫലപ്രദമായ പ്രവർത്തനം നടത്തുവാൻ, സേവനം അനുഷ്ഠിക്കുവാൻ, വേണ്ടുന്ന കാര്യങ്ങൾ എന്തൊക്കെയാണ്?

1. പ്രഥമമായി ഈ രംഗത്തെ പ്രവർത്തനത്തിൻെറ ആവശ്യകത നമ്മൾ ശരിക്കും മനസ്സിലാക്കുകയും അംഗീകരിക്കുകയും വേണം. വിഭിന്ന തോതിലാണെങ്കിലും പൊതുവെ എല്ലാ കേന്ദ്രങ്ങളിലും ഈ അവബോധം സാമാന്യം ശക്തമായി തന്നെയുണ്ടെന്നുവേണം കരുതാൻ. വത്തിക്കാൻ കൗൺസിലിൽ രേഖകൾ ശക്തവും സുന്ദരവുമായ ഭാഷയിൽ ഇക്കാര്യം അവതരിപ്പിക്കുകയും, അതംഗീകരിക്കാൻ എല്ലാ നല്ല മനുഷ്യരേയും ആഹ്വാനം ചെയ്യുകയും ചെയ്യുന്നുണ്ട്.

2. ആവശ്യകതയംഗീകരിച്ചുകഴിഞ്ഞാൽ പിന്നെ, ഈ രംഗത്തെ സാദ്ധ്യതകൾ എന്തൊക്കെയാണെന്നു് നോക്കിക്കാണാനുള്ള വിദൂരവീക്ഷണവും കാഴ്ചപ്പാടും ആവശ്യമാണ്. (foresight and vision) ഈ വീക്ഷണവും കാഴ്ചപ്പാടും വളർത്തിയെടുക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്.

3. കൂടാതെ, അടിസ്ഥാനപരമായി നമ്മൾ അവലംബിക്കുന്ന ഏതൊരു മാർഗ്ഗവും പ്രവർത്തന പരിപാടിയും, ക്രൈസ്തവ തത്വങ്ങളിൽ അടിയുറച്ചവയായിരിക്കുകയും വേണം. അല്ലെങ്കിൽ തീർച്ചയായും നമ്മുടെ ലക്ഷ്യങ്ങളെ തന്നെ പരാജയപ്പെടുത്താൻ മാത്രമേ അവ ഉപകരിക്കുകയുള്ളൂ. അക്കൂട്ടത്തിൽ സഭയുടെ സൽപേരിന് കളങ്കം ചാർത്തുന്നതിനും; ഇക്കാര്യത്തിൽ, രണ്ടാം വത്തിക്കാൻെറ ലോക വീക്ഷണവും ക്രൈസ്ത സമർപ്പണരീതിയും, ക്രൈസ്തവ കാഴ്ചപ്പാടും ആയിരിക്കണം നമ്മുടെ മാർഗ്ഗദർശികൾ, നമ്മുടെ വഴിവിളക്കുകൾ. അല്ലാതെ, കാലഹരണപ്പെട്ട ആശയങ്ങളും, മുരടിച്ച സമീപന രീതിയും, പിൻകാല പ്രധാനമായ വീക്ഷണവും ആയിരിക്കരുത് നമ്മുടെ കൈമുതലുകൾ

4. അടുത്തതായി നമ്മുടെ ശ്രദ്ധയാകർഷിക്കേണ്ട പ്രധാനപ്പെട്ട കാര്യം, നമ്മുടെ പ്രവർത്തന പരിപാടികൾ, കാലത്തിൻെറ ആവശ്യത്തിന് ഉതകത്തക്കവയും, സന്ദർഭോചിതമായവയും, ആയി

രിക്കണമെന്നതാണ്. ആവശ്യത്തിനൊത്ത വ്യാപ്തിയും ആഴവും പ്രവർത്തനങ്ങൾക്കില്ലെങ്കിൽ പ്രതീക്ഷിക്കുന്ന ഫലം ക്ലിഷ്ടലബ്ധമത്രെ. അതിവേഗം മാറിമറിഞ്ഞും പുരോഗമിച്ചുംകൊണ്ടിരിക്കുന്ന ഇന്നത്തെ സമൂഹത്തിൽ അവസരത്തിനൊത്തു് ഉയരുവാൻ കഴിഞ്ഞില്ലെങ്കിൽ, നമ്മുടെ സേവനചരിത്രം, ''കൈവിട്ട കനകാവസരങ്ങളുടെ'' ഒരു ശ്മശാന ഭൂവായിരിയ്ക്കും.

ഇക്കാലത്തു് ആശയവിനിമയ രംഗത്തുള്ള വമ്പിച്ച സാദ്ധ്യതകൾ കണക്കിലെടുക്കുന്നതോടൊപ്പം, തിന്മയുടെ ശക്തികൾ നടത്തുന്ന ശക്തമായ പ്രവർത്തനങ്ങളുടെ വ്യാപ്തിയും മനസ്സിലാക്കിവേണം നമ്മൾ നമ്മുടെ പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്യാൻ. അതിനുള്ള ദീർഘവീക്ഷണം, പരിസരബോധം, അപ്പണബുദ്ധി ഇവയൊക്കെ നമ്മൾ വളർത്തിയെടുത്തേ പററൂ.

5. കേരളത്തിൻെറ സാഹചര്യത്തിൽ മലയാളത്തിലുള്ള പ്രസിദ്ധീകരണങ്ങൾക്കാണല്ലോ പ്രാധാന്യം. സഭയുടെ ശക്തിയൊട്ടാകെ സമാഹരിച്ച്, കേരളത്തിൽ പൊതുവെ ശക്തമായ ചലനങ്ങൾ ഉളവാക്കാൻ പര്യാപ്തമായ ഏകോപിച്ചുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു. അല്ലാതെ വിഘടിച്ചു നിന്നു് പരസ്പരമത്സരത്തിലും വൈരുദ്ധ്യത്തിലും ശക്തി ക്ഷയിപ്പിച്ചു മാത്രം നീങ്ങിയാൽ, സമൂഹത്തിൻെറ അരികുകളിൽ നേരിയ ചലനം മാത്രം സൃഷ്ടിക്കുന്ന അപ്രസക്തമായ പ്രവർത്തനങ്ങളായിരിക്കും നമുക്കു കാഴ്ചവയ്ക്കാൻ കഴിയുക. അല്ലാതെ, കേരളത്തിൻെറ ആത്മാവിലേയ്ക്കിറങ്ങി, ജനപദത്തിൻെറ ഹൃദയാവേശത്തിൻെറ തുടിപ്പുകൾ ഒപ്പിയെടുത്തു്, കേരളസാമൂഹ്യചിന്തയ്ക്കു് നേതൃത്വവും, ജീവിതത്തിനു് ലക്ഷ്യവും, ചലനത്തിനു് ക്രൈസ്തവ ആഭിമുഖ്യവും നൽകാൻ ക്രൈസ്തവസഭയുടെ പ്രവർത്തനങ്ങൾക്കു് കഴിയണമെങ്കിൽ, ഏകോപിച്ചുള്ള ആസൂത്രിതമായ, ശക്തമായ പരിപാടികൾ നടപ്പാക്കേണ്ടിയിരിക്കുന്നു.

6 ദിനപ്പത്രപ്രവർത്തനരംഗം പ്രത്യേകം പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ആധുനിക പത്രപ്രവർത്തനത്തിൻെറ എല്ലാ ഗതിവിഗതികളും മനസ്സിലാക്കി, വാർത്താശേഖരണ ശ്രമത്തിൻെറ വിവിധ തന്ത്രങ്ങളും, കൈക്കൊണ്ടു് ഇന്നത്തെ ആവിഷ്ക്കരണ ശൈലി സ്വായത്തമാക്കി, സമൂഹത്തിൻെറ ചലനങ്ങളുടെ നാഡിയിടിപ്പുകളിൽ കൈവെച്ചുകൊണ്ടു്, കരുത്തുററ മുന്നേററം നടത്താൻ കഴിവില്ലെങ്കിൽ ഈ രംഗത്തു് കാര്യമായി ഒന്നും നേടാൻ ആവില്ല. നേരെമറിച്ച്, നാളിതുവരെ നാം ചെയ്തു വന്നപോലെ, ഭാഗികമായ വീക്ഷണവും, ആശയ രംഗത്തു് അസ്പൃശ്യതയും, പ്രവർത്തനരീതിയിലും പ്രവർത്തന ലക്ഷ്യങ്ങളിലും സ്വാർത്ഥതയും ഇടുങ്ങിയ മനഃസ്ഥിതിയും പുലർത്തിപോയാൽ, ചിറകൊടിഞ്ഞ പക്ഷിയെപ്പോ

ലെ, മത്സരരംഗത്തു് നിഷ്ക്രീയത കാഴ്ച വയ്ക്കാനേ നമുക്കു കഴിയൂ. ഈ വിഷയത്തെപ്പററി കൂടുതലായി പറയാനുള്ളതു് ഈ ലേഖനത്തിൻെറ അവസാനഭാഗത്തു് ''ദീപിക''യെപ്പററി പറയുന്ന അവസരത്തിൽ പ്രതിപാദിക്കാമെന്നു കരുതുന്നു.

## ചാവറയച്ചൻെറ സംഭാവന

കേരളത്തിലെ പ്രസിദ്ധീകരണ രംഗം പൊതുവെ ശുഷ്കവും ശാന്തവും ആയിരുന്ന കഴിഞ്ഞ നൂററാണ്ടിലാണു്, യശഃശ്ശരീരനായ ചാവറയച്ചൻ ഈ രംഗത്തിലേയ്ക്കു് തൻെറ ശ്രദ്ധ തിരിച്ചതു്. അന്നത്തെ കാഴ്ചപ്പാടും അറിവുംവച്ചു നോക്കിയാൽ, ഈ രംഗത്തു് വിപ്ലവാത്മകമായ ദീർഘദൃഷ്ടിയാണു് അദ്ദേഹത്തിനുണ്ടായിരുന്നതെന്നു് കാണാം. ഒരു ഏതദ്ദേശീയ സന്യാസസമൂഹത്തിൻെറ സൃഷ്ടിയിൽ മുഖ്യസ്ഥാനം വഹിച്ച അദ്ദേഹം, കാലത്തിനൊത്തു് ആ സമൂഹത്തിനു സേവനത്തുറകൾ ആവിഷ്ക്കരിക്കുന്നതിൽ കാട്ടിയ വീക്ഷണവിശേഷം സുവിദിതമാണല്ലോ. ഒരു അച്ചടിശാല സ്ഥാപിക്കാനും, ഭക്തിപ്രധാനങ്ങളായ പ്രസിദ്ധീകരണങ്ങൾ ഇറക്കാനും അക്കാലത്തു് അദ്ദേഹത്തിനു് കഴിഞ്ഞതു്, മഹത്തായ ഒരു കാര്യമത്രെ. C. M. I. സഭയുടെ ആഭിമുഖ്യത്തിൽ ഇന്നു് കേരളത്തിൽ നടത്തപ്പെടുന്ന പ്രസിദ്ധീകരണ പ്രവത്തനങ്ങൾക്കു് നാന്ദിയിട്ടതു് അദ്ദേഹത്തിൻെറ ദീർഘവീക്ഷണമാണെന്നതിൽ പക്ഷാന്തരമില്ല. അദമ്യമായധീഷണാശക്തിയും; ചൈതന്യമുററ ചേതനയും ക്രൈസ്തവാർപ്പണ ബോധത്തോടെയുള്ള അപ്പസ്തോലിക പ്രവത്തനങ്ങളും. എത്രമാത്രം അദ്ദേഹത്തിൻെറ ജീവിത സന്ദേശത്തിൽ സ്വാധീനം ചെലുത്തിയിരുന്നു എന്നുള്ളതിനു് പ്രത്യക്ഷ ലക്ഷ്യമാണു് അദ്ദേഹത്തിൻെറ പ്രവത്തനങ്ങളെല്ലാം തന്നെ. എന്നാൽ പ്രസിദ്ധീകരണ രംഗത്തു്, ചാവറയച്ചൻ ചെയ്ത സേവനത്തിൻെറ വിലയിരുത്തലിൽ രണ്ടു മൂന്നു കാര്യങ്ങളാണു് എന്നെ ഹഠാദാകർഷിക്കുന്നതു്.

### 1. ദീർഘവീക്ഷണം

അക്കാലത്തു്, പ്രസിദ്ധീകരണ മാദ്ധ്യമങ്ങളുടെ ഭാവിയിൽ വരാനുള്ള സാദ്ധ്യതകളും, പ്രാധാന്യവും മുൻകൂട്ടി കണ്ടറിയുവാനും, വിലപ്പെട്ട പ്രവത്തനങ്ങൾക്കു് തുടക്കമിടുവാനും, അദ്ദേഹത്തിനു് കഴിഞ്ഞുവെന്നതു് അത്ഭുതാവഹമായ ദീർഘവീക്ഷണത്തിൻെറ പ്രതീകമായി മാത്രമെ ആർക്കും കാണുവാൻ കഴിയൂ. ഏതു കാലത്തും, വൻകാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞിട്ടുള്ള മഹാന്മാർ, ദീർഘവീക്ഷണം അവരവരുടെ പ്രവത്തന രംഗങ്ങളിൽ പുലത്തിയിട്ടുണ്ടു്. അവരുടെ നേതൃത്വത്തിൻെറയും മഹത്വത്തിൻെറയും പ്രവത്തന സാഫല്യത്തിൻെറയും അച്ചാരവും ആകെത്തുകയും ദീർഘവീക്ഷണ

വും അതനുസരിച്ചുള്ള പ്രവൎത്തനവും ആയിരുന്നുതാനും. ഇന്നും കേരളത്തിൽ ജീവിച്ചു പ്രവൎത്തിക്കുന്ന ക്രൈസ്തവൎക്കൊക്കെ, ഉത്തേജനം നല്ലാൻ പോരുന്ന ഒരു പ്രതിഭാസം തന്നെയായിരുന്നു ചാവറ അച്ചൻെറ ഈ ദീൎഘവീക്ഷണം.

## 2. വിപ്ലവാത്മകമായ പ്രവൎത്തനങ്ങൾ ഏറ്റെടുക്കാനുള്ള കഴിവ്

പരമാൎത്ഥത്തിൽ, അദ്ദേഹത്തിൻെറ അതുല്യമായ ദീൎഘവീക്ഷണത്തിനുപോലും ഉൾക്കൊള്ളാൻ കഴിയാത്ത വമ്പിച്ചതും അവ്യക്തവുമായ സാദ്ധ്യതകളും പ്രത്യാഘാതങ്ങളും ഉളവാക്കാൻ പോരുന്ന പ്രവൎത്തനത്തിനാണ്, പ്രസിദ്ധീകരണ രംഗത്തു് അദ്ദേഹം തുടക്കമിട്ടതു്. തൻെറ സമൂഹത്തെ പ്രസ്തുത പ്രവൎത്തനമേഖലയിൽ സമൎപ്പിക്കുക വഴി, നൂതനാഭിമുഖ്യങ്ങളെയും വിപ്ലവാത്മകമായ പരിവൎത്തനങ്ങളെയും ആശ്ലേഷിച്ച് ദൈവത്തിൻെറ വേല നിൎവ്വഹിക്കാൻ, നിലനില്ക്കുന്ന ഒരു ആഹ്വാനം നൽകുകയത്രെ അദ്ദേഹം ചെയ്തതു്; ഒരു വിധത്തിൽ പറഞ്ഞാൽ, ''നിലയില്ലാത്ത വെള്ള''ത്തിൽ ചാടുകയത്രെ. ദൈവത്തിൽ വിശ്വസിച്ചുകൊണ്ട്, നിലയില്ലാത്ത വെള്ളത്തിൽ ചാടാൻ തയ്യാറുള്ള 'ചാവറ' മാരെത്ര പേരുണ്ട് ഇന്ന് C. M. I. സഭയിൽ, കേരള കത്തോലിക്കാസഭയിൽ? ആത്മപരിശോധന അൎഹിക്കുന്ന ഒരു സംഗതിയാണിതു്.

## 3. അതുല്യമായ കൎമ്മശേഷി

എന്തെന്തു പ്രതിബന്ധങ്ങൾ! എത്രയെത്ര വൈഷമ്യങ്ങൾ. ആളുണ്ടോ? മൂലധനമുണ്ടോ? പ്രോത്സാഹനമുണ്ടോ? ആഫീസോ, കൎമ്മസജ്ജമായ ഒരു മെഷിനറിയൊ ഉണ്ടോ? ഇതൊന്നുമില്ല. ദൈവത്തിലുള്ള വിശ്വാസം, ആത്മീയമായ ബോദ്ധ്യങ്ങൾ, സേവനത്തിനുള്ള ദാഹം, നിറഞ്ഞു കവിയുന്ന സ്നേഹം. അത്രമാത്രമാണ് കൈമുതൽ ഒരു ക്രൈസ്തവന് ഇവ മാത്രംമതി, പരമാൎത്ഥത്തിൽ. ഇതുംകൊണ്ട്, പ്രവൎത്തനത്തിൻെറ ബാലികേറാമലകൾ കയറിയിറങ്ങുകയാണ്, അലയാഴികൾ താണ്ടുകയാണ്, കൎമ്മയാഗത്തിൻെറ മരുഭൂമികൾ തരണം ചെയ്യുകയാണ്. എത്ര മനോഹരം, എത്ര ഹൃദയാവൎജ്ജകം!! അനുകരണാൎഹം!!!

ഇന്ന്, ഈ ആത്മത്യാഗം എവിടെപ്പോയി? ഈ സ്നേഹമാൎഗ്ഗം എവിടെ? ഈ ശക്തമായ ദൈവാശ്രയം എങ്ങ്? ഈ സേവന ദാഹം എവിടെ? C. M. I. സഭയിലും, കേരള സഭയിലാകമാനവും നമ്മുടെ ആശ്രയം ദൈവത്തിലോ, പണത്തിലോ? സേവന ലക്ഷ്യം ജനനന്മയോ, സ്വാൎത്ഥപൂരണമോ? ആത്മദാഹം നിസ്വാൎത്ഥപ്രേരിതമോ, മേന്മയ്ക്കുവേണ്ടിയോ? സ്നേഹമാൎഗ്ഗം, വിദേ

ഷത്തിൻെറ മുള്ളകാം നിറഞ്ഞുപോയോ? നമ്മുടെ മന:സാക്ഷിയെ തട്ടിയുണർത്തി, ജീവിത മാർഗ്ഗത്തെ നവീകരിക്കാൻ പ്രേരണ നല്കേണ്ട, നഗ്നപരമാർത്ഥങ്ങാം ഈ ചോദ്യങ്ങാംക്കുള്ള ഉത്തരങ്ങാം ഉൾക്കൊള്ളുന്നുണ്ടെന്നാണു് ഞാൻ വിശ്വസിക്കുന്നതു്.

## ഇന്നത്തെ നില

കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുടെ ഇന്നത്തെ നില എന്താണു്? മാസികകളും, വാരികകളും, ദിനപ്പത്രങ്ങളുമായി എണ്ണത്തിൽ ആവശ്യത്തിനു് പ്രസിദ്ധീകരണങ്ങാം കേരളത്തിലുണ്ടെന്നു് സമ്മതിക്കണം. പ്രസ്സുകളും പ്രസിദ്ധീകരണശാലകളും നമുക്കു് പലതുണ്ടു്. എന്നാലും, സംഘാതമായ സഭയുടെ ശക്തി സമാഹരിച്ചു് ഈരംഗത്തു് പ്രവർത്തിക്കാൻ നാളിതുവരെ നമുക്കു് കഴിഞ്ഞിട്ടില്ല എന്നതു് ഖേദകരം തന്നെ. കൂട്ടായ പ്രവർത്തനമില്ലെന്നു മാത്രമല്ല. വ്യയഹേതുകവും, അനർത്ഥവാഹിയുമായ മാത്സര്യവും ചേരിതിരിവും പോലും പ്രകടമാണു്. ഈ മാത്സര്യം ഈ രംഗത്തു് സഭയ്ക്കു് നിർവ്വഹിക്കാൻ കഴിയുന്ന കർത്തവ്യ നിർവ്വഹണത്തെ സഹായിക്കുന്നില്ല എന്നുമാത്രവുമല്ല തടസ്സപ്പെടുത്തുകകൂടി ചെയ്യുന്നുണ്ടുതാനും. രൂപതകാംക്കും റീത്തുകാംക്കും, സമൂഹങ്ങാംക്കും പ്രത്യേകം പ്രസിദ്ധീകരണങ്ങളുണ്ടു്; അവരവരുടെ താല്പര്യങ്ങാം സംരക്ഷിക്കുവാൻ എന്നാണു് വിവക്ഷ. പക്ഷെ, സഭയുടെ പൊതുവായ താല്പര്യം, പൊതുജന നന്മ, എന്നതിലുപരി എന്തു ''താല്പര്യ''ങ്ങളാണു് സംരക്ഷിക്കേണ്ടതായുള്ളതു്? നമ്മാം ഇരിക്കുന്ന ശിഖരം മുറിക്കുന്നമാതിരിയുള്ള മറയത്തരമല്ലേ കാണിക്കുന്നതു്? എന്നിട്ടും, എങ്ങനെയാണു് ക്രൈസ്തവ സ്നേഹത്തിൻെറയും സാഹോദര്യത്തിൻെറയും അനുപമ സന്ദേശം വഹിക്കുന്ന ദൈവമക്കളാണു നാം എന്നു അവകാശവാദം മുഴക്കുവാൻ കഴിയുക?

## നിലവാരം

നമ്മുടെ പ്രസിദ്ധീകരണങ്ങളുടെ നിലവാരം, അതേ രംഗത്തുള്ള മററു പ്രസിദ്ധീകരണങ്ങളുമായി താരതമ്യപ്പെടുത്തി നോക്കിയാൽ, അഭിമാനാർഹമല്ല, എന്നാണു് എൻെറ അഭിപ്രായം. കെട്ടിലും മട്ടിലും, ഒരുപക്ഷെ നമ്മാം പിറകിലല്ലായിരിക്കാം. എന്നാൽ, ഉള്ളടക്കത്തിൻെറ കാര്യത്തിലോ? കനമുള്ള ലേഖനങ്ങാം ആകർഷിക്കുന്നതിനോ, ചിന്തയുടെ നൂതന മേഖലകാം തുറക്കുന്നതിനൊ, ജനക്ഷേമകരങ്ങളായ പുത്തൻ കർമ്മപരിപാടികാം ആവിഷ്ക്കരിക്കുന്നതിനോ, എത്രമാത്രം നമ്മുടെ പ്രസിദ്ധീകരണങ്ങാം പ്രാപ്തങ്ങളാണു്? വായനക്കാരെ ആകർഷിക്കുന്നതിലും, ജനജിഹ്വകളായി പ്രവർത്തിക്കുന്നതിലും, മുൻപന്തിയിൽ നിൽക്കുന്നതു് നമ്മളാണോ? നിലനിൽക്കുന്ന ഒരു രാഷ്ട്രീയ തത്വചിന്ത കാഴ്ചവയ്ക്കാൻ, സാമൂഹ്യ പരിവർത്തനത്തിൻെറ ശംഖനാദം മുഴക്കുവാൻ,

നവീകരണത്തിൻെറ മുന്നോടികളാവാൻ, ജനായത്ത പ്രക്രിയയ്ക്ക് കരുത്തും കർമ്മലക്ഷ്യവുമേകാൻ, എന്തിനു്, സഭാജീവിതത്തിൻെറ തന്നെ നൂതന പരിമാണങ്ങൾക്കു് ആവേശം പകരുവാൻ, എത്ര മാത്രം ഉതകുന്നുണ്ടു് നമ്മുടെ പ്രസിദ്ധീകരണങ്ങൾ? ഉത്തരം കൊടുക്കാതെ, ചോദ്യങ്ങൾ ചോദിച്ചു മുന്നോട്ടു പോയതു്, മൊത്തത്തിൽ ഒരുത്തരമേ കൊടുക്കാനുള്ളു എന്നതിനാലാണു്—''അല്ല'' ''ഇല്ല''എന്നഉത്തരം തന്നെ.

## കാരണങ്ങൾ

എന്താണീ ഗതികേടിനു കാരണം. ഒരു വിശകലനം അവശ്യമായിരിക്കുന്നു:—

1. നമ്മുടെ പ്രസിദ്ധീകരണങ്ങളുടെ മുഴുവൻ ചുമതല, മിക്കവാറും വൈദികരിലൊ, സന്യാസ സമൂഹങ്ങളിലൊ മാത്രം സ്ഥിതിചെയ്യുന്നു. ഇന്നത്തെ സാംസ്കാരിക മുന്നേററത്തിൻെറ അന്തസ്സത്ത മനസ്സിലാക്കാനോ, ജനാധിപത്യ പ്രക്രിയയുടെ സാരാംശം സ്വായത്തമാക്കാനോ, ആശയവിലാസത്തിൻെറ അർത്ഥവ്യാപ്തിയും ആഴവും അപഗ്രഥിക്കാനോ വേണ്ട കഴിവും സന്മനോഭാവവും, വിശാല വീക്ഷണവും ഇല്ലാത്ത ആൾക്കാർ ഇതിൻെറയൊക്കെ ചുക്കാൻ പിടിക്കുന്നു. ഒന്നാം വത്തിക്കാൻ കൗൺസിലിൽ ഉറച്ചു വിശ്വസിക്കുന്നു, രണ്ടിൻെറ ആത്മാവിനെ ഭയപ്പെടുന്നു. ചലനലേശമില്ലാത്ത (Static) ക്രൈസ്തവ വീക്ഷണത്തിൻെറ മാനദണ്ഡംകൊണ്ടു ചലനാത്മകമായ (Dynamic) കൗൺസിൽ ചൈതന്യത്തെ അളക്കുന്നു. ഇക്കഴിഞ്ഞ കാൽ നൂററാണ്ടു കാലം കൊണ്ടു് ലോകത്തിൽ വന്ന മാററങ്ങൾ കണക്കിലെടുക്കാൻ കഴിയാതെ വിഷമിക്കുന്നു. വിജ്ഞാനത്തിൻെറ മേഖലകളെ അവഗണിക്കുന്നു. ജനായത്ത വ്യവസ്ഥിതിയിൽ അപ്രതിഹതമായ ജനമുന്നേററം വരുന്നതു കണ്ടു് അതു തടുക്കാൻ പാഴ്‌വേല ചെയ്യുന്നു. ബുദ്ധിയ്ക്കു് കടിഞ്ഞാണിട്ടു്, മന:സാക്ഷിയ്ക്കു് മൂക്കുകയറിട്ടു് ''കുഞ്ഞാടുകളെ'' സായൂജ്യത്തിലെത്തിക്കാമെന്നു കരുതുന്നു. നമുക്കു് മനസ്സിലാകാത്തതൊക്കെ ശപ്തമെന്ന ഇടുങ്ങിയ ചിന്താഗതി പുലർത്തുന്നു.

ഇക്കാല പുരോഗതിയുടെ മദ്ധ്യത്തിലേയ്ക്കു് ചാടിയിറങ്ങി, ആധുനികപ്രവണതകളുടെ കുലംകുത്തിപ്പാച്ചിലിൽ ''നിലയുണ്ടോ'' എന്നു നോക്കാതെ ക്രൈസ്തവൻെറ സുമധുര സന്ദേശവും മന്ത്രിച്ചുകൊണ്ടു്, കുരിച്ചു ചാടാനുള്ള കർമ്മധൈര്യവും, വിശ്വാസവും സ്നേഹവും പ്രദർശിപ്പിക്കാൻ കഴിയുന്നില്ലെങ്കിൽ കാലത്തിൻെറ ചവററുകൊട്ടയിൽ മാത്രമേ നമ്മുടെ പ്രസിദ്ധീകരണങ്ങൾ ചെന്നു വീഴുകയുള്ളു.

2. ദീർഘവീക്ഷണം ഇല്ലായ്മ കാരണം വരാനിരിക്കുന്ന സംഭവവികാസങ്ങൾ മുൻകൂട്ടി കണ്ടു് വേണ്ട രീതിയിൽ പ്ര

വർത്തനങ്ങൾ രൂപീകരിയ്ക്കാൻ കഴിയാതെ പോകുന്നു. കാര്യം കഴിയുമ്പോൾ മാത്രമാണു്, പലപ്പോഴും "ഇങ്ങനെ വരുമെന്നാരറിഞ്ഞു" എന്നു വിലപിക്കുന്നതു് കാലത്തിന്റെ ചുവരെഴുത്തു കാണാൻ കഴിയാതെ വരുന്നതു്, പലപ്പോഴും, സ്വാർത്ഥതയും, സ്ഥാപിത താല്പര്യസംരക്ഷണ വ്യഗ്രതയും മൂലമാണു്. കഥയറിയാതെയുള്ള ആട്ടം. മണ്ണിൽ തലപൂഴ്ത്തി വയ്ക്കുന്ന ഒട്ടകപ്പക്ഷിയുടെ "മനഃസ്ഥിതി".

## സംശയം, പേടി

ആശയങ്ങളെ ഭയപ്പെടുന്നു. ആളുകളെ സംശയദൃഷ്ട്യാവീക്ഷിയ്ക്കുന്നു. അതുകൊണ്ടു് പ്രസ്തുത ആശയങ്ങളും, ആളുകളും ഇല്ലെന്നു് നടിയ്ക്കുന്നു. കണ്ണടച്ചു് ഇരുട്ടാക്കുന്നതുപോലെയുള്ള വ്യർത്ഥവ്യായാമമാണിതു്. ആദർശധീരതയുണ്ടെങ്കിൽ, എല്ലാആശയങ്ങളെയും നേരിട്ടുകൂടെ? ഒരു ഡയലോഗിനു് തയ്യാറായിക്കൂടെ? ഉള്ള ആളുകളുടെ കഴിവുകൾ ഉപയോഗിച്ചുകൂടെ? സഭയ്ക്കും സമുദായത്തിനും, എല്ലാവരെയും വേണ്ടെ? ഞാൻ പറഞ്ഞുവന്നതിതാണു്: ഒരു തുറന്ന മനഃസ്ഥിതിയും, വ്യക്തിബഹുമാനവും, ആദർശശുദ്ധിയും കൂടുതലായി നമ്മൾക്കു് പ്രദർശിപ്പിയ്ക്കാൻ കഴിയുന്നില്ലെങ്കിൽ, പുതിയ പ്രവണതകൾ സ്വാംശീകരിയ്ക്കാൻനമുക്കു് കഴിയുന്നില്ലെങ്കിൽ,"റിസ്ക്കു്"(Risk) എടുക്കാൻ നമ്മൾ തയ്യാറില്ലെങ്കിൽ, "രണ്ടാംകിട" അല്ലെങ്കിൽ "മൂന്നാംകിട" യിൽ നിന്നു് നമ്മുടെ പ്രസിദ്ധീകരണ അപ്പോസ്തല പ്രവർത്തനത്തെ ഉയർത്താൻ നമുക്കു കഴിയുകയില്ല–. ദൈവപരിപാലനയിൽ വിശ്വസിച്ചുകൊണ്ടു്, സ്നേഹത്തിന്റെ അരൂപിയിൽ, കാലത്തിനടുത്ത പ്രവർത്തനങ്ങളിൽ നമ്മൾ ഏർപ്പെടുക.

## C. M. I.സംരംഭങ്ങൾ.

ചാവറയച്ചന്റെ ദീർഘവീക്ഷണത്തെയും കർമ്മശേഷിയേയും, മററുംപററി ഞാൻനേരത്തെ പറഞ്ഞല്ലോ,. ഇന്നു് C. M. I സമൂഹം നടത്തുന്ന പ്രസിദ്ധീകരണങ്ങളിൽ, ആ ത്യാഗിവര്യന്റെ പ്രസ്തുത ഗുണങ്ങളുടെ ചൈതന്യം അത്രദൃശ്യമല്ലെന്നാണെന്റെ വിചാരം. പഴയമതചിന്തയുടെയും, ഇടുങ്ങിയ സാമുദായികതയുടെയും, ദുഷിച്ച സ്ഥാപിത താൽപര്യങ്ങളുടെയും ചട്ടക്കൂട്ടിൽ നിന്നു്, "കുടുംബദീപമോ" "കർമ്മലകുസുമമോ," "ദീപിക"യോ, ഇനിയും പുറത്തു കടന്നിട്ടില്ല എന്നു പറയുന്നതിൽ ഖേദമുണ്ടു്.

ദീർഘമായ പ്രവർത്തനകാലവും സേവനപാരമ്പര്യവും അവകാശപ്പെടാവുന്ന ഈ പ്രസിദ്ധീകരണങ്ങൾ മുൻപന്തിയിൽ വരാത്തതിന്റെ കാര്യമെന്താണു്? ബന്ധപ്പെട്ടവർ ചിന്തിക്കുന്നുണ്ടോ?

നമ്മുടെ സഭയ്ക്കുള്ളിലെന്നല്ല, ഇതരക്രൈസ്തവരിലും കേരളത്തിലാകമാനവും ചലനത്തിന്റെ അലകൾനെയ്തെടുക്കാൻ കഴിവുള്ളവയാണീ പ്രസിദ്ധീകരണങ്ങൾ. നമ്മുടെപ്രസിദ്ധീകരണശാലകൾ,

നൂതനക്രൈസ്തവകാഴ്ചപ്പാടും, ജീവിത സന്ദേശവും, തത്വചിന്തയും ജനമുന്നേററത്തിനു ലക്ഷ്യബോധം നൽകാൻ പോരുന്ന ആവേശവും, ഉൾക്കൊള്ളുന്ന പുസ്തകങ്ങൾ പുറത്തിറക്കാൻ കഴിവുള്ളവയാണു്. പക്ഷേ, അമ്മാതിരി കർമ്മപരിപാടികൾ സ്വീകരിക്കാൻ നമ്മൾ തയ്യാറല്ല എന്നതാണു് സത്യം. അധികം പറഞ്ഞിട്ടെന്തു കാര്യം—ഒരു സമൂലപുനർ ചിന്തനം (radical re—thinking) ആവശ്യമായിരിക്കുന്നു.

## ദീപികദിനപ്പത്രം.

കേരളത്തിലെ ദിനപ്പത്രങ്ങളിൽ പ്രമുഖസ്ഥാനം ദീപികയ്ക്കു് ആരെങ്കിലും അവകാശപ്പെട്ടമോ, എന്നറിയില്ല.. മനോരമയുടെയും മാതൃഭൂമിയുടെയും പിൻപിൽ മാത്രമാണതിനു സ്ഥാനം, പൊതുവെ നോക്കിയാൽ. ഏതെങ്കിലും സമുദായത്തിലുള്ള സ്വാധീനം നോക്കിയാൽ ചന്ദ്രികയുടെയും മലയാളരാജ്യത്തിൻെറയും കേരള കൗമുദിയുടെയും ഒപ്പം അതെത്തുമോ എന്നതും സംശയത്തിലാണു്. രാഷ്ട്രീയപരിഗണനയിൽ, പാർട്ടി അണികളിലുള്ള സ്വാധീനം വച്ചുനോക്കിയാൽ ജനയുഗത്തിൻെറയോ ദേശാഭിമാനി യുടെയോ പോലുള്ള സ്വാധീനം ഏതെങ്കിലും രാഷ്ട്രീയപാർട്ടിയിൽ വിശ്വസിക്കുന്ന ആളുകൾക്കിടയിൽ ദീപികയ്ക്കുണ്ടെന്നു പറയാൻ പ്രയാസമാണു്. നമ്മുടെ മററുപ്രസിദ്ധീകരണങ്ങളുടെ കാര്യത്തിൽ നേരത്തെ സൂചിപ്പിച്ചതു പോലെ, ദിനപ്പത്രങ്ങളുടെയിടയിൽ, ഒരു മൂന്നാം കിട'' പത്രം, ഏററിയാൽ''രണ്ടാം കിട'' എന്നുപറയാമെന്നുമാത്രം.

എന്താണു് ദീപികയുടെ ലക്ഷ്യം, ഒരു ദിനപ്പത്രമെന്നനിലയിൽ? എനിയ്ക്കറിഞ്ഞു കൂടാ. ദീപികയുടെ രാഷ്ട്രീയസന്ദേശം എന്താണു്? ജനാധിപത്യഐക്യം എന്നു പറയുന്നു. ജനാധിപത്യം എന്നതുകൊണ്ടു് ദീപിക അർത്ഥമാക്കുന്നതു് എന്താണു്? ഏതാനും വ്യക്തികളുടെയോ, ചില ഗ്രൂപ്പുകളുടെയോ, സ്ഥാപിതതാൽപര്യങ്ങൾ നിലനിത്തുവാൻ ഉതകുന്ന ഒരു ഭരണവ്യവസ്ഥിതി എന്നാണെന്നു ചിലപ്പോൾ തോന്നിപ്പോകും. കഴിഞ്ഞ ഇരുപതുകൊല്ലക്കാലത്തെ ദീപികയുടെ പ്രവത്തനം കേരളരാഷ്ട്രീയത്തിനു് എന്തെങ്കിലും നിലനിൽക്കുന്ന സംഭാവനകൾ നൽകിയോ? ജനാധിപത്യ സോഷ്യലിസത്തിൽ ദീപിക വിശ്വസിക്കുന്നുണ്ടോ? മതേതരത്വത്തിൽ അതിനു് വിശ്വാസമുണ്ടോ? ഭൂനയം, വിദ്യാഭ്യാസപരിഷ്ക്കരണം, തുടങ്ങിയ പുരോഗമനപരങ്ങളായ നിയമനിർമ്മാണങ്ങൾക്കു് ദീപികയുടെ പിൻതുണയുണ്ടോ? ഇന്നാട്ടിലെ യുവജനങ്ങൾക്കു് എന്തെങ്കിലും വ്യക്തമായ കർമ്മപരിപാടി കൊടുക്കാൻ ദീപികയ്ക്കുണ്ടോ?

ദീപികയുടെ സാമ്പത്തികവീക്ഷണമെന്താണു്? നിർഭയം തുറന്നു്. സമുദായത്തിലെ അനീതികൾക്കെതിരായി ശബ്ദമുയർത്താൻ ഈ പത്രം തുനിയുമോ? സത്യത്തിനുവേണ്ടി നില്ക്കുവാൻ

വേണ്ടി വന്നാൽ സ്വന്തം തൽക്കാലകാര്യലാഭം ത്യജിക്കാൻ ദീപിക പ്രതിനിധീകരിക്കുന്ന സമൂഹം തയ്യാറാണോ? കത്തോലിക്കാ സഭയിലെ നവീകരണ പ്രക്രിയയിൽ, എന്തെങ്കിലും നിലപാടോ, സംഭാവനയോ, ദീപിക നൽകേണ്ടതായുണ്ടോ?

ദീപികയുടെ സർക്കുലേഷൻ ഇന്നു് ആ പത്രം പ്രതിനിധീകരിക്കുന്നെന്നവകാശപ്പെടുന്ന സമുദായത്തെ വച്ചു നോക്കിയാൽ എത്ര അപര്യാപ്തമാണു്? സാങ്കേതിക മേന്മകൾ മേലിലും വരുത്താൻ ഒരു വ്യക്തമായ പ്ലാൻ ദീപികയ്ക്കുണ്ടോ? ഇങ്ങനെ, ദീപികയെപ്പററി ചിന്തിച്ചു തുടങ്ങിയപ്പോൾ എണ്ണമററ ചോദ്യങ്ങളാണു് എൻെറ മനസ്സിൽ പൊന്തിവന്നതു്. അവയ്ക്കൊക്കെ ഉത്തരം പറയേണ്ടതു ഞാനല്ല. പലതിനും നിഷേധാത്മകമായ ഉത്തരം പറയാനേ, എൻെറ എളിയ കാഴ്ചപ്പാടു് അനുവദിക്കുന്നുള്ളൂ. ഏതായാലും, ഒരു ലക്ഷത്തിനു മുകളിൽ സർക്കുലേഷൻ നേടിയെടുത്താൽ മാത്രമെ, കടുത്ത മത്സരമുള്ള (competitive) ദിനപ്പത്രരംഗത്തു് മുൻനിരയിൽ സ്ഥാനംപിടിക്കുവാൻ ദീപികയ്ക്കു കഴിയൂ. സാമ്പത്തികമായ നിലനിൽപും, സാങ്കേതിക മേന്മകളും കാലത്തിനൊത്തു് കൈവരുത്തണമെങ്കിലും, അതു് ആവശ്യമാണു്.

## പ്രതീക്ഷ

ജനജീവിതത്തിൽ സ്വാധീനം ചെലുത്താൻ ദീപികയ്ക്കു കഴിയണം. ജനങ്ങൾക്കു് ആകർഷകവും, ആദർശാധിഷ്ഠിതവുമായ ഒരു രാഷ്ട്രീയ വീക്ഷണം പ്രദാനം ചെയ്യാൻ ദീപിക പ്രാപ്തയാവണം. ജനായത്ത വ്യവസ്ഥിതി ഉറപ്പിക്കാനും അതു് കനത്ത സംഭാവനകൾ നൽകണം. സാമൂഹ്യനീതിയുടെ പ്രമുഖ വക്താവും മററാരുമായിരിക്കരുതു്. സാമ്പത്തിക നീതിയ്ക്കുവേണ്ടി, പുതിയ പുരോഗമനാത്മകമായ നിയമ നിർമ്മാണങ്ങൾക്കുവേണ്ടി ദീപിക അതിൻെറ ശബ്ദം മുഴക്കണം. പുതിയ വിജ്ഞാന മേഖലകൾ വായനക്കാർക്കു തുറന്നു കൊടുക്കുന്നതിലും, ദീപിക, മററാരുടെയും പിമ്പിലാകരുതു്. വാർത്താ പ്രസിദ്ധീകരണ കാര്യത്തിൽ സത്യസന്ധതയും, ഉപവിയും, ആത്മധൈര്യവും പ്രകടിപ്പിക്കുന്നതിലും, ഈ കത്തോലിക്കാ ദിനപ്പത്രം ആരുടെയും പിറകിലായിക്കൂടാ. ജനക്ഷേമം, സത്യസന്ധത, ജനാധിപത്യത്തിൻെറ മുന്നേററം, രക്തരഹിതമായ വിപ്ലവത്തിലൂടെയുള്ള സാമൂഹ്യപരിഷ്ക്കരണം, വിശാലവിശാലവും മനോഹരവുമായ ക്രിസ്തീയ വീക്ഷണം അധർമ്മത്തിനും അനീതിക്കുമെതിരായ വ്യക്തമായ നിലപാടു്, സഭാനവീകരണത്തിൻെറ കാഹളം മുഴക്കൽ,—ഇവയൊക്കെയാണു്, എന്നെപ്പോലെയുള്ള സാധാരണ ചെറുപ്പക്കാർ ''ദീപിക''യുടെ ലക്ഷ്യങ്ങളും, നിലപാടുകളുമായിക്കാണാൻ ആഗ്രഹിക്കുന്നതു്.

## ഉപസംഹാരം

ചാവറയച്ചന്റെ ദീർഘ വീക്ഷണവും കർമ്മധീരതയും, കത്തോലിക്കാ പ്രസിദ്ധീകരണ പ്രവർത്തനങ്ങൾക്ക് പൊതുവെയും, C. M. I. സമൂഹത്തിന്റെ പ്രവർത്തനങ്ങൾക്ക പ്രത്യേകമായും പ്രചോദനമരുളട്ടെയെന്നാണാശംസ. അദ്ദേഹത്തെപ്പോലെ, കാലത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കി വിപ്ലവാത്മകങ്ങളായ നൂതന വഴിത്താരകൾ വെട്ടിത്തുറക്കാൻ കഴിവുള്ള നേതാക്കളാരെങ്കിലും കേരള സഭയിൽ വളർന്നു കാണാൻ ദൈവത്തോടു പ്രാർത്ഥിക്കുന്നു. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സമൂഹത്തിൽ, ചലനാത്മകമായ ഇക്കാലയളവിൽ, മാററങ്ങൾക്ക് വിലങ്ങടിക്കുന്നതു പാഴ് വേലയാണെന്നു നമ്മൾ മനസ്സിലാക്കണം. മാററങ്ങൾക്ക് ക്രിസ്തുവിന്റെ ആ ചൈതന്യം പകരാനായിരിക്കണം നാം പരിശ്രമിക്കുക. ആ ലക്ഷ്യത്തിനുതകുന്ന കാഴ്ചപ്പാടും സമീപനവും നമ്മൾ വളർത്തിയെടുക്കണം. തദനുസരണമായി, നമ്മുടെ പ്രവർത്തനങ്ങൾ രൂപീകരിക്കുകയും, പദ്ധതികൾ ആസൂത്രണം ചെയ്യുകയും വേണം.

# ആത്മൗന്നത്യം ചുരത്തിയ കവിതാഗംഗ

—സി. പി. ശ്രീധരൻ—

ഭാരതീയ മിസ്റ്റിക് ചിന്തകന്മാരിൽ മുന്നണിസ്ഥാനം അർഹിക്കുന്ന പ്രൊ: ആർ. ഡി. റാനഡെ രണ്ടുതരത്തിൽ ഈശ്വരനെ സാക്ഷാത്കരിക്കാമെന്നു സിദ്ധാന്തിക്കുന്നു. ബ്രഹ്മാണ്ഡകോടികളുംകൊള്ളുന്ന പ്രപഞ്ചത്തോളം ഉയൎന്ന, ആ പ്രപഞ്ചനായകൻതന്നെയായ സൎവ്വശക്തനാണ് താനെന്ന ഭാവത്തിൽ. മറെറാന്ന്, താൻ ഈ പ്രപഞ്ചത്തിലെ പരമാണുപ്രായമായ ഒരു നിസ്സാരവസ്തുവാണെന്ന ഭാവത്തിൽ. ചുരുക്കിപ്പറഞ്ഞാൽ പിതൃഭാവത്തിലും ശിശുഭാവത്തിലും ഈശ്വരന്റെ വെളിപാടുനേടി രോമാഞ്ചംകൊള്ളുവാൻ കഴിയും. ക്രൈസ്തവമിസ്റ്റിക്കുകളിൽ പാപബോധപ്രേരിതമായുണ്ടാകുന്ന പശ്ചാത്താപവും, അഹന്താ (Ego) ംശപരിവൎജ്ജനവും മുന്നിട്ടുനില്ക്കുന്നതുകൊണ്ട് രണ്ടാമത്തെ സാക്ഷാത്കാരപഥത്തോടാണ് അവൎക്കടുപ്പം. മാതാപിതാക്കളെ കെട്ടിപ്പുണൎന്നു രക്ഷാബോധത്താലുന്മത്തനാകുന്ന ശിശുവിന്റെ നിഷ്കന്മഹമായ ഹർഷവീചികളും, വാത്സല്യഭാജനങ്ങളായ തന്റെ ആത്മാംശങ്ങളെ വാരിപ്പുണർന്ന് മാതാപിതാക്കളനുഭവിക്കുന്ന ധന്യതാനുഭൂതിയും അടിസ്ഥാനപരമായി വ്യത്യാസമുള്ളതാണോ എന്ന കാര്യത്തിൽ മിസ്റ്റിക്കുകൾക്കഭിപ്രായഭേദമുണ്ട്. എന്നാൽ രണ്ടും ആത്മയോഗത്തിന്റെ പുളകം നേടുന്നുവെന്നതിൽ തൎക്കമില്ല. ഈ ഈശ്വരയോഗമാണല്ലോ മിസ്റ്റിസിസത്തിന്റെ സത്ത.

ദൈവദാസൻ കുറിയാക്കോസ് ഏലിയാസച്ചൻ കത്തോലിക്കാ ചൈതന്യം ആവാഹിച്ചെടുത്ത ഒരു വിശുദ്ധാത്മാവാണെന്നു ഞാൻ കേട്ടിരുന്നു. പക്ഷെ, കവിയാണെന്ന് അറിഞ്ഞിരുന്നില്ല. ആത്മാനുതാപം, തുടങ്ങിയ പദ്യകൃതികളും, ധ്യാനസല്ലാപങ്ങൾ തുടങ്ങിയ ഗദ്യകൃതികളും നോക്കിയപ്പോഴേ ഒരു കവിഹൃദയത്തിന്റെ ഉടമസ്ഥതകൂടി ഈ വിശുദ്ധാത്മാവു വഹിച്ചിരുന്നുവെന്നു മനസ്സിലായുള്ളു. ആകെ എത്ര കൃതികളും വരികളും സംഭാവനചെയ്തു എന്നതിനെ ആശ്രയിച്ച് വേണമെങ്കിൽ ഒരെഴുത്തുകാരന്റെ വിലയും നിലയും നിർണ്ണയിക്കാം. പക്ഷെ, ഒരെഴുത്തുകാരൻ എന്തു സംഭാവന ചെയ്തുവെന്നതു മാത്രമാണ് സാഹിത്യമഹത്വം നിർണ്ണയിക്കുന്ന ഉപാധി. എണ്ണംകൊണ്ടും വണ്ണംകൊണ്ടും ചാവറ കുറിയാക്കോസച്ചൻ മലയാള സാഹിത്യത്തിനു ചെയ്തുവെന്നവകാശപ്പെടാവുന്ന സംഭാവന അത്ര മികച്ചതാണോ? ഒരുപക്ഷെ, അദ്ദേഹം എഴുതിവെച്ചതും പ്രകാശനം ചെയ്യാതെ കിടക്കുന്നതുമായ കൃതികളൊക്കെ വെച്ചുനോക്കുമ്പോൾ അദ്ദേഹത്തിന്റെ മൊത്തം സംഭാവനയുടെ വലിപ്പം അത്ര നിസ്സാരമായിരിക്കയില്ല.

പത്തൊമ്പതാം നൂററാണ്ടിലെ മലയാള സാഹിത്യത്തിൽ നിത്യസ്മരണാർഹമായ ഒരു തേജഃപ്രതിഭാസമാണു കുറിയാക്കോസ് ഏലിയാസച്ചനെന്ന് അംഗീകരിക്കാതെ വയ്യ. പോയ നൂററാണ്ടിലെ മഹാപ്രതിഭന്മാരെ മറന്നാലും കുറിയാക്കോസച്ചനെ മറന്നുകൂടാ— കാരണം, മലയാളവാങ്മയമാകെ രതിഭാവപ്രളയത്താൽ സാഹിത്യത്തെയും ജീവിതത്തെയും ശൃംഗാരക്കളരിയാക്കി മാററിയ കാലത്താണ് ആത്മൗന്നത്യത്തിന്റെ ധവളശൃംഗത്തിൽനിന്ന് അദ്ദേഹം സർവ്വപാപഹരയായ കാവ്യഗംഗ ചുരത്തിയതു് —സാഹിത്യത്തെയും ജീവിതത്തെയും ജീർണ്ണതാപചയങ്ങളിൽനിന്നും ഉദാത്തവല്ക്കരിച്ചു (Sublimate)യർത്തിക്കൊണ്ടുവന്ന ദേദീപ്യമാനമായ ആത്മനിമന്ത്രണങ്ങളാകാൻ ആ വാണീജാലങ്ങൾക്കു കഴിഞ്ഞുവെന്നതാണ് സർവ്വപ്രധാനം.

## കവിതയിലൂടെ കാണുന്ന കവി

ആധുനിക നിരൂപണസരണികളനുസരിച്ച് ഒരു കവിയുടെ പദവാക്യഛന്ദോലങ്കാരങ്ങളിലൂടെ ആ കവിയുടെ ഹൃദയം കണ്ടെത്താം—കവിഹൃദയത്തിലൂടെ കവിതയുടെ ഉള്ളറകൾ തുറക്കുകയും ചെയ്യാം— കുറിയാക്കോസച്ചന്റെ ജീവിതവിശുദ്ധിയും ആത്മസമർപ്പണവും ജനസാമാന്യത്തിന്റെ നാക്കിൻതുമ്പത്തു് തത്തിക്കളിക്കുന്ന കഥകളാണല്ലോ? അതിലെത്രമാത്രം സത്യമുണ്ടെന്നറിയാൻ, ആ ജീവിതദൌത്യം എത്ര ആത്മാർത്ഥമായാണദ്ദേഹം കൊണ്ടുനടന്നതെന്നറിയാൻ ആ അക്ഷരപ്രപഞ്ചത്തിലൂടെ പ്രത്യക്ഷപ്പെടുന്ന കുറിയാക്കോസച്ചനെ ഒന്നു നോക്കാം. ശൈലി മനുഷ്യൻതന്നെയാണല്ലോ: കവിത ആത്മതേജസ്സിന്റെ വാഗ്ജാലവും.

ഗ്രാമീണകേരളത്തിൻെറ വികാരധാരകളാവാഹിക്കുന്ന ചുരുങ്ങിയതു് പതിനഞ്ചിൽ കുറയാത്ത ഗാനവൃത്തങ്ങൾ കുറിയാക്കോസച്ചൻ ഉപയോഗിച്ചിട്ടുണ്ടു്. ഈ ഗാനവൃത്തങ്ങളാകട്ടെ വീരാപദാനങ്ങൾ വർണ്ണിക്കുന്ന ഗാഥകളിലേതല്ല. നേരേമറിച്ചു് സന്ധ്യാനാമോച്ചാരണത്തിനും ഈശ്വര സങ്കീർത്തനത്തിനും ദേവസ്തുതികൾക്കും ഉപയോഗിക്കുന്ന സ്തവാത്മകവൃത്തങ്ങളത്രെ—പരമ്പരാഗതമായ സംസ്കാരത്തിൻെറ ആദിസ്രോതസ്സുമായി രക്തബന്ധമുള്ള ഹൈന്ദവജനതയുടെ ദേവസ്തവങ്ങൾ പുരുഷാന്തരങ്ങളിലൂടെ ജനഹൃദയത്തിലെത്തിച്ച വൃത്തങ്ങളിലൂടെ ക്രൈസ്തവചൈതന്യം പകരാനുള്ള അദ്ദേഹത്തിൻെറ ശ്രമം രണ്ടുകാര്യം വ്യക്തമാക്കുന്നു: ഒന്നു്, താൻ ജീവിക്കുന്ന സമൂഹത്തിലെ ''നാടൻ ജനത''യുടെ മൌലികസംസ്കാരം സ്വീകരിക്കാനും, ഹൈന്ദവസംസ്കാരത്തിൻെറ അന്തഃപുരത്തിൽനിന്നു് അമൃതവാഹിനികളായ ഉപാധികൾ കൈക്കൊള്ളാനുമുള്ള സന്നദ്ധത. മററൊന്നു്, താൻ ഏതൊരുമഹാദൌത്യത്തിനുവേണ്ടി ചേതസ്സമർപ്പണം ചെയ്തുവോ, ആ ദൌത്യത്തെ (ക്രൈസ്തവചൈതന്യത്തെ ജനജീവിതത്തിലുദ്ദീപിപ്പിക്കുകയെന്ന ദൌത്യത്തെ)—യഥാർത്ഥമായും നമ്മുടെ നാടൻജനതയിലേയ്ക്കു് എത്തിക്കാനുള്ള വ്യഗ്രത. ജനങ്ങളെ ക്രിസ്തുമതത്തിലേക്കു കൊണ്ടുവരുന്നതിനു പകരം, ക്രിസ്തുവിനെ ജനങ്ങളിലേക്കെത്തിക്കുക. ഇതാണു് നാടൻ ഗാനവൃത്തങ്ങളിലൂടെ കുറിയാക്കോസച്ചൻ സാധിച്ച മൌലികമായ ലക്ഷ്യം.

''ഭക്തിമുക്തിദായകാ പുരന്ദരാദി സേവിതാ
ഭാഗ്യവാരിധേ ജയാ മുകുന്ദരാമപാഹിമാം.''

(സന്ധ്യാനാമകീർത്തനം)

''അമ്മകന്നി തൻെറ ദുഃഖരോദനങ്ങൾ നായകൻ
അൻപിനോടു കേട്ടുടൻ അയച്ചു മിത്രമർത്ത്യരെ.

(ആത്മാനുതാപം — ചതുർപാദഗാനകീർത്തനം)

''കന്നിയമ്മെ നിൻെറ ദാസിയായ പാപി ഞാനിതാ
മന്നിലുള്ള നിൻെറ ശുദ്ധജീവിതത്തെയല്പമായ്''

(ആത്മാനുതാപം—കടശിയപേക്ഷ.)

''പച്ചക്കല്ലൊത്ത തിരുമേനിയും നിൻെറ
പിച്ചക്കളികളും കാണുമാറാകണം
ശ്രീപത്മനാഭാ മുകുന്ദമുരാന്തക
നാരായണ നിന്മെയ് കാണുമാറാകണം.''

(പഴയ ഒരു കീർത്തനം)

''കാരുണ്യനാഥനാം ദൈവകുമാരൻെറ
താരുണ്യശോഭയെ കാണാകണം
മാനുഷ നീചവേഷത്തെ ധരിച്ചൊരു
മാനുമിത്രാതാവെക്കാണാകണം.''

(ആത്മാനുപാതം—മൂന്നാം പദം)

ഇങ്ങനെ ഒട്ടേറെക്കാണാം, സാജാത്യങ്ങരം. കിളിപ്പാട്ട്, പാന, തരംഗിണി, കേക, വഞ്ചിപ്പാട്ട തുടങ്ങിയ നാടൻ ശ്രീലുക ളിൽ കവിത കോത്ത ഈ പ്രതിഭാധനൻ, വായ്മൊഴിയൊക്കെ സംസ്കൃതവൃത്തത്തിൽ വാർന്നുവീണ ആ കാലഘട്ടത്തിലൊര ത്ഭുതം സൃഷ്ടിക്കുകയായിരുന്നില്ലേ? രതിപ്പദങ്ങളേ രസപ്രദങ്ങളാകൂ എന്നു ധരിച്ച സമൂഹത്തിൽ വിരതിപ്പദങ്ങരം രസോത്തരങ്ങളാണെ ന്നു കാണിച്ചുകൊടുത്തതോടൊപ്പം, ജനഹൃദയത്തോടു സംവാദക്ഷമ മായ നാടൻശീലുകരംക്കാണു് സംസ്കൃതഛന്ദസ്സുകളേക്കാരം ആത്മ സ്വർശ്യത കൂടുകയെന്നും സ്ഥാപിച്ച ഈ യോഗിവര്യൻ മലയാള കവിതയുടെ ഉടലും ഉയിരും രൂപാന്തരപ്പെടുത്തിയെന്നതാണു് സത്യം.

## സംസ്കൃത പക്ഷപാതം

സംസ്കൃതവിരോധിയായ കവിയായിരുന്നു അദ്ദേഹമെന്നല്ല ഇപ്പറഞ്ഞതിനത്ഥം—സംസ്കൃതഭാഷയിൽ അവഗാഹമുള്ള, സം സ്കൃതത്തിൻെറ ആന്തരസത്തയെ പിഴിഞ്ഞെടുത്ത, സംസ്കൃത ഭാഷയിലന്തർഭവിച്ച സംസ്കാരത്തെ ചോത്തിയെടുത്ത ഒരു വിദ്വൽ ശിരോമണിയാണദ്ദേഹമെന്നു കവിതയിലെ സംസ്കൃതപദങ്ങരം വേണ്ടത്ര തെളിയിക്കുന്നു. (കേരളത്തിൽ സംസ്കൃതവിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനു് കുറിയാക്കോസച്ചൻ ഗണ്യമായ സേവനം ചെയ്തിട്ടുണ്ടെന്നാണു് എൻെറഅറിവു്. ഒരു സംസ്കൃതവിദ്യാലയം തന്നെ അദ്ദേഹം സ്ഥാപിച്ചു). ഈ സംസ്കൃതപദങ്ങരം എവി ടെയും മുഴച്ചുനില്ക്കുന്നുവെന്നു തോന്നാത്തവിധം അത്രമാത്രം അനായാ സനിരർഗ്ഗളമായി അവ, താളക്രമത്തിൽ ഒഴുകിവരുന്നതായി കാണാം.

''വത്സല സുത സ്വാത്മദേഹഞ്ചസൃഷ്ടിചെയ്ത തിരുമുഖം
വത്സകപ്രിയമോടു മാതൃവൊടുക്കമൊയത്തു മുത്തുവാൻ''

എന്നിങ്ങനെ സംസ്കൃതാധിപ്രസരമുണ്ടെന്നു തോന്നുന്നിടത്തു പോലും അതരോചകമായിത്തീരുന്നില്ല. മലയാളനിയമമനുസരിച്ച് ദീർഘം വേണ്ടിടത്തൊക്കെ സംസ്കൃതനിയമപ്രകാരം ഹ്രസ്വം സ്വീകരിച്ചതാണു് മറെറാന്നു്. കുറിയാക്കോസച്ചൻെറ കവിത കളെ ആധുനിക മലയാളവായനക്കാർക്ക് ക്ഷണാസ്വാദ്യമല്ലാതാക്കി ത്തീർക്കുന്ന ഘടകവും ഇതാണെന്നു തോന്നുന്നു. മോക്ഷത്തിനു 'മൊക്ഷ'വും, കേടിനു് 'കെടും' ആയാൽ വായനക്കാർക്കു് അത്ഥം ഗ്രഹിക്കുന്നതിനുള്ള വിഷമം ഊഹിക്കാമല്ലൊ. ഈ പ്രയോഗ ശൈലി മനസ്സിലാക്കിയില്ലെങ്കിൽ ആശയാത്ഥങ്ങരംതന്നെ കുളത്തി ലിറങ്ങുന്ന സന്ദർഭങ്ങളും ധാരാളമുണ്ടു്. ചുരുക്കത്തിൽ, ഭാരതീയ സംസ്കാരത്തിൻെറ ഭാഷയായ സംസ്കൃതത്തിലുള്ള ഹൃദയവേഴ്ചയും, ആ ഭാഷയോടുള്ള ആദരപ്രചോദിതമായ കൂറും ഈ പദ്യപാദങ്ങളി

ലെല്ലാം പ്രകടമത്രെ. സംസ്കൃതഭാഷയിലെ വാഗധീശന്മാരി ലൊരാളാണു് ഈ കവിയെന്നു തെളിയിക്കാൻ പോരും ആ വരികരം. (ഭാഷാപോഷണത്തിനു് അദ്ദേഹം ചെയ്ത സേവനങ്ങളും, വിദ്യാപ്രചരണത്തിനും സംസ്കൃതപഠനത്തിനും അദ്ദേഹം കാണിച്ച താല്പര്യവും അതേ തീവ്രതയോടെ കത്തോലിക്കർ തുടർന്നിരുന്നെങ്കിൽ കത്തോലിക്കർക്കു് ഇന്നു സംസ്കാരനായകത്വം ലഭിച്ചേനെ.)

മറെറാന്നുകൂടി എടുത്തുകാട്ടിയാൽക്കൊള്ളാമെന്നുണ്ടു്. ലാററിൻ തുടങ്ങിയ വിദേശഭാഷാപദങ്ങളും ഇതിലവിടവിടെ കാണാം. പക്ഷെ, അവ പ്രയോഗിക്കുമ്പോരം അവയുടെ മുന ചെത്തി മലയാളവത്ക്കരിക്കാനുള്ള ശ്രമം നടത്തിയിട്ടുണ്ടെന്നു സ്പഷ്ടം. ജനിച്ച മണ്ണിനോടും സംസ്കാരത്തോടും നഖശിഖാന്തം കൂറും ഭക്തിയുമുള്ള ദേശാഭിമാനിയായ ഒരു ക്രൈസ്തവവൈദികനെന്ന നിലയിൽ കുറിയാക്കോസച്ചനെ ഈ സവിശേഷഘടകങ്ങരം പ്രദർശിപ്പിക്കുന്നു. നാടൻശീലുകളുടെയും കീർത്തനവൃത്തങ്ങളുടെയും സ്വീകരണം; സംസ്കൃതഭാഷാപ്രേമം. വിദേശപദങ്ങളെ മലയാളവത്കരിക്കാനുള്ള ശ്രമം. ഇവയൊക്കെ മുന്നോട്ടുവെക്കുന്ന കുറിയാക്കോസച്ചൻ കത്തോലിക്കാസഭയെ ദേശീയമാക്കാൻ ശ്രമിച്ച ആദ്യത്തെ മതപ്രബോധകനാണെന്നു കണ്ടെത്താം. വത്തിക്കാൻ നേതൃത്വം വളരെക്കാലത്തെ ചച്ചകരംക്കുശേഷം അംഗീകരിച്ചതാണു് ഈ തത്ത്വം — ഈ പരിവത്തനത്തെ ദീർഘദർശനംചെയ്ത ദേശഭക്താഗ്രണിയായ ആ കത്തോലിക്കാപുണ്യശ്ലോകൻെറ ആത്മഘടകങ്ങരം അദ്ദേഹത്തിൻെറ പദ്യരചനകളിൽ പദേപദേ തുടിക്കുന്നുണ്ടെന്നതിൽ സംശയമില്ല.

## അന്തർഭാവം

കവിതയുടെ പുറംതിണ്ണയിലിരുന്നുകൊണ്ടുള്ള അന്വേഷണമാണു് നാം ഇതേവരെ നടത്തിയതു്. അന്തർഭാവത്തിലേക്കു കടക്കുമ്പോഴാണു് സമർപ്പിതചേതസ്സായ ക്രൈസ്തവഭക്തൻെറ അന്തശ്ചോദിതമായ വാങ്മയങ്ങളാണവയെന്നു മനസ്സിലാകുക. ഭാവാവിഷ്കരണ വൈഭവമാണല്ലോ ഒരു കവിയുടെ ശക്തിമുദ്ര ഭാവാനുരോധമായ പദവാക്യച്ഛന്ദോലങ്കാരങ്ങരം പ്രയോഗിക്കുന്നതിൽ കുറിയാക്കോസച്ചൻെറ വിരുതൊന്നു വേറെതന്നെ. അനസ്താസ്യ എന്ന കുട്ടി കന്യാത്വം സ്വീകരിച്ച സോപിയായുടെ അടുത്തു് ധ്യാനമഗ്നയായി കഴിയുകയായിരുന്ന രംഗം അദ്ദേഹം ചിത്രീകരിച്ചിട്ടുണ്ടു്. (''മരണവീട്ടിൽ ചൊൽവാനുള്ള പപ്പം'' എന്ന കൃതിയിലെ അന്ത്യഭാഗം നോക്കുക). ദുഷ്ടനായ പ്രോബായുടെ ഭീഷണിക്കു വഴങ്ങാത്ത അനസ്താസ്യയുടെ അക്ഷോഭ്യപ്രകൃതിയേയും അചഞ്ചല ഭക്തിയേയും ചൈതന്യഭാസുരമായി കവി ആവിഷ്ക്കരിക്കുന്നു.

ലോകഭാഗ്യം സമപ്പിച്ചാൽ ദാഹമില്ലാ മമ ചിത്തേ
കോലാഹലമായ ശിക്ഷാഭീതിയുമില്ല.
നിൻെറ ദാനം ത്യജിക്കുംപോൽ
നിൻെറ ക്രൌര്യം ക്ഷമിപ്പാനും

എൻെറ നാഥൻ സവ്വശക്തി തന്നീടും ശക്തി'' എന്ന അഭിമാനദൃഢമായ പ്രഖ്യാപനംകേട്ട ആ ദുമ്മന്ത്രി തൻെറ ഉദ്ദേശ്യമൊന്നും നടപ്പില്ലെന്നു കരുതി.

''ക്രൂരഭാവം നടിച്ചവൻ ചക്ഷുരണ്ടും ചുമപ്പിച്ചു
ക്രോധവീര്യാൽ മുഖം ചൂര്യാ മേഘമായ് മൂടി
കട്ടത്തോരു സിംഹവ്യാഘ്രം കയത്തുന്ന സമമായി
ട്ടട്ടത്തു കന്നിയിൻമുഖത്തടപ്പിച്ചപ്പോൾ
സ്നേഹവാത്ത പകത്തീ തൻ ദൂഷണങ്ങൾ കക്കി ദുഷ്ടൻ
മോഹിതമാം കന്നിമുഖം ചോരയിൽ പൂശി.

............................................................................

............................................................................

''വീണ്ടും ദുഷ്ടമന്ത്രി തൻെറ മുൻപിലങ്ങു വരുത്തീട്ടു
കണ്ടകത്ത്റി മുതലായ ക്രൂരചക്രത്താൽ
കന്നി തൻെറ ദേഹമൊക്കെ ചീന്തിയവർ പൊളിച്ചിട്ടു
ചിന്നിവീഴും ചോരകൊണ്ടു കുതിത്തു ഭൂമി''

എന്നിങ്ങനെയുള്ള സ്തോഭതീവ്രമായ ആ നാടകീയമുഹൂത്തത്തെ എഴുത്തച്ഛൻെറ യുദ്ധവണ്ണനാസദൃശമായ ഭാവതീക്ഷ്ണതയോടെ അദ്ദേഹം അവതരിപ്പിക്കുന്നു. സൂക്ഷ്മദൃഷ്ടിയോടെ, അത്ഥനിഷ്ക്കർഷയോടെയാണ് അദ്ദേഹം ഓരോ ചലനത്തേയും പദവിവർത്തനം ചെയ്യുന്നതു്. ''നേത്രകാഴ്ചതാഴ്ത്തിയുള്ളിൽ ഭജിച്ചിടുന്നു'' എന്നാണ് കണ്ണടച്ചു ധ്യാനിക്കുന്നതിനു പറയുക. കണ്ണു പൂട്ടിയുള്ള ധ്യാനത്താൽ കാഴ്ചയില്ലല്ലൊ. ഇവിടെ കാഴ്ച ഉള്ളിലാക്കിയിരിക്കുന്നു. ഉൾക്കാഴ്ചയോടെയാണ് ധ്യാനമെന്നു ധ്വനി.

നിഗൂഢമായ കാവ്യസൌന്ദര്യം പദച്ചെപ്പുകളിലൊളിപ്പിച്ചു ചേതനയുടെ സൂക്ഷ്മാസ്പൃഷ്ടമായ ചേതനാസ്പന്ദനങ്ങളെ അനാവരണം ചെയ്വാൻ കറിയാക്കോസച്ചൻ കൃതഹസ്തനാണെന്ന് ആത്മാനുതാപം തുടങ്ങിയ ഇതര പ്രധാനകൃതികളെല്ലാം വ്യക്തമാക്കുന്നു.

''പുത്രൻ പാലുണ്ണുമ്പോൾ മാതാവിനുണ്ടായ
ചിത്രമാം ഭക്തിയും കാണാകണം'' എന്നൊരു പ്രയോഗ

മുണ്ട് ആത്മാനുതാപം മൂന്നാം പദത്തിൽ. കുട്ടി പാലുകുടിക്കുമ്പോൾ അമ്മയ്ക്കു വാത്സല്യമാണ് സാധാരണയുണ്ടാകുക. മാതൃപുത്രബന്ധത്തെ സൂചിപ്പിക്കുന്ന പദം വാത്സല്യമത്രെ. ഇവിടെ (ഈശ്വരാഭിമുഖമായ രതിയത്രേ നാരദീയ—ശാണ്ഡില്യസൂത്രങ്ങളനുസരിച്ച ഭക്തി) ഭക്തിയാണു മാതാവിനുണ്ടായത്. യേശുവിൻെറ ദൈവപുത്രത്വത്തെ, അഥവാ ഈശ്വരത്വത്തെക്കുറിച്ച് ആ ജന്മസിദ്ധമായ ബോധമാണ് ഈ ഭക്തിക്കു നിദാനം. ഓരോ പടിയിലും യേശുവിൻെറ രക്ഷകത്വത്തെക്കുറിച്ച് കവിയ്ക്കു ബോധമുണ്ടെന്നർത്ഥം. ഏതു ദിവ്യാത്മാവായ പുത്രനെയും വത്സലപുത്രനായി മാത്രം ഓമനിക്കാറുള്ള മാതൃത്വംതന്നെ, ഇവിടെ ലോകരക്ഷകനെ സ്വപുത്രനായി ഓമനിക്കുകയെന്ന സ്വാർത്ഥകൃത്യത്തിലല്ല, സ്വപുത്രനെ ലോകനാഥനായി കണ്ട് ആരാധിക്കുന്ന പ്രപഞ്ചമനസ്സിൻെറ ഭാഗമായി വികസിക്കുകയാണ്. ഇവിടെ യേശുവിൻെറ മഹത്വവും ദിവ്യത്വവുമെന്നപോലെ മറിയത്തിൻെറ സഹജമായ ഔന്നത്യവും ധ്വന്യാത്മകമാക്കി കാട്ടുകയാണു കവി.

''പൂർവ്വപാപത്തിൻ നിഴൽ തീണ്ടാത്ത രത്നാമണി
പൂർവ്വശാപത്തിൻ സൂതിവേദനയണുകാതെ''.

എന്നൊക്കെയുള്ള പ്രയോഗത്തിൽ ആദിപാപം സ്പർശിച്ചിട്ടില്ലാത്ത മറിയയെ, ഗർഭപ്രസവാദി വേദനയനുഭവിക്കാത്ത പ്രസവാസന്നയായ മറിയയെ, ചിത്രീകരിക്കുകവഴി ആ മാതാവിൻെറ വിശുദ്ധത്വത്തെ വിളംബരംചെയ്യണമെന്നുണ്ട് കവിക്ക്—ഇങ്ങനെ പദങ്ങളോരോന്നും സൂക്ഷിച്ച്, തൊട്ടാൽ പൊള്ളുന്ന അഗ്നികണത്തെപ്പോലെ സൂക്ഷിച്ചുപയോഗിക്കുകയാണദ്ദേഹം—എന്തിനു്? തൻെറ ഉപാസ്യമൂർത്തിയുടെ, പ്രേമൈകധാമത്തിൻെറ, ആത്മപ്രകാശമഹത്ത്വം കൊണ്ട് ജനഹൃദയങ്ങളെ പ്രഭാപൂരിതമാക്കണമെന്ന ഉദ്ദേശ്യമാണ് ഓരോ പദപ്രയോഗത്തിനു പിന്നിലും.

## അലങ്കാരങ്ങൾ

അലങ്കാരങ്ങൾ, അചുംബിതങ്ങളായ അലങ്കാരങ്ങൾ കവിയുടെ മുമ്പിൽ വിളികേൾക്കുംമുമ്പ് വന്നുനിൽക്കുന്ന അനുഭവമാണ് ചില ഭാഗങ്ങൾ കാണുമ്പോൾ ഉണ്ടാകുക.

''സൂര്യാഭ പളുങ്കിനെ കടക്കുമെന്നതുപോലെ
നാര്യാര്യ കന്നിക്ഷയംവരാതെ പെററു ശുഭം.''

കന്യകാത്വത്തിനു ക്ഷയം തട്ടാതെ പ്രസവിക്കാനൊക്കുമോ? ആ അസാധ്യാത്ഭുതം ഇവിടെ സംഭവിച്ചിരിക്കുന്നു. സുഷിരവും പോറലുമേല്പിക്കാതെ സൂര്യപ്രകാശം പളുങ്കിനുള്ളിൽക്കൂടി പുറത്തു

കടക്കമല്ലോ! (പളുങ്കുപോലെ നിർമ്മലയാണ് മറിയം എന്ന ഭാവം) ഇതാണ് പ്രതിഭാവിലാസം മിതവ്യയം ചെയ്യുന്ന ഈ കവിയുടെ അലങ്കാരമാതൃക.

സാമാന്യം നീണ്ടുപോയ ഈ ലേഖനം കവിതാസുന്ദരമായ ഭാഗങ്ങൾ ഉദ്ധരിച്ച്, രചനാസുഷമസ്സുത്തമദൃഷ്ടാന്തങ്ങളായ ഭാഗങ്ങളു ദ്ധരിച്ച്, നീട്ടണമെന്നുദ്ദേശിക്കുന്നില്ല. ക്രിസ്തുവിനു മുമ്പിൽ അർച്ചി ക്കാനുള്ള പൊടിപററാത്ത പൂവായി തൻെറ ജീവിതം വളർത്തിയെടു ക്കാൻ കുറിയാക്കോസ് ഏലിയാസച്ചൻ ശ്രമിച്ചു. തന്നെ പാപി യെന്നു വിളിക്കുമ്പോൾപോലും, ആ ദൈവദാസൻ പാപരഹിത മാണ് തൻെറ ജീവിതമെന്ന് ആഖ്യാനവൈഭവംകൊണ്ടു വെളിവാ ക്കുന്നുണ്ട്—പിന്നെ താൻ പാപിയായതോ? ആദിശാപവും, ആദി പാപവുംകൊണ്ടുതന്നെ. സമൂഹത്തിൻെറ പാപം തൻെറ പാപ മാണ്. ആ പാപപാരമ്പര്യങ്ങളും പാപസഞ്ചയങ്ങളും സ്വയം ഏറെറടുത്തുകൊണ്ട് പാപമുക്തിക്കായി ക്രിസ്തുരാജനെ ശരണംപ്രാ പിക്കുകയാണദ്ദേഹം. റോബർട്ട് ലോവൽ തുടങ്ങിയ ആധുനിക പാശ്ചാത്യകവികളുടെ 'കുമ്പസാരക്കവിത'കളുടെ (Confersional Poetry) സ്വരമാണ് അവയ്ക്കെന്നു തോന്നുന്നു. വിശ്വസ്നേഹിയായ, ലോകസേവാനിരതനായ ഒരു സമർപ്പിതചേതസ്സിനു മറെറാരു സമീപനം വയ്യതാനും.

'ആത്മാനുതാപം' എന്ന വിശിഷ്ടകവിതയിൽ ക്രിസ്തുവിനേ ക്കാൾ തിളക്കം വിശുദ്ധമറിയത്തിനാണോ എന്നു സംശയിക്കാവുന്ന സന്ദർഭങ്ങൾ ധാരാളമുണ്ട്. ഈശ്വരനെ മാതൃഭാവേന ആരാധി ക്കുകയും, താൻ ഒരു ചെറുശിശുവായി ചുരുങ്ങുകയും ചെയ്യുകയാണ് മിസ്റ്റിസിസത്തിലെ ഒരു സരണിയെന്ന് ആദ്യമെ സൂചിപ്പിച്ചി ട്ടുണ്ട്. മാതാവിനെപ്പോലെ കാരുണ്യാവതാരമായ ഒരു രക്ഷാകേന്ദ്ര ത്തെ സങ്കല്പിക്കുക സാദ്ധ്യമല്ലല്ലോ. അതാണ്, ഈശ്വരന് മാതൃഭാവം കല്പിക്കുന്നതാണ് സർവ്വോൽകൃഷ്ടമെന്നു ചിലർ കരുതാൻ കാരണം. ഇവിടെ വിശുദ്ധമറിയത്തിന് ഈ സർവ്വോൽകൃഷ്ടത ലഭിച്ചതു് ക്രിസ്തുവിൻെറ ഗർഭഭാരം വഹിച്ച ഉദരത്തിൻെറ ഉടമ യെന്ന നിലയിലത്രെ. ആ നിലയ്ക്ക് ക്രിസ്തുവിനും ലഭിക്കുന്ന സർവ്വോൽകൃഷ്ടത.

ചുരുക്കത്തിൽ ആത്മവിപുലീകരണത്തിന് അഗ്നി ശുദ്ധി ചെയ്ത ഒരു മഹിതജീവിതത്തിൻെറ ഉദാത്തോജ്ജ്വലമായ വാഗ്ധാര യാണ് കുറിയാക്കോസച്ചൻെറ പദ്യകൃതികൾ—ആ വാഗ്ധാരയി ലൂടെ ക്രിസ്തുവിൻെറയും മറിയത്തിൻെറയും ദിവ്യസംശുദ്ധമായ ചൈ തന്യമത്രയും ഭാസ്വത്തായി വിരാജിക്കുന്നു. നക്ഷത്രലക്ഷങ്ങളാൽ വിദ്യോതമാനമായ പ്രകാശതീർത്ഥത്തിൽ കുളിച്ചുനിവന്ന പ്രതീതി യാണ് ആ കാവ്യനിർജ്ജരങ്ങളിൽ നിമഗ്നരാവുന്നവർക്കുണ്ടാകുക.

പക്ഷേ, ഈ കവിതകഠം അക്ഷരത്തെററുകളും, വാക്യപ്പിഴകളുംകൊണ്ടു് ഇത്ര വൃത്തികെട്ടനിലയിൽ അച്ചടിപ്പിക്കുന്നതു സാഹസമാണു്—സമഗ്രമായും പരിശോധിച്ച തിരുത്തി പരിഷ്ക്കരിച്ച പതിപ്പിറക്കാൻ ആരെങ്കിലും മുന്നോട്ടു വരുമോ?

ചാവറ കുര്യാക്കോസച്ചൻെറ ഗദ്യത്തെക്കുറിച്ചും രണ്ടുവാക്കു്: ഒരു നല്ല അപ്പൻെറ ചാവരുഠം, ധ്യാനസല്ലാപങ്ങഠം തുടങ്ങിയ ലഘുകൃതികളിൽ കാണുന്ന ഗദ്യം പത്തൊമ്പതാം നൂററാണ്ടിലെ ഗദ്യമാണെന്നു പറയുക വയ്യ. അത്രമാത്രം അക്ലിഷ്ടലളിതമാണു്. ബാലഹൃദയം, നിഷ്ക്കന്മഷഹൃദയം പ്രതിഫലിപ്പിക്കുന്ന കണ്ണാടിയാണവ. അപൂർവ്വസുലഭമായ ദിവ്യദർശനംകൊണ്ടു ചില സന്ദർഭങ്ങഠം ഗദ്യകവിതയുടെ പദവിയിലേക്കുയരുന്നു. ഇത്തരം ഗദ്യകൃതികളൊക്കെ തേടിയെടുത്തു് പ്രകാശിപ്പിക്കാൻ വല്ലവരും മിനക്കെട്ടെങ്കിൽ അതു സാഹിത്യത്തിനു് അനുഗ്രഹമായേനെ.

# ഭാരതവും സന്ന്യാസധർമ്മവും

—ശുദ്ധാനന്ദസ്വാമി

---

ചരിത്രാതീതകാലം മുതൽക്കേ സംസ്കാരസമ്പന്നമായ ഒരു രാജ്യമാണ് ഭാരതം. സാമൂഹ്യവും സാംസ്കാരികവും തത്വചിന്താപരവുമായ മണ്ഡലങ്ങളിൽ ഭാരതം ഉന്നതമായ ഒരു നിലവാരം പുലർത്തിയിരുന്നതായി ഈ രാഷ്ട്രത്തിൻെറ പുരാതനസമ്പത്തായ വേദേതിഹാസപുരാണങ്ങളിൽനിന്ന് നമുക്ക് അറിയുവാൻ കഴിയുന്നുണ്ട്. അന്ന് വ്യക്തികളുടെയും സമുദായത്തിൻെറയും ജീവിതത്തിന് ചില അടുക്കും ചിട്ടയും എല്ലാമുണ്ടായിരുന്നു. എല്ലാം ചില നിയമങ്ങൾ അനുസരിച്ച് അച്ചടക്കത്തോടുകൂടി പോയിരുന്നതിനാൽ എങ്ങും സുഖവും സന്തോഷവും കളിയാടിവന്നു. പാശ്ചാത്യനിർമ്മിതമായ ആധുനികചരിത്രം പുരാതനഭാരതത്തെ അപരിഷ്കൃതമെന്നു വിശേഷിപ്പിക്കുന്നുണ്ടെങ്കിലും, ഇരുപതാംനൂററാണ്ടിലെ പുതിയ കണ്ടുപിടുത്തങ്ങളെന്ന് ഉദ്ഘോഷിക്കുന്ന പലതും അന്നു ഭാരതീയർക്കു വിജ്ഞാതങ്ങളായിരുന്നു. വിമാനം, ആകാശവാണി, ആഗ്നേയാസ്ത്രം മുതലായ പല അത്ഭുതവസ്തുക്കളെപ്പററിയുള്ള വിവരണം പുരാണങ്ങളിൽ കാണാം. ഖഗോളശാസ്ത്രത്തെപ്പററി വിപുലവും വിശദവുമായ വിജ്ഞാനം അവർ നേടിയിരുന്നുവെന്നതിന് ജ്യോതിശാസ്ത്രംതന്നെ സാക്ഷ്യം വഹിക്കുന്നുണ്ട്. എന്നാൽ ഭൗതികമായ നേട്ടങ്ങളിലൊന്നും ശ്രദ്ധ കേന്ദ്രീകരിച്ചുനിർത്തുവാൻ അവർ ആഗ്രഹിച്ചില്ല. മാത്രമല്ല അവയൊന്നുംതന്നെ വ്യക്തിയുടേയോ സമുദായത്തിൻെറയോ ജീവിതത്തെ താറുമാറാക്കുവാൻ അവർ അനുവദിച്ചിരുന്നതുമില്ല.



ഒരു നല്ല വാഗ്മിയും, പത്രപ്രവർത്തകനും, എഴുത്തുകാരനും കഴിവുററ സാമൂഹ്യപ്രവർത്തകനുമാണ് ഡോ. ജോർജ്ജ് കളപ്പുരയ്ക്കൽ. കേരള കത്തോലിക്കാ സഭയുടേയും, സമുദായത്തിന്റേയും, അഭിവൃദ്ധിക്കുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഒരു യുവാവാണദ്ദേഹം.

Dr. George Kalapurakal

ആരുടേയും താങ്ങും തണലുമൊന്നുംകൂടാതെ, സ്വപരിശ്രമംകൊണ്ടു ഉയർന്നുവരുന്ന ഒരു നല്ല സാഹിത്യപ്രേമിയാണ് ശ്രീ. സി.പി. ശ്രീധരൻ. സാഹിത്യലോകത്തിലും, പത്രപ്രവർത്തനമണ്ഡലത്തിലും മായാത്ത വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള അദ്ദേഹം നല്ലൊരു വാഗ്മിയും, പല ഗ്രന്ഥങ്ങളുടേയും ഉടമയുമാണ്. സാഹിത്യപരിഷത്തിലും, എൻ. ബി. എസ്സിന്റെ മാനേജിംഗ് ബോർഡിലും അംഗവുമാണദ്ദേഹം.



C. P. Sreedharan



നീണ്ടനാളത്തെ അദ്ധ്യാപകവൃത്തിക്കുശേഷം ലൌകികത്തിൽ വൈരാഗ്യംവന്നിട്ടു സന്യാസം സ്വീകരിച്ച സംസ്കൃതവിദ്വാൻ ഗുപ്തൻമാസ്റ്ററാണ് ഇന്നത്തെ മൃഡാനന്ദസ്വാമികൾ. തൃശ്ശൂരിൽ പുറനാട്ടുകരയിലുള്ള ശ്രീ. രാമകൃഷ്ണാശ്രമത്തിൽ ധ്യാനയോഗിയും, കർമ്മയോഗിയുമായി പ്രവർത്തിക്കുന്നു. പ്രസിദ്ധീകരണവകുപ്പിലും വിദ്യാഭ്യാസവകുപ്പിലും സേവനം തുടർന്നുവരുന്നു.

മൃഡാനന്ദസ്വാമി

## ചതുർവർണ്ണങ്ങൾ

സമുദായജീവിതം സുന്ദരവും സുഗമവുമാക്കുവാൻവേണ്ടി മനുഷ്യരെ, അവരുടെ സ്വഭാവത്തെയും തൊഴിലിനെയും ആസ്പദമാക്കി അന്നു് അവർ നാലു വർണ്ണങ്ങളാക്കിത്തിരിച്ചു. സമുദായത്തിൻെറ ആദ്ധ്യാത്മികമായ ഉന്നതിക്കുവേണ്ടിയുള്ള സംസ്കാരപരങ്ങളും ഈശ്വരസേവാപരങ്ങളുമായ പ്രവൃത്തികളിൽമാത്രം വ്യാപൃതരായിരുന്നവരാണു് ബ്രാഹ്മണർ. ബാഹ്യങ്ങളും ആഭ്യന്തരങ്ങളുമായ ആപത്തുകളെല്ലാം അകററി സമുദായത്തിനു് സർവ്വവിധരക്ഷകളും നൽകുന്നതിൽ ജാഗരൂകരായിരുന്നു ക്ഷത്രിയർ. കൃഷി, കച്ചവടം, വ്യവസായം മുതലായ കാര്യങ്ങളിലേർപ്പെട്ടു് സാമ്പത്തികകാര്യങ്ങളിൽ സമുദായത്തെ സുരക്ഷിതമാക്കിവയ്ക്കുന്നതിൽ ബദ്ധശ്രദ്ധരായിരുന്നു വൈശ്യർ. ഇവർക്കെല്ലാവർക്കും കാര്യനിർവ്വഹണത്തിൽ വേണ്ട സഹായം നൽകുവാനായി സേവനം ജീവിതവ്രതമായി സ്വീകരിച്ചിട്ടുള്ളവരാണു് ശൂദ്രർ. ശാന്തിയും സമാധാനവും നിറഞ്ഞ ഒരു സാമൂഹ്യജീവിതത്തിനു വേണ്ട എല്ലാ കാര്യങ്ങളും ഇങ്ങനെ അതിലെ അംഗങ്ങൾ സ്വയം ഏറെറടുത്തു് സ്വാർത്ഥചിന്തകൂടാതെ സസന്തോഷം നടത്തിയിരുന്ന ഒരു സുവർണ്ണകാലം ഭാരതത്തിലെപ്പോലെ മററെങ്ങെങ്കിലും ഉണ്ടായിരുന്നോ എന്നുതന്നെ സംശയമാണു്. ഇന്നു് അതു ഭാരതത്തിലും അപ്രത്യക്ഷമായിരിക്കുന്നു.

## ജീവിതലക്ഷ്യം: ഈശ്വരസാക്ഷാത്കാരം

സമുദായത്തിലെന്നപോലെ അതിലെ അംഗങ്ങളായ വ്യക്തികളുടെ ജീവിതത്തിലും അവർ ചില ചിട്ടകളെല്ലാം ഏർപ്പെടുത്തിയിരുന്നു. ഭൗതികകാര്യങ്ങളിൽമാത്രം ആമഗ്നരായി ബഹിർമ്മുഖമായ ഒരു ജീവിതം നയിച്ചു് ദുർല്ലഭമായ ഈ മനുഷ്യജന്മം നിഷ്ഫലമാക്കിക്കളയരുതെന്നായിരുന്നു അവരുടെ ഉദ്ദേശം. മനുഷ്യജന്മത്തിനു് ഒരു ലക്ഷ്യമുണ്ടെന്നും ആ ലക്ഷ്യമെന്താണെന്നും മനസ്സിലാക്കി ലക്ഷ്യപ്രാപ്തിക്കുപയുക്തമായ രീതിയിൽ ജീവിതം ക്രമീകരിക്കുവാൻ ഓരോരുത്തരും നിർബന്ധരായിരുന്നു. ജനനമരണരൂപവും സുഖദുഃഖസമ്മിശ്രവുമായ ഈ സംസാരത്തിൽനിന്നും മുക്തി നേടി നിത്യവും നിരതിശയവുമായ ആനന്ദപദത്തെ പ്രാപിക്കുക എന്നതായിരുന്നു അവർ ജീവിതലക്ഷ്യമായി കരുതിയിരുന്നതു്. ഈശ്വരസാക്ഷാത്കാരമാണു് ജീവിതലക്ഷ്യമെന്നു് ഭാരതീയാചാര്യന്മാർ വീണ്ടും വീണ്ടും ഉദ്ഘോഷിക്കുമ്പോൾ അവർ അർത്ഥമാക്കുന്നതു് മനുഷ്യാത്മാവിൻെറ ദിവ്യത്വം സാക്ഷാത്കരിച്ചു് ബ്രഹ്മാത്മൈക്യാനുഭൂതിയിലൂടെ പ്രപഞ്ചപ്രവാഹത്തിൽനിന്നും മുക്തി നേടുക എന്നുള്ളതാണു്. പൗരാണികാചാര്യന്മാരുടെ ജീവിതവീക്ഷണം

മുഴുവൻ ഈ ലക്ഷ്യത്തെ മുൻനിർത്തിയുള്ളതായിരുന്നു. അവർ വിധിച്ചിട്ടുള്ള ഷോഡശസംസ്കാരങ്ങൾ തങ്ങളുടെ ജീവിതത്തിൻെറ പരിശുദ്ധിയെപ്പററി മനുഷ്യരെ ബോധവാന്മാരാക്കുവാനുള്ളവയാണ്.

## ചതുരാശ്രമങ്ങൾ

ആയുഷ്ക്കാലത്തെ നാലായി വിഭജിച്ച് ഓരോ കാലത്തും ചെയ്യേണ്ട കർത്തവ്യങ്ങളെപ്പററി അവർ പ്രത്യേകം ഉദ്ബോധിപ്പിക്കുന്നു. അതിനെ അവർ നാല് ആശ്രമങ്ങളായിട്ടാണ് വ്യവഹരിക്കുന്നത്. ലൗകികജീവിതം എങ്ങനെ നയിച്ചാൽ ജീവിതലക്ഷ്യത്തിലെത്തിച്ചേരാമെന്നാണ് ഈ ആശ്രമവ്യവസ്ഥകളിലൂടെ അവർ കാട്ടിത്തരുന്നത്. ഒന്നാമതായി ബ്രഹ്മചര്യാശ്രമം. യൗവ്വനാരംഭം വരെ ഒരുവൻ ജീവിതം വിജയപ്രദമാക്കുവാൻ വേണ്ട കാര്യങ്ങൾ പഠിക്കുവാനും പരിശീലിക്കുവാനും ഉപയോഗിക്കുന്നു. ഈ കാലത്ത് അവനിൽ ആത്മവിശ്വാസവും വീര്യവും വളർത്തി സുഭശോഭനമായ ഒരു ജീവിതത്തിനു വേണ്ടുന്ന അടിത്തറ പാകുന്നു. അതിനുശേഷം അവൻ ഗുരുകുലത്തിൽനിന്നും മടങ്ങി അനുരൂപയായ ഒരു സ്ത്രീയെ വിവാഹം ചെയ്ത് ഗൃഹസ്ഥാശ്രമത്തിൽപ്രവേശിക്കുന്നു. ധാർമ്മികമായ ഉദ്ദേശലക്ഷ്യങ്ങളിൽനിന്നു പതറാതെ ധർമ്മാനുസൃതമായ മാർഗ്ഗത്തിൽ പ്രവർത്തിച്ച് തന്നോടും തൻെറ പൂർവ്വികരോടും കുടുംബത്തോടും സമുദായത്തോടും രാഷ്ട്രത്തോടുമുള്ള കടപ്പാടുകൾ നിർവ്വഹിക്കുവാൻ ഒരു ഗൃഹസ്ഥൻ ബാദ്ധ്യസ്ഥനാണ്. ലോകത്തോടുള്ള തൻെറ കടമകൾ നിറവേററിയതിനുശേഷം കുടുംബഭരണം പുത്രനെ ഏല്പിച്ച് അവൻ കുടുംബബന്ധങ്ങളിൽനിന്നെല്ലാം വിമുക്തനായി വാനപ്രസ്ഥാശ്രമം സ്വീകരിക്കുന്നു. അവിടെ ഈശ്വരസാധന, ധർമ്മപ്രചാരം, മുതലായ കാര്യങ്ങളിൽ തൻെറ ജീവിതാനുഭവങ്ങളും കഴിവുകളും ഉപയോഗിക്കുന്നു. അങ്ങനെ പരിപക്വമനസ്സനായിത്തീരുന്ന ഒരുവൻ എല്ലാവിധ കർമ്മങ്ങളും ലോകബന്ധങ്ങളും ഉപേക്ഷിച്ച് സന്യാസാശ്രമത്തിലെത്തി തപോനിഷ്ഠനായി ജീവിതലക്ഷ്യം പ്രാപിക്കുന്നു. ലൗകികബന്ധങ്ങൾ എല്ലാം ജീവിതലക്ഷ്യപ്രാപ്തിക്കു പ്രതിബന്ധങ്ങളാണെന്നു മനസ്സിലാക്കി അവൻ എല്ലാം ത്യജിച്ച്, ജീവിതത്തിൻെറ നാലാംഘട്ടത്തിൽ ആത്മാരാമനും ആത്മതൃപ്തനുമായി ജീവിക്കുന്നു. ഇങ്ങനെ ഏതൊരുവനും അനുവർത്തിക്കേണ്ട ഒന്നായിട്ടാണ് സന്യാസധർമ്മത്തെ ഭാരതീയർ പുരാതനകാലത്തു കരുതിയിരുന്നത്.

## പ്രവൃത്തി-നിവൃത്തിമാർഗ്ഗങ്ങൾ

സാധാരണനിലയിൽ ഭാരതം അനുവർത്തിച്ചുവന്നിരുന്ന ഒരു പൗരാണികജീവിതരീതിയാണിത്. എന്നാൽ സന്ന്യാസധർമ്മത്തെ സംബന്ധിച്ച് വേറെ ഒരു വീക്ഷണഗതികൂടിയുണ്ടായിരുന്നു. ജീവി

തോദ്ദേശനിവ്വഹണത്തിന് പ്രവൃത്തിമാഗ്ഗമെന്നും നിവൃത്തിമാഗ്ഗമെന്നും രണ്ടു മാഗ്ഗങ്ങളാണ് ശാസ്ത്രം വിധിക്കുന്നതു്. മനസ്സിനു് ശരിയായ പരിപക്വതയും വൈരാഗ്യവും വരാത്തവർ യഥാവിധി ലൗകിക കമ്മങ്ങളിലേർപ്പെട്ടു് ചിത്തശുദ്ധി നേടി ലക്ഷ്യത്തിലേക്കുള്ള പുരോഗമനം തുടരുന്നു. എന്നാൽ ചിന്താശീലരും അദ്ധ്യാത്മനിരതരുമായ വിവേകികൾ ലൗകികവിഷയങ്ങൾ ബന്ധകാരണങ്ങളാണെന്നു മനസ്സിലാക്കി അവയിൽ വിരക്തരായി നിവൃത്തിമാർഗ്ഗത്തെ പിന്തുടർന്നു് ലക്ഷ്യത്തിലെത്താനാഗ്രഹിക്കുന്നു. അങ്ങനെ വേദത്തിൽ വിധിക്കപ്പെട്ട കമ്മങ്ങളെ വേദവിധി അനുസരിച്ചുതന്നെ പരിത്യജിക്കുന്നതിനു് സന്ന്യാസമെന്നു പറയുന്നു. ഈ നിവൃത്തിമാഗ്ഗത്തെയാണു് പ്രാചീനന്മാർ ഉത്കൃഷ്ടമായി കരുതിയിരുന്നതെന്നു് ''ന്യാസ ഏവാത്യരേയത്'' മുതലായ ഉപനിഷദ്വാക്യങ്ങളിൽനിന്നു വ്യക്തമാകുന്നു. പക്ഷേ, പിന്നീടു് കമ്മത്യാഗമാണു് സന്ന്യാസമെന്നു് ഒരു അഭിപ്രായം പ്രചരിക്കുകയും അതു് പല തെററിദ്ധാരണകൾക്കും ഇടം നൽകുകയും ചെയ്തു. സന്ന്യാസത്തെ ആലസ്യത്തിൻെറ പര്യായമായിപ്പോലും ചിലർ കാണുന്നുണ്ടു്. എന്നാൽ ഗീതാചാര്യൻ തെററിദ്ധാരണയ്ക്കിടയില്ലാത്തവിധത്തിൽ സന്ന്യാസത്തെ നിവ്വചിക്കുന്നുണ്ടു്. പൂണ്ണമായ കമ്മത്യാഗം ഒരുവനും സാദ്ധ്യമല്ലെന്നും ഒരുത്തനും ഒരു നിമിഷംപോലും കമ്മം ചെയ്യാതിരിക്കാൻ കഴിയുകയില്ലെന്നും വ്യക്തമാക്കിയതിനുശേഷം, ''കാമ്യാനാം കമ്മണാം ന്യാസം സന്ന്യാസം കവയോവിദുഃ'' ഫലപ്രദങ്ങളും ബന്ധകരങ്ങളുമായ കാമ്യകമ്മങ്ങളെ ത്യജിക്കുന്നതാണു് സന്ന്യാസമെന്നു് അദ്ദേഹം ലക്ഷണം പറയുന്നു. ഫലകാമന കൂടാതെ ഈശ്വരാപ്പണമായി ചെയ്യുന്ന കമ്മങ്ങൾ ഒരിക്കലും സന്ന്യാസാദർശത്തിനു വിരുദ്ധമല്ലെന്നത്ഥം. പക്ഷേ, ആപ്തകാമനും ആത്മാരാമനുമായ മുക്തപുരുഷനു് ലോകത്തിൽ കാര്യമായിട്ടൊന്നുമില്ലാത്തതിനാൽ കമ്മങ്ങൾ അവനെ സ്വയം വിട്ടുപോകുന്നുവെന്നതും നിഷേധിക്കാവതല്ല. വിഷയവൈരാഗ്യംകൊണ്ടുണ്ടാകുന്ന ഏഷണാത്രയത്യാഗമാണു് സന്ന്യാസത്തിൻെറ ലക്ഷണം. ആത്മദർശനവ്യഗ്രനായ മുമുക്ഷുവാണു് അതിന്നധികാരി. ''ഏതം വൈതമാത്മാനം വിദിത്വാ ബ്രാഹ്മണാഃ പുത്രൈഷണായാശ്ച വിത്തൈഷണായാശ്ച ലോകൈഷണായാശ്ച വ്യുത്ഥായാഥ ഭിക്ഷാചര്യം ചരന്തി.'' (ബൃ. ഉ. 3. 5. 1.) അസംഗവും അജവും അമരവുമായ ആത്മാവാണു് താനെന്നറിഞ്ഞു് പുത്രവിത്തലോകൈഷണകളെയെല്ലാം ഉപേക്ഷിച്ചു് ബ്രാഹ്മണർ പരിവ്രാജ്യം സ്വീകരിക്കുന്നു എന്ന ആചാര്യവചനം അതു വ്യക്തമാക്കുന്നു.

### ചതുത്ഥാശ്രമപ്രവേശം

ചതുത്ഥാശ്രമപ്രവേശം ജീവിതാന്ത്യത്തിലാണു് വിധിച്ചിട്ടുള്ളതെങ്കിലും അതിനർഹനായ ഒരുവനു് ആ നിയമം ബാധകമല്ല. ബ്രഹ്മചര്യത്തിൽനിന്നോ ഗാർഹസ്ഥ്യത്തിൽനിന്നോ അവനു്

നേരിട്ട് സന്ന്യാസം സ്വീകരിക്കാവുന്നതാണ്. ''യദിവേതരഥാ ബ്രഹ്മചര്യാദേവ പ്രവ്രജേത് ഗൃഹാദ്വാ വനാദ്വാ'' എന്ന ജാബാലോപനിഷദ്‌വചനം ഇതാണ് വ്യക്തമാക്കുന്നത്. ലൗകികവിഷയങ്ങളിലുള്ള വൈരാഗ്യമാണ് സന്ന്യാസത്തിന്നടിസ്ഥാനമെന്നതുകൊണ്ട് എപ്പോൾ ഒരുവന് വൈരാഗ്യം വന്നുവോ അപ്പോൾ സന്യസിച്ചുകൊള്ളണം എന്നാണുനിയമം. ''പുനരവ്രതീവാ വ്രതീവാ സ്നാതകോവാ അസ്നാതകോവാ ഉത്സന്നാഗ്നികോവാ യദഹരേവ വിരജേത് തദഹരേവ പ്രവ്രജേത്'' (ജാബാലോപനിഷത്ത് 4) ഗുരുശുശ്രൂഷാദിവ്രതങ്ങൾ അനുഷ്ഠിക്കട്ടെ, അനുഷ്ഠിക്കാതിരിക്കട്ടെ, സമാവർത്തനം കഴിക്കട്ടെ. കഴിക്കാതിരിക്കട്ടെ, അഗ്നിപരിചരണം സമാപിക്കുകയോ സമാപിക്കാതിരിക്കുകയോ ചെയ്യട്ടെ, എപ്പോൾ വൈരാഗ്യം വരുന്നുവോ അപ്പോൾ സന്യസിച്ചുകൊള്ളണം എന്ന ശ്രുതിയുടെ ഉദാരമായ അനുശാസനമാണ് ഭാരതീയർ പ്രമാണമായി സ്വീകരിച്ചിരുന്നത്. വിവേകശക്തിയുള്ള മനുഷ്യൻെറ ജീവിതലക്ഷ്യം ആത്മജ്ഞാനം നേടി അവിദ്യാമൂലകമായ സംസാരത്തിൽ നിന്നും മുക്തി നേടുകയാണ്. സംസാരത്തിനുള്ളിൽനിന്നുകൊണ്ട് എത്രതന്നെ ശ്രമിച്ചാലും ആത്മരഹസ്യം മനസ്സിലാക്കാനൊക്കുകയില്ല. അതുകൊണ്ട് നശ്വരമായ പ്രപഞ്ചത്തിൻെറ നിസ്സാരതയെ മനസ്സിലാക്കി നിത്യവും സാരവുമായ തത്വം കണ്ടറിവാനാഗ്രഹിച്ച് വിഷയവിരക്തന്മാരായി ലൗകികബന്ധങ്ങളിൽ കുടുങ്ങാതെ സഞ്ചരിക്കുന്ന ജ്ഞാനികളാണ് സന്ന്യാസിമാർ സർവ്വഭൂതങ്ങൾക്കും അഭയം നൽകിക്കൊണ്ടാണ് അവർ സന്യാസദീക്ഷ സ്വീകരിക്കുന്നത്. ''അഭയം സർവ്വഭൂതേഭ്യോദത്വാ സന്ന്യാസമാചരേത്'' ആദ്ധ്യാത്മികതയ്ക്കു പ്രാധാന്യം കൊടുത്തുകൊണ്ട് വളർന്നുവന്ന ഭാരതീയസംസ്കാരത്തിൻെറ അത്യുന്നതതലങ്ങളിൽ വർത്തിച്ചിരുന്ന അവർ എന്നും എവിടെയും ആരാദ്ധ്യരായിരുന്നു. പ്രകൃതിക്കു കീഴടങ്ങാതെ പ്രകൃതിയുടെ ഭോഗങ്ങളെയെല്ലാം തിരസ്കരിച്ചുകൊണ്ടുള്ള ആ മഹത്തായ ത്യാഗത്തിൻെറ മഹിമ എന്നും ഭാരതത്തിന് ആദരണീയമാണ്. നിർമ്മമനും നിരഹങ്കാരനും നിഷ്ക്കിഞ്ചനനുമായ പരിവ്രാജകൻെറ പരിമിതങ്ങളായ ആവശ്യങ്ങൾ സമുദായം സസന്തോഷം നിറവേററിയിരുന്നു. അടുത്ത ദിവസത്തേക്കുള്ള സഞ്ചയനംപോലും നിഷിദ്ധമായതിനാൽ, ആർക്കും വിഷമം തട്ടാത്തവിധത്തിൽ ഭിക്ഷോപജീവികളായി ജീവിച്ചിരുന്ന അവർ ദേശദേശാന്തരങ്ങളിൽ സഞ്ചരിച്ച് അദ്ധ്യാത്മവിദ്യാപ്രചാരംകൊണ്ട് സ്വേച്ഛാനുസാരം സമുദായസേവനവും നടത്തിയിരുന്നു.

### ഒരു വഴിത്തിരിവ്
### ശ്രീബുദ്ധൻ

ആത്മമോക്ഷത്തെ മാത്രം ലക്ഷ്യമാക്കി. വിരക്തിയും വിവേകവും കൈമുതലായി സഞ്ചരിച്ചിരുന്ന സന്ന്യാസിമാർ സർവ്വതന്ത്ര സ്വതന്ത്രരായിരുന്നതിനാൽ അവർക്കു സമുദായത്തോടു കർത്തവ്യമൊ

ന്നുമുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ അവർ സാമുദായികജീവിതത്തെ ഇഷ്ടപ്പെടുകയോ സ്ഥാപനങ്ങൾ പടുത്തുയർത്തുകയോ ചെയ്തിരുന്നില്ല. വ്യക്തിപരമായി ഈശ്വരനെ സമീപിക്കുകയും സാക്ഷാത്കരിക്കുകയും ചെയ്യുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. അതുകൊണ്ട് ശ്രുതിസ്മൃതി പുരാണാദികളിൽ സന്യാസത്തെയും സന്യാസിമാരെയുംപററിയുള്ള പ്രസ്താവം ധാരാളമുണ്ടെങ്കിലും അവക്കൊരു സംഘടനയോ സ്ഥാപനമോ ഉള്ളതായി പറഞ്ഞുകാണുന്നില്ല. വിദ്യാഭ്യാസസ്ഥാപനങ്ങളും ഗുരുകുലങ്ങളും നടത്തിയിരുന്ന ഋഷിമാരെപ്പററി പറയുന്നുണ്ടെങ്കിലും സർവ്വസംഗപരിത്യാഗികളായ സന്യാസിമാരിൽനിന്നു് വ്യത്യസ്തമായ ഒരു നിലയാണു് അവക്കുണ്ടായിരുന്നതു്. ജനബാഹുല്യമില്ലാത്ത സ്ഥാനത്തെ ആശ്രയിച്ചു് ശ്രദ്ധാപൂർവ്വമായ സാധനാനുഷ്ഠാനങ്ങളുടെയും ഏകാന്തമായ ധ്യാനത്തിൻെറയും ഫലമായി പരമതത്വത്തിൻെറ ഉപജ്ഞാതാക്കളായിരുന്ന അവരെങ്കിലും ഗാർഹസ്ഥ്യത്തിൻെറ തണലിൽതന്നെയാണു് അവർ ജീവിച്ചിരുന്നതു്. പിന്നീടു് ശ്രീ ഗൗതമബുദ്ധൻെറ കാലത്താണു്, അതുവരെ ഒരു പ്രസ്ഥാനമെന്ന നിലയിൽ വ്യക്തിനിഷ്ഠമായി നിലനിന്നിരുന്ന സന്യാസം ഒരു സംഘടനാരൂപം കൈക്കൊണ്ടതു്. ആഡംബരങ്ങളുടെയും ആർഭാടങ്ങളുടെയും നടുവിലാണു ജനിച്ചുവളർന്നതെങ്കിലും ദുഃഖങ്ങളുടെയും ദുരിതങ്ങളുടെയും ആധിക്യം കണ്ടു മനസ്സു കലങ്ങിയ സിദ്ധാത്ഥരാജകുമാരൻ പരലോകസുഖങ്ങൾ സമ്പാദിക്കുന്നതിന്നായി യാഗാദിശ്രൗതകർമ്മങ്ങളിൽ വ്യഗ്രമായിരുന്ന സമുദായത്തിലെ വ്യവസ്ഥകളെയും ആചാരസംഹിതകളെയും വിമർശനവിധേയമാക്കി, ലോകത്തിലനുഭവപ്പെട്ടുകൊണ്ടിരുന്നക്ലേശങ്ങൾക്കു പരിഹാരം കാണുവാൻ സത്യാന്വേഷണം ലക്ഷ്യമാക്കി പുറപ്പെട്ട അദ്ദേഹം ലൗകികബന്ധങ്ങളെല്ലാം വിച്ഛേദിച്ചു് സ്വയം സന്ന്യാസം സ്വീകരിച്ചു. ചരിത്രപ്രഖ്യാതനായ ഒന്നാമത്തെ പ്രമുഖ സന്ന്യാസി ശ്രീ ബുദ്ധനാകുന്നു. സദാചാരനിയമങ്ങളുടെയും ആദ്ധ്യാത്മികതയുടെയും അടിസ്ഥാനത്തിലുള്ള തൻെറ സന്ദേശം പ്രചരിപ്പിക്കുവാൻ ആത്മസമർപ്പണം ചെയ്ത വലിയൊരു അനുയായിവർഗ്ഗത്തെ സമ്പാദിക്കുവാനദ്ദേഹത്തിനു കഴിഞ്ഞു. അങ്ങനെ അദ്ദേഹം ആദ്ധ്യാത്മികസംസ്കാരപ്രചരണത്തിനുള്ള ഒന്നാമത്തെ സന്യാസിസംഘടന രൂപീകരിച്ചു. ബി. സി. നാലാം നൂററാണ്ടിൽ ബുദ്ധശിഷ്യന്മാർ വിഹാരങ്ങൾ സ്ഥാപിച്ചു് താമസം തുടങ്ങുകയും സംഘടനാനിയമങ്ങൾ രൂപീകരിക്കുകയും ചെയ്തു. സംഘടിതനിലയിൽ ബൗദ്ധസന്യാസിമാർ പൊതുജനോപകാരപ്രദങ്ങളായ പല കാര്യങ്ങളിലും ഏർപ്പെട്ടിരുന്നു. ബുദ്ധവിഹാരങ്ങളുടെ രക്ഷാധികാരത്വത്തിലാണു് നളന്ദ, തക്ഷശില മുതലായ സർവ്വകലാശാലകൾ സ്ഥാപിതങ്ങളായിരുന്നതു്.

## ശാങ്കരസന്ന്യാസസമ്പ്രദായം

ബൗദ്ധസന്യാസിസംഘടനയുടെ ആരംഭം ഭാരതത്തിലായിരുന്നുവെങ്കിലും ഇവിടെ അതിനു വളരെക്കാലം നിലനിൽക്കാൻ സാധിച്ചില്ല. തത്വദർശനങ്ങളെയോ വേദാന്തത്തെയോപററിയുള്ള ഉപദേശങ്ങളിൽ ഉദാസീനമായിരുന്നതിനാലും പ്രപഞ്ചപ്രതിഭാസങ്ങളുടെ പിന്നിലുള്ള ആദ്യന്തരഹിതമായ ആ അനശ്വരസത്യത്തിൻെറ അസ്തിത്വത്തെപ്പററി വ്യക്തമായി പ്രതിപാദിക്കാതിരുന്നതിനാലും ഭാരതസംസ്കാരത്തിൻെറ പ്രധാനപ്രവാഹത്തിൽ അലിഞ്ഞു ചേരുവാൻ ബുദ്ധമതത്തിനു കഴിയാതെപോയതാണ് അതിനു കാരണം. പിന്നീട് ഭാരതീയസംസ്കാരത്തിന്നനുരൂപമായവിധത്തിൽ സന്യാസിമാക്ക് സ്ഥാപനങ്ങൾ നിമ്മിച്ചതു് അദ്വൈതമതസ്ഥാപകനായ ശ്രീ ശങ്കരാചാര്യരാകുന്നു. വൈദികമതത്തിൻെറ അന്തസ്സത്തയിൽനിന്നു് അകന്നുപോയിരുന്ന മതാനുയായികളെയെല്ലാം വാദപ്രതിവാദത്തിൽ തോല്പിച്ച് ആർഷധമ്മത്തിനു് ഓജസ്സും തേജസ്സും നൽകിയ അദ്ദേഹം സന്ന്യാസധമ്മത്തിനും നിലയും വിലയും ഉണ്ടാക്കിത്തീക്കുകയും ഒരു പുതിയ സമ്പ്രദായംതന്നെ ഏർപ്പെടുത്തുകയും ചെയ്തു. തെക്കു് ശൃംഗേരി, കിഴക്കു് പുരി, വടക്കു് ബദരി, പടിഞ്ഞാറ് ദ്വാരക ഇങ്ങനെ ഭാരതത്തിൻെറ നാലു ഭാഗങ്ങളിലായി നാലു മഠങ്ങൾ അദ്ദേഹം സ്ഥാപിച്ചു. അതിനുവേണ്ട മഠാധിപതികളെയും നിയമങ്ങളെയും ഏപ്പെടുത്തി. ഇന്നു് പുരി, ഭാരതി, സരസ്വതി മുതലായി പത്തു വിധത്തിലുള്ള സ്ഥാനപ്പേരുകളിൽ അറിയപ്പെടുന്ന സന്ന്യാസിമാരെല്ലാം ശാങ്കരസമ്പ്രദായത്തിൽപ്പെട്ടവരാകുന്നു. ശ്രുതിസ്മൃതിവിഹിതങ്ങളായ വിധികൾക്കനുസരിച്ച് സന്ന്യാസസംസ്കാരം സ്വീകരിക്കുന്നതിനാൽ ഇവരെല്ലാം വേദാന്തമതാനുയായികൾതന്നെയാകുന്നു. പിന്നീട് രാമാനുജൻ, മധ്വൻ, ചൈതന്യൻ മുതലായ പല ആചാര്യന്മാരും അവരവരുടെ പ്രത്യേക മതമനുസരിച്ചുള്ള സന്യാസിസമ്പ്രദായങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇവരെയെല്ലാവരെയും ഒന്നിച്ചുചേക്കുന്ന ഒരു ഉത്സവമാണു് കുംഭമേള. പ്രയാഗ, ഹരദ്വാർ, ഉജ്ജയിൻ, നാസിക് എന്നീ ഓരോ സ്ഥലങ്ങളിലും പന്ത്രണ്ടു കൊല്ലം കൂടുമ്പോൾ അതു് ആഘോഷിക്കപ്പെട്ടുവരുന്നു.

## ശ്രീ. വിവേകാനന്ദസമ്പ്രദായസന്ന്യാസം

അടുത്തകാലത്തു് ഭാരതത്തിലെ സന്യാസിമാരുടെ ജീവിതത്തിലും പ്രവത്തനങ്ങളിലും മഹത്തായ ഒരു പരിവത്തനമുണ്ടാക്കിത്തീത്തതു് സുപ്രസിദ്ധ സന്ന്യാസിവര്യനായ ശ്രീ. വിവേകാനന്ദസ്വാമികളാണു്. പല കാരണങ്ങളാലും പതിനെട്ടാംനൂററാണ്ടിൽ ഭാരതീയസംസ്കാരത്തിനുണ്ടായ അധഃപതനത്തിൽനിന്നും ആർഷധമ്മത്തെ സമുദ്ധരിക്കുവാൻവേണ്ടി ആവിർഭവിച്ച ശ്രീരാമകൃഷ്ണ

പരമഹംസൻെറ ആശയങ്ങരംക്കം ആദർശങ്ങരംക്കം നവീനകാല സ്ഥിതിക്കനസൃതമായവിധത്തിൽ പ്രായോഗികരൂപം കൊടുക്കുവാനാണ" അദ്ദേഹത്തിൻെറ ശിഷ്യനായ വിവേകാനന്ദസ്വാമികരം ശ്രമിച്ചതു്. പാശ്ചാത്യരാജ്യങ്ങളിൽനിന്നു് സംഘടനയുടെ ശക്തിയും മാഹാത്മ്യവും അദ്ദേഹം മനസ്സിലാക്കി. അതേരീതിയിൽ ഭാരതത്തിൽ ത്യാഗനിരതന്മാരായ സന്യാസിമാരുടെ ഒരു സംഘടന രൂപീകരിച്ചു് നിസ്വാർത്ഥമായ ലോകസേവനത്തിനു് അദ്ദേഹം ആഹ്വാനം ചെയ്തു. അതോടെ സന്ന്യാസത്തെപ്പററിയുണ്ടായിരുന്ന യാഥാസ്ഥിതികവിശ്വാസങ്ങളിൽ വലിയൊരു പരിവർത്തനം തന്നെ വന്നു. പൗരാണികമായ യതിധർമ്മത്തിൻെറ ഒരു പുതിയ പരീക്ഷണമാണു് ശ്രീരാമകൃഷ്ണസംഘം ജഗദ്ഹിതത്തിൽക്കൂടി, ലോകസേവനത്തിൽക്കൂടി, ആത്മമോക്ഷം നേടുക എന്നുള്ളതാണു് ഈ പുതിയ ആദർശം. ത്യാഗവും സേവനവുമെന്ന രണ്ടു പുരാതന ഭാരതീയാദർശങ്ങളുടെ പ്രായോഗികരൂപമാണിവിടെ കാണുന്നതു്. നിസ്വാർത്ഥമായ ലോകസേവനത്തിനു് ത്യാഗത്തിൻെറ പശ്ചാത്തലം കൂടിയേ കഴിയൂ. അതുകൊണ്ടാണു് സന്യാസിധർമ്മത്തിലെ ഈ പരീക്ഷണം ഇത്രത്തോളം വിജയപ്രദമായിത്തീർന്നതു്. ആദ്യകാലത്തു് യാഥാസ്ഥിതികസന്യാസിമാർക്കു് ഇതിൽ വലിയ എതിർപ്പുണ്ടായിരുന്നുവെങ്കിലും ഇന്നു പല സന്യാസിസംഘടനകളും ശ്രീരാമകൃഷ്ണസംഘത്തിൻെറ മാർഗ്ഗത്തെ പിന്തുടർന്നു് ഒരു പുതിയ വീക്ഷണകോണത്തിലൂടെ തങ്ങളുടെ ജീവിതധർമ്മത്തെ നോക്കിക്കാണുവാൻ ആരംഭിച്ചിട്ടുണ്ടു്. ത്യാഗത്തിലൂടെയും തപസ്സിലൂടെയും തങ്ങരം നേടുന്ന ശക്തി മററുള്ളവക്കു് ഉപയോഗപ്രദമാക്കിത്തീർക്കുവാനുള്ള ഈ ശ്രമം സമുദായത്തിനു് വളരെയധികം ഗുണകരമായിരിക്കുന്നതാണു്.

ഇങ്ങനെ അതിപുരാതനകാലം മുതൽക്കേ തുടങ്ങിയിട്ടുള്ള ഭാരതസംസ്കാരവും സന്ന്യാസധർമ്മവും തമ്മിലുള്ള ബന്ധം അടിസ്ഥാനതത്വങ്ങരംക്കു യാതൊരു കോട്ടവും തട്ടാതെ കാലാനുകൂലങ്ങളായ മാററങ്ങളോടുകൂടി ഇന്നും സർവ്വാദരണീയമായിത്തന്നെ ശോഭിക്കുന്നു. സത്യാന്വേഷണതല്പരരായി എല്ലാ ലൗകികബന്ധങ്ങളും വിച്ഛേദിച്ചു് സർവ്വതന്ത്രസ്വതന്ത്രരായി സംസാരവിരക്തരായി ഈശ്വരസാക്ഷാത്കാരം ജീവിതലക്ഷ്യമായി സ്വീകരിച്ചു് അതിനുവേണ്ടി അനവരതം പ്രയത്നിച്ചുകൊണ്ടിരിക്കുന്ന അദ്ധ്യാത്മനിഷ്ഠരായുള്ള ത്യാഗിവര്യന്മാരാണു് എന്നും ലോകത്തിൻെറ കെടാവിളക്കുകരം; ആശാനാളങ്ങരം. പ്രതീക്ഷാനിർഭരമായ മനസ്സോടെ ലോകം അവരെ ഉററുനോക്കിക്കൊണ്ടിരിക്കുന്നുണ്ടു്.

# ഭാരതീയ സന്ന്യാസ പാരമ്പര്യം

തോമസ് കൊച്ചുമുട്ടം

## 1. ആർഷ സംസ്കാരം

'ദിഗ്വിജയികളായ യോദ്ധാക്കളോ, കോടീശ്വരന്മാരായ വണിക്കുകളോ, ലോകപ്രസിദ്ധരായ രാഷ്ട്രമീമാംസകരോ അല്ല ഭാരതീയ ജനതയെ ആകർഷിക്കുന്നതു്. പ്രത്യുത ആദ്ധ്യാത്മികതയുടെ അവതാരങ്ങളായ ഋഷിവര്യന്മാരാണു്. ഭാരതത്തിൻെറ ചരിത്രത്തിൽ എക്കാലത്തും എവിടെയും ഇമ്മാതിരി സിദ്ധന്മാരുണ്ടായിരുന്നു. അവർക്കു ജന്മം നൽകാൻ സാധിച്ചതിൽ ഭാരതാംബ അഭിമാനം കൊള്ളുന്നു. അവരും വിലമതിക്കുന്നതും ആദരിക്കുന്നതുമായ മൂല്യങ്ങളും തത്ത്വങ്ങളും ഉയർത്തിപ്പിടിക്കാൻ അവർ എന്നും ബദ്ധശ്രദ്ധരായിരുന്നു.' ഭാരതീയരിൽ ഭാരതീയനായ ഡോ രാധാകൃഷ്ണൻ, തൻെറ മാതൃരാജ്യത്തിൻെറ ചൈതന്യം വർണ്ണിക്കുന്നതിങ്ങനെയാണു്, ഭാരത സംസ്കാരത്തിൻെറ പര്യായമാണു് സന്ന്യാസം. സന്ന്യാസി അതിൻെറ പ്രതീകവും. ഭാരതചരിത്രത്തിൻെറ ഗതി നിയന്ത്രിച്ചതും നിർണ്ണയിച്ചതും ഋഷിമാരാണു്. ജീവിതത്തിൻെറ എല്ലാ മണ്ഡലങ്ങളിലും അവർ സ്വാധീനം ചെലുത്തിയിട്ടുണ്ടു്. നമ്മുടെ തത്ത്വചിന്തയിലും, സാഹിത്യത്തിലും, വിദ്യാഭ്യാസവീക്ഷണത്തിലും രാഷ്ട്രതന്ത്രത്തിലും സാമൂഹ്യശാസ്ത്രത്തിലുമെല്ലാം ആർഷചൈതന്യം അലിഞ്ഞുചേർന്നിട്ടുണ്ടു്. അതെങ്ങനെയെന്നു് നമുക്കൊന്നു ഓടിച്ചു പരിശോധിക്കാം.



Rev. J. M. Thodippura C. M. I.
Dharmaram College, Bangalore.



Rev. Thomas Kochumuttam C. M. I.
Dharmaram College, Bangalore



Rev. J. Chirayil C.M.I., M.A.

തപോവനങ്ങളിലാണ് ഭാരതീയദർശനം ഉരുത്തിരിഞ്ഞതും വളർന്നു പന്തലിച്ചതും. നിരന്തരവും നിസ്തന്ദ്രവുമായ ധ്യാനം വഴി ഈശ്വര രഹസ്യങ്ങളുടെ ഉടമകളായിത്തീർന്ന മുനിമാരുടെ സംഭാവനയാണ് നമ്മുടെ വൈദിക ഗ്രന്ഥങ്ങൾ. അവയെ ഉപജീവിച്ച പിൽക്കാലത്തുണ്ടായ ദർശനങ്ങളുടെ ഉപജ്ഞാതാക്കളും മിക്കവാറും സന്ന്യാസികളാണ്. ബി. സി ആറും അഞ്ചും നൂററാണ്ടുകളിലെ സന്ന്യാസ നേതാക്കളായിരുന്നു മഹാവീരനും ബുദ്ധനും. ഇവരിൽ ആദ്യത്തെയാൾ ജൈനമതവും അപരൻ ബുദ്ധമതവും സ്ഥാപിച്ചു. അവരുടെ സന്ന്യാസ ചൈതന്യത്തിൻെറ പ്രകാശനം മാത്രമാണ് പ്രസ്തുത മതങ്ങൾ. മുപ്പതാമത്തെ വയസ്സിൽ നാടും വീടുമുപേക്ഷിച്ചു കഠിനമായ ഉപവാസത്തിലും ധ്യാനത്തിലും ജീവിതശിഷ്ടം ചിലവഴിച്ച യോഗീശ്വരനാണ് മഹാവീരൻ. ശ്രീബുദ്ധൻെറ ചരിത്രം ഇതിനേക്കാൾ ഹൃദയസ്പർശകമാണ്. പിറന്നിട്ടാറു ദിവസം മാത്രമായ ഏകമകനെയും, യുവതിയായ ഭാര്യയെയും, രാജകീയൈശ്വര്യങ്ങളെയും വലിച്ചെറിഞ്ഞിട്ടു മുക്തി തേടി പുറപ്പെട്ട ധീരനാണദ്ദേഹം. ഇതുപോലെ തന്നെ അദ്വൈതദർശനത്തിൻെറ പ്രണേതാവായ ശങ്കരാചാര്യരും (എ. ഡി. 788–820), വിശിഷ്ടാദ്വൈത സ്ഥാപകനായ രാമാനുജരും (എ. ഡി. 1027--), ദ്വൈതമതമുപദേശിച്ച മധ്വാചാര്യരും (എ. ഡി. 1199–) സന്ന്യാസം വരിച്ചവരാണ്.

## a. സന്ന്യാസവും സാഹിത്യവും

ഭാരതീയ സാഹിത്യത്തിനുമുണ്ട് ഒരു സന്ന്യാസ പശ്ചാത്തലം. തപസ്സും സാഹിത്യവും അഭേദ്യമായി ബന്ധപ്പെട്ടു നില്ക്കുന്നുവെന്നാണ് ഭാരതീയവീക്ഷണം. സാഹിത്യനിർമ്മിതി തന്നെ ഒരു തപസ്യയാണെന്നു ഭാരതീയർ കരുതുന്നു. ''നാനൃഷി: കുരുതേ കാവ്യം'' (ഋഷിയല്ലാത്തവൻ കാവ്യം ചമയ്ക്കുന്നില്ല) എന്നൊരു ചൊല്ലു തന്നെ നടപ്പിലുണ്ട്. സംസ്കൃത സാഹിത്യം എന്ന ഗ്രന്ഥത്തിൽ വടക്കുംകൂർ രാജരാജവർമ്മ പറയുന്നു: ''തപസ്സിനു് കാവ്യവുമായി അടിസ്ഥാനം എന്ന നിലയിൽ ഒരു ബന്ധമുണ്ട്. ഏതൊരാളിൽ നിർമ്മലമായ തപോവൃത്തി അഭംഗുരമായി നിലകൊള്ളുന്നുവോ അവൻ സത്കാവ്യനിർമ്മാണനിപുണനായ കവിയായിത്തീരുന്നു. തദ്വിരചിതമായ ഗ്രന്ഥം ഏതു കാലത്തും വിനാശഗർത്തത്തിൽ അപതിച്ചു തിരോധാനം ചെയ്യാതെ ലോകത്തെ അനുഗ്രഹിച്ചുകൊണ്ടു പരിലസിക്കുന്നു. തപസ്സാര സുരഭിലമാകാത്ത ഒരു ഹൃദയത്തിൽ കാവ്യരചനയ്ക്കു മൂലമായ സംസ്കൃതി സംഭവിക്കുന്നതല്ല.'' വേദഗ്രന്ഥങ്ങളുടെ കർത്താക്കൾ ഋഷിമാരായിരുന്നുവെന്നു് പറഞ്ഞുകഴിഞ്ഞു. രാമായണത്തിൻെറ കർത്താവായ വാല്മീകിയുടെ തപസ്സു സുപ്രസിദ്ധമാണ്. അദ്ധ്യാത്മരാമായണത്തിലും വാല്മീകി

രാമായണത്തിലും അദ്ദേഹത്തിൻെറ തപോവൃത്തികളെ വർണ്ണിക്കുന്നുണ്ട്. മഹാഭാരതത്തിൻെറ കർത്താവായ വ്യാസനും തപോനുഷ്ഠാനങ്ങളിൽ ഒട്ടും പിന്നിലല്ലായിരുന്നു. ഗ്രന്ഥരചനയ്ക്കു ഒരുക്കമായി അദ്ദേഹം കഠിന തപസ്സ് ചെയ്തുവെന്നു പറയുന്നു. (cf ആദിപർവ്വം, 1) രാമായണത്തിൻെറയും മഹാഭാരതത്തിൻെറയും ഉള്ളടക്കത്തിലും സന്ന്യാസ ജീവിതത്തിന് വളരെ വലിയ പ്രാധാന്യം കല്പിച്ചിട്ടുണ്ട്. എത്രയെത്ര മഹർഷിമാരെയും, തപോവനങ്ങളെയുമാണ് ആ ഗ്രന്ഥങ്ങൾ വർണ്ണിക്കുന്നതും പാടിപ്പുകഴ്ത്തുന്നതും. കാളിദാസൻ, ഭാസൻ, ബാണൻ, ഭാരവി, മാഘൻ തുടങ്ങിയ പിൽക്കാല സാഹിത്യകാരന്മാർ അക്ഷരാർത്ഥത്തിൽ സന്ന്യാസിമാരായിരുന്നില്ല. എങ്കിലും അവരുടെ ഗ്രന്ഥങ്ങളിലെല്ലാം ഗണ്യമായ ഭാഗം സന്ന്യാസവർണ്ണനക്കായി മാററിവച്ചിട്ടുണ്ട്. ഉദാഹരണത്തിന് കാളിദാസൻെറ കൃതികൾ നോക്കുക. വിശ്വവിഖ്യാതമായ ശാകുന്തളം നാടകം സന്ന്യാസപശ്ചാത്തലത്തിലാണ് നടക്കുന്നത്. അതിലെ കഥാപാത്രങ്ങളിൽ ഭൂരിഭാഗവും സന്ന്യാസികളാണ് സന്ന്യാസ ജീവിതത്തെ വളരെ ഭംഗിയായി ചിത്രീകരിക്കുന്നുണ്ട് ആ ഗ്രന്ഥം. അതുപോലെ തന്നെ, അദ്ദേഹത്തിൻെറ കുമാരസംഭവമെന്ന കാവ്യത്തിൻെറ ഇതിവൃത്തം പാർവ്വതീ പരമേശ്വരന്മാരുടെ തപോവൃത്തികളാണ്. മററു കൃതികളിലും അവിടെയിവിടെയായി സന്ന്യാസികളെയും സന്ന്യാസ ജീവിതത്തെയും വിവരിക്കുന്നുണ്ട്.

സന്ന്യാസാശ്രമങ്ങളായിരുന്നു, പുരാതനഭാരതത്തിലെ വിദ്യാകേന്ദ്രങ്ങൾ. 'ഗുരുകുല'മായിരുന്നു, വിദ്യാലയം. ഗുരുശിഷ്യബന്ധമായിരുന്നു, അവിടത്തെ നിയമസംഹിത. ആധുനിക സർവ്വകലാശാലകളുടെ പ്രാഗ്രൂപങ്ങളായിരുന്നു തപോവനങ്ങൾ. ബുദ്ധസന്ന്യാസികളും, ആധുനിക ഹൈന്ദവ സന്ന്യാസികളും വിദ്യാഭ്യാസരംഗത്തു് അനുഷ്ഠിക്കുന്ന സേവനം മറെറാരിടത്തു് പ്രതിപാദിക്കാം.

### b. സന്ന്യാസവും രാഷ്ട്രീയവും

ഭാരതത്തിൻെറ രാഷ്ട്രീയ മണ്ഡലത്തിലും സന്ന്യാസികൾ ഗണ്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഭരതൻ എന്ന മഹാരാജാവിൽ നിന്നു് ഭാരതം എന്ന പേരുണ്ടായി എന്നാണല്ലൊ പ്രസിദ്ധി. ഈ ഭരതമഹാരാജാവിൻെറ ജനനവും പരിശീലനവും സന്ന്യാസാശ്രമത്തിൻെറ പരിപാവനമായ അന്തരീക്ഷത്തിലായിരുന്നുവെന്നാണ് പൌരാണിക മതം. തപോവനങ്ങളെ സന്ദർശിച്ച് മുനിമാരെ വന്ദിക്കുന്ന പതിവു രാജാക്കന്മാർക്കുണ്ടായിരുന്നു ഇതു് ആത്മവിശുദ്ധിക്കുള്ള ഒരു മാർഗ്ഗമായിട്ടാണ് അവർ കരുതിയതു്. ''പുണ്യാശ്രമദർശനം ചെയ്തു ആത്മശുദ്ധി വരുത്താം'' എന്നു് ദുഷ്യന്ത മഹാരാജാവു ശാകുന്തളം നാടകത്തിൽ പറയുന്നുണ്ട്. മററു പ്രജ

കരം തങ്ങളുടെ ലൗകികസമ്പാദ്യങ്ങളുടെ ഓഹരി രാജാവിനു കാണിക്ക വസ്തുമ്പോഠം, സന്ന്യാസികഠം തങ്ങളുടെ ആദ്ധ്യാത്മിക സമ്പത്തിൻെറ ഓഹരിയാണ് സമർപ്പിക്കുക. (cf. ശാകുന്തളം II, 13) പക്രമമായി തപോവനങ്ങളെയും അതിലെ നിവാസികളെയും ശത്രുഭയത്തിൽ നിന്നും മററും രക്ഷിക്കുന്നതിനുള്ള ഗൗരവമായ കടമ രാജാവിൽ നിക്ഷിപ്തവുമാണ്.

യോഗിയും ഭടനും തോളോടു തോളു ചേൎന്നു നിന്ന് രാജ്യകാര്യങ്ങഠം നിർവ്വഹിക്കണമെന്നാണ് ഗീതയുടെ അവസാന സന്ദേശം 'യോഗേശ്വരനായ കൃഷ്ണനും, വില്ലാളിയായ അർജ്ജുനനും എവിടെ ഉണ്ടോ, അവിടെ ഐശ്വര്യവും, വിജയവും, സമ്പത്തും നീതിയും തീർച്ചയാണ്'' (ഗീത 18, 78). ഈ സന്ദേശം ചരിത്രത്തിൽ സാത്ഥകമായിട്ടുമുണ്ട്. ഇത്തരുണത്തിൽ ശ്രീ സുകുമാർ അഴിക്കോടിൻെറ നിരീക്ഷണം ശ്രദ്ധേയമാണ്: ''സന്ന്യാസി രാജ്യതന്ത്രത്തിൽ പ്രവേശിക്കുന്നുവെന്നോ, രാഷ്ട്രീയ കാര്യങ്ങളെ പ്രചോദിപ്പിക്കുന്നുവെന്നോ, സന്ന്യാസിയുടെ ഉപദേശങ്ങഠം രാഷ്ട്രീയഭാവിയെ നിർണ്ണയിക്കുന്നുവെന്നോ ഒക്കെ കേഠംക്കുമ്പോഠം നമുക്ക് ഹാസ്യമോ അമർഷമോ തോന്നിയേക്കാം.'' എന്നാൽ ഭാരതത്തിൻെറ ചരിത്രം സന്ന്യാസത്തെയും രാഷ്ട്രതന്ത്രത്തെയും അകററി നിറുത്തിയിട്ടില്ല എന്നു കാണിക്കുവാൻ അദ്ദേഹം തുടരുകയാണ്: ''സൂര്യവംശത്തിൻെറ പിറകിൽ വസിഷ്ഠനേയും, ചന്ദ്രവംശത്തിൻെറ പിന്നിൽ വ്യാസനേയും, അശോകൻെറ മാർഗ്ഗദർശിയായി ബുദ്ധദേവനെയും, ശിവജിയുടെ ഉപദേഷ്ടാവായി സ്വാമി രാമദാസനേയും നാം കാണുന്നു. ഇന്ദ്രപദവിയുടെ അടിയിൽ ദധീചി എന്ന ഋഷിയുടെ എല്ലിൻകഷണങ്ങഠം കിടക്കുന്നതിൻവണ്ണം, ഇന്ത്യയിൽ മഹാസാമ്രാജ്യങ്ങളുടെ അടിത്തറയായി നിലകൊള്ളുന്നതു് മഹാത്മാക്കളായ ആധ്യാത്മിക ദേശികന്മാരാണ്. ഭാരത സ്വാതന്ത്ര്യസമരത്തിൻെറ പിന്നിൽ പ്രവത്തിച്ച ശക്തി സന്ന്യാസാദർശങ്ങളായിരുന്നു. രാമകൃഷ്ണ സന്ന്യാസ സമൂഹത്തിൻെറ സ്ഥാപകനായ സ്വാമി വിവേകാനന്ദനെക്കുറിച്ചു ഡോ. രാധാകൃഷ്ണൻ പറയുന്നു: 'നാമിന്നു ജീവിച്ചുപോരുന്ന സ്വാതന്ത്ര്യത്തിൻെറ നൂതനയുഗത്തിനു് നമ്മെ സന്നദ്ധരാക്കുകയുണ്ടായി, വിവേകാനന്ദൻെറ ജീവിതവും ഉപദേശങ്ങളും'' (Quoted by Sukumar Azhikod) നവ ഭാരതത്തിൻെറ വിധാതാക്കളെല്ലാം ആർഷചൈതന്യം കൊണ്ടു നിറഞ്ഞവരാണ്. രാഷ്ട്രപിതാവായ ഗാന്ധിജിയും, ബ്രഹ്മസമാജസ്ഥാപകനായ രാജാറാം മോഹൻ റോയിയും, കവിശ്രേഷ്ഠനായ ടാഗോറും, സാമൂഹ്യപ്രവത്തകനായ വിനോബഭാവയുമെല്ലാം ഈ ചൈതന്യത്തിൻെറ നിദർശനങ്ങളാണ്.

ഭാരതീയ ജീവിതവീക്ഷണത്തിനു തന്നെ ഒരു സന്ന്യാസഛായയുണ്ടു്. ഐഹികജീവിതത്തിൻെറ നൈമിഷികതയും പാര

ത്രിക ജീവിതത്തിൻെറ ആത്യന്തികതയും വ്യക്തമാക്കുവാനാണ് ഭാരതീയദർശനങ്ങളെല്ലാം പരിശ്രമിക്കുന്നതു്. സംസാരബന്ധത്തിൽ നിന്നു് മനുഷ്യചേതനയെ വിമുക്തമാക്കുകയാണ് അവയുടെ എല്ലാം പരമലക്ഷ്യം. ഇതു ലോകത്തുനിന്നുള്ള ഒരൊളിച്ചോട്ടമല്ല. പ്രത്യുത ലൌകായതികത്വത്തിൽ നിന്നുള്ള ഒളിച്ചോട്ടമാണ്. സമുദായ സേവനത്തെ അതു നിഃഷേധിക്കുന്നില്ല. കൂടുതൽ ആധികാരികവും ഫലപ്രദവുമായി സമുദായത്തെ സ്നേഹിക്കുവാനും സേവിക്കുവാനും ഋഷിമാർക്കു കഴിഞ്ഞിട്ടുണ്ട്. ഇതു വ്യക്തമാക്കുവാൻ നമുക്കു ഭാരതീയ സന്ന്യാസത്തിൻെറ ചരിത്രത്തിലേയ്ക്കു് ഒന്നു കണ്ണോടിക്കാം.

## II. ഋഷികളും സന്ന്യാസികളും

### ചതുരാശ്രമങ്ങൾ

ഹൈന്ദവധർമ്മശാസ്ത്രമനുസരിച്ച ഒരു വ്യക്തിയുടെ ജീവിതത്തിനു് നാലു ഘട്ടങ്ങളുണ്ട്: ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്ന്യാസം. ഇവയാണ് ചതുരാശ്രമങ്ങൾ. ഒരു വ്യക്തിക്ക് ജീവിതകാലത്തു നിർവ്വഹിക്കുവാനുള്ള കടമകളെ ആസ്പദിച്ചാണ് ഈ വിഭജനം. ബാല്യപ്രായത്തിലെ കടമയാണ് വേദാഭ്യാസം. അതു തന്നെയാണ് ബ്രഹ്മചര്യം. വംശം നിലനിത്തുവാനും, തൻെറ ആത്മശാന്തിക്കായി ശേഷക്രിയകൾ ചെയ്യുവാനും വേണ്ടി സന്താനങ്ങളെ ജനിപ്പിക്കുക യുവാവിൻെറ കടമയാണ്. അതിനായി അയാൾ കുടുംബജീവിതത്തിൽ പ്രവേശിക്കുന്നു. കുടുംബഭാരം മക്കളെ ഏല്പിച്ചുകഴിഞ്ഞാൽ ഒരുവൻെറ ലൌകികകടമകൾ അവസാനിച്ചുവെന്നാണ് വയ്പ്പ്. ഇനി അവൻ സ്വന്തമുക്തി മാത്രം ലക്ഷ്യമാക്കിയാൽ മതി. അതിനായി അവൻ ആദ്യം വാനപ്രസ്ഥവും, അനന്തരം സന്ന്യാസവും വരിക്കുന്നു.

ആശ്രമവ്യവസ്ഥിതിയെക്കുറിച്ച മൂന്നു ഭിന്നാഭിപ്രായങ്ങളുണ്ട്. സമുച്ചയം, വികല്പം, ബാധം എന്നിവയാണവ.

#### a. സമുച്ചയം

സമുച്ചയവാദമനുസരിച്ച്, ക്രമാനുഗതമായി നാലാശ്രമങ്ങളിലും എല്ലാവരും ജീവിക്കണം. ഒന്നിൽനിന്നും ആർക്കും ഒഴിവില്ല. മനു ഈ അഭിപ്രായത്തെയാണ് പിന്താങ്ങുന്നതു്. (cf. മനുസ്മൃതി, VI, 33–37; 87–88) ജീവിതത്തിൻെറ കടമകളെല്ലാം ഒന്നൊഴിയാതെ നിർവ്വഹിക്കണമെന്ന നിഷ്കർഷയായിരിക്കാം ഈ വീക്ഷണത്തിനു പിന്നിലുള്ളതു്. അതല്ലെങ്കിൽ പ്രകൃതിയിൽ ദൃശ്യമാകുന്ന ക്രമവും ചിട്ടയും അനുകരിക്കുവാനുള്ള വ്യഗ്രതയായിരിക്കാം ഇതു്.

ഒന്നിനു പിറകെ ഒന്നായി പ്രത്യക്ഷപ്പെടുന്ന ഋതുക്കളും, ക്രമം തെററാതെ സദാ ചുററിത്തിരിയുന്ന ആകാശഗോളങ്ങളും ജീവിതത്തിൽ എട്ടുത്തുചാട്ടമരുതെന്ന പാഠമാണല്ലോ പഠിപ്പിക്കുന്നതു്. എല്ലാററിലുമുപരിയായി, മന:ശാസ്ത്രപരമായ ഒരുസമീപനമാണു് സമുച്ചയവാദം. ബാല്യപ്രായം വിദ്യാഭ്യാസത്തിനും, യൗവ്വനകാലം കുടുംബജീവിതത്തിനും, വാർദ്ധക്യകാലം സന്ന്യാസത്തിനും ഏററവും പററിയതെന്ന നിഗമനം മനുഷ്യൻെറ വൈകാരിക വശത്തെ കണക്കിലെടുക്കുന്നുണ്ടു്. ഈ അഭിപ്രായമനുസരിച്ച സന്ന്യാസം ചിലർക്കു മാത്രം ലഭിക്കുന്ന ഒരു പ്രത്യേക ആഹ്വാനമല്ല. ഒരു പൊതുനിയമമാണതു്; ഒരപവാദമല്ല, ജീവിത സായാഹ്നത്തിൽ ലോകബന്ധങ്ങളിൽ നിന്നകന്നു് സന്ന്യാസിയായി ജീവിക്കുവാൻ എല്ലാവർക്കും അവകാശവും കടമയുമുണ്ടു്.

### b. വികല്പം

ബ്രഹ്മചര്യാശ്രമത്തിനു ശേഷം ഏതെങ്കിലും ജീവിതാവസ്ഥ തെരഞ്ഞെടുക്കാമെന്നാണു് രണ്ടാമത്തെ അഭിപ്രായം (വികല്പം). ഇതനുസരിച്ച ഗൃഹസ്ഥാശ്രമം എല്ലാവർക്കും നിർബ്ബന്ധമല്ല. ബ്രഹ്മചര്യത്തിനു ശേഷം നേരിട്ടു സന്ന്യാസിയാകുവാൻ സാധിക്കും. ജാബാലോപനിഷത്തു്, വസിഷ്ഠധർമ്മസൂത്രം, യാജ്ഞവല്ക്യസ്മൃതി, ആപസ്തംബധർമ്മസൂത്രം എന്നീ ധർമ്മശാസ്ത്രഗ്രന്ഥങ്ങൾ ഈ അഭിപ്രായത്തെ അനുകൂലിക്കുന്നുണ്ടു്. ഈ സിദ്ധാന്തമനുസരിക്കുന്ന ഹൈന്ദവസന്ന്യാസികൾ ധാരാളമുണ്ടായിട്ടുണ്ടു്. ശ്രീ ശങ്കരാചാര്യർ ഇതിനു മകുടോദാഹരണമാണു്.

### c. ബാധം

മൂന്നാമത്തെ മതമനുസരിച്ചു് (ബാധം) ഒരൊററ ആശ്രമമേ ഉള്ളു. അതു ഗൃഹസ്ഥാശ്രമമാണു്. ബ്രഹ്മചര്യം ഇതിനുള്ള ഒരുക്കം മാത്രമാണു്. വാനപ്രസ്ഥവും സന്ന്യാസവും നിഷ്കൃഷ്ടാർത്ഥത്തിൽ ജീവിതാവസ്ഥകളല്ല. ഗൗതമധർമ്മസൂത്രങ്ങളും (III, 3; 35), ബൗദ്ധായനധർമ്മ സൂത്രങ്ങളും (II, 6, 29 ff) ആണു് ഈ അഭിപ്രായം വച്ചുപുലർത്തുന്നതു്. ഗൃഹസ്ഥാശ്രമമൊഴിച്ചുള്ള ജീവിതാവസ്ഥകൾ അന്ധന്മാർക്കും, അംഗവൈകല്യം സംഭവിച്ചവർക്കും വേണ്ടിയുള്ളതാണെന്നു വാദിച്ചവരും ഉണ്ടായിട്ടുണ്ടു്.

ആപസ്തംബധർമ്മസൂത്രം ഈ മൂന്നഭിപ്രായങ്ങളെയും വിശകലനം ചെയ്ത ശേഷം ഒരു നിഗമനത്തിലെത്തി: ഒരാശ്രമവും മറെറാന്നിനെ അപേക്ഷിച്ച ശ്രേഷ്ഠതരമല്ല. ഏതാശ്രമം സ്വീകരിക്കുന്നുവെന്നതല്ല പ്രധാന കാര്യം. സ്വീകരിക്കുന്ന ആശ്രമത്തിൻെറ കടമകൾ ശരിയായി നിർവ്വഹിക്കുക എന്നതാണു് കാര്യമായ സംഗതി.

## വിവിധ നാമങ്ങൾ

൧

ജീവിതത്തെ നാലാശ്രമങ്ങളായി വിഭജിച്ചുകൊണ്ടുള്ള ധമ്മശാസ്ത്രം രൂപംകൊണ്ടതു് B. C. 500-നും 200-നും മദ്ധ്യേ ആണു്. അതിനുമുമ്പുള്ള സന്ന്യാദർശം തികച്ചും വ്യത്യസ്ഥമായിരുന്നു. ഏകദേശം B. C. 2000 മുതലുള്ളചരിത്രമുണ്ടു് ഭാരതീയസന്ന്യാസത്തിനു്. ഭാരതസംസ്കാരത്തിൻെറ പിള്ളത്തൊട്ടിലായ സിന്ധുഗംഗാസമതലത്തിലാണതു് ആരംഭിക്കുന്നതു്. എന്നാൽ ബി. സി. 500 വരെയുള്ള ഗ്രന്ഥങ്ങളിലൊന്നും ''സന്ന്യാസി'' എന്ന വാക്കുപോലും കാണുന്നില്ല. അതിനുപകരം ഋഷി, മുനി, യതി തുടങ്ങിയ പേരുകളാണു് സവ്വസാധാരണമായി കാണുന്നതു്. കുടുംബബന്ധങ്ങളിൽ നിന്നെല്ലാം സ്വയം വിടുത്തി ജീവിതത്തിൻെറ നാലാമത്തെ ഘട്ടമായ സന്ന്യാസം വരിച്ചവരെയല്ല ഈ പേരുകൾ കുറിക്കുന്നതു്. ഋഷിയെന്നതിനു് ജ്ഞാനിയെന്നും, മുനിയെന്നതിനു് ഈശ്വരരഹസ്യങ്ങളെ ധ്യാനിക്കുന്നവനെന്നും യതിയെന്നതിനു് ആത്മസംയമനമുള്ളവനെന്നുമാണു് അത്ഥം. അതെ, ധ്യാനവും സംയമനവുംവഴി, ആത്മജ്ഞാനം നേടിയവനാണു് അന്നത്തെ സന്ന്യാസി. ധമ്മമാഗ്ഗത്തിലൂടെ സമുദായത്തെ നയിക്കുവാൻ പാകവും പക്വതയും സിദ്ധിച്ച എല്ലാവരും ഋഷിമാരാണു്. അന്യാദൃശമായ തപോബലവും ആത്മശക്തിയും സമ്പാദിച്ചിട്ടുള്ളവരാണവർ. അതിനുവേണ്ടി ജീവിതത്തിൻെറ ഏതെങ്കിലുമൊരു ഘട്ടത്തിൽ ഏകാന്തജീവിതം നയിച്ചിട്ടുണ്ടാകാം. എന്നാൽ ജീവിതശിഷ്ടം മുഴുവൻ സമുദായത്തിൽ നിന്നകന്നു് ജീവിക്കണമെന്ന നിർബ്ബന്ധം അവക്കില്ലായിരുന്നു. പ്രത്യുത, അവരുടെ സിദ്ധികൾ സമുദായസേവനത്തിനു് അവരെ നിർബ്ബന്ധിച്ചു. അക്കാലത്തെ സമുദായനേതാവും, അദ്ധ്യാപകനും, പുരോഹിതനും ഋഷിമാരാണു്. ധമ്മാനുഷ്ഠാനമാണു് ജീവിതനിയമമെന്നു് ഉറച്ചുവിശ്വസിക്കുകയും, അതിനായി സവ്വാത്മനാ പരിയത്നിക്കയും ചെയ്തവരാണവർ. ലോകജീവിതം ഈ ആദർശത്തിനു വിഘാതമായി അവർ എണ്ണിയില്ല. അഗസ്ത്യൻ, വസിഷ്ഠൻ, ജമദഗ്നി, അത്രി തുടങ്ങിയ മഹർഷിമാർ ആദർശയോഗ്യമായ ദാമ്പത്യജീവിതം നയിച്ചിരുന്നവരാണു്. അവർ ഒരേസമയം ഗൃഹസ്ഥാശ്രമവും സന്ന്യാസാശ്രമവും നയിച്ചവരാണു്. അവർ ത്യജിച്ചതു് ലോകത്തെയല്ല, ലോകാരൂപിയെയാണു്.

ബ്രഹ്മചര്യം, ഗാർഹസ്ഥ്യം എന്നീ ആശ്രമങ്ങളെക്കുറിച്ചു വ്യക്തമായ പ്രസ്താവനകൾ ഋഗ്വാദിവേദങ്ങളിൽ കാണുന്നുണ്ടു്. (ഉദാ: ഋക് x, 109.5; II, 1.2; x, 85.36). ഉപനിഷത്തുകളുടെ കാലത്തു് (ഏകദേശം ബി. സി. 600) ഗൃഹസ്ഥാശ്രമത്തിനുശേഷം നാടുംവീടുമുപേക്ഷിച്ചു വനത്തിൽ പോയി തപസ്സിലും ധ്യാനത്തിലും ജീവിതശിഷ്ടം ചിലവഴിക്കുന്ന സമ്പ്രദായം സാധാരണമായി

ത്തുടങ്ങി. ഛാന്ദോക്യം, ബ്രഹദാരണ്യകം, മുണ്ഡകം എന്നീ ഉപനിഷത്തുകൾ ഈ സമ്പ്രദായത്തെ പരാമർശിക്കുന്നുണ്ട്. തുടന്ന് മുകളിൽ വിവരിച്ച ചതുരാശ്രമങ്ങളെ വിധിക്കുന്ന ധർമ്മശാസ്ത്രം ഉയിർകൊണ്ടു.

ഇനി നമുക്ക് ഭാരതമണ്ണിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ള ഏതാനും സന്ന്യാസപ്രസ്ഥാനങ്ങളെ പഠിക്കാം. ഭാരതീയ സന്ന്യാസചൈതന്യം വസ്തുനിഷ്ഠമായി മനസ്സിലാക്കുവാൻ അതു സഹായിക്കും.

## സന്ന്യാസപ്രസ്ഥാനങ്ങൾ

### (a) കണ്വാശ്രമം

പൌരാണിക സന്ന്യാസസമൂഹത്തിൻെറ സമഗ്രമായൊരു ചിത്രമാണ് ശാകുന്തളം നാടകത്തിൽ നമുക്കു ലഭിക്കുന്നതു്. ഒരു കുലപതിയുടെ കീഴിൽ ഒരുമിച്ചുവസിക്കുന്ന സന്ന്യാസികളുടെ സമൂഹങ്ങളാണ് അക്കാലത്തുണ്ടായിരുന്നതു്. പതിനായിരം സന്ന്യാസശിഷ്യന്മാരുള്ള മഹർഷിയെയാണ് കുലപതിയെന്ന സംജ്ഞകൊണ്ടു വിവക്ഷിക്കുന്നതു്. ആ ശിഷ്യരെ എല്ലാം തീററിപോററുകയും, പഠിപ്പിക്കയും ചെയ്യുക കുലപതിയുടെ കത്തവ്യമാണ്. ഈ സമൂഹങ്ങളിൽ വ്യക്തികൾക്ക് സ്വന്തമായി യാതൊന്നുമില്ല. അവരുടെ മനസ്സുപോലും സ്വന്തമല്ല. കുലപതിക്കധീനമാണ്. 'സംയമധനന്മാർ' 'ധർമ്മചാരികൾ' എന്നെല്ലാമാണ് അവരുടെ പര്യായനാമങ്ങൾ ഇങ്ങനെയുള്ള ഒരു സമൂഹമാണ് ശാകുന്തളം നാടകത്തിൽ നാം കാണുക.

മാതാപിതാക്കളും മക്കളും ഒരുമിച്ചുവസിക്കുന്ന ഒരു വലിയ കുടുംബത്തിൻെറ പ്രതീതിയുണ്ടവിടെ. കുലപതിയായ കണ്വമഹർഷി, മുത്തശ്ശിയായ ഗൌതമി, വളത്തുപുത്രിയായ ശകുന്തള, അവളുടെ തോഴിമാർ അനസൂയയും പ്രിയംവദയും, കണ്വശിഷ്യരായ ശാർങ്ഗരവൻ, ശാരദ്വതൻ തുടങ്ങിയ താപസകുമാരന്മാർ............... എന്നിങ്ങനെ പോകുന്നു ആ കുടുംബാംഗങ്ങളുടെ പട്ടിക. സ്നേഹത്തിൻെറ പരിപാവനമായ എല്ലാ ഭാവങ്ങൾക്കും അവരുടെ ഇടയിൽ സ്ഥാനമുണ്ട്. നിത്യബ്രഹ്മചാരിയായ കണ്വമഹർഷിയുടെ ഹൃദയത്തിൽ പിതൃസ്നേഹം മുററിനിൽക്കയാണ്. അനാഥയായ ശകുന്തളയെ എടുത്തുവളത്തുന്ന അദ്ദേഹത്തിൽ നാം ദർശിക്കുന്നതു് ഒരു സാമൂഹ്യപ്രവത്തകനെ മാത്രമല്ല, വാത്സല്യനിധിയായ ഒരു പിതാവിനെക്കൂടിയാണ്. ആ വളത്തുമകൾക്കുവേണ്ടി എന്തെന്തുത്യാഗങ്ങൾ അദ്ദേഹം സഹിക്കുന്നില്ല. അവളുടെ സുസ്ഥിതിയിൽ അദ്ദേഹം ആത്മാത്ഥമായി സന്തോഷിക്കുന്നു. അവളുടെ വേർപാടിൽ ഹൃദയം നൊന്തു കരയുകയും ചെയ്യുന്നു. ഇതു കാണുമ്പോൾ, തപസ്സു ഹൃദയത്തെ ഉണക്കി കളയുന്നുവെന്ന നമ്മുടെ മിഥ്യാബോധം പമ്പ കടക്കും.

ഗൌതമിയുടെ മാതൃസ്നേഹവും ഒട്ടും കുറവല്ല. ശകുന്തളയുടെ സുഖ ദു:ഖങ്ങളിൽ ഒരുപോലെ പങ്കുപററുവാൻ കഴിവുള്ളൊരു മാതൃഹൃദയ മാണവളുടേതു്.

അനസൂയയും പ്രിയംവദയും. സഹോദരീസ്നേഹത്തിൻെറ മൂത്തിമദ്ഭാവങ്ങളാണവർ. ആ പേരുകാം തന്നെ അവരുടെ സ്വഭാ വം വ്യക്തമാക്കുന്നുണ്ടു്. അസൂയയ്ക്കും പരദൂഷണത്തിനും അവരിൽ സ്ഥാനമില്ല. സഹതപിക്കുവാൻ സ്നേഹിതരുണ്ടെങ്കിൽ എത്ര വ ലിയ ദു:ഖവും അനായാസേന സഹിക്കാമെന്നാണവരുടെ തത്ത്വ ശാസ്ത്രം.

കണ്വാശ്രമത്തിലെ സ്നേഹസാമ്രാജ്യം മനുഷ്യവലയത്തിൽ ഒതുങ്ങി നില്ക്കുന്നില്ല. മനുഷ്യനും, മൃഗവും, പക്ഷിയും, വൃക്ഷലതാ ദികളും എല്ലാമെല്ലാം അവിടെ ഏകോദരസഹോദരന്മാരാണു്. ചുരുക്കിപ്പറയട്ടെ, സ്നേഹമാണവിടത്തെ നിയമം. കുലപതിയെ അനുസരിക്കുമ്പോഴും അവരെ പ്രചോദിപ്പിക്കുന്നതു് സ്നേഹമാണു്.

എന്നാൽ ശാകുന്തളത്തിലെ സന്ന്യാസത്തിനു് മറെറാരു വശം കൂടിയുണ്ടു്. അതു സന്ന്യാസികളുടെ അധൃഷ്യഭാവമാണു്. മറെറല്ലാ വിധത്തിലും അഭിഗമ്യരായ അവർ, ദഹിപ്പിക്കുന്ന അഗ്നികുണ്ഡങ്ങ ളായി മാറും ചിലപ്പോാം. അതെപ്പോഴെന്നോ? സത്യവും, നീതിയും, ധമ്മവും അനാദരിക്കപ്പെടുന്നതു കാണുമ്പോാം. അവയുടെ സൂക്ഷി പ്പുകാരാണവർ. അവ ധിക്കരിക്കപ്പെടുമ്പോാം അവരുടെ ധാമ്മിക രോഷം തലയുയത്തും, നീതിബോധം സമരകാഹളം മുഴക്കും. സത്യ ഘോഷണം ദിഗന്തങ്ങളിൽ മുഴങ്ങും. ഒരു സൂര്യകാന്തകല്ലിനോടാ ണു് കാളിദാസൻ അവരെ ഉപമിക്കുന്നതു്. കേവലം കവിസങ്കല്പ മായ ഈ കല്ലു് സാധാരണഗതിയിൽ ആക്കും അപകടരഹിതമായി കൈകാര്യം ചെയ്യാം. പക്ഷേ, സൂര്യതാപമേററാൽ അതു പ്രോജ്ജ്വ ലിക്കയും, അത്യുഗ്രമായ അഗ്നി നിഗ്ഗമിപ്പിച്ചു പരിസരവസ്തുക്കളെ ചാമ്പലാക്കുകയും ചെയ്യും. (cf. ശാകുന്തളം, 2.7)

## (b) ബൌദ്ധസംഘം

ഭാരതീയസന്ന്യാസചരിത്രത്തിൽ നിണ്ണായകമായൊരു കാ ല്‌വയ്പായിരുന്നു ശ്രീബുദ്ധൻേറതു്. ബൗദ്ധഭിക്ഷുക്കാം ഇന്നു ലോ കപ്രസിദ്ധരാണു്. തൻെറ ആദ്യത്തെ അഞ്ചുശിഷ്യന്മാരെ ധമ്മ പ്രചാരണാത്ഥം രാജ്യത്തിൻെറ നാനാഭാഗത്തേയ്ക്കും നിയോഗിച്ചു കൊണ്ടാണു് ശ്രീബുദ്ധൻ തൻെറ സന്ന്യാസപ്രസ്ഥാനം ഉദ്ഘാടനം ചെയ്തതു്. ആദ്യകാലത്തു് അവർ അക്ഷരാത്ഥത്തിൽ പരിവ്രാജക രും ഭിക്ഷുക്കളുമായിരുന്നു. സമൂഹമായും സ്ഥിരമായും ഒരിടത്തു് താമസിക്കുക എന്ന ആശയം പോലും അവക്കില്ലായിരുന്നു. രണ്ടു പേർ ഒരേ വഴിയിൽ പോകുകപോലും ചെയ്യരുതെന്നായിരുന്നു ബു

ദ്ധന്റെ നിർദ്ദേശം. പ്രേഷിതയാത്രസ്സിടയിൽ മഴക്കാലത്തു് ഭിക്ഷുക്കൾ അഭയം പ്രാപിച്ചിരുന്ന കുടിലുകളാണു് ''വിഹാരങ്ങൾ'' എന്നറിയപ്പെട്ടതു്. കാലക്രമത്തിൽ—ഏകദേശം ബി. സി. 4—ാം നൂററാണ്ടിൽ—ഈ മഴക്കാലവാസം സംഘാതജീവിതത്തിനു വഴി തെളിച്ചു. ഓരോരുത്തനായി 'വിഹാര'മുണ്ടാക്കുന്നതിനുപകരം പലർ ഒരുമിച്ചു ഒരിടത്തു് മഴക്കാലം കഴിക്കുന്ന സമ്പ്രദായം നിലവിൽവന്നു. ''ആവാസങ്ങൾ'' എന്നാണു് ഈ വസതികൾ അറിയപ്പെട്ടതു്. ഈ ആവാസങ്ങളാണു് ബി. സി. രണ്ടാംനൂററാണ്ടിൽ ബൗദ്ധസംഘത്തിനു് ജന്മം നൽകിയതു്. ഇതാണു് ബുദ്ധസന്ന്യാസസഭ. സംഘത്തിന്റെ കീഴിൽ രാജ്യത്തിന്റെ നാനാഭാഗത്തും ആശ്രമങ്ങൾ സ്ഥാപിതമായി. സംഘാരാമങ്ങളെന്നാണു് അവയുടെ പേർ. ഏ. ഡി. അഞ്ചാംനൂററാണ്ടിൽ ഇൻഡ്യ സന്ദർശിച്ച ഫാഹിയാൻ എന്ന ചൈനീസ് സഞ്ചാരി വിവരിക്കുന്നതു് ഈ സംഘാരാമങ്ങളെയാണു്. ജനായത്ത ഭരണരീതിയിലുള്ള ഭരണക്രമവും നിയമാവലിയുമാണു് സംഘത്തിനുള്ളതു്. ഭൂരിപക്ഷാഭിപ്രായമനുസരിച്ചാണു് തീരുമാനങ്ങളെടുക്കുന്നതു്. നൈയാമികാധികാരം അവർ അംഗീകരിക്കുന്നില്ല. എന്നാൽ വൃദ്ധരും സിദ്ധരുമായ സഹസന്ന്യാസികളുടെ ഉപദേശം എല്ലാവരും അനുസരിക്കയും ആദരിക്കയും ചെയ്യുന്നു. പരിപൂർണ്ണദാരിദ്ര്യവും, നിഷ്കൃഷ്ട ബ്രഹ്മചര്യവും, അഹിംസയുമാണു് ബുദ്ധസന്ന്യാസികളുടെ മുഖ്യനിയമങ്ങൾ.

പുരുഷന്മാരെപ്പോലെ തന്നെ സ്ത്രീകൾക്കും സന്ന്യാസജീവിതം നയിച്ചുകൊണ്ടു് മുക്തിക്കായി പരിശ്രമിക്കുവാൻ അവകാശമുണ്ടെന്നു് ആദ്യമായി അംഗീകരിച്ചതു് ശ്രീബുദ്ധനായിരുന്നു. അങ്ങനെ ഒരു ഭിക്ഷുണിസംഘവും ഉടലെടുത്തു. പക്ഷേ, അശോകന്റെ കാലത്തിനുശേഷം ഭിക്ഷുണീസംഘത്തിന്റെ പ്രാധാന്യം കുറഞ്ഞുവെന്നു് പറയേണ്ടിയിരിക്കുന്നു.

സാമൂഹ്യസേവനം സന്ന്യാസികളുടെ ഔദ്യോഗിക കടമയായി അംഗീകരിച്ചതും ബുദ്ധനാണു്. അഹിംസാതത്ത്വത്തിന്റെ പ്രവൎത്തക (Positive) വശമായിട്ടാണു് ബുദ്ധസന്ന്യാസികൾ സാമൂഹ്യസേവനത്തെ പരിഗണിക്കുന്നതു്. ജനങ്ങളുടെ സാംസ്കാരികവും, മതപരവും, ഭൗതികവും, ആദ്ധ്യാത്മികവുമായ സുസ്ഥിതിയെ ലക്ഷ്യമാക്കി ബുദ്ധസന്ന്യാസികൾ വളരെയെല്ലാം ചെയ്തിട്ടുണ്ടു്. മനുഷ്യർക്കും മൃഗങ്ങൾക്കുമായി ആശുപത്രികൾ സ്ഥാപിക്കുന്നതിൽ മുമ്പന്മാർ അവരായിരുന്നു.

വിദ്യാഭ്യാസരംഗത്തു് ഇവർ ചെയ്തിട്ടുള്ള സേവനം മറക്കാവതല്ല. ഭാരതീയ സർവ്വകലാശാലകൾക്കു് ആരംഭമിട്ടതു് ബുദ്ധസന്ന്യാസികളാണു്. ഏ. ഡി. ആറാംനൂററാണ്ടിൽ ലോകം മുഴുവന്റെയും ശ്രദ്ധയും പ്രശംസയും ആർജ്ജിച്ച നളന്ദാസർവ്വകലാശാല ഒരു ബൗദ്ധസ്ഥാപനമായിരുന്നു. ലോകത്തിന്റെ നാനാഭാഗത്തുനിന്നും

വന്ന വിദ്യാൎത്ഥികരംക്കഭയം നൽകികൊണ്ടു കുറഞ്ഞപക്ഷം രണ്ടു നൂററാണ്ടുകാലം ഈ മഹാസ്ഥാപനം പ്രവൎത്തിച്ചു. ഇതു തുൎക്കികളുടെ ആക്രമണത്തിനു വിധേയമായി നശിച്ചുവെന്നാണു് പറയപ്പെടുന്നതു്. എന്നാലീ സ്ഥാപനത്തിൻെറ തിരോധാനത്തിനുമുമ്പുതന്നെ, 7-ാംനൂററാണ്ടിൻെറ മദ്ധ്യത്തിൽ മററു രണ്ടു സൎവ്വകലാശാലകരം ഉയൎന്നുകഴിഞ്ഞിരുന്നു—ഓദന്തപുരവും വിക്രമശീലയും. അവയും ബുദ്ധസന്ന്യാസികളുടെ സംഭാവനയാണു്. ''അല്ലയോ ഭിക്ഷുക്കളെ! നിങ്ങരം ലോകം മുഴവൻ പോയി ബഹുജനഹിതത്തിനും, ബഹുജനസുഖത്തിനും. ബഹുജനാനുകമ്പയ്ക്കുമായി പ്രവൎത്തിക്കുക'' എന്ന ബുദ്ധൻെറ സന്ദേശം ഈസ്ഥാപനങ്ങരംവഴി അവർ സാക്ഷാത്ക്കരിച്ചു.

### (c) രാമകൃഷ്ണസഭ

ഭാരതം വിദേശഭരണത്തിലമൎന്നകാലം. എവിടെയും പട്ടിണിക്കോലങ്ങളും ദാരിദ്ര്യത്തിൻെറ മുറവിളിയും. മനുഷ്യനെ മനുഷ്യനിൽ നിന്നകററുന്ന ഉച്ചനീചത്വങ്ങളും വൎണ്ണവ്യത്യാസങ്ങളും. സാക്ഷരത്വലോപവും അസന്മാൎഗ്ഗികതയും!! ഈ ദുൎഘടസന്ധിയിൽ ഭാരതമാതാവിനെ രക്ഷിക്കാൻ പ്രത്യക്ഷപ്പെട്ട മഹാത്മാവാണു് സ്വാമി വിവേകാനന്ദൻ (1863—1902). ശ്രീരാമകൃഷ്ണപരമഹംസൻെറ ശിഷ്യമുഖ്യനായിരുന്ന അദ്ദേഹം. സംഘടിത പ്രവൎത്തനംകൊണ്ടുമാത്രമേ സമുദായോദ്ധാരണം സാധിക്കൂ എന്നദ്ദേഹം ഉറച്ചു വിശ്വസിച്ചു. ഈ ബോദ്ധ്യത്തിൽ നിന്നുരുത്തിരിഞ്ഞതാണു് ഇന്നത്തെ ലോകപ്രസിദ്ധമായ ശ്രീരാമകൃഷ്ണസന്ന്യാസസഭ. 1898-ൽസ്ഥാപിതമായ ബേലൂർമഠമാണിതിൻെറ മാതൃഭവനം (പശ്ചിമബംഗാരം). ഇൻഡ്യയിൽതന്നെ ഇപ്പോരം നൂറോളം ആശ്രമങ്ങളുണ്ടു്. ഇരുപത്തഞ്ചോളം ഭവനങ്ങരം വിദേശങ്ങളിലും. കേരളത്തിൽ തിരുവനന്തപുരം, കാലടി, തിരുവല്ല, തൃശ്ശൂർ, കോഴിക്കോട്ട്, കൊല്ലം എന്നീ പ്രധാന പട്ടണങ്ങളിലെല്ലാം ഉണ്ടു് രാമകൃഷ്ണാശ്രമങ്ങരം. 1953-ൽ സ്ത്രീകരംക്കായി ഒരാശ്രമം സ്ഥാപിക്കപ്പെട്ടു എന്നതും പ്രത്യേകം പ്രസ്താവ്യമാണു്.

ഹിന്ദുമതത്തിൻെറ നവീകരണം, ഭാരതസംസ്കാരത്തിൻെറ പുനരുദ്ധാരണം, ഭാരതജനതയുടെ സൎവ്വതോമുഖമായ ഉന്നമനം എന്നീ ലക്ഷ്യങ്ങളാണു് ശ്രീരാമകൃഷ്ണസഭയ്ക്കുള്ളതു്. പഴമയുടെ സന്ദേശം പ്രസംഗിക്കുവാൻ പുതിയ ആഭിമുഖ്യങ്ങരം സ്വീകരിച്ചുകൊണ്ടും, ഭാരതസംസ്കാരത്തിൽ അടിയുറച്ചുനിന്നുകൊണ്ടുതന്നെ പാശ്ചാത്യപരിഷ്ക്കാരം സാംശീകരിച്ചുകൊണ്ടും, വൈദികമൂല്യങ്ങളുടെ പരിപോഷണത്തിനായി ശാസ്ത്രത്തിൻെറ സംഭാവനകരം ഉപയോഗിച്ചുകൊണ്ടുമാണു് ഈ ലക്ഷ്യങ്ങരംക്കായി അവർ യത്നിക്കുന്നതു്.

അവരുടെ സന്ന്യാസപരിശീലനത്തിൻെറ ചട്ടക്കൂട മിക്കവാറും പാശ്ചാത്യമാണു്. ആകെ ഒൻപതുകൊല്ലത്തെ പരിശീലനമുണ്ടു്: ഒരു കൊല്ലം യോഗാൎത്ഥിജീവിതം (Pre-probation).

അതിനുശേഷം മൂന്നുള്ള പരിശീലനം ആരംഭിക്കുന്നു (Probation). അതു നാലു കൊല്ലം. അതിൻെറ അവസാനത്തിൽ ബ്രഹ്മചാരീ വ്രതമെടുക്കുന്നു. വീണ്ടും നാലുകൊല്ലത്തെ പരിശീലനാനന്തരം സ്വാമിപദം നൽകപ്പെടുന്നു. ഇതോടെ സന്ന്യാസപരിശീലനം പൂർത്തിയാകും. ധ്യാനം, പഠനം, കായികാദ്ധ്വാനം ഇവയാണ് അവരുടെ പരിശീലനത്തിൻെറ പ്രധാനഘടകങ്ങൾ. നിഷ്കൃഷ്ടാർത്ഥത്തിൽ അവർക്കൊരു വ്രതമേ ഉള്ളു. അതു ''സന്ന്യാസം'' (renounciation) തന്നെയാണ്. ഈ വ്രതംവഴി അവർ നാടുംവീടും, പേരും പെരുമയും, ധനവും സ്ഥാനവുമെല്ലാം പരിത്യജിക്കുന്നു. ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം എന്നിവയെല്ലാം ഈ 'സന്ന്യാസ'വ്രതത്തിൻെറ സ്വാഭാവികഘടകങ്ങൾ മാത്രമാണ്.

ഇങ്ങനെ സുദീർഘവും സുചിന്തിതവുമായ പരിശീലനത്തിനുശേഷം ഓജസ്സുററ സന്ന്യാസികളായി അവർ സേവനരംഗത്തേയ്ക്കിറങ്ങുന്നു. തങ്ങൾക്കുലഭിച്ച ഈശ്വരാനുഭൂതി ജനസാമാന്യത്തിനു പകർന്നുകൊടുക്കുവാനാണ് അവരുടെ പരിശ്രമം. സാഹിത്യം, വിദ്യാഭ്യാസം, ആതുരസേവനം, സാമൂഹ്യപ്രവർത്തനം എന്നിവയെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു പ്രവർത്തനപദ്ധതിയാണ് അവരുടേതു്. 1963-ലെ ഒരു കണക്കനുസരിച്ച് 12 ആശുപത്രികളും, 60 ഡിസ്പെൻസറികളും, 63 വിദ്യാമന്ദിരങ്ങളും, 2 കോളേജുകളും, 2 ട്രെയിനിംഗ് കോളേജുകളും, 3 എൻജിനീയറിംഗ് കോളേജുകളും, ഒരു കാർഷികവിദ്യാലയവും, 35 ഹൈസ്കൂളുകളും, 127 പ്രൈമറിസ്കൂളുകളും, 3 നഴ്സിംഗ് സ്കൂളുകളും അവർ നടത്തുന്നുണ്ടു്. അവയിൽ 30,000 ആൺകുട്ടികളും, 15,000 പെൺകുട്ടികളും പഠിക്കുന്നുണ്ടു്. (cf വിവേകാനന്ദ ശതകപ്രശസ്തി, p. 164). അവരുടെ വക പത്തു മുദ്രണാലയങ്ങളുണ്ടു്. അവയിൽനിന്നു് അഞ്ചു നാട്ടുഭാഷാമാസികകളും, അഞ്ചു ഇംഗ്ലീഷ്മാസികകളും പ്രസിദ്ധീകരിക്കപ്പെടുന്നു. (ibid p. 165). ആരംഭംമുതൽ ഈ സന്ന്യാസികൾ ദുരിതാശ്വാസപ്രവർത്തനങ്ങളിൽ മുൻകൈ എടുത്തിട്ടുണ്ടു്. വെള്ളപ്പൊക്കം, വരൾച്ച, ഭക്ഷ്യക്ഷാമം, പകർച്ചവ്യാധി തുടങ്ങിയ വിപത്തുകൾക്കധീനരായ സമസൃഷ്ടികളെ രക്ഷിക്കുവാൻ അവർ ഓടിയെത്തുക പതിവാണ്.

ഓരോ ആശ്രമത്തോടുമനുബന്ധിച്ച പൊതുജനങ്ങൾക്കായി ഒരാരാധനാസ്ഥലം ഉണ്ടായിരിക്കുവാൻ അവർ നിഷ്കർഷിക്കുന്നു. അതിൽ നടത്തുന്ന നിത്യപൂജയിലും, ഭജനത്തിലും സജീവമായി പങ്കെടുക്കുവാൻ സാധാരണക്കാർക്കു സാധിക്കും. ഇതിനുപുറമേ, ഗ്രന്ഥാലയങ്ങൾ, വായനശാലകൾ, ധർമ്മപ്രഭാഷണങ്ങൾ, പഠനക്കളരികൾ, ബാലസംഘടനകൾ എന്നീ മാർഗ്ഗങ്ങളും പൊതുജനസേവനത്തിനായി അവർ ആസൂത്രണം ചെയ്യുക സാധാരണമാണ്.

### (d) ബ്രഹ്മവിദ്യാമന്ദിരം

സ്ത്രീകൾക്കുവേണ്ടിയുള്ള ഒരു സന്ന്യാസാശ്രമമാണ് ബ്രഹ്മ വിദ്യാമന്ദിരം. 'ഭൂദാൻ'പ്രസ്ഥാനവുമായി ഭാരതത്തിലങ്ങോള മിങ്ങോളം ചുററിസഞ്ചരിക്കുന്ന വിനോബഭാവെയാണ് ഇതിന്റെ സ്ഥാപകൻ. മഹാരാഷ്ട്രയിൽ വാർദ്ധാഡിസ്ട്രിക്ററിൽ പവനാർ നദിയുടെ തീരത്താണ് ഈ മന്ദിരം. 1959 മാർച്ച് 25-ാംതീയതി ഇതു് ഉദ്ഘാടിതമായി. ഭൂദാൻയജ്ഞത്തിൽ വിനോബായുടെ സഹായികളായിരുന്ന ഏതാനും ഭക്തസ്ത്രീകളാണ് ഈ സ്ഥാപന ത്തിന്റെ പ്രഥമാംഗങ്ങൾ. ഇപ്പോളിവിടെ 22 സഹോദരികളുണ്ട്. ജാതിമതഭേദംകൂടാതെ ആക്കും ഈ ആശ്രമത്തിൽചേന്ന് ബ്രഹ്മവിദ്യ അഭ്യസിച്ചു ആത്മസാക്ഷാത്കാരം പ്രാപിക്കാം.

സിദ്ധിപരത (charismatic nature) ആണ് ഈ സമൂഹ ത്തിന്റെ പ്രത്യേകത. എഴുതപ്പെട്ട ഒരു നിയമമോ, നിയമപ്രകാര മുള്ള ഒരധികാരിയോ ഇവക്കില്ല. പ്രാരംഭകാലത്തെങ്കിലും ഇവ രോടൊന്നിച്ചു കുറച്ചുനാൾ വസിച്ചു വേണ്ട നിർദ്ദേശങ്ങൾ കൊടുക്കു വാൻ വിനോബ തയ്യാറാകുകയോ, അതിനായി പരിചയസമ്പന്ന നായ ഒരാളെ നിശ്ചയിക്കയോ ചെയ്തില്ല. ആദ്യകാലത്തു് അങ്ങ കലെ ബീഹാറിൽ താമസിച്ചുകൊണ്ടു കത്തുകൾവഴി അവക്കു ചില നിർദ്ദേശങ്ങൾ അദ്ദേഹം നൽകിയിരുന്നു. ഇപ്പോൾ അതുമില്ല. സ്വന്തം കത്തവ്യം മനസ്സിലാക്കി, ഉത്തരവാദിത്വബോധത്തോടു കൂടി, സ്വതന്ത്രമായി ഈശ്വരപ്രചോദനങ്ങൾക്ക് കീഴ്പ്പെട്ടുകൊണ്ടു ള്ള ഒരു ജീവിതപദ്ധതിയാണ് വിനോബ വിഭാവനം ചെയ്തിരിക്കു ന്നതു്. ഇതിനുപകരിക്കുന്ന ചില തത്ത്വങ്ങൾമാത്രം അദ്ദേഹം അവ ക്കു നൽകിയിട്ടുണ്ട്. അഹിംസ, സത്യം, ദാരിദ്ര്യം, ബ്രഹ്മചര്യം, കായികാദ്ധ്വാനം, ഇന്ദ്രിയനിഗ്രഹം, രാജ്യഭക്തി, സമത്വം, മത സഹിഷ്ണുത എന്നിവയാണ് ആ തത്ത്വങ്ങൾ. മഹാത്മ ഗാന്ധിജി സേവാഗ്രാമത്തിൽ ഉപദേശിച്ചവ തന്നെയാണിവ. ഇവയെ ''വ്രത ങ്ങൾ'' എന്നാണവർ വ്യവഹരിക്കുന്നതു്. എന്നാൽ ക്രൈസ്തവ സന്ന്യാസത്തിലെപ്പോലെ പരസ്യമായി എടുക്കുന്ന വ്രതങ്ങളല്ലിവ. ബ്രഹ്മവിദ്യാമന്ദിരത്തിലെ അംഗമാകുന്നതോടുകൂടി ഈ തത്ത്വങ്ങൾ സ്വന്തജീവിതനിയമമായി ഓരോരുത്തരും സ്വീകരിക്കുന്നു.

ജ്ഞാന-ഭക്തി-കമ്മ മാഗ്ഗങ്ങളുടെ സമ്യക്കായൊരു സമ്മേളന മാണ് ഇവരുടെ ആദ്ധ്യാത്മികത. ദിവസം ഏഴുമണിക്കൂറോളം അ വർ വിവിധ ജോലികളിൽ ഏപ്പെട്ടുന്നു. അച്ചടിശാലയും പച്ചക്കറി ത്തോട്ടവുമാണ് ഇപ്പോൾ അവരുടെ പ്രധാന ജോലിസ്ഥലങ്ങൾ. പഠനം, ധ്യാനം, ഭജനം, ജപം, വേദപാരായണം എന്നിവയെല്ലാം അവരുടെ ദിനചര്യയിൽപെടുന്നു. ഭക്തിനിർഭരമായ ഗാനങ്ങൾ കൊണ്ടും ഹൃദയംഗമമായ പ്രാത്ഥനകൾകൊണ്ടും പലപ്പോഴും മുഖരി തമാണ് ബ്രഹ്മവിദ്യാമന്ദിരത്തിന്റെ അന്തരീക്ഷം.

വിനോബ ഈ സമൂഹത്തിനു നൽകിയിട്ടുള്ള ഏററവും വലിയ സംഭാവന ''സമൂഹസാധന'' എന്ന തത്വമാണെന്നു പറയാം. അംഗങ്ങരം സംഘാതമായി ബ്രഹ്മവിദ്യയുടെ പടികരം ചവിട്ടിക്കയറണമെന്നാണ് ഇതുകൊണ്ടദ്ദേഹം ഉദ്ദേശിക്കുന്നതു്. സാക്ഷാത്കാരത്തിനായുള്ള പരിയത്നത്തിൽ ആരും തനിച്ചല്ല, എല്ലാവരും ഒരേ മനസ്സോടുകൂടി സമൂഹത്തിന്റെ പൂൎണ്ണതയ്ക്കായി പ്രയത്നിക്കുന്നു. പഠനങ്ങളിലും, ഇതരജോലികളിലും പരസ്പരം സഹായിക്കുവാൻ അവർ സദാ സന്നദ്ധരാണ്. ധ്യാനം വ്യക്തിപരമായ ഒരു പ്രവൃത്തിയാണെങ്കിലും, ആഴ്ചയിൽ 15 മിനിററുനേരം എല്ലാവരും ഒരുമിച്ചുകൂടി ധ്യാനിക്കുവാൻ അവർ നിഷ്കർഷിക്കുന്നു. ഐക്യബോധം ദൃഢതരമാക്കയാണിതിന്റെ ലക്ഷ്യം. നിയമപ്രകാരമുള്ള ഒരധികാരി അവൎക്കില്ലെന്നു പറഞ്ഞല്ലൊ. സമൂഹത്തിലാണ് അധികാരം നിക്ഷിപ്തമായിരിക്കുന്നതു്. ഏതു കാര്യത്തിലും സമൂഹത്തിന്റെ തീരുമാനം ആത്യന്തികവും നിൎണ്ണായകവുമായിരിക്കും.

എന്നാലീ സമൂഹസാധന വ്യക്തിസ്വാതന്ത്ര്യത്തിന് വിഘാതമല്ല. ഓരോ വ്യക്തിയിലും യഥേഷ്ടം പ്രവൎത്തിക്കുന്ന അരൂപിയുടെ പ്രവൎത്തനത്തെ ഒരുവിധത്തിലും അതു തടസ്സപ്പെടുത്തുന്നില്ല. ദിവസത്തിൽ മൂന്നു പ്രാവശ്യം സമൂഹപ്രാൎത്ഥനയുണ്ടെങ്കിലും അതിനു പങ്കെടുക്കുവാൻ ആരും നിർബ്ബന്ധിതരല്ല. സാധാരണയായി ധ്യാനത്തിനു നിശ്ചിതസമയമോ, പദ്ധതിയോ അവൎക്കില്ല ഓരോരുത്തരുടെയും സൌകര്യവും അഭിരുചിയുമനുസരിച്ച് അവ ക്രമീകരിക്കാം. ഒരു കൂട്ടൎക്ക് ഭക്തിമാൎഗ്ഗമായിരിക്കും കൂടുതൽ രുചിക്കുന്നതു്. വേറെ ചിലൎക്ക് ജ്ഞാനമാൎഗ്ഗമാകാം.

## സന്ന്യാസാദർശം

ഭാരതീയസന്ന്യാസത്തിന്റെ ചൈതന്യമെന്തെന്ന് ഇത്രയും വിവരിച്ചതിൽനിന്ന് ഏറെക്കുറെ വ്യക്തമാണ്. ഒന്നോ രണ്ടോ വാക്കുകളിൽ അതു് ഒതുക്കിനിറുത്തുക വയ്യ. അതിന് എക്കാലത്തും എവിടെയും ഒരേ ഭാവമായിരുന്നുവെന്ന് പറയുന്നതും ശരിയാകില്ല. എങ്കിലും മൌലികമായ തത്വങ്ങളിൽ ഐക്യം കാണുന്നുണ്ട്.

ഒന്നാമതായി, ആത്മസാക്ഷാത്കാരത്തിനു തടസ്സമായി നില്ക്കുന്ന സകലത്തിന്റെയും ത്യാഗമാണ് സന്ന്യാസം. ഈ ത്യാഗം വെറും നിഷേധാത്മകമായ ഒരു പ്രക്രിയയല്ല. വാക്കിൽനിന്നു വ്യക്തമാകുന്നതുപോലെ ക്രിയാത്മകമായ ഒരുവശംകൂടി അതിനുണ്ട്. ''ന്യസിക്കുക'' എന്നതിന് ഉപേക്ഷിക്കുകയെന്നും നിക്ഷേപിക്കുകയെന്നും അൎത്ഥമാകാം. അപ്പോരം, ഉപേക്ഷയിലൂടെയുള്ള നിക്ഷേപമാണ് സന്ന്യാസം. സ്വാൎത്ഥതാത്പര്യങ്ങളും സുഖസൗകര്യങ്ങളും ഉപേക്ഷിച്ചു സ്വയം പരിപൂൎണ്ണമായി ഭഗവാനിൽ അൎപ്പിക്കുന്ന അവസ്ഥയാണ് സന്ന്യാസം.

ആത്മസാക്ഷാത്കാരത്തെ ത്വരിതപ്പെടുത്തുന്ന നടപടികൾ സ്വീകരിക്കയാണ് അടുത്തപടി. തപസ്സും ധ്യാനവുമാണവയിൽ പ്രധാനം. അവ പരസ്പരപൂരകങ്ങളാണ്. സ്വയം നശിപ്പിക്കലല്ല തപസ്സ്. പ്രത്യുത സ്വയം ജ്വലിപ്പിക്കലാണ്. അതുവഴി മനുഷ്യൻെറ താമസ്സവികാരങ്ങൾ നിർവ്വീര്യങ്ങളാകയും, സാത്വികവികാരങ്ങൾ പ്രബലപ്പെടുകയും ചെയ്യുന്നു. അതുമനുഷ്യൻെറ അന്തർദൃഷ്ടി തുറക്കുകയും, അപ്പോൾ പാരത്രികയാഥാത്ഥ്യങ്ങൾ അവനു ദൃശ്യമാകയും ചെയ്യും. അങ്ങനെ അവൻ ഈശ്വരധ്യാനത്തിൽ നിർലീനനാകുന്നു

അടുത്തതായി. ജ്ഞാന–ഭക്തി–കർമ്മമാർഗ്ഗങ്ങളുടെ സമ്മോഹനമായ സമ്മേളനമാണ് സന്ന്യാസജീവിതം. ഇവയിൽ കർമ്മമാർഗ്ഗത്തിൻെറ സ്ഥാനം ഒന്നു വ്യക്തമാക്കേണ്ടിയിരിക്കുന്നു. ഭാരതീയ സന്ന്യാസം ലോകത്തുനിന്നുള്ള ഒളിച്ചോട്ടമാണെന്നും, ഭീരുത്വമാണെന്നും,, നിഷ്ക്രിയത്വമാണെന്നും മററും ആരോപണങ്ങൾ കേൾക്കാറുണ്ട്. ഇവിടെ ഒരു വിവേചന ആവശ്യമാണ്. കർമ്മങ്ങളെ രണ്ടായി തിരിക്കാം. ജപം, പൂജ, ഹോമം, ഭജനം മുതലായ മതകർമ്മങ്ങളാണ് ആദ്യത്തെ വിഭാഗം. ഇവ സന്ന്യാസിക്കു് ആവശ്യമില്ല, ഭാരതീയ വീക്ഷണത്തിൽ. ഏതെങ്കിലും നശ്വരഫലത്തെ ഉദ്ദേശിച്ചുള്ള വെറും രണ്ടാംതരം ഭക്താഭ്യാസങ്ങളാണവ. സന്ന്യാസിയാകട്ടെ ഈശ്വരസാക്ഷാത്കാരംമാത്രം ലക്ഷ്യമാക്കുന്നവനാണ്. അതിൽ കുറഞ്ഞതെല്ലാം അയാൾ തൃണവദ്ഗണിക്കുന്നു. ലക്ഷ്യത്തിനായുള്ള അയാളുടെ മാർഗ്ഗം തപസ്സും ധ്യാനവുമാണ്.

പരസേവന കൃത്യങ്ങളാണ് രണ്ടാമത്തെ വിഭാഗത്തിൽപ്പെടുന്ന കർമ്മങ്ങൾ. പരനെന്ന യാഥാത്ഥ്യം പോലും അംഗീകരിക്കാത്ത ഹിന്ദുമതത്തിൽ പരസേവനത്തിനത്ഥമുണ്ടോ? വാർദ്ധക്യ കാലത്തു് ഒളിച്ചോടുന്നവരല്ലേ സന്ന്യാസികൾ? തപസ്സിലും ധ്യാനത്തിലും ജീവിതശിഷ്ടം കഴിച്ചു മുക്തി പ്രാപിക്കാൻ വെമ്പൽ കൊള്ളുന്ന അവക്കുണ്ടോ സഹോദരൻെറ കാര്യമന്വേഷിക്കാൻ സമയവും സൗകര്യവും? മുൻ പേജുകളിൽ വിവരിച്ച സന്ന്യാസചരിത്രം ഈ ചോദ്യങ്ങൾക്കു് ഉത്തരം പറഞ്ഞു കഴിഞ്ഞു. സ്വന്തം ശ്രീകോവിലിൽ തേവാരവും പൂജയുമായി കഴിയുന്ന സന്ന്യാസികൾ ഉണ്ടായിരിക്കാം. സമുദായത്തിൻെറ ഇത്തിക്കണ്ണികളായി കഴിഞ്ഞുകൂടുന്ന കള്ളഭിക്ഷുക്കളെയും കണ്ടേക്കാം. എന്നാൽ ഇവരൊന്നുമല്ല ഭാരത സന്ന്യാസത്തെ പ്രതിനിധീകരിക്കുന്നതു്. നിസ്വാത്ഥമായ സമുദായ സേവനം വ്രതമായി സ്വീകരിച്ച യോഗീശ്വരന്മാരുടെ പേരുകൾ മാത്രമേ ഭാരതീയ സന്ന്യാസചരിത്രത്തിൽ എഴുതപ്പെട്ടിട്ടുള്ളു. പുരാതന മഹർഷിമാരുടെയും ആധുനിക സന്ന്യാസികളുടെയും കർമ്മനിരതമായ ജീവിതചിത്രങ്ങൾ ഒന്നുകൂടി അനുസ്മരിക്കുക: ഭാരത

സംസ്കാരത്തിനും, ഭാരത ദർശനത്തിനും അടിത്തറയിട്ട മഹർഷിമാർ; സാഹിത്യകാരന്മാരും വിദ്യാഭ്യാസ പ്രവർത്തകരുമായ തപോധനർ; അനേകം ശിഷ്യരെ തീററിപ്പോററുന്നതിനും പുറമെ, അനാഥക്കുഞ്ഞുങ്ങളെ എടുത്തുവളർത്തുന്ന കണ്വമഹർഷിയെപ്പോലുള്ള കുലപതികൾ; സർവ്വകലാശാലാസ്ഥാപകരായ ബുദ്ധഭിക്ഷുക്കൾ; ഹിന്ദുമതത്തിൻെറ അധുനാതനീകരണത്തിൽ ഏർപ്പെട്ടിരിക്കുന്ന ശ്രീരാമകൃഷ്ണ സന്ന്യാസികൾ. ഭൂദാൻ പ്രസ്ഥാനത്തെ പിന്താങ്ങുകയും പ്രോത്സാഹിപ്പിക്കയും ചെയ്യുന്ന ബ്രഹ്മവിദ്യാമന്ദിരത്തിലെ സന്ന്യാസിനികൾ. എന്തിനധികം, മായാവാദിയെന്നറിയപ്പെടുന്ന ശങ്കരാചാര്യർ പോലും മഠങ്ങൾ സ്ഥാപിച്ചു ജനങ്ങളെ പഠിപ്പിക്കുവാൻ വെമ്പൽകൊണ്ടു. ചുരുക്കത്തിൽ സന്ന്യാസികളുടെ കർമ്മഭൂമിയാണ് ഭാരതം. അവരുടെ ചരിത്രം നിർണ്ണയിച്ചതും, മുഖരായ നിശ്ചയിച്ചതും സന്ന്യാസിമാരാണ്.

ഗീതയുടെ വീക്ഷണത്തിൽ ബ്രഹ്മാർപ്പണബുദ്ധ്യാ അനാസക്തമായി കർമ്മം ചെയ്യുന്നവനാണ് സന്ന്യാസി. (ഗീത 5. 10) കർമ്മത്തിൻെറ ത്യാഗമല്ല, കർമ്മഫലത്തിൻെറ ത്യാഗമാണ് സന്ന്യാസിയിൽ നിന്ന് ഗീത ആവശ്യപ്പെടുന്നതു് (18. 2) ഒരു പടി കൂടി കടന്നു ചിന്തിച്ചാൽ, കർമ്മഫലത്തിൻെറയുമല്ല, കർമ്മ ഫലേച്ഛയുടെ ത്യാഗമാണ് സന്ന്യാസത്തിൻെറ കാതൽ എന്നു വ്യക്തമാകും. കർമ്മത്തിനു് നന്മയോ തിന്മയോ ആയ ഫലമുണ്ടാകുമെന്നതു തീർച്ചയാണ്. ആ ഫലത്തിൻെറ അനുഭവത്തിൽ നിഷ്പക്ഷത പാലിക്കയാണ് സന്ന്യാസി ചെയ്യേണ്ടതു്. ജലത്തിലെങ്കിലും നനവു തട്ടാതെ കഴിയുന്ന താമരയിലപോലെ, ലോകത്തിലെങ്കിലും ലോകത്തോടൊട്ടിച്ചേരാത്തവനാണ് സന്ന്യാസി. (ഗീത 5. 10) കർമ്മത്യാഗത്തേക്കാൾ കർമ്മയോഗം ശ്രേഷ്ഠമാണെന്നും (ഗീത 5. 2), നിഷ്ക്രിയനേക്കാൾ എളുപ്പത്തിൽ കർമ്മയുക്തൻ മോക്ഷം പ്രാപിക്കുമെന്നും (ഗീത 5, 6) ആണ് ഗീത പഠിപ്പിക്കുന്നതു്.

വടക്കുംകൂറിൻെറ വാക്കുകളിൽ ഈ ലേഖനം ഉപസംഹരിക്കാം: ''തപസ്സ്, സംസ്കാരം, സാഹിത്യം, രാഷ്ട്രം, സമുദായം എന്നിവ ഒന്നിച്ചുചേർന്നു' കെട്ടിപ്പിണഞ്ഞാണ് ഭാരതത്തിൽ വർത്തിക്കുന്നതു്. അതു് അതിൻെറ അഭിവൃദ്ധിക്കു് അടിസ്ഥാനമായിത്തീർന്നു. ഇന്നു അവയുടെ ദൃഢമായ ആ കെട്ടുപാടു തകർന്നു; ഛിന്നഭിന്നമായി. ഇന്നത്തെ അധ:പതനത്തിനെല്ലാം അതാണു മൂലം. മുഖ്യമായ തപസ്സ് ആദ്യം ക്ഷയിച്ചു. അപ്പോൾ മററുള്ളവയിലും ആ കോട്ടം വ്യാപിച്ചു......... തപസ്സമുദ്ധരണം തന്നെയാണ് ഭാരതോദ്ഗതിക്കു് ഇന്നു് ആവശ്യം.'' (സംസ്കൃത സാഹിത്യം p. 217) അതെ, ഡോ. രാധാകൃഷ്ണൻ പറഞ്ഞതുപോലെ ആധ്യാത്മികതയുടെ നിറകുടങ്ങളായ യോഗികൾക്കു മാത്രമേ ഭാരത ജന

തയെ ആകർഷിക്കുവാൻ കഴിയൂ. അവക്കു മാത്രമേ ഈ നാട്ടിൽ ഫലപ്രദമായി പ്രവൎത്തിക്കുവാൻ സാധിക്കൂ. ഇതു തന്നെയായിരുന്നില്ലേ കൎമ്മയോഗിയായ ചാവറയച്ചന്റെ വിജയരഹസ്യം? കേരള ജനതയെ കൎമ്മോത്സുകരാക്കുവാനും, അവരുടെ ഹൃദയങ്ങളെ സ്പർശിക്കുവാനും അദ്ദേഹത്തിനു സാധിച്ചു. കാരണം, ഒന്നാമതായി അദ്ദേഹം ഒരു സന്ന്യാസിയായിരുന്നു, ഒരു കൎമ്മയോഗി!

# ചാവറയും
# സി. എം. ഐ. സഭയും

(ഫാദർ ആൻസ്ലം സി. എം. ഐ. പെരുമാലിൽ)

---

കേരളം കണ്ടിട്ടുള്ളതിൽ ഏററവും മഹാനായ നേതാവ്, ഏററവും ധീരനായ വിശ്വാസ സംരക്ഷകൻ, രണ്ടു സന്ന്യാസസഭകളുടെ സ്ഥാപകൻ, വിശുദ്ധ ചരിതൻ-ദൈവദാസൻ ചാവറ കുര്യാക്കോസച്ചൻ ദിവംഗതനായിട്ട് അടുത്ത ജനുവരി മാസം 3-ാംതീയതി നൂറു വർഷം തികയുകയാണ്. കേരളത്തിൻെറ വളക്കൂറുള്ള മണ്ണിൽ പുതിയൊരു ജീവിതത്തിൻെറ ബീജവുമായി കടന്നു വന്ന ആ നിർമ്മലചരിതൻ മരണവും വേദനയുമില്ലാത്ത നിത്യസൗഭാഗ്യത്തിൻെറ പറുദീസായിലേയ്ക്ക് പറന്നുപോയിട്ട് ഒരു നൂററാണ്ടു തികയുകയാണ്. കേരളത്തെ സംസ്കാരസമ്പന്നമാക്കാൻ ആ കർമ്മയോഗി തെരഞ്ഞെടുത്ത പ്രധാന മാർഗ്ഗം കേരളത്തിലെ പുരുഷന്മാർക്കും. വനിതകൾക്കും ഓരോ പ്രത്യേക സന്ന്യാസസഭ നട്ടുവളർത്തുകയെന്നതായിരുന്നു.

വി. ഫ്രാൻസീസ് സേവ്യർ ഉൾപ്പെടെ ഈശോസഭാ വൈദികരും ഫ്രാൻസിസ്കൻ വൈദികരും കർമ്മലീത്താ വൈദികരും കേരളത്തിൽ വന്ന് മതപ്രചരണ ജോലിയിലേർപ്പെട്ടിട്ടുണ്ട്. രണ്ട് നൂററാണ്ടുകളിലധികം കാലത്തേക്ക് കർമ്മലീത്താസഭയിൽപ്പെട്ട വൈദിക മേലദ്ധ്യക്ഷന്മാർ കേരളസഭയെ ഭരിച്ചിട്ടുണ്ട്. കേരളീയർക്കായി ഒരു സന്ന്യാസസഭ സ്ഥാപിക്കുവാൻ അവരിൽ ആരുംതന്നെ ശ്രദ്ധിച്ചില്ല. തങ്ങളുടെ മിഷൻ പ്രവർത്തനങ്ങളെ വിജയിപ്പിക്കുന്നതിനു് നാട്ടുകാരായ വൈദികരുടെ സഹായസഹകരണങ്ങൾ

നേടുന്നതിനു്, അവരിൽ ചിലരെ തങ്ങളുടെ സന്യാസസഭകളിൽ പ്രവേശിപ്പിക്കേണ്ടതു് ആവശ്യമോ ഉപകാരപ്രദമോ ആണെന്നു ചിന്തിക്കാൻപോലും ഈ മിഷനറിമാർ കൂട്ടാക്കിയില്ല. പാശ്ചാത്യ മിഷനറിമാർ, കമ്മലീത്തർ തന്നെയും. സ്വസമൂഹങ്ങളിലേക്കു നാട്ടുകാരെ പ്രവേശിപ്പിച്ചു തുടങ്ങിയതു് ഈ നൂറാണ്ടിൽ മാത്രമാണു; അതും ഇന്ത്യൻ ജനതയിൽ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ദാഹം പ്രകടമായി കണ്ടു തുടങ്ങിയതിനുശേഷം മാത്രം.

സന്യാസജീവിതം നയിക്കുവാൻ ആഗ്രഹമുള്ളവർ അക്കാലഘട്ടത്തിൽ കേരളത്തിലില്ലായിരുന്നു എന്നു വിചാരിക്കുവാൻ വഴിയില്ല. പത്തൊമ്പതാംനൂറാണ്ടിൻെറ ആദ്യ പാതത്തിൽ, മാന്നാനത്തു് ഒരു സന്യാസഭവനം ആരംഭിച്ചപ്പോറം അവിടെ പ്രവേശനം അഭ്യത്ഥിച്ചുകൊണ്ടു് ഓടികൂടിയവരുടെ എണ്ണം തന്നെ ഇതിനൊരു തെളിവാണു്. പാശ്ചാത്യദേശങ്ങളിൽ മുളച്ചുവളന്ന സന്യാസസഭകളിൽ അവക്കു പ്രവേശനം നിഷേധിക്കപ്പെട്ടെങ്കിലും, അവരുടെ പരിശുദ്ധമായ ആഗ്രഹം കെട്ടടങ്ങാതെ നീറിനീറിക്കിടന്നിരുന്നു. അതു് ഊതിക്കത്തിക്കുവാൻ പത്തൊമ്പതാംനൂറാണ്ടിൻെറ ആരംഭഘട്ടത്തിൽ ദൈവം യാത്രയാക്കിയ മൂന്നു വൈദികരാണു്, പാലയ്ക്കൽ തോമ്മാ മല്പാനച്ചൻ, പോരൂക്കര തോമ്മാഅച്ചൻ, ചാവറ കുര്യാക്കോസച്ചൻ എന്നിവർ.

പാലയ്ക്കലച്ചൻെറയും പോരൂക്കരയച്ചൻെറയും നിർബ്ബന്ധപൂർവ്വമായ അഭ്യത്ഥനയെ ആദരിച്ചു് ഒരു സന്യാസസഭ സ്ഥാപിക്കുന്നതിനു് 1829-ാം നവംബർ 1-ാംതീയതി വരാപ്പുഴ മെത്രാനച്ചൻ അവക്കു് അനുവാദം നൽകി. അക്കൊല്ലം തന്നെ നവംബർ 27-ാം തീയതിയാണു് ചാവറ കുര്യാക്കോസു് ശെമ്മാശൻ ചേന്നങ്കരി പള്ളിയിൽവെച്ചു് നവപൂജ അപ്പിച്ചതും. കേരളത്തിൽ വൈദികക്കായിട്ടെങ്കിലും ഒരു സന്യാസസഭ സ്ഥാപിതമായിത്തീരുന്നതിനു വരമരുളണമേ എന്നായിരുന്നു നവപൂജ അപ്പിച്ചുകൊണ്ടു് അദ്ദേഹം പ്രാത്ഥിച്ചതു്.

മേൽപറഞ്ഞ മൂന്നു പേരിൽ സന്യാസജീവിതം നയിക്കണമെന്നുള്ള ആഗ്രഹം ആദ്യമായി അങ്കുരിച്ചതു് പോരൂക്കര തോമ്മാ അച്ചനിലായിരുന്നു. മാന്നാനം കൊവേന്ത നാളാഗമം I a. P. I ൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. ''പോരൂക്കര അച്ചൻ കണിയാന്തറ യാക്കോബിനോടു പറഞ്ഞു, ഞാൻ കർബ്ബാനപട്ടം ഏററുവന്നാൽ നമുക്കു രണ്ടു പേക്കുംകൂടി വല്ല വനവാസത്തിനും പൊയ്കളയാം. ലോകത്തിൽ പെരുമാറിയാൽ രക്ഷപെടാൻ പ്രയാസം'' വീണ്ടും ഈ നാളാഗമം P. 6-ൽ ഇങ്ങനെ കാണുന്നു.' തോമ്മാ അച്ചന്മാർ രണ്ടുപേരും കൂടി ആലോചിച്ചു് നമ്മുറം മുൻപറഞ്ഞ കാര്യം പെ. ബ. മെത്രാനച്ചനോടു ബോധിപ്പിച്ചുംകൊണ്ടു് നമുക്കു് പോകണമെന്നും പറഞ്ഞു് ഒരു ദിവസം ഉല്ലാസ സമയത്തു പറഞ്ഞു, 'ഞങ്ങറം രണ്ടു

പേരും വല്ലയിടത്തും ഒതുങ്ങിപ്പാക്ണമെന്ന നിരൂപിച്ചിട്ടുണ്ടെന്നും ആസ്ഥിന്മ ഞങ്ങാംക്കനുവാദം തരണമെന്നും ഇവിടെ നില്പാൻ വേറി ട്ടൊരാം ഞങ്ങാംതന്നെ ഉണ്ടാക്കിത്തരാമെന്നും പറഞ്ഞു. അപ്പോാം ബ *മെത്രാനച്ചൻ കല്പിച്ചു, അല്പ, വല്പതും തിരിയുന്ന നിങ്ങാം ഒന്നു രണ്ടുപേരുള്ളതു് മിണ്ടടക്കമായി വാച്ചുത്തും ഒതുങ്ങിപ്പാർത്താൽ പിന്നെ ലോകരെ പഠിപ്പിപ്പാൻ ആരെന്നും, അങ്ങനെ നിങ്ങാംക്കു് മനസ്സുണ്ടെങ്കിൽ ഒരു കൊവേന്തവെയ്ക്കിൽ. എന്നാൽ എല്ലാവക്കും ഉപകാരമുണ്ടല്ലോ.''

സ്റ്റബിലീനി മെത്രാനച്ചനിൽ നിന്നു് ലഭിച്ച ഈ മറുപടി അവരെ ആഹ്ലാദംകൊള്ളിച്ചു ഈ മറുപടി പരിശുദ്ധാത്മാവി നാൽ പ്രചോദിതമാണെന്നു ഉറച്ചുകൊണ്ടു്, ആശ്രമസ്ഥാപനത്തി നായി പരിശ്രമം ആരംഭിച്ചു. 1831 മെയ് 11-ാംതീയതി മാന്നാനം കുന്നിൽ, തയ്യിൽ പെരുമാലിൽ കുര്യൻ തരകൻ, തന്റെ പേരിൽ 993-ാംമാണ്ടിലെ കണ്ടെഴുത്തൽ പാട്ടം പതിഞ്ഞിരുന്നതും ആശ്രമസ്ഥാപനത്തിനായി ദാനം ചെയ്തതുമായ ഓലംകണ്ണാല മുകരം എന്ന സ്ഥലത്തു് സന്യാസഭവനത്തിന്റെ ശിലാസ്ഥാപനം പോരൂക്കര തോമ്മാഅച്ചൻ നടത്തി. *1840 ജൂൺ 18 മുതൽ സന്യാസ രീതിയിലുള്ള പൊതുജീവിതമുറയും ആരംഭിച്ചു. പാലയ്ക്കൽ അച്ചൻ 1841-ലും പോരൂക്കര അച്ചൻ 1846-ലും പരലോകം പ്രാപിക്കകയാൽ സന്യാസസഭാസംബന്ധമായ എല്ലാ ചുമതലയും ഭാരവും ചാവറ കുര്യാക്കോസച്ചനിൽ വന്നു പതിച്ചു. പ്രസ്തുത സന്യാസ സമൂഹത്തിന്റെ ആധിപത്യവും ചാവറയിൽ നിക്ഷിപ്തമായി. അതിലെ സന്യാസികളുടെ എണ്ണം ക്രമേണ വർദ്ധിച്ചുകൊണ്ടുമിരുന്നു. പൌരസ്ത്യരുടെ മുറയിൽ, മെത്രാന്റെ അംഗീകാരത്തോടെ ആരംഭിച്ച ഈ പൊതുജീവിതമുറ സന്യാസത്തിന്റെ, അന്തസത്തയ്ക്കു ധാരാളം മതിയായിരുന്നു. ആദ്യകാലങ്ങളിൽ സന്യാസജീവിതത്തിനു് വ്രതാനുഷ്ഠാനം നിർബന്ധമല്ലായിരുന്നുവല്ലോ. മാത്രമല്ല മെത്രാനാൽ അംഗീകൃതമായ ഒരു നിയമാവലിയും ഇവക്കുണ്ടായിരുന്നു.

പാറപ്പുറത്തു വക്കിയച്ചൻ തന്റെ ഡയറി P. 17-ൽ ഈ നിയമാവലിയെപ്പറ്റി പ്രസ്താവിക്കുന്നുണ്ടു്. അതു് താഴെ കൊടുക്കുന്നു.

1. വശനം പറകുന്നു. എഴുത്തനിക്കപ്പെടുന്നു. ഭക്തിമയമായ കുമ്പസ്സാരക്കാരനോടു പല ഊഴവും കുമ്പസ്സാരിക്കുന്നതു്.
2. നിത്യവും കുറഞ്ഞാൽ അരമണിക്കൂർ എടം ധ്യാനിക്കുന്നതു്.
3. അത്രതന്നെ നേരമെങ്കിലും അരൂപിക്കടുത്ത പുസ്തകം വായിക്കുന്നതു്.
4. വേണ്ടുന്ന ആസ്തുപ്പാടോടു കൂടി കുർബ്ബാന ചൊല്ലുകയും കഴിഞ്ഞതിന്റെ ശേഷം സ്തുതികൊണ്ടാട്ടം ചെയ്യുന്നതു്.

---

* ചാവറയച്ചൻ എഴുതിയ മാന്നാനം കൊവേന്തയുടെ നാളാഗമം 1 a. P. 51-54

5. ഭക്തിയോടു കൂടി കാനോന നമസ്കാരം എത്തിക്കുന്നതു്.

6. തീനിലും കുടിയിലും പതവും അന്മേനിക്കാരോടു ത്വുസാരത്തിൽ ശുരുക്കവും ഉണ്ടായിരിക്കുന്നതു്.

7. നിത്യവും വൈകുന്നേരത്തു് ദോഷങ്ങാം ഓക്കുന്നതു്.

8. വികാരിമാർ അവരെ ഏല്പിച്ചിരിക്കുന്ന ലോകരോടു എളിമയും ഇണക്കവും സ്നേഹവും പട്ടാങ്ങയും കാട്ടുന്നതു്.

9. കുമ്പസാരിപ്പിക്കുമ്പോാം അപ്പൻെറയും ന്ന്യായക്കാരൻെറയും വൈദ്യൻെറയും മല്ലാൻെറയും പ്രവൃത്തി പ്രവത്തിക്കുന്നുയെന്നു പട്ടക്കാരെല്ലാവരും നിരൂപിച്ചുകൊള്ളുന്നതു്.

10. പട്ടക്കാരെല്ലാവരും പലപ്പോഴും രോഗികളെച്ചെന്നു കാണുകയും തണുപ്പിക്കുകയും പ്രത്യേകം വികാരിമാരു് അവരെ ഏല്പിച്ചിരിക്കുന്നതുപോലെ അവരാൽ എങ്കിലും മററു പട്ടക്കാരാലെങ്കിലും മരണ സമയത്തെ വേണ്ടുന്നതിനേ ചയ്തു മരിപ്പാൻ എടവരുത്തുന്നതു്.

ഈശോമിശിഹാ കത്താവിനെ സ്നേഹിക്കാത്തവനു മഹറോൻ പൗലോസ് ശ്ലീഹാ കല്പിക്കുന്നു. സന്ന്യാസമുറപ്രകാരമുള്ള ധ്യാനം, ആത്മശോധന, പ്രായശ്ചിത്തം, പ്രാത്ഥന, വിനയപ്രകൃതം—ഇത്യാദികളാണു് ഇതിൽ പറയുന്ന പ്രധാന കാര്യങ്ങാം.

മാന്നാനത്തെ സന്ന്യാസസമൂഹം വൈദികക്കുവേണ്ടി മാത്രം സ്ഥാപിതമായതാണു് എന്നു് നിയമാവലിയിൽ നൽകിയ അനുവാദ പത്രത്തിൽ വ്യക്തമായി പറയുന്നുണ്ടു്. തന്നിമിത്തം നിയമാവലി വൈദികരെ മാത്രം സ്പർശിക്കുന്നതുമായിത്തീന്നു.

പ. സിംഹാസനം അംഗീകരിച്ച ഒരു നിയമാവലിയും വ്രതാനുഷ്ഠാനവും തങ്ങാംക്കില്ലാത്തതു് ഒരു കുറവായിട്ടു് മാന്നാനത്തെ സന്ന്യാസികാംക്കു തോന്നിത്തുടങ്ങി. വിദേശികളായ കർമ്മലീത്താ സന്ന്യാസികളുമായുള്ള സമ്പർക്കമായിരിക്കാം ഇതിനുള്ള ഹേതു. കർമ്മലീത്താ മിഷനറിമാർ പലരും മാന്നാനത്തു് ഇടയ്ക്കിടെ വരികയും അവിടെ താമസിക്കുകയും അവിടെ നയിച്ചിരുന്ന ജീവിത രീതിയിൽ സംതൃപ്തി പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ടു്. പ. സിംഹാസനം അംഗീകരിച്ച ഒരു നിയമാവലി തങ്ങാംക്കു നേടിത്തരണമെന്നു് മലബാർ വികാരി അപ്പസ്തോലിക്കാമാരുടെ പക്കൽ ചാവറയച്ചൻ പലപ്പോഴും അപേക്ഷകാം സമപ്പിച്ചിട്ടുണ്ടു്. തത് സംബന്ധമായി ബർണ്ണാദീനോസു ബെച്ചിനെല്ലി മെത്രാപ്പോലീത്താ 1855 സെപ്റ്റംബർ 28-ാംതീയതി അയച്ച ഒരു കത്തിൽ ഇങ്ങനെ കാണുന്നു. ''ഈ വികാരിയാത്തിൽ പല വർഷങ്ങളായി നിലവിലിരിക്കുന്ന ഒരു കൊവേന്തയിൽ, അതെ ഏകാന്തതയിൽ വസി

ച്ചു വരുന്ന കത്തനാർമാർ അതിനു ഒരു നിയമവും ഒരു സന്യാസ സഭയുടെ രൂപവും നൽകണമെന്നു് എന്നോടാവശ്യപ്പെട്ടിരിക്കുന്നു ... ഈ സമൂഹത്തിൻെറ ലക്ഷ്യം അവരുടെ മാത്രമല്ല, ക്രൈസ്തവരുടെ, അതായതു് ജ്ഞാനസ്നാനം സ്വീകരിച്ചവരുടെ ആദ്ധ്യാത്മിക ക്ഷേമം ... ... ഈ സന്ദർഭത്തിൽ ഈ കത്തനാർമാരുടെ നാമത്തിൽകൂടെയും അവിടത്തെ പരിശുദ്ധിയിൽ നിന്നും, തിരുസ്സംഘത്തിൽ നിന്നും അംഗീകാരവും ആശീർവാദവും ഞാൻ വിനയപൂർവ്വം അപേക്ഷിച്ചു കൊള്ളുന്നു.''

ഈ അപേക്ഷയ്ക്കു പ്രൊപ്പഗന്താ തിരുസ്സംഘം 1855 ഡിസം: 12–ാംതീയതി മറുപടി അയച്ചുകൊടുത്തു. അതിൽ ഇങ്ങനെ കാണുന്നു. ''പ്രസ്തുത കൊവേന്തയിലെ കത്തനാർമാരെ പ്രചോദിപ്പിക്കുന്ന ചൈതന്യത്തിലും യഥാർത്ഥവും നിയമനിഷ്ഠവുമായ അനുഷ്ഠാനങ്ങൾക്കു സ്വയം വിധേയരാകുന്നതിനുള്ള അവരുടെ അഭിലാഷത്തിലും ഞാൻ സവിശേഷം സന്തോഷിക്കുന്നു. അവക്കു് ഗുണപ്രദമായ ഒരു നിയമസംഹിത നൽകുന്നതിൽ അവിടന്നു് പ്രകാശിപ്പിച്ചിട്ടുള്ള ഔത്സുക്യത്തെ എനിക്കു് പ്രശംസിക്കാതിരിക്കുവാൻ വയ്യ. ഈ നിയമസംഹിത പിന്നീടു് പരിചിന്തനത്തിനും ഉപരി അംഗീകാരത്തിനും വിധേയമാക്കാവുന്നതാണു്. എന്നാൽ ഇപ്പോൾ പ്രശംസനീയമായ ഈ സംരംഭത്തിൽ പരിശുദ്ധ പിതാവിനുള്ള സംതൃപ്തിയേയും അതോടു സഹകരിക്കുന്നതിൽ ഈ തിരുസ്സംഘത്തിനുള്ള അതീവതാല്പര്യത്തെയുംപററി ഞാൻ ഉറപ്പു ഈ കത്തനാരന്മാക്കു നൽകികൊള്ളുന്നു.''

കർമ്മലീത്തനായ വൈദികമേലദ്ധ്യക്ഷൻ ചാവറയച്ചനും, സഹപ്രവർത്തകർക്കും നൽകിയ നിയമാവലി കർമ്മലീത്താസഭയുടേതായിരുന്നു. സ്ഥലകാലസാഹചര്യങ്ങൾക്കനുയോജ്യമായ ചില ചില്ലറ ഭേദഗതികൾ അതിൽ വരുത്തിയിരിക്കുന്നു. അതു വായിച്ചു വിശദീകരിച്ചുകൊടുക്കുന്നതിനും അവയുടെ അനുഷ്ഠാനങ്ങളിലും സന്യാസജീവിത രീതിയിലും പരിശീലിപ്പിക്കുന്നതിനുമായി നിയുക്തനായിരുന്ന മർസ്ലീനോസ് മിഷനറിയും കർമ്മലീത്തനായിരുന്നു. തന്നിമിത്തം കർമ്മലീത്താ രീതിക്കും ചൈതന്യത്തിനും അനുയോജ്യമായ ഒരു ചൈതന്യവും അനുഷ്ഠാന രീതിയുമാണു് അവർക്കു് സിദ്ധിച്ചതു്. ഈ നിയമാവലി സ്വീകരിക്കുന്നതിനു മാന്നാനത്തെ സന്യാസസമൂഹത്തിനു് ഒട്ടും തന്നെ തൃപ്തിയില്ലായിരുന്നു. ഈ നിയമാവലി അവരുടെ മേൽ കെട്ടിയേല്പിക്കുകയായിരുന്നു എന്നു് ചാവറയച്ചൻ എഴുതിയ മാന്നാനം കൊവേന്തയുടെ നാളാഗമം Val. II P. 1–4 ഉം പാറപ്പുറത്തു് വർക്കിയച്ചൻ എഴുതിയ ചരിത്രം Val 1. P. 15–21 ഉം തെളിയിക്കുന്നുണ്ടു്.

ചാവറയച്ചൻെറ വ്രതാനുഷ്ഠാന വാചകത്തിൽ ''കർമ്മലോ'' എന്ന പദം ചേർക്കാൻ ഇടവന്നതു് മേൽപ്പറഞ്ഞ സാഹചര്യംകൊ

ണ്ടാണെന്നുവേണം അനുമാനിക്കാൻ. എന്നു വരുകിലും നിയമം നൽകിയ ബർണ്ണദ്ദീനോസ് മെത്രാപ്പോലീത്താസ്ലോ, പരിശീലനം നൽകിയ മർസ്സീനോസ് മിഷനറിക്കോ, നിയമം സ്വീകരിച്ചു സ്വന്തം വ്രതാനുഷ്ഠാനം നടത്തുകയും മററു പത്തു സഹപ്രവത്തകരുടെ വ്രതാനുഷ്ഠാനം സ്വീകരിക്കുകയും ചെയ്ത ചാവറയച്ചനോ മാന്നാനത്തു സ്ഥാപിതമായസഭ പുരാതന കർമ്മലീത്താസഭയുടെ ഒരു ഭാഗമാണെന്നോ അതുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടതാണെന്നോ ഉള്ള ധാരണ അശേഷമില്ലായിരുന്നു. 1855 മുതൽ 1866 വരെ റോമിൽ താമസിച്ചിരുന്ന കർമ്മലീത്താ പ്രിയോർ ജനറാളുമായി മാന്നാനത്തെ സന്യാസസമൂഹത്തിൻെറ അധിപനായ ചാവറയച്ചൻ യാതൊരു ബന്ധവും കത്തിടപാടു പോലും നടത്തിയതായി യാതൊരു രേഖയുമില്ല. സഭയുടെ ആദ്യത്തെ പേരുതന്നെ ''ഉത്ഭവപാപം കൂടാതെ ജനിച്ച മാതാവിൻെറ ശുശ്രൂഷികരം'' എന്നായിരുന്നു.

ഇൻഡ്യാക്കാരുടേതായ ഒരു സന്യാസസഭയെ തങ്ങളുടേതിനോടു ബന്ധപ്പെടുത്തുന്നതുതന്നെ ഒരു കുറവായിട്ടാണ് മിഷനറിമാർ പരിഗണിച്ചതു്. ഇൻഡ്യയിലെ അവരുടെ മിഷൻെറ വിജയത്തിനുവേണ്ടിപ്പോലും നാട്ടുകാരനായ ഒരു വ്യക്തിയേയും അവരുടെ സന്യാസസഭയിൽ സ്വീകരിക്കുന്നതിനു് അവർ സന്നദ്ധരായില്ല. സന്യാസജിവിതം ആഗ്രഹിച്ചിരുന്നു, അതിനുവേണ്ടി എന്തു ത്യാഗവും സഹിക്കുന്നതിനു സന്നദ്ധത പ്രകടിപ്പിച്ചിരുന്ന, അനേകം യുവവൈദികർഅന്നു കേരളത്തിലുണ്ടായിരുന്നു എന്നുള്ളതിനു മാന്നാനത്തേക്കു പ്രവഹിച്ച സന്യാസാത്ഥികളുടെ എണ്ണവും അവരുടെ സാമൂഹ്യമായ നിലയും വിലയും നമ്മെ ബോദ്ധ്യപ്പെടുത്തുന്നുണ്ടു്. ബർണ്ണദീനോസ് ബച്ചിനെല്ലിമെത്രാപ്പോലീത്താ 1860 ജൂൺ 29-ാംതീയതി മാർപ്പാപ്പായിക്കയച്ച റിപ്പോർട്ടിൽ ഈ വസ്തുത വർണ്ണോജ്ജ്വലമായി വിവരിക്കുന്നുണ്ടു്. 1861 വരെ, അല്ല 1864 ഏപ്രിൽ 24-ൽ കൂനമ്മാവിൽ സമ്മേളിച്ച പൊതുസംഘംവരെ, ചാവറയച്ചനും അനുയായികളും നയിച്ചുപോന്ന ജീവിതരീതിയും അഭ്യസിച്ചുപോന്ന ഭക്താനുഷ്ഠാനങ്ങളും നിർവ്വഹിച്ചുവന്ന പ്രവത്തനങ്ങളും കർമ്മലീത്താസഭയുടേതായിരുന്നില്ല എന്നു മാന്നാനംകൊവേന്തയുടെ നാളാഗമങ്ങരം 1-2-3 ഭാഗങ്ങരം നമ്മെ ബോദ്ധ്യപ്പെടുത്തുന്നുണ്ടു്.

1855 ഡിസംബർ 8-ാംതീയതി ചാവറയച്ചൻ വായിച്ചു സമപ്പിച്ച വ്രതാനുഷ്ഠാനപത്രികയിൽ 'കർമ്മലോ' എന്ന പദം ഉണ്ടായിരുന്നെങ്കിലും സഭയുടെ ഔദ്യോഗികനാമം, 'ഉത്ഭവപാപം കൂടാതെ ജനിച്ച മാതാവിൻെറ ശുശ്രൂഷികരം'എന്നായിരുന്നു എന്നു നേരത്തെ പ്രസ്താവിച്ചുവല്ലോ. 1857 ആഗസ്റ്റ് 14-ാംതീയതി അതായതു് ചാവറയച്ചൻെറയുംമററും വ്രതാനുഷ്ഠാനം കഴിഞ്ഞു

ഒരു കൊല്ലവും എട്ടു മാസവും കഴിഞ്ഞപ്പോൾ മർസ്സീനോസ് മിഷനറി ചാവറയച്ചനെഴുതിയ ഒരു ഔദ്യോഗികകത്ത് (ക്ലന മ്മാവ് വി. ഫിലോമിനായുടെ ആശ്രമം ചാവറയച്ചനെ ഏല്പിക്കുന്ന രേഖ) ഇങ്ങനെയാണു തുടങ്ങുന്നത് ''പെ. ബഹുമാനപ്പെട്ട ഉത്ഭവപാപമെന്യേ ജനിച്ച മാതാവിൻെറ ശുശ്രൂഷിയും മാന്നാനത്ത് കൊവേന്തയിൽ പ്രിയോരുമായ ചാവറ കുര്യാക്കോസ് അച്ചന്''. മർസ്സീനോസ് മിഷനറി ഈ രേഖ മൂലം സമ്മതിക്കുന്നതു മാന്നാനത്തെ സന്യാസസമൂഹം കർമ്മലീത്താസഭയോടു ബന്ധപ്പെട്ടതല്ല എന്നല്ലേ. ചാവറയച്ചനും താൻ സ്ഥാപിച്ചതും ഭരിക്കുന്നതുമായ സഭ കർമ്മലീത്താസഭയോടു ബന്ധപ്പെട്ടതല്ല എന്നു ബോദ്ധ്യമുണ്ടായിരുന്നു. മാന്നാനം കൊവേന്തസ്ഥാപനത്തിനു തൻെറ പേരിൽ 993-ാമാണ്ടിലെ കണ്ടെഴുത്തിൻപാട്ടം പതിഞ്ഞിരുന്ന 'ഓലക്കണ്ണാല' എന്ന സ്ഥലം ദാനം നൽകിയ മാന്നാനത്തു തയ്യിൽ പെരുമാലിൽ കുര്യൻതരകൻ ആശ്രമസ്ഥരുടെ നിത്യച്ചെലവിന്, നിത്യകുർബ്ബാനയുടെ ബാദ്ധ്യതയോടെ നൽകിയ നിലത്തെ സംബന്ധിച്ച ചാവറയച്ചൻ 1857 നവംബർ 2-ാംതീയതി ഓലയിൽ എഴുതിയ ഒരു രസീതു് സ്വന്തം കൈയ്യൊപ്പോടുകൂടി നല്കിയിട്ടുണ്ട്. ഇന്നും കേടുകൂടാതെയിരിക്കുന്ന പ്രസ്തുത രസീതു് ഇങ്ങനെ ആരംഭിക്കുന്നു. ''മാന്നാനം കൊവേന്തയിൽ അമലോത്ഭവ മാതാവിൻദർശനത്തിൻ പ്രിയോര എഴുത്ത. കുടമാളൂർ പള്ളിഇടവകക്കാരൻ പെരുമാലിൽ ഓക്കാണ്ട കുര്യൻതരകൻ കണ്ട് എന്നാൽ............''

മാത്രമല്ല ബർണ്ണർദ്ദീനോസ് ബച്ചിനെല്ലി മെത്രാപ്പോലീത്താ 1855 സെപ്റ്റംബർ 28-ാംതീയതി പ. സിംഹാസനത്തിനയച്ച കത്തിൽ മാന്നാനത്തെ സന്യാസസമൂഹത്തിനു കർമ്മലീത്താ നിയമംതന്നെ കാലദേശസാഹചര്യങ്ങൾക്കനുസൃതമായി അല്പസ്വല്പ ഭേദഗതികളോടെ നൽകുന്നു എന്ന് എഴുതിയിരുന്നെങ്കിലും ഇതിന് പ്രൊപ്പഗന്താ തിരുസ്സംഘം നൽകിയ മറുപടിയിൽ ''ഈ നിയമസംഹിത പിന്നീടു പരിചിന്തനത്തിനും ഉപരി അംഗീകരണത്തിനും വിധേയമാക്കാവുന്നതാണ്'' എന്നു പ്രസ്താവിച്ചിരിക്കുന്നതിൽ നിന്നും കർമ്മലീത്താസഭയുടെ ഭാഗമാക്കിത്തീർക്കുക എന്ന ഉദ്ദേശത്തോടുകൂടിയല്ല ഈ നിയമാവലി നൽകപ്പെട്ടതു് എന്നും വ്യാഖ്യാനിക്കാവുന്നതാണ്.

എന്നാൽ സന്യാസജീവിതം നയിക്കണമെന്നുള്ള ആഗ്രഹത്താൽ ഉജ്ജ്വലിച്ച് മാന്നാനത്തേയ്ക്കു പ്രവഹിച്ച സന്യാസാർത്ഥികളുടെ എണ്ണം ഊഹാതീതമായിരുന്നു. ഏതു കർക്കശനിയമവും അനുസരിക്കുന്നതിന് അവർ പ്രകടിപ്പിച്ച സന്നദ്ധത വിസ്മയകരമായിരുന്നു. തന്നിമിത്തം കർമ്മലീത്താസഭയിലെ നിയമാവലിയിലുണ്ടായിരുന്നതും യൂറോപ്പിലുള്ള കർമ്മലീത്തർക്കും കേരളത്തിൽ

വന്ന കർമ്മലീത്താമിഷനറിമാർക്കും അനുഷ്ഠിക്കാൻ വിഷമകരമായി അനുഭവപ്പെട്ടിരുന്നതുമായ നിയമങ്ങൾ ഓരോന്നായി അവർ ഈ സഭയിൽ നടപ്പാക്കാൻ തുടങ്ങി. സഭാംഗങ്ങൾ അവയെല്ലാം ദൈവ സ്നേഹത്തെപ്രതി സഹർഷം സ്വാഗതം ചെയ്തു. ബർണ്ണർദ്ദീനോസ് ബെച്ചിനെല്ലിമെത്രാപ്പോലീത്താ 1860 ജൂൺ 29-ാം തീയതി പ്രൊപ്പഗന്തതിരുസ്സംഘത്തിനും, ലിയോപ്പോൾഡ് മിഷനറി 1870 ഫെബ്രുവരി 2-ാംതീയതി കർമ്മലീത്താ പ്രിയോർജനറിളിനു, കാന്തിദോസ് മിഷനറി പെർസിക്കോമെത്രാനും നൽകിയ സുദീർഘങ്ങളായ റിപ്പോർട്ടുകൾ ഈ വസ്തുതകളെ വിശദമായി സ്ഥിരീകരിക്കുന്നുണ്ട്.

പരിപൂർണ്ണമായ അനുസരണയും വിധേയത്വവും എളിമയും മറ്റുമെല്ലാമുള്ള ഈ സന്യാസികളെ തങ്ങളുടെ പരിപൂർണ്ണാധിപത്യത്തിൽ വച്ചുകൊണ്ടിരിക്കേണ്ടതു്, തങ്ങളുടെ നേതൃത്വവും പ്രാബല്യവും കേരളത്തിൽ നിലനിർത്തിക്കൊണ്ടുപോകുന്നതിനു് ഉപകാരപ്രദമാണെന്നു മാത്രമല്ല, ആവശ്യംകൂടെയാണെന്നു് കർമ്മലീത്താ മിഷനറിമാരും ഇവിടെ ഭരിച്ച കർമ്മലീത്താവികാരി അപ്പസ്തോലിക്കാമാരും നല്ലതുപോലെ മനസ്സിലാക്കിയിരുന്നു. ബർണ്ണർദ്ദീനോസ് ബച്ചിനെല്ലി, മിഷനറിമാരായ മർസ്സീനോസ്, ലിയോപ്പോൾഡ് എന്നിവർ 1864 ജൂൺ 18, 1866 മെയ് 18, ആഗസ്റ്റ് 20, 1870 ഫെബ്രുവരി 2 എന്നീ തീയതികളിൽ റോമിൽ കർമ്മലീത്താ പ്രിയോർജനറാളിനയച്ച സുദീർഘമായ റിപ്പോർട്ടുകളിൽ ഈ വസ്തുത പ്രകടമായി പ്രസ്താവിക്കുന്നുണ്ട്. 1861-ൽ ഈ സഭയെ കർമ്മലീത്താസഭയുമായി ബന്ധപ്പെടുത്തിയിരിക്കുന്നു എന്നു പ്രഖ്യാപിക്കുവാൻ ബർണ്ണർദ്ദീനോസ് ബച്ചിനെല്ലി മെത്രാപ്പോലീത്തായെ പ്രേരിപ്പിച്ച ചേതോവികാരവും ഇതുതന്നെയായിരുന്നു എന്നാൽ, തത്സംബന്ധമായ ഔദ്യോഗികരേഖകളൊന്നും ഇന്നു് ഒരു സ്ഥലത്തും കാണ്മാനില്ല എന്നുള്ള വസ്തുത ചിന്തനീയമാണു്.

കർമ്മലീത്താനിയമം നൽകിയ ബർണ്ണർദ്ദീനോസ് ബച്ചിനെല്ലി മെത്രാപ്പോലീത്താ കർമ്മലീത്താ സഭാവസ്ത്രം ഈ സഭാംഗങ്ങൾക്കു നല്കിയില്ല എന്നുള്ളതും പ്രകൃതത്തിൽ ചിന്തനീയമാണു്, സഭാംഗങ്ങളുടെ വിധേയത്വത്തെപ്പററിയുള്ള ബോദ്ധ്യവും അവരുടെ സേവനങ്ങളിലുള്ള മതിപ്പും വർദ്ധിച്ചുവന്ന തോതനുസരിച്ചു വ്രതാനുഷ്ഠാനത്തിനുശേഷം നാലുകൊല്ലം കഴിഞ്ഞു് സ്കാപ്പുലറും പതിമ്മൂന്നു കൊല്ലം കഴിഞ്ഞു് കപ്പൂസും നൽകി. പക്ഷേ, അതു കർമ്മലീത്തരെപ്പോലെ കപിലനിറത്തിലോ രോമംകൊണ്ടുള്ളതോ ആകരുതു്, വെറും വെള്ളനിറത്തിലുള്ള പഞ്ഞികൊണ്ടുള്ളതായിരിക്കണമെന്നു അവർക്കു നിർബ്ബന്ധമുണ്ടായിരുന്നു.

കർമ്മലീത്താ മിഷനറിമാർ നാട്ടുകാരായ വൈദികരോടും ആത്മായരോടും പ്രകടിപ്പിച്ചിരുന്ന അധികാരപ്രമത്തതയും, അവ

ജ്ഞാമനോഭാവവും അതനുസരിച്ചുള്ള പെരുമാററവും നിമിത്തം അവ ക്കെതിരായി ജനരോഷം ആളിക്കത്തുന്ന ഒരു കാലഘട്ടമായിരുന്നു അതു്. റോക്കോസ്-മേലൂസ് വിപ്ലവങ്ങൾക്ക വഴി തെളിച്ചതും ഈ ജനരോഷം തന്നെയായിരുന്നു ഈ ഘട്ടത്തിൽ ഇവിടത്തെ ജന ത്തിന്മേൽ സ്വാധീനം ചെലുത്തുവാൻ കഴിവുള്ള ഒരു സന്യാസസമൂ ഹത്തെ തങ്ങളുടെ സ്വാധീനത്തിൽ നിർത്തേണ്ടതു് വിദേശമിഷന റിമാരുടെ ഒരാവശ്യമായിരുന്നു.

1873-ൽ മർസ്ലീനോസ് മിഷനറി ഒരു പുതിയ നിയമാവലി സഭാംഗങ്ങളുടെമേൽ അടിച്ചേല്പിക്കുന്നതിനു ശ്രമിച്ചു. പക്ഷെ, സഭാംഗങ്ങളുടെ എതിർപ്പുനിമിത്തം ഈ നിയമാവലി നടപ്പാക്കാൻ സാധിച്ചില്ല. ഇതിൻെറ എതാനും പ്രതികൾ ഇന്നും മാന്നാനം ആശ്രമ ത്തിൻെറ ഗ്രന്ഥാലയത്തിൽ സൂക്ഷിക്കപ്പെടുന്നുണ്ട്. അതിൽ കർമ്മ ലീത്താചൈതന്യം സഭയിൽ പുലത്തുക എന്നതിനു പ്രത്യേകം ശ്രദ്ധിച്ചതായി കാണുന്നില്ല. അതേസമയം കർമ്മലീത്താ ആധിപത്യം ഇവിടെ ഉറപ്പിക്കുന്നതിനു് സഭാംഗങ്ങളെ കരുവാക്കി പകത്തുന്ന തിനുള്ള വ്യഗ്രത പ്രകടമായി കാണുന്നുണ്ട്. 1885-ൽ പ. സിംഹാ സനം അംഗീകരിച്ച നിയമാവലി സഭാംഗങ്ങൾ ഒററക്കെട്ടായി ബഹിഷ്ക്കരിച്ചതു് ഇതേ കാരണങ്ങൾ കൊണ്ടുതന്നെയായിരുന്നു.

ഇത്രയും പ്രസ്താവിച്ചതിൽനിന്നും കർമ്മലീത്താ ചൈതന്യത്തി ന്നനുസൃതമായി ഒരു ഏതദ്ദേശീയസന്യാസസഭയെ വളത്തിയെടു ക്കുക എന്നതിനേക്കാൾ ഇവിടെ മുളച്ചു വളർന്നുവന്ന ഒരു സന്യാസ സഭയെ, തങ്ങളുടെ ആധിപത്യം ഇവിടെ ഉറപ്പിക്കുന്നതിനുള്ള കരു വാക്കിത്തീക്കുക എന്നതായിരുന്നു. കർമ്മലീത്താമിഷനറിമാരുടെയും വൈദികമേലദ്ധ്യക്ഷന്മാരുടെയും ലക്ഷ്യമെന്നു തെളിയുന്നുണ്ടല്ലോ. സഭാംഗങ്ങൾ ഈ വസ്തുത മനസ്സിലാക്കിയിരുന്നു. കർമ്മലീത്താ നിയമങ്ങൾ നടപ്പിലാക്കുകയും കർമ്മലീത്താഅധികാരികളോടു പൂർണ്ണമായ വിധേയത്വം വളത്തിയെടുക്കാൻ അശ്രാന്തപരിശ്രമം ചെയ്യുകയും ചെയ്തിരുന്ന കർമ്മലീത്താമിഷനറിമാർ തങ്ങൾക്ക കർമ്മ ലീത്താസഭാവസ്ത്രം നൽകാതിരുന്നതിനെ ഏററിയ അമർഷത്തോടു കൂടിയാണു് സഭാംഗങ്ങൾ വീക്ഷിച്ചതു്. അവർ പ്രൊപ്പഗാന്ത തിരുസ്സംഘത്തിനയച്ച ചില പരാതികളിലും ഈ അമർഷം പ്രകട മായി കാണാം.

ഇതിൻെറ പ്രതികരണം, കർമ്മലീത്താ മിഷനറിമാരുടെ ആ ധിപത്യം അവസാനിച്ചപ്പോൾ സഭയിലെങ്ങും പ്രത്യക്ഷപ്പെട്ടു. നി യമാവലി പരിഷ്ക്കരിക്കുന്നതിനായി 1890-ആഗസ്റ്റുമാസത്തിൽ അമ്പഴക്കാട്ടു കൊവേന്തയിൽ സമ്മേളിച്ച സഭയുടെ പൊതുസംഘം, കർമ്മലീത്താ സഭാവസ്ത്രം—കപില നിറത്തിലുള്ള രോമവസ്ത്രം— സഭയിൽ നടപ്പാക്കുന്നതിനു നിശ്ചയിക്കുകയും അതു നിയമാവലി

യിൽ ഉൾപ്പെടുത്തുകയും ചെയ്തു. എന്നാൽ അതോടൊപ്പം കഴിയു ന്നത്ര കർമ്മലീത്താ ജീവിതരീതി നടപ്പാക്കുന്നതിനും അവർ തീരു മാനിച്ചു. ലിയോപ്പോൾഡ് മിഷനറിയിൽനിന്നും നവസന്യാസ പ രിശീലനം സിദ്ധിച്ചവരായിരുന്നല്ലൊ. അക്കാലത്തും തുടർന്നും സഭ യുടെ ഭരണസാരഥ്യം വഹിച്ചിരുന്നവർ. കർമ്മലീത്താ സഭാവസ്ത്രം നൽകാതിരുന്നതു് തങ്ങളോടൊപ്പം നാട്ടുകാരെയും വീക്ഷിക്കുന്നതിനു കർമ്മലീത്താ മിഷനറിമാരുടെ അഭിമാനം അവരെ അനുവദിക്കാ ത്തതുകൊണ്ടാണെന്നു് സഭാംഗങ്ങളിൽ ഒരു വിഭാഗത്തിനു ശക്തിയാ യ അഭിപ്രായമുണ്ടായിരുന്നു. തൽഫലമായി സഭയ്ക്കു ഭരണപര മായി പൂർണ്ണ സ്വാതന്ത്ര്യം കിട്ടിയപ്പോൾ മിഷ്യനറിമാരെപ്പോലെ തങ്ങളും വസ്ത്രത്തിൻെറകാര്യത്തിൽ, കർമ്മലീത്തരെപ്പോലെ ആയി രിക്കണമെന്നു ആഗ്രഹിച്ചു. അതിനായി തീരുമാനമെടുത്തു. തദ നുസൃതമായ നീക്കങ്ങളാണു പിന്നീടു സഭാംഗങ്ങളിൽ പ്രത്യക്ഷപ്പെ ട്ടതു്. എങ്കിലും ചാവറയച്ചൻ തുടങ്ങിവെച്ച പ്രവർത്തനങ്ങൾ സഭ യിൽ തുടർന്നുകൊണ്ടു പോയിരുന്നു.

ലിയോപ്പോൾഡ് മിഷ്യനറി കർമ്മലീത്താ ചൈതന്യവും അ നുഷ്ഠാനവും അതിൻെറ പൂർണ്ണ രീതിയിൽത്തന്നെ സഭയിൽ നടപ്പി ലാക്കണമെന്നാഗ്രഹിക്കുകയും അതിനായി പരിശ്രമിക്കുകയും ചെ യ്തിരുന്നു. 1864–ഏപ്രിൽ 24 മുതൽ കൂനമ്മാവിൽ ലിയോപ്പോൾഡ് മിഷ്യനറിയുടെ നേതൃത്വത്തിൽ നടന്ന സഭയുടെ പൊതുസംഘനി ശ്ചയങ്ങളും നടപടികളും ഈ വസ്തുത വ്യക്തമാക്കുന്നുണ്ടു്. എന്നാൽ ഈ സഭ സ്ഥാപിതമായിരിക്കുന്നതു ഈ നാട്ടിലെ ജനങ്ങളുടെ നാ നാമുഖമായ അഭിവൃദ്ധിയെ ലക്ഷ്യമാക്കിയാണെന്നുള്ളതിനാൽ ബ ർണ്ണർദ്ദീനോസ് ബച്ചിനെല്ലി സഭാംഗങ്ങളുടെ പ്രേഷിത പ്രവർത്ത നങ്ങൾക്കു എല്ലാവിധ പ്രോത്സാഹനവും കൊടുത്തിരുന്നു. മാത്രമല്ല ലിയോപ്പോൾഡ് മിഷ്യനറിയുടെ അതിരു കടന്ന ചൈതന്യ സ്ഥാ പന പ്രവർത്തനങ്ങൾക്കു കടിഞ്ഞാണിടുകയും ചെയ്തിരുന്നു. പള്ളി കളിൽ ധ്യാനപ്രസംഗങ്ങൾ നടത്തുക, കൂദാശകളുടെ പരികർമ്മം ദേവാലയങ്ങളിലെ പ്രസംഗം മുതലായവയ്ക്കു ഇടവക വികാരിമാരെ സഹായിക്കുക, മാന്നാനത്തെ പ്രസ്സു നടത്തിക്കൊണ്ടു പോകുക തുട ങ്ങിയ സംഗതികളിൽ ലിയോപ്പോൾഡ് മിഷ്യനറി പല നിയന്ത്ര ണങ്ങളും ചെലുത്തിയിരുന്നു. ഇതിനും പുറമെ, മാന്നാനത്തുണ്ടായി രുന്ന സ്ഥാവര വസ്തുക്കളെല്ലാം വിററു് പണം മദ്രാസിലുള്ള ഒരു വി ദേശബാങ്കിൽ നിക്ഷേപിച്ചു് അതിൻെറ പലിശകൊണ്ടു നിത്യച്ചെ ലവു നടത്തണമെന്നും നിശ്ചയിച്ചിരുന്നു. സ്ഥാവര വസ്തുക്കളുടെ കാര്യാന്വേഷണം ഏകാന്തതയ്ക്കും പ്രാർത്ഥനാ ചൈതന്യത്തിനും വി ഘാതമായിത്തീരും എന്നുള്ളതായിരുന്നു അദ്ദേഹത്തിൻെറ ചിന്താ ഗതി. ബർണ്ണർദ്ദീനോസ് ബച്ചിനെല്ലിയുടെ എതിർപ്പു മൂലവും മററും ഈ പദ്ധതികളൊന്നും നടപ്പിലാകുന്നതിനിടയില്ല. (see മാന്നാനം കൊവേന്ത നാളാഗമം vol III പാററപ്പുറം vol I, II,)

അടുത്ത രക്തസംബന്ധത്തിൽപ്പെട്ടവർ മരണാസന്നരാകുന്ന ഘട്ടത്തിൽപ്പോലും, അവരെ സന്ദർശിച്ച് അവർക്കു വേണ്ട ആദ്ധ്യാത്മിക പരികർമ്മങ്ങൾ ചെയ്യുന്നതിനുപോലും ലീയോപ്പോൾഡു മിഷ്യനറി പ്രതിബന്ധങ്ങളുണ്ടാക്കിയിരുന്നു. എന്നാൽ ചാവറയച്ചൻ ഇവയെ എതിർത്തിരുന്നു. സഭാംഗങ്ങളുടെ സമ്പൂർണ്ണ പിന്തുണ അദ്ദേഹത്തിനു കിട്ടുകയും ചെയ്തിരുന്നു എന്നുള്ളതിന് പാറപ്പുറത്തു വർക്കിയച്ചന്റെ ഡയറി vol II നമുക്കു തെളിവു തരുന്നുണ്ട്. ചാവറയച്ചൻ ''കർമ്മലീത്ത'' എന്ന പേരിൽ അഭിമാനംകൊണ്ടിരുന്നു എന്നതു ശരിയാണ്; പ്രത്യേകിച്ചും അവസാനകാലത്ത്. എങ്കിലും താൻ സ്ഥാപിച്ച സന്യാസ സഭ ഇന്നാട്ടിലെ ജനങ്ങളുടെ നാനാമുഖമായ അഭിവൃദ്ധിയെ ലക്ഷ്യമാക്കി സ്ഥാപിതമാകയാൽ സഭയുടെ ആരംഭംമുതൽ നടത്തിക്കൊണ്ടുവന്ന വിവിധ പ്രേഷിത പ്രവർത്തനങ്ങൾ തുടരണമെന്നും, അതിനായി ഏതാനും കൊവേന്തകളും മഠങ്ങളും കൂടി സ്ഥാപിക്കണമെന്നും തന്റെ സഭാംഗങ്ങളോടു ചാവറയച്ചൻ തന്റെ മരണശാസനത്തിൽ ആവശ്യപ്പെടുന്നുണ്ട്.

അമലോത്ഭവമാതാവിന്റെ ദാസന്മാരുടെ സംഘമായി ചാവറയച്ചൻ സ്ഥാപിച്ച സഭ ഇന്നു അമലോത്ഭവമാതാവിന്റെ കർമ്മലീത്താ സഭയായി അറിയപ്പെടുന്നെങ്കിലും, കാലസ്ഥിതിക്കനുയോജ്യമായ പ്രവർത്തനപരിപാടികളോടെ മുമ്പോട്ടു കൊണ്ടുപോകുന്നുവെങ്കിൽ മാത്രമെ ചാവറയച്ചൻ ഉദ്ദേശിച്ചലക്ഷ്യത്തിൽ സഭ ചെന്നെത്തുകയുള്ളു.

# ചാവറ കുര്യാക്കോസച്ചനും അച്ചടിപ്രസ്ഥാനവും

—ജോൺ പെല്ലിശ്ശേരി.

## അച്ചടിപ്രസ്ഥാനവും ചാവറയും

മതപ്രചരണത്തോടനുബന്ധിച്ചാണു കേരളത്തിലെ അച്ചടിപ്രസ്ഥാനത്തിൻെറയും പത്രപ്രവത്തനത്തിൻെറയും ആരംഭം. ഇതിൽ കോട്ടയത്തെ 'ബെയിലി'യും', തലശ്ശേരിയിലെ 'ഗുണ്ടർട്ടും', മാന്നാനത്തെ ചാവറയും ചെയ്തിട്ടുള്ള സേവനങ്ങൾ കേരളത്തിൻെറ സാംസ്കാരികചരിത്രത്തിൽ ഗണ്യമായ സ്ഥാനം നേടിയിട്ടുണ്ട്. ഗുണ്ടർട്ടും ബെയിലിയും ആരംഭിച്ച പ്രസ്ഥാനത്തേക്കാൾ വളരെ വിപുലമാണ് ചാവറയും അനുയായികളും കൂടി രൂപംനൽകിയ സംരംഭങ്ങൾ. എങ്കിലും മേല്പറഞ്ഞവരോടൊപ്പമെങ്കിലും കേരളത്തിൻെറ സാംസ്കാരികമണ്ഡലത്തിൽ 'ചാവറ' സ്മരിക്കപ്പെടുകയോ, ആദരിക്കപ്പെടുകയോ ചെയ്യുന്നില്ല.

## എന്തുകൊണ്ടു സ്മരിക്കപ്പെടുന്നില്ല

ആദ്ധ്യാത്മികജീവിതത്തിനും സുകൃതങ്ങൾക്കും അദ്ദേഹം നൽകിയ പ്രാധാന്യവും യോഗാശ്രമ ജീവിതരീതിയുമായിരിക്കാം ഇതിനു കാരണം. വ്യാകരണം, നിഘണ്ടു, മുതലായവ ആയിരുന്നില്ലല്ലോ മാന്നാനം പ്രസ്സിൽനിന്നും പുറത്തു വന്നുകൊണ്ടിരുന്നത്. ഒരു പ്രത്യേകസമുദായത്തിനുമാത്രവും, അതിൽത്തന്നെ ഒരു പ്രത്യേക വിഭാഗത്തിനു മാത്രം ഉപകരിക്കുന്നതുമായ ഭക്തിപ്രധാനമായ പുസ്ത

കങ്ങളാണ് മാന്നാനത്തു് അച്ചടിച്ചിരുന്നതു്. പ്രൊട്ടസ്റ്റൻറു് മിഷ ണറിമാരും മററും അക്കാലത്തു് കോട്ടയം കേന്ദ്രമാക്കി പ്രവത്തിച്ചി രുന്നതിനാൽ, മതത്തിൻെറയും ആശ്രമനിയമബന്ധമായ പരിസര ങ്ങളുടെയും പുറമെ നടന്നിരുന്നതെന്തും പാഷാണ്ഡതയായും വിവര ക്കേടായും അന്നത്തെ മിഷണറിമേധാവികൾ വിധിച്ചിരുന്നു. ചാവറയും അനുയായികളും മതമയമല്ലാത്ത വല്ലതും അച്ചടിച്ചുപോ യിരുന്നെങ്കിൽ, മനോരമത്തോപ്പിൽ പാർക്കാൻപോയ നിധീരി ക്കൽ മാണിക്കത്തനാർക്കുണ്ടായ അനുഭവം അവർക്കും ഉണ്ടാകുമാ യിരുന്നു.

## ആദ്ധ്യാത്മികതയ്ക്കു് ഒരു മുതൽക്കൂട്ടു്

എത്രയെത്ര പ്രസിദ്ധീകരണങ്ങളും വിദ്യാസ്ഥാപനങ്ങളുമാ ണു് ആ തപോധനൻെറ കമ്മസാഫല്യത്തിൻെറ തണലിൽ വളന്നു വന്നിട്ടുള്ളതു്. വിദേശിയരുടെ മാത്രം പരിശ്രമത്താൽ നമുക്കു ലഭിച്ച 'സംക്ഷേപവേദാത്ഥവും', മലയാള ബൈബിളും, ഹോത്തു സു മലമാറിക്കൂസും ഉൽഘാടനംചെയ്ത മുദ്രണ കലാബോധത്തെ ആദ്ധ്യാത്മികരംഗത്തിനു മുതൽക്കൂട്ടാക്കിയതാണു ചാവറയുടെ വിസ്മ രിക്കാനാവാത്ത സേവനം. എങ്കിലും, അതുതന്നെയും അദ്ദേഹ ത്തിൻെറ സന്യാസസമൂഹത്തിനു്, ഔദ്യോഗികമായിട്ടു് സഭാകേന്ദ്ര ത്തിൽനിന്നും അംഗീകാരം ലഭിക്കുന്നതിനു കാലതാമസം വരുത്തി. അത്രയും അപകടകരമായിരുന്നു അന്നു് എഴുത്തും വായനയും അച്ചടി യുമൊക്കെ, വിദേശികളായ കത്തോലിക്കാ മിഷണറിമാരുടെ ദൃഷ്ടിയിൽ.

## സത്യനാദകാഹളം; ദീപിക

ഈ സാഹചര്യങ്ങളിൽ, ഒരു നൂററാണ്ടുവീതം മുമ്പു് ആരം ഭിച്ച കോട്ടയം സി. എം. എസ്സ്. പ്രസ്സ്, മംഗലാപുരം ബേസിൽ മിഷൻ പ്രസ്സ്, തിരുവനന്തപുരം കേരളവിലാസം പ്രസ്സ്, കോഴി ക്കോട്ടു് വിദ്യാവിലാസം പ്രസ്സ്, കൊച്ചി കേരളമിത്രം പ്രസ്സ് മുതലായവയെപ്പോലെ മാന്നാനം സെൻറ്ജോസഫ്സ് പ്രസ്സിനെ സംരക്ഷിക്കാനും വികസിപ്പിക്കാനും കഴിഞ്ഞതു് നിസ്സാരകാര്യ മൊന്നുമല്ല. ഇന്നേയ്ക്കു് ഒരു നൂററാണ്ടു മുമ്പു് അദ്ദേഹം നിര്യാതനാ യെങ്കിലും, ആ സുകൃതസമ്പന്നൻെറ സിദ്ധിവൈശിഷ്ട്യത്തിൽ രൂപംപൂണ്ട രണ്ടു പത്രങ്ങളും, കമ്മലകുസുമം, കുടുംബദീപം തുട ങ്ങിയ പല മാസികകളും പ്രസിദ്ധീകരണങ്ങളും ഇന്നുണ്ടു്. നേരിട്ടു ചാവറയച്ചൻ സ്ഥാപിച്ചതല്ലെങ്കിലും ഇന്നത്തെ 'ദീപിക'യുടെയും, 'സത്യനാദബന്ധു'വായ കേരളാടൈംസിൻെറയും പൂവ്വപിതാവു് മററാരുമല്ല. 1887–ൽ മാന്നാനത്തുനിന്നാരംഭിച്ച 'നസ്രാണി' ദീപികയും, ചാവറയുടെ മറെറാരു പ്രവത്തനകേന്ദ്രമായ കൂനമ്മാ വിൽനിന്നും 1876–ൽ ആരംഭിച്ച 'സത്യനാദകാഹളവും' ചാവറ

യോടാണു കടപ്പെട്ടിരിക്കുന്നതു്. 'സത്യനാദകാഹളം' മലയാളത്തിലെ പത്താമത്തേതും, 'ദീപിക' ഇരുപതാമത്തേതുമായ പത്രമാണു്. കേരള ഹൈറാർക്കിയുടെ സ്ഥാപനത്തോടെ കൂനമ്മാവു് മറുചേരിയിലായി എന്നേയുള്ളു. തുടന്നു് കാഹളവും, ദീപികയും തമ്മിൽ നടന്ന വാക്കേററവും ഭത്സനവുമെല്ലാം പ്രസിദ്ധമാണു്.

സത്യനാദകാഹളം കൂനമ്മാവിൽനിന്നും വരാപ്പുഴയിലേയ്ക്കും, അവിടെനിന്നും എറണാകുളത്തേയ്ക്കും മാറി. 'കാഹളം' പോയി, 'സത്യനാദം' ശേഷിച്ചു. നസ്രാണിദീപികയ്ക്കും പേരുമാററവും നാടുവിടലുമുണ്ടായി. കേരളാ ടൈംസ്, സത്യനാദത്തിൻെറ പാരമ്പര്യശൃംഖല അററുപോകാതിരിക്കാൻ വേണ്ടി, അതിൻെറ ഞായറാഴ്ചപ്പതിപ്പിനു് 'സത്യനാദം' എന്ന പേരു കൊടുത്തിരിക്കുകയാണു്.

## ഒരു പിന്നോക്കാവസ്ഥ—കാരണം.

രണ്ടു പത്രങ്ങളും രണ്ടു ഡസനിലേറെ പ്രസിദ്ധീകരണങ്ങളും, അതിലേറെ മുദ്രണാലയങ്ങളുമുള്ള ഒരു സമുദായമാണു കത്തോലിക്കരുടേതു്. ഇത്രയേറെ പ്രസിദ്ധീകരണങ്ങളുള്ള മറെറാരു സമുദായവും കേരളത്തിലുണ്ടെന്നു തോന്നുന്നില്ല. എന്നാൽ തൊഴിൽപരമായ വൈദഗ്ദ്ധ്യം, ആശയപരമായ വിശാലമനസ്കത, സാങ്കേതികസൗകര്യം, സമത്ഥവും പരിപക്വവുമായ ഭരണസമിതി, സംതൃപ്തരായ തൊഴിലാളികൾ, പരിശീലനവും സേവനപാരമ്പര്യവുമുള്ള പത്രാധിപസമിതി തുടങ്ങിയ കാര്യങ്ങളിൽ കത്തോലിക്കാസമുദായം ഇന്നും പിന്നോക്കാവസ്ഥയിലല്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. രാഷ്ട്രീയവും, സാമൂഹ്യവും, സാമ്പത്തികവും, സാംസ്കാരികവുമായ ഈ രാജ്യത്തെ നാനാമേഖലകളിലേയ്ക്കും അവയുടെ ഉൾപ്പിരിവുകളിലേയ്ക്കും ഇറങ്ങിച്ചെന്നു് ആധിപത്യവും, ആദരവും നേടാൻ നമ്മുടെ പത്രസ്ഥാപനങ്ങൾക്കു കഴിഞ്ഞിട്ടില്ലെന്നുള്ളതു് പൊള്ളുന്ന ഒരു പരമാത്ഥമാണു്. അതുതന്നെയാണു പത്രപ്രവത്തനത്തിൽ നമ്മെ എന്നും എപ്പോഴും പിന്തുടരുന്ന പരാജയത്തിൻെറ പ്രധാനകാരണവും. ഒരു ദശവർഷക്കാലംകൊണ്ടോ ഒരു വ്യാഴവട്ടക്കാലംകൊണ്ടോ നേടിയെടുക്കാവുന്ന ഒരു കാര്യവുമല്ല ഇതു്. കേരളത്തിലെ ഗ്രാമങ്ങളെയും, നഗരങ്ങളെയും, മതസമുദായങ്ങളെയും, സംഘടനകളെയും, സ്ഥാപനങ്ങളെയും, വ്യക്തികളെയും, കുടുംബങ്ങളെയും, വ്യവസായവ്യാപാരങ്ങളെയും, പൊതുജീവിതത്തെത്തന്നെയും ഒരു പത്രത്തിനു ചുററും അണിനിരത്തുക എന്നതു ഐതിഹാസികമായ യജ്ഞംകൊണ്ടേ പററൂ. മററു പത്രസ്ഥാപനങ്ങൾ ഈ കൃത്യത്തിൽ ആമഗ്നരായിക്കഴിഞ്ഞുകൂടിയപ്പോൾ, കത്തോലിക്കാസ്ഥാപനങ്ങൾ മററു ചില സ്ഥാപനങ്ങളുടെ ചൂഷണത്തിനും മേധാവിത്വത്തിനും നിയന്ത്രണത്തിനും ഇരയായിക്കഴിഞ്ഞുകൂടുകയായിരുന്നു.

## റീജനൽ സെമിനാറിലെ ചർച്ച.

### പരാജയ കാരണങ്ങൾ

രണ്ടു വർഷം മുമ്പു നടന്ന റീജനൽ സെമിനാറിലും, നാഷണൽ സെമിനാറിലും 'ചാവറ'ക്കാലം മുതലുള്ള നമ്മുടെ പത്രപ്രവർത്തനരംഗം ചർച്ചാവിഷയമായി. പ്രസ്തുത സെമിനാറുകളിൽ കത്തോലിക്കാപത്രങ്ങളുടെ കുറവും കുറവുകളും പരിഹാരമാർഗ്ഗങ്ങളും പലരും ചൂണ്ടിക്കാണിച്ചു. മാനേജ്മെൻറിൻെറയും പത്രാധിപ വിഭാഗത്തിൻെറയും കാര്യക്ഷമതക്കുറവാണു പ്രധാനമായും ചൂണ്ടിക്കാണിക്കപ്പെട്ടതു്. ബിസിനസ്സ്‌വശത്തു് നമ്മുടെ പത്രങ്ങൾ ഭീമമായി പരാജയപ്പെടുന്നതു്, ആ വശത്തു പരിജ്ഞാനമുള്ള അത്മായരുടെ സേവനം ഉപയോഗപ്പെടുത്താത്തതുകൊണ്ടാണെന്നും ഒരാക്ഷേപം ഉന്നയിക്കപ്പെട്ടു. അകത്തോലിക്കാ പത്രങ്ങളെപ്പോലെ സ്വതന്ത്രമായി നയം സ്വീകരിക്കാനും നടപ്പാക്കാനും കഴിയാതിരിക്കുന്ന കാര്യവും ചർച്ചയ്ക്കു വിഷയമായി. പക്ഷെ, ഇതൊക്കെ സഹിഷ്ണതയോടെ വീക്ഷിക്കുവാനൊ, സ്വീകരിക്കുവാനോ ഉള്ള സന്മനസ്സ് അത്ര പ്രകടമായിരുന്നില്ല. എങ്കിലും സെമിനാറിനുശേഷം നമ്മുടെ പത്രങ്ങൾ വിദേശസഹായലബ്ധിക്കുള്ള മാധ്യമങ്ങളെന്നുള്ള നില വിട്ടു്, വായിക്കാൻകൊള്ളാവുന്നവയായിത്തീർന്നിട്ടുണ്ടു് എന്നു പറയാതിരിക്കുവാൻ വയ്യാ. എങ്കിലും നമ്മുടെ പത്രമാസികകളിലൂടെ ഒന്നു കണ്ണോടിക്കുന്ന ആർക്കും കാണാൻകഴിയും ആരുടെയോ നിയന്ത്രണഹസ്തം അതിലൂടെ ഇഴഞ്ഞുനീങ്ങുന്നതു്.

a) ജനാധിപത്യരീതിയിലുള്ള പത്രപ്രവർത്തനത്തിനു തടസ്സമായി നില്ക്കുന്ന മറെറാന്നാണു് പത്രസ്ഥാപനമേധാവികളുടെ വിട്ടുവീഴ്ചയില്ലായ്മയും, അധീശമനോഭാവവും പ്രവർത്തകരുടെ കൂടെക്കൂടെയുള്ള മാററവും. അവിവാഹിതർക്കു സഹജമായ ദൂഷ്യങ്ങളാണിവയെന്നു സമാധാനപ്പെടാം.

b) അകത്തോലിക്കാ പത്രപ്രവർത്തകർക്കുള്ളതുപോലെ, കത്തോലിക്കാ പത്രപ്രവർത്തകർക്കു് 'പ്രൊഫഷനൽ' സ്വാതന്ത്ര്യം അനുവദിക്കപ്പെടാത്തതാണു മറെറാരു വിന. നിരോധനങ്ങളുടെയും, രഹസ്യങ്ങളുടെയും, ആശങ്കകളുടെയും അന്തരീക്ഷം പത്രാധിപന്മാരുടെ മാനസികവളർച്ചയെ തളർത്തിക്കളയുന്നു. അവതരണരീതിയെ വികലമാക്കുന്നു.

c) വേതനങ്ങളുടെ കാര്യത്തിലും സേവനവ്യവസ്ഥയുടെ കാര്യത്തിലും ലേബർകമ്മീണർമാരും, ഓഡിററർമാരുപോലും ലജ്ജിക്കത്തക്ക ഒരു സ്ഥിതിവിശേഷമാണു മിക്കവാറും എല്ലാ കത്തോലിക്കാ മുദ്രണാലയങ്ങളിലും പത്രപ്രവർത്തന സ്ഥാപനങ്ങളിലും നിലവിലുള്ളതു്.

d) ചാവറയുടെ കാലത്തു പത്രവും മാസികയുമെല്ലാം മത പരമൊ, സാമൂഹ്യമൊ ആയ ലഘുലേഖകളായിരുന്നു. പ്രത്യേക പരിശീലനവും സാങ്കേതികപരിജ്ഞാനവുമൊക്കെ അന്നു പ്രശ്നമേ ആയിരുന്നില്ല. എന്നാൽ, ഇന്നത്തെ സ്ഥിതി അതല്ല. കാലവും സാമൂഹ്യഘടനയും തന്നെ മാറിയിരിക്കുന്നു. സർവ്വത്ര പ്രശ്നങ്ങളും. കാലാനുസൃതമായ വ്യവസായതന്ത്രവും പരിശീലനവും സാങ്കേതിക ജ്ഞാനവും ജനസമ്പർക്കവുമൊക്കെ ഇന്നു് ആവശ്യമാണു്. എന്നിട്ടും ഇന്നും രൂപതകൾക്കും സന്യാസസമൂഹങ്ങൾക്കും പ്രത്യേകം പ്രത്യേകം പ്രസിദ്ധീകരണങ്ങൾ വേണമെന്നാണു്. ഇതു പത്രത്തിൻെറ തന്നെ നിലവാരത്തെ ഹനിക്കുന്നു. ഓരോ പത്രത്തിനും വരിക്കാർ വേണമെന്നു ശഠിക്കുകയും അതിനായി പ്രവർത്തിക്കുകയും ചെയ്യുന്നു. എന്നാൽ നാട്ടിലെ ഇതരപ്രസിദ്ധീകരണങ്ങളോടൊപ്പം നിലവാര ത്തിൽ ഉയരാൻ ഒട്ടു മെനക്കെടുന്നുമില്ല.

e) ഏററവും പ്രചാരമുള്ള കത്തോലിക്കാ പത്രത്തിൻെറ വരിക്കാരേക്കാൾ ഇരട്ടി കത്തോലിക്കാവരിക്കാരുള്ള അകത്തോ ലിക്കാ പത്രങ്ങൾ ഇന്നു കേരളത്തിലുണ്ടു്, അവയിൽ വരുന്ന ക ത്തോലിക്കാവാർത്തകളും ലേഖനങ്ങളും കത്തോലിക്കാ പത്രങ്ങളിൽ വരുന്നുമില്ല. അപ്പോൾ കത്തോലിക്കാപത്രം വരുത്തണം വരുത്തണം എന്നാവർത്തിച്ചാവർത്തിച്ചു പറയുന്നതുകൊണ്ടു് എന്തു പ്രയോജന മാണുള്ളതു് എന്നറിയുന്നില്ല. ഏതു നിലയിലും അവയോടൊപ്പം എത്തിക്കൊണ്ടു വരിക്കാരെ സമീപിച്ചാൽ അതിനു വിലയുണ്ടു്. സ്വീകരണവുമുണ്ടാകും.

## നാം മുൻപന്തിയിൽ

നമ്മുടെയിടയിൽ പത്രമാസികാദി പ്രസിദ്ധീകരണങ്ങളുടെ കാര്യത്തിൽ മാത്രമെ പിന്നോക്കാവസ്ഥയുള്ളു. മുദ്രണാലയകെട്ടിട ങ്ങളുടെയും, യന്ത്രസാമഗ്രികളുടെയും നിലവാരത്തിലും വൈപുല്യ ത്തിലും സഭ വക സ്ഥാപനങ്ങളാണു കേരളക്കരയിൽ മുന്നിട്ടുനില്ക്കു ന്നതു്. ഈ വിരോധാഭാസത്തിനു കാരണമെന്തെന്നും, അതിനു പരിഹാരമെന്തെന്നും നാം ആലോചിക്കേണ്ടതായിട്ടുണ്ടു്.

ഏതായാലും കത്തോലിക്കാ പത്രങ്ങളും ഇതര പ്രസിദ്ധീകര ണങ്ങളും മററുള്ളവയെ അപേക്ഷിച്ചു പിന്നോക്കം നില്ക്കുന്നതിൻെറ പ്രധാനകാരണം, നാം നൂററാണ്ടുകളായി പുലർത്തിപ്പോരുന്ന വികല മായ വീക്ഷണഗതിയും ഭാവനാശൂന്യതയും ബഹുജനസമ്പർക്കവൈ മാണു് എന്നു സാമാന്യമായി പറയാം. അതിനു പരിഹാരം നേടു ന്നതിനു പററിയ മാർഗ്ഗം ചാവറ കുര്യാക്കോസച്ചൻെറ ബഹുജനസ മ്പർക്കചാതുരിയും വിശാലമനസ്കതയും അർപ്പണമനോഭാവവും അനുകരിക്കാൻ ശ്രമിക്കുകയാണു്.

# ചാവറ;
# നാമകരണനടപടികൾ

---

### ആമുഖം

അനന്യസാധാരണവും സുകൃതസമൃദ്ധവുമായ ധന്യജീവിതം നയിച്ച്, സ്വർഗ്ഗംപ്രാപിച്ചവരെയാണ് തിരുസ്സഭ വിശുദ്ധരെന്നു നാമകരണംചെയ്യുക. അവരുടെ ജീവിതം, പ്രവർത്തനങ്ങൾ, സുകൃതാഭ്യാസങ്ങൾ—തുടങ്ങിയവയെപ്പററി സുദീർഘവും സനിഷ്ക്കർഷവുമായ അന്വേഷണവും പഠനവും നടത്തിയശേഷമേ, തിരുസ്സഭ ഇങ്ങനെയൊരു പ്രഖ്യാപനം ചെയ്യുകയുള്ളു.

### ദൈവദാസൻ

ഒരാളെ വിശുദ്ധനെന്നു നാമകരണംചെയ്‌വാനുള്ള നടപടികളാരംഭിക്കുന്നതിനു പരിശുദ്ധസിംഹാസനം ഔദ്യോഗികമായി അനുവദിച്ചുകഴിഞ്ഞാൽ, അയാൾ അന്നുമുതൽ ''ദൈവദാസൻ'' എന്ന സംജ്ഞയ്ക്കർഹനാണ്. ചാവറയുടെ കാര്യത്തിൽ നാമകരണനടപടികളാരംഭിക്കുന്നതിനുള്ള അനുവാദം 1955 ഡിസംബർമാസം 9-ാംതീയതി നൽകപ്പെട്ടു. അതുകൊണ്ടാണ് ചാവറയെ 'ദൈവദാസൻ' എന്ന് അഭിസംബോധന ചെയ്യുന്നതു്.

### ചുമതലക്കാർ

ദൈവദാസൻ എവിടെവച്ചു ചരമമടഞ്ഞു, ആ സ്ഥലത്തെ രൂപതാദ്ധ്യക്ഷനാണ്, നാമകരണനടപടികൾ ആരംഭിക്കുവാനുള്ള ചുമതല നല്കപ്പെടുന്നതു്. 'ചാവറ' ദിവംഗമിച്ചതു വരാപ്പുഴ രൂപതാതൃത്തിയിൽപ്പെട്ട കൂനമ്മാവിലെ ആശ്രമത്തിൽവച്ചാണ്; അവി

ടെത്തന്നെയാണ് അദ്ദേഹം സംസ്കരിക്കപ്പെട്ടതും. എന്നാൽ അദ്ദേഹം ദീർഘകാലം ജീവിച്ചതും പ്രവർത്തിച്ചതും ചങ്ങനാശ്ശേരി രൂപതാതൃത്തിയിൽപ്പെട്ട മാന്നാനത്താണ്. അദ്ദേഹത്തിൻെറ അനവധി കത്തുകളും കൃതികളും, അദ്ദേഹത്തെ സംബന്ധിക്കുന്ന നിരവധി റിക്കാർഡുകളും സൂക്ഷിക്കപ്പെടുന്നതു മാന്നാനത്താണ്. അദ്ദേഹത്തിൻെറ ഭൗതികാവശിഷ്ടങ്ങൾ മാററി സ്ഥാപിച്ചിരിക്കുന്നതും മാന്നാനത്തുതന്നെയാണ്. ഈ കാരണങ്ങളാലത്രെ 12—ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട്, ഭാഗ്യസ്മരണാർഹനായ ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ മാർ മാത്യു കാവുകാട്ട തിരുമേനിയെ ഈ ജോലി ഭരമേല്പിച്ചത് പൌരസ്ത്യതിരുസംഘംവഴി.

ചാവറയുടെ കാര്യത്തിൽ നാമകരണനടപടികളുടെ ചുമതല വഹിക്കുന്നതു് സി. എം. ഐ. സമൂഹത്തിൻെറ പ്രിയോർ ജനറാളാണ്. അദ്ദേഹം, നടപടികൾ സംബന്ധിച്ച് പോസ്റ്റുലേററായി റോമിലുള്ള ഫാ: പ്ലാസിഡ് പൊടിപാറ സി. എം. ഐ. യെ നിശ്ചയിച്ചു. തൻെറപേരിൽ കേരളത്തിൽ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന്ന് ഫാദർ മൗറേലിയൂസ് സി. എം. ഐ. അവർകളെ വൈസ് പോസ്റ്റുലേററായും നിശ്ചയിച്ചു. ഇവരുടെ അപേക്ഷയനുസരിച്ചാണ് രൂപതാദ്ധ്യക്ഷൻ കമ്മീഷനുകളെയും കോടതികളെയും നിയമിക്കേണ്ടതു്.

## നടപടിക്രമം

ഒരാൾ ചരമമടഞ്ഞിട്ട് അധികനാളുകളായിട്ടില്ലെങ്കിൽ, രൂപതാകോടതികൾ വഴി ദൈവദാസൻെറ സമകാലീനർ, സതീർത്ഥ്യർ, സഹപ്രവർത്തകർ, പരിചയക്കാർ ആദിയായവരിൽനിന്നു്, അദ്ദേഹത്തിൻെറ ജീവിതത്തെയും, പ്രവർത്തനങ്ങളെയും, ജീവിതവിശുദ്ധിയെയും സംബന്ധിച്ച് സത്യപ്രതിജ്ഞയിൻ കീഴിൽ, സാക്ഷ്യങ്ങൾ ശേഖരിക്കുന്നു. ദൈവദാസിയായ സി. അൽഫോൻസായുടെ കാര്യത്തിൽ ഈ രീതിയാണ് അവലംബിക്കപ്പെട്ടതു്.

തലമുറകൾക്കപ്പുറം ജീവിച്ചു മരിച്ചവരെപ്പററി ഈ രീതി സാദ്ധ്യമല്ല. തന്നിമിത്തം ഏതദ്ഉദ്ദേശ്യത്തിനുതകുന്ന ചരിത്രരേഖകൾ ശേഖരിച്ചു പഠനംനടത്തുകയാണു പതിവ്. ഇതിന്നായി രൂപതാദ്ധ്യക്ഷൻ ഒരു ചരിത്രാന്വേഷണക്കമ്മീഷനെ നിശ്ചയിക്കുന്നു. ചാവറ മരിച്ച് 87 കൊല്ലങ്ങൾക്കുശേഷം മാത്രം ആരംഭിക്കുന്ന നാമകരണ നടപടികളിൽ രണ്ടാമതു പറഞ്ഞ രീതിയാണ് അവലംബിക്കപ്പെട്ടതു്.

## കമ്മീഷൻെറ ജോലി

ചരിത്രാന്വേഷണക്കമ്മീഷൻ; ദൈവദാസൻെറ ജീവിതം, പ്രവർത്തനങ്ങൾ, കത്തിടപാടുകൾ, സുകൃതാഭ്യാസങ്ങൾ, ജീവിതകാലത്തും തുടർന്നും ദൈവദാസൻെറ ജീവിതവിശുദ്ധിയെപ്പററി

പൊതുജനങ്ങളുടെ ഇടയിലുണ്ടായിരുന്ന പ്രതികരണവും മതിപ്പും— ഇത്യാദികളെ സംബന്ധിച്ച് അന്വേഷിക്കുകയും രേഖകൾ ശേഖരിക്കയും അവയുടെ ആധികാരികതയെയും വിശ്വാസ്യതയെയും പററി കൂലങ്കഷമായി പഠിച്ചു റിപ്പോർട്ടു തയ്യാറാക്കുകയുംവേണം. അനന്തരം അവരുടെ റിപ്പോർട്ട് ഉപോദ്ബലകങ്ങളായ റിക്കാർഡുകളോടുകൂടി രൂപതാകോടതിക്കു സമർപ്പിക്കണം.

ഈ രീതിയിലുള്ള ഒരു ചരിത്രാന്വേഷണക്കമ്മീഷനു രൂപംകൊടുത്തതു് ഒമ്പതാം പീയൂസ് പാപ്പായാണ്. ചരിത്രരേഖകൾക്ക് ഇന്നത്തെ ലോകം കല്പിക്കുന്ന പ്രാധാന്യമാണ് ഇതിനു കാരണം. ശാസ്ത്രം അതിശീഘ്രം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഈ കാലയളവിൽ, ഊഹാപോഹങ്ങളിലും, മിഥ്യാധാരണകളിലും, വ്യക്തിമാഹാത്മ്യത്തിലും വ്യക്തിപരമായ ചായ്‌വുകളിലും അധിഷ്ഠിതമായിരിക്കുന്ന വിശ്വാസങ്ങളെയും ഭക്ത്യാദരപ്രകടനങ്ങളെയും തിരുസ്സഭ കർശനമായി നിരോധിക്കയോ നിരുത്സാഹപ്പെടുത്തുകയോ ആണ്. ഈ പശ്ചാത്തലത്തിലാണ് റോമൻ മാർട്ടിറിയോളജി പുന:പരിശോധനയ്ക്കു വിധേയമാക്കപ്പെട്ടതും ഫിലോമിന, സിസിലി, ക്രിസ്റ്റോഫർ തുടങ്ങിയവർ വിശുദ്ധന്മാരുടെ പട്ടികയിൽനിന്നു നീക്കംചെയ്യപ്പെട്ടതും. ചരിത്രാന്വേഷണക്കമ്മീഷൻെറ ആവശ്യകതയും പ്രാധാന്യവും ഗ്രഹിക്കുവാൻ ഈ ലഘുവിവരണം മതിയാവുമെന്നു വിശ്വസിക്കുന്നു.

## കമ്മീഷൻെറ നിയമനവും പ്രവൃത്തിയും

ദൈവദാസനായ ചാവറ കുര്യാക്കോസച്ചനെ ധന്യനെന്നും വിശുദ്ധനെന്നും നാമകരണംചെയ്യുന്നതിനുള്ള നടപടികളുടെ പ്രാരംഭമായിട്ട്, യശ:ശരീരനായ കാവുകാട്ടു തിരുമേനി 1958 ജനുവരി 3–ാംതീയതി മൂന്നുപേരടങ്ങുന്ന ഒരു ചരിത്രാന്വേഷണക്കമ്മീഷനെ നിയമിച്ചു. മോൺ. കുര്യൻ വഞ്ചിപ്പുര, ഫാ: ആൻറണി കായിത്തറ, ഫാ: ആൻസലം പെരുമാലിൽ സി. എം. ഐ. എന്നിവരായിരുന്നു കമ്മീഷനംഗങ്ങൾ. പത്തുകൊല്ലം നീണ്ടുനിന്ന ഗവേഷണാന്വേഷണങ്ങളുടെ ഫലമായി, ദൈവദാസനെയും ദൈവദാസൻെറ കാലഘട്ടത്തെയും കാര്യമായി സ്പർശിക്കുന്ന നാലായിരത്തിലധികം രേഖകൾ അവർ ശേഖരിച്ചു. അവയിൽ ഭൂരിഭാഗവും കടലാസിലും താളിയോലകളിലും എഴുതപ്പെട്ടവയായിരുന്നു. വിദേശത്തുനിന്നു ലഭിച്ച രേഖകളെല്ലാംതന്നെ ഫോട്ടോസ്റ്റാററുകളായിരുന്നു. അവയിൽ പ്രധാനപ്പെട്ടവ റോമിലെ പൌരസ്ത്യതിരുസംഘത്തിലെയും, പ്രൊപ്പഗന്താ തിരുസംഘത്തിലെയും, കർമ്മലീത്താ പ്രിയോർ ജനറാൾമന്ദിരത്തിലെയും, ഈടുവയ്പുകളിൽനിന്നും ലഭിച്ചവയാണ്.

ജെനോവ, മിലാൻ, വെനീസ്, വിയന്ന, മാഡ്രിഡ് എന്നീ ദേശങ്ങളിൽനിന്നും ഏതാനും വിലപ്പെട്ട രേഖകൾ കണ്ടെടുത്തു.

ഇവയിൽനിന്ന് 210 എണ്ണം കൂടുതൽ പരിശോധനയ്ക്കും പഠനത്തിനുമായി തെരഞ്ഞെടുക്കപ്പെട്ടു. ഇവയിൽ 97 എണ്ണം ദൈവദാസന്റെ കയ്യടയിൽത്തന്നെയുള്ള കത്തുകളായിരുന്നു. പുറമെ, 33 കയ്യെഴുത്തു ഗ്രന്ഥങ്ങളും 11 മുദ്രണംചെയ്യപ്പെട്ട ഗ്രന്ഥങ്ങളുംകൂടി തെരഞ്ഞെടുക്കപ്പെട്ടവയിൽ പെടുന്നു.

## കോടതികൾ

രേഖാശേഖരണവും അവയുടെ പരിശോധനയും പഠനവും ഏതാണ്ട സമാപിക്കാറായപ്പോൾ, അഭിവന്ദ്യതിരുമേനി മാർ മാത്യു കാവുകാട്ട് 1962 ആഗസ്റ്റ് 15-ാംതീയതി രണ്ടു രൂപതാ കോടതികൾ നിയമിക്കയും, തന്റെപേക്ഷ് രണ്ടിലും അദ്ധ്യക്ഷനായിരിക്കുന്നതിന്, ഫാ: റൊമയോ തോമ്മസ് മണ്ണനാൽ സി. എം. ഐ. അവർകളെ നിശ്ചയിക്കയുംചെയ്തു.

ഒന്നാമത്തെ കോടതിയുടെ ചുമതല ചരിത്രാന്വേഷണക്കമ്മീഷന്റെ റിപ്പോർട്ടും റിക്കാർഡുകളും പരിശോധിക്കയാണ്. ഇതിലെ അംഗങ്ങൾ ഫാ: ലൂക്കോസ് വിത്തുവട്ടിക്കൽ സി. എം. ഐ; ഫാ: ലൂയീസ് നേര്യംപറമ്പിൽ, ഫാ: ഈപ്പൻ ആലഞ്ചേരി എന്നിവരായിരുന്നു.

രണ്ടാമത്തെ കോടതി ദൈവദാസന്റെ ജീവിതം, സുകൃതങ്ങൾ, സുകൃതനിമിത്തമായ പ്രശസ്തി, ദൈവദാസന്റെ മാദ്ധ്യസ്ഥം വഴി നടന്നുവെന്നു വിശ്വസിക്കപ്പെടുന്ന അത്ഭുതങ്ങൾ—ഇവയെപ്പററി പരിശോധനയും പഠനവും നടത്താൻ ചുമതലപ്പെടുന്നു. ഇതിലെ അംഗങ്ങൾ, ഫാ: നിക്കാവോസ് പെരുമാലിൽ സി. എം. ഐ., ഫാ: ഈപ്പൻ അയലൂപ്പറമ്പിൽ എന്നിവരായിരുന്നു. ഫാ: പൌളീനീസ് ജീരകത്തിൽ സി. എം. ഐ., ഫാ: മത്യാസ് മുണ്ടാടൻ, സി. എം. ഐ., ഫാ: ജോസഫ് മടക്കക്കുഴി, ഫാ: മാത്യു ഞള്ളത്തുവയലിൽ എന്നിവരായിരുന്നു ഈ കോടതിയിലെ ഇതരാംഗങ്ങൾ. സന്ദേശവാഹകനായി നിയമിതനായിരുന്നതു് ശ്രീമാൻ ജോസഫ് പഴേകരിയാണ്.

ചരിത്രാന്വേഷണക്കമ്മീഷൻ ശേഖരിച്ച രേഖകളും അവയെപ്പററി നടത്തിയ പഠനങ്ങളുടെ റിപ്പോർട്ടും 1968 ഒക്ടോബർ ഒന്നാം തീയതി കോടതിക്കു സമർപ്പിക്കപ്പെട്ടു. രണ്ടുകൊല്ലക്കാലം വേണ്ടിവന്നു പ്രസ്തുത കോടതിക്ക് ഈ റിപ്പോർട്ടും റിക്കാർഡുകളും പരിശോധിക്കുവാൻ.



റിക്കാർഡുകരം പെട്ടിയിൽവച്ച്  മുദ്രപതിക്കുന്നു.

## നാമകരണനടപടികരം സമാപനം



അഭിവന്ദ്യ മെത്രാപ്പോലീത്താ മോ. റവ. ഡോ. ആൻറണി പടിയറ തിരുമേനി സമൂഹബലിയർപ്പിക്കുന്നു.



റിക്കാർഡുകളിൽ ഒപ്പുവയ്ക്കുന്നു.

രണ്ടാമത്തെ കോടതിയുടെ പ്രവർത്തനം 7 കൊല്ലത്തിലേറെ നീണ്ടുനിന്നു. ദൈവദാസനെ നേരിൽ കണ്ടിട്ടുള്ള ചുരുക്കം ചില വ്യക്തികളുടെയും, ദൈവദാസന്റെ സതീർത്ഥ്യരും സമകാലീനരുമായിരുന്ന ആളുകളിൽനിന്നു ദൈവദാസനെപ്പററി അറിയുകയും കേൾക്കുകയും ചെയ്തിട്ടുള്ള നൂറിൽപരം മററാളുകളുടെയും മൊഴി രേഖപ്പെടുത്തുകയും ഒരു ഡസ്സനോളം അത്ഭുതകരമായ രോഗശമനങ്ങളെപ്പററി പരിശോധന നടത്തി തെളിവു് റിക്കാർഡു ചെയ്യുകയും ചെയ്തു, ഈ കോടതി.

രോഗശാന്തി സംബന്ധിച്ചുള്ള തെളിവെടുപ്പിൽ കോടതിയെ സഹായിക്കാൻ നിയുക്തനായിരുന്നതു് ഡോ: കെ. ററി. കുര്യൻ മാപ്പിളശ്ശേരി എം. ബി. ബി എസ്സ്. അവർകളാണ്. ഇതുസംബന്ധിച്ചു് പ്രശസ്ത ഭിഷഗ്വരന്മാരുൾപ്പെടെ അറുപതിൽപ്പരം ആളുകളുടെ മൊഴിയും രേഖപ്പെടുത്തിയിട്ടുണ്ടു്.

## മൂന്നാമത്തെ കോടതി

